വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്ത്

ജനകീയാസൂത്രണം

# സമഗ്ര വികസന രേഖ




കേരളം
വള്ളിക്കുന്ന്
മലപ്പുറം ജില്ല

120-4

# ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

# വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്ത്

# ഗ്രാമപഞ്ചായത്ത് വികസന സെമിനാർ

# സമഗ്ര വികസന രേഖ





*"എല്ലാവരുടേയും
അത്യാവശ്യങ്ങൾ
നിറവേറ്റാൻ വേണ്ട
വിഭവങ്ങൾ ഈ
പ്രകൃതിയിലുണ്ട്.
എന്നാൽ
ആരുടേയും
ദുരയെ തൃപ്തി
പ്പെടുത്തുവാൻ
വിഭവങ്ങളില്ല
താനും"*

**–മഹാത്മാഗാന്ധി**


**എഡിറ്റർ**
കെ. ഗോപാലകൃഷ്ണൻ നായർ

**എഡിറ്റോറിയൽ സ്റ്റാഫ്**
യു. കലാനാഥൻ
പി.സുനിൽകുമാർ
പി.വി. പ്രേമൻ
കെ. ദാസൻ
എ.എം. സദാനന്ദൻ
ടി. അജിത്കുമാർ
പി. ഉണ്ണികൃഷ്ണൻ
കെ. ഹരീഷ് കുമാർ
റഷീദ് ആനപ്പുറം

ഡി.ടി.പി. & ലേഔട്ട്
**ഷാഡോപോയിന്റ്, കോഴിക്കോട്**
**ഫോൺ: 701121**

പ്രിന്റിംഗ്
**ഗീതാഞ്ജലി ഓഫ്സെറ്റ് പ്രിന്റ്സ്, ഫറോക്ക്**
**ഫോൺ: 403006**

1. ആമുഖം ........ 7

2. പഞ്ചായത്ത്: പൊതുവിവരണം ........ 10

3. സാമൂഹിക-സാംസ്കാരിക ചരിത്രം ........ 11

4. ഭൂപ്രകൃതി, ജനപ്രകൃതി, ജലവിഭവം ........ 15

5. സാമൂഹിക-സാമ്പത്തിക മേഖലകൾ ........ 19

5-1. കൃഷിയും ജലസേചനവും ........ 21
5-2. മൃഗസംരക്ഷണവും മത്സ്യബന്ധനവും ........ 31
5-3. വ്യവസായം ........ 37
5-4. വിദ്യാഭ്യാസം ........ 45
5-5. കുടിവെള്ളവും പൊതുജന ആരോഗ്യവും ........ 53
5-6. ഗതാഗതം, ഊർജ്ജം, മാർക്കെറ്റ് ........ 64
5-7. പാർപ്പിടവും സാമൂഹ്യക്ഷേമവും ........ 82
5-8. സംസ്കാരം ........ 94
5-9. വനിത ........ 101
5-10. സഹകരണം ........ 105
5-11. പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമം ........ 116
5-12. വിഭവസമാഹരണം ........ 122
5-13. ടൂറിസം ........ 127

6. ഉപസംഹാരം ........ 129

അനുബന്ധം : പ്രവർത്തന രേഖ

## വള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത്

ഭരണസമിതി



യു. കലാനാഥൻ (പ്രസിഡണ്ട്)



കോനാരി മറിയം (വൈസ് പ്രസിഡണ്ട്)



പി. സുനിൽ കുമാർ (ചെയർമാൻ, സ്റ്റാന്റിംഗ് കമ്മിറ്റി)

| | |
|---|---|
| പാണ്ടി ഹസ്സൻ | (മെമ്പർ) |
| സി. പൂക്കോയ തങ്ങൾ | " |
| എ.പി. സുരേന്ദ്രൻ | " |
| ടി. പ്രീതാറാണി | " |
| ടി. അബൂബക്കർ മാസ്റ്റർ | " |
| കെ ലീലാമാധവൻ | " |
| മേനാത്ത് ശ്രീദേവിടീച്ചർ | " |
| കെ. ബീരാൻ മാസ്റ്റർ | " |
| ശാന്താ സുരേന്ദ്രൻ | " |
| പാറോൽ കൃഷ്ണൻ | " |




# 1

# ആമുഖം

**1947** ആഗസ്ത് 15–കൊളോണിയൽ നുകത്തിൽനിന്ന് ഭാരതം സ്വതന്ത്രമായ സുദിനം! 49 വർഷങ്ങൾ കടന്നുപോയി! അധികാരം കയ്യാളിയ കരങ്ങൾ മാറി എന്നതോടൊപ്പം ഭരണരംഗത്തും വികസനരംഗത്തും ജനകീയ പുനഃസംവിധാനങ്ങൾ കാര്യക്ഷമമായി നടപ്പാക്കാനായില്ല. “ഗ്രാമ പഞ്ചായത്തുകൾ” നടപ്പാക്കാനുള്ള “നിർദ്ദേശകതത്വം” പോലും 47–ാം വർഷം മാത്രമാണ് നടപ്പാക്കാനായത്. “ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ ഭരിയ്ക്കപ്പെടുന്ന ജനങ്ങളുടെ സർക്കാർ” എന്ന ജനാധിപത്യ സ്വപ്നം, തിരഞ്ഞെടുപ്പ് എന്ന ഔപചാരിക പ്രക്രിയയിൽ ഒതുങ്ങിനിന്നു. “സെക്കുലർ, ഡെമോക്രാറ്റിക്, സോഷ്യലിസ്റ്റ് റിപ്പബ്ലിക്കിന്റെ” പ്രഖ്യാപിതതത്വങ്ങൾ നടപ്പാക്കാനുള്ള പ്രതിബദ്ധത ഭരണ ഘടന തന്നെ നിർവീര്യമാക്കി! *(ഇന്ത്യൻ ഭരണ ഘടന – വകുപ്പ് 37)*

അധികാരവും ആസൂത്രണവും മുകളിൽ നിന്ന് കീഴോട്ടൊഴുകി. അതോടൊപ്പം കുത്തി ഒലിച്ചത് ജനകീയാവശ്യങ്ങളായിരുന്നു. തീരുമാനമെടുക്കാനും, നടപ്പാക്കുന്നതിൽ പങ്ക് വഹിയ്ക്കാനും സാധാരണക്കരന് അവസരം നൽകാൻ നിലവിലുള്ള ആസൂത്രണപ്രക്രിയ തലകുത്തനെ നിർത്തിയേ തീരൂ! കേരളം നടപ്പിലാക്കുന്ന ജനകീയാസൂത്രണ പ്രസ്ഥാനം, അടിത്തട്ടിൽനിന്ന് മേൽത്തട്ടിലേയ്ക്ക് ദിശമാറ്റം നൽകപ്പെട്ട ആസൂത്രണ തന്ത്രമാണ് അവതരിപ്പിക്കുന്നത്. ആസൂത്രണത്തിലും വികസന പ്രവർത്തനത്തിലും തുല്യപങ്കാളിത്തം, ജാതിമതാദി ഭിന്നതകൾക്കതീതമായി ഉറപ്പുവരുത്താൻ ജനകീയാസൂത്രണ പ്രസ്ഥാനത്തിന് കഴിയുമെന്നത് ഉറപ്പാണ്. ഒമ്പതാം പഞ്ചവത്സര പദ്ധതി ജനകീയ പദ്ധതിയായി കേരള സർക്കാർ പ്രഖ്യാപിച്ചിരിയ്ക്കുകയാണ്. ഇത് വികസന ചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്. അധികാരത്തോടൊപ്പം സമ്പത്തും (40% പദ്ധതി വിഹിതം) പഞ്ചായത്തുകൾക്ക് നൽകുന്നതിനാൽ ജനതാല്പര്യങ്ങൾ സംരക്ഷിക്കാൻ കഴിയുമെന്ന സ്ഥിതിവിശേഷം വളർന്നുവരുന്നുണ്ട്. പഞ്ചായത്തുകൾക്കുള്ള സർക്കാർ വിഹിതം (40%), കേരളസർക്കാറിന്റെ 60% ൽപെട്ട ചില സ്കീമുകൾ, കേന്ദ്രസർക്കാർ ഫണ്ട്, ബാഹ്യവികസന ഏജൻസികളിൽനിന്ന് സന്നദ്ധ സംഘങ്ങൾ വഴി ലഭിക്കുന്ന വികസന ഫണ്ടുകൾ, നികുതി വരുമാനം, എല്ലാറ്റിനും പുറമെ ജനകീയ സംഭാവനകൾ (പണം, വിഭവങ്ങൾ, അദ്ധ്വാനം) തുടങ്ങിയ വികസന പ്രക്രിയയെ ത്വരിതപ്പെടുത്തുന്ന സ്രോതസ്സുകൾ പലതാണ്. കേരളവും ഗ്രാമപഞ്ചായത്തുകളും ഇന്നഭിമുഖീകരിക്കുന്ന വികസന പ്രതിസന്ധിക്ക് പൂർണ്ണമല്ലെങ്കിലും ഭാഗികവും, തൃപ്തികരവുമായ പരിഹാരം കാണാൻ ഈ പുത്തൻ ആസൂത്രണതന്ത്രത്തിന് കഴിയും. ബഹുജന പങ്കാളിത്തം ഫലപ്രദമാകുമ്പോൾ, സ്വാഭാവികമായും നിലവിലുള്ള സ്കീമുകളുടെയും ഏറ്റെടുക്കാൻ പോകുന്ന പ്രവൃത്തികളുടെയും നടത്തിപ്പ് കാര്യക്ഷമവും, ശീഘ്രവും, തൃപ്തികരവുമായി നിർവ്വഹിയ്ക്കാൻ കഴിയുമെന്നുമാത്രമല്ല അഴിമതിയുടെ എല്ലാ

കൈവഴികളും നിയന്ത്രിക്കാൻ കഴിയുകയും ചെയ്യും.

വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിൽ ജനകീയാസൂത്രണപ്രവർത്തനം ആരംഭിച്ചത് 1995 Oct 25 ഓടുകൂടിയാണ്. അന്നാണ് അറുപതോളം വ്യവസായകുതുകികളെ പങ്കെടുപ്പിച്ച് ഒരു വ്യവസായസെമിനാർ സംഘടിപ്പിച്ചത്. ഒക്ടോബർ 9ന് ചേർന്ന ആദ്യത്തെ പഞ്ചായത്തുയോഗം തന്നെ വിഭവഭൂപട നിർമ്മാണം നടത്താൻ തീരുമാനിക്കുകയുണ്ടായി. ബന്ധപ്പെട്ട കേന്ദ്രങ്ങളിൽനിന്ന് അനുകൂല പ്രതികരണം ആദ്യഘട്ടത്തിൽ ഇല്ലാതിരുന്നതിനാൽ 1996 മെയ് 13നാണ് ഭൂവിഭവ സർവ്വേ പ്രവർത്തനം തുടങ്ങിയത്. മെയ് 15 മുതൽ 23 വരെ 9 ദിവസങ്ങൾക്കുള്ളിൽ വിഭവഭൂപട സർവ്വേയും സാമൂഹിക സാമ്പത്തിക സർവ്വേയും നടത്തി പൂർത്തിയാക്കി. 8 ഭൂപടങ്ങൾ തയ്യാറാക്കിയിട്ടുണ്ട്.

1996 ജൂലായ് 28 മുതൽ ആഗസ്ത് 5നുള്ളിൽ നീരൊഴുക്ക് സർവ്വേ പൂർത്തിയാക്കി. ആഗസ്ത് 30 മുതൽ സപ്തംബർ 8നകം പൊതുവിവരശേഖരണ സർവ്വേ നടത്തി. ഈ സർവ്വേകളുടെ മുഴുവൻ റിപ്പോർട്ടുകളും ഇതിനകം തയ്യാറായിക്കഴിഞ്ഞിട്ടുണ്ട്. ഇതെല്ലാം സന്നദ്ധസേവനം മുഖ്യഘടകമായി സ്വീകരിച്ച് നടത്തിയതാണ്. ഈ രംഗത്ത് 226 വളണ്ടിയർമാർ 29 ദിവസങ്ങളിലായി 2291 മനുഷ്യദിനങ്ങൾ സംഭാവന ചെയ്തിട്ടുണ്ട്.

സർവ്വേകൾക്കുമുമ്പ്, ജനകീയ പങ്കാളിത്തം ഭരണരംഗത്ത് നൽകാനുള്ള ശ്രമത്തിന്റെ ഭാഗമായി എട്ട് ബഹുജനസംഘടനകൾക്ക് രൂപം നൽകിയിട്ടുണ്ട്. കാർഷികസമിതി, സാംസ്കാരിക സമിതി തുടങ്ങിയ സമിതികളുടെ പട്ടിക താഴെകൊടുക്കുന്നു.

മറ്റുപല പഞ്ചായത്തുകളും 5 വർഷംകൊണ്ട്, ഇടവിട്ട് നടത്തിയ നാല് സർവ്വേകളും 3 മാസം 25 ദിവസത്തിനകം ചെയ്തുതീർക്കാൻ വള്ളിക്കുന്നിന് കഴിഞ്ഞു. ഓരോ ബഹുജനസംഘടനയും വാർഷിക പ്രവർത്തന പരിപാടി അംഗീകരിച്ച് ദിശാബോധത്തോടെയാണ് പ്രവർത്തിക്കുന്നത്. 1996 സപ്തംബർ 20ന് 60 ലക്ഷം രൂപ പ്രതീക്ഷിക്കുന്ന ഒരു വാട്ടർഷെഡ് പ്രോജക്ടിനുള്ള പദ്ധതിരേഖ കപാർട്ടിന് (CAPART) സമർപ്പിച്ചിട്ടുണ്ട്. വരൾച്ചയെ നേരിടാനുള്ള ഫലപ്രദമായ പദ്ധതിയാണിത്.

| നമ്പ്ര് | ബഹുജന സംഘടനകൾ | രൂപീകരണ തിയ്യതി | അംഗങ്ങൾ |
|---|---|---|---|
| 1. | പഞ്ചായത്ത് തല കാർഷിക വികസനസമിതി | 15.1.96 | 76 |
| 2. | ,, സാംസ്കാരിക സമിതി | 30.1.96 | 37 |
| 3. | ,, കായിക സമിതി | 30.1.96 | 78 |
| 4. | ,, വിദ്യാഭ്യാസ സമിതി | 4.6.96 | 80 |
| 5. | ,, വികസനസമിതി (രജിസ്ട്രേഡ്) | 26.6.96 | 37 |
| 6. | ,, മണ്ണ്-ജലസംരക്ഷണ സമിതി | 20.7.96 | 30 |
| 7. | ,, ആരോഗ്യ സംരക്ഷണ സമിതി | 20.7.96 | 35 |
| 8. | ,, വനിതാ സമിതി | 17.9.96 | 138 |

ഒരു വർഷത്തിനുള്ളിൽ 2 കാർഷിക സെമിനാറുകൾ നടത്തി. കാക്കത്തോടു പദ്ധതിയുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർക്കെത്തിച്ചു. കാർഷിക വിദഗ്ദരുമായി ഒരു ചർച്ച നടത്തി. ഉപ്പുവെള്ളം കയറുന്നത് തടയാൻ ഇരുമ്പോത്തുങ്ങൽ ഭാഗത്ത് തോടിനു വടക്കുഭാഗത്ത് ഒരു നീണ്ട ബണ്ട് ആവശ്യമാണ്. അതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്.

ജപ്പാനീസ് പനിക്കെതിരെയും കോളറക്കെതിരെയും പ്രചാരണം നടത്തി; മൂന്ന് മെഡിക്കൽ കേമ്പുകൾ നടത്തി.

മണ്ണ്-ജലസംരക്ഷണത്തിന് 1 ഏക്രയിൽ 10 നീർക്കുണ്ട് നിർമ്മിക്കുവാനും പറമ്പുകളിൽ വരമ്പുകളിടാനും വ്യാപകമായ പ്രചാരണം നടത്തി. 3000 തേക്കിൻ തൈകൾ വിതരണം ചെയ്തു. 300 മറ്റ് മരത്തൈകൾ റോഡ് പാർശ്വങ്ങളിൽ നട്ടു.

സാംസ്കാരിക സമിതി നയപ്രഖ്യാപന രേഖയും ഭരണഘടനയും തയ്യാറാക്കി. പഞ്ചായത്ത് തല വിദ്യാഭ്യാസ കൺവൻഷൻ നടത്തി. യു.പി., എൽ.പി. അധ്യാപകർക്കു വേണ്ടി, പരിഹാരബോധനം സംബന്ധിച്ച് ക്ലാസ് നടത്തി. കായിക് സമിതിയാണ് ഓണം, സ്പോർട്സ്, കേരളോത്സവം തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്നത്.

പഞ്ചായത്ത് തല വികസനസമിതി ജനകീയാസൂത്രണമണ്ഡലത്തിലെ ഒരതികായനാണ്. പൊതുസഭ, പ്രവർത്തകസമിതി, 13 വാർഡ് സമിതികൾ, 112 അയൽക്കൂട്ടങ്ങൾ എന്നിവ രൂപീകരിച്ചിട്ടുണ്ട്. ഈ സംവിധാനം ജനബന്ധം ഊട്ടിവളർത്താനുള്ള ആയുധമാണ്. 26.6.96ന് വികസന സമിതി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

പഞ്ചായത്ത് വികസനസമിതി രജിസ്റ്റർ ചെയ്യുന്നതിനു മുമ്പും പിമ്പുമായി വികസനസമിതി മുഖേന നടത്തിയ പ്രവർത്തനങ്ങളിൽ ജനകീയ പങ്കാളിത്തം വളരെ ഉയർന്ന തോതിലാണ്. 24218 രൂപ 50 പ. പഞ്ചായത്ത് ഫണ്ടുപയോഗിച്ചപ്പോൾ സംഭാവനയായി 55690 രൂപയും, സന്നദ്ധസേവനം വഴി 1,69.320 രൂപയും (ആകെ 2,25,010 രൂപ) ജനകീയ വിഹിതമായി സമാഹരിക്കുവാൻ കഴിഞ്ഞു. അതായത് ജനകീയ വിഹിതം പഞ്ചായത്ത് ഫണ്ടിന്റെ 9.25 ഇരട്ടിയാണ്.

ഏത് പ്രവർത്തനവും ഏറ്റെടുക്കാൻ കഴിവുള്ള ഒരു നല്ല വളണ്ടിയർ സേന രാപ്പകൽ പണിയെടുക്കാൻ സദാ സന്നദ്ധരായി പഞ്ചായത്തിലുണ്ട് എന്നതാണ് ശ്രദ്ധേയം. ജനകീയാസൂത്രണരഥം ഏറെ മുന്നോട്ടു കൊണ്ടുപോവാൻ കഴിയും എന്ന പ്രത്യാശ അതുകൊണ്ടുതന്നെ ഞങ്ങൾക്കുണ്ട്.

വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ ബഹുജന രാഷ്ട്രീയ ബോധത്തിന്റെയും സന്നദ്ധ സേവന തൃഷ്ണയുടെയും അടിത്തറയിൽ, മുൻകാല സേവകരുടെ ഉത്തമ പാരമ്പര്യ സംഭാവനകളിൽനിന്ന് ഊർജ്ജവും പ്രചോദനവും ഉൾക്കൊണ്ട്, അയൽക്കൂട്ട സംവിധാനമെന്ന ബഹുജനശക്തിയെ തുറന്നുവിട്ടുകൊണ്ട്, ജനകീയാസൂത്രണവും നിർവ്വഹണവും യാഥാർത്ഥ്യമാക്കാൻ, ചരിത്രത്തിന്റെ വർത്തമാന ദശാസന്ധി നമ്മെ വെല്ലുവിളിയ്ക്കുകയാണ്. ഈ വെല്ലുവിളി നേരിടാനുള്ള അവസരം കൈവന്നതിലുള്ള ആഹ്ലാദത്തോടെ **വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്തിന്റെ സമഗ്രവികസനരേഖ** നാളെയുടെ ചരിത്ര യാഥാർത്ഥ്യമാക്കാനുള്ള മഹാ യജ്ഞത്തിൽ ഇന്ന് തന്നെ പങ്കുചേരാനുള്ള പ്രതിജ്ഞ ദൃഢ നിശ്ചയത്തോടെ നമുക്കു സ്വീകരിക്കാം. ■






# 2

# പഞ്ചായത്ത്: പൊതുവിവരണം

പഞ്ചായത്തിന്റെ പേര് : ........................ വള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത്

ഉൾപ്പെടുന്ന വില്ലേജുകൾ : ........................ വള്ളിക്കുന്ന്, അരിയല്ലൂർ

ബ്ലോക്ക് പഞ്ചായത്ത് : ........................ തിരൂരങ്ങാടി

താലൂക്ക് : ........................ തിരൂരങ്ങാടി

അസംബ്ലി മണ്ഡലം : ........................ തിരൂരങ്ങാടി

വിസ്തീർണ്ണം : ........................ 25.14 ചതുരശ്ര കി.മി.

അതിരുകൾ : ........................ –വടക്ക്: കോഴിക്കോട് ജില്ലയിലെ കടലുണ്ടി

–കിഴക്ക്: കലുണ്ടി പുഴ, തേഞ്ഞിപ്പലം, ചേലേമ്പ്ര, മൂന്നിയൂർ പഞ്ചായത്തുകൾ

–തെക്ക്: പരപ്പനങ്ങാടി പഞ്ചായത്ത്

–പടിഞ്ഞാറ്: അറബിക്കടൽ

ജനസംഖ്യ : ........................ 41,332

പുരുഷൻ : ........................ 20,479

സ്ത്രീകൾ : ........................ 20,883

ജന സാന്ദ്രത : ........................ 1,644

അക്ഷരാഭ്യാസമുള്ളവർ : ........................ 38355

വാർഡുകൾ : ........................ 13

പ്രസിഡണ്ടിന്റെ പേര് : ........................ യു. കലാനാഥൻ

വൈസ് പ്രസിഡണ്ടിന്റെ പേര് : ........................ കോനാരി മറിയം

സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ : ........................ പി. സുനിൽകുമാർ




# 3

# സാമൂഹിക- സാംസ്കാരിക ചരിത്രം

ഐതിഹ്യ പ്രസിദ്ധമായ വല്ലീഗ്രാമമാണ് കാലം കൈമാറിപ്പോന്നപ്പോൾ വള്ളിക്കുന്നായി മാറിയതെന്ന് പറയപ്പെടുന്നു. വല്ലിയാറിന്റെ (കടലുണ്ടിപ്പുഴ) തീരത്തുള്ള ഈ ഗ്രാമത്തിലെ രാജവാഴ്ചകളുടെ ചരിത്രം പരപ്പനാട് വലിയ പുതിയ കോവിലകക്കാരിൽ നിന്നു തുടങ്ങുന്നു. ഇവർ, ശിവക്ഷേത്രങ്ങൾ കേന്ദ്രീകരിച്ചുണ്ടാക്കിയ തറക്കൂട്ടങ്ങളിലൂടെ ഭരണം നടത്തിപ്പോന്നു. വള്ളിക്കുന്ന് (തേക്കിൽ ശിവക്ഷേത്രം), മണ്ണൂർ (മണ്ണൂർ ശിവക്ഷേത്രം), ചേലേമ്പ്ര (എളന്നുമ്മൽ ശിവക്ഷേത്രം), തേഞ്ഞിപ്പലം (പാപ്പന്നൂർ ശിവക്ഷേത്രം), വെണ്ണായൂർ (വെണ്ണായൂർ ശിവക്ഷേത്രം) എന്നിങ്ങനെ അഞ്ചു തറകളായാണ് രാജ്യം ഭാഗിച്ചത്. വള്ളിക്കുന്നിൽ, മേക്കോട്ട ഭഗവതി ക്ഷേത്രം സ്ഥിതി ചെയ്യുന്നിടത്താണ് പരപ്പനാട്ടു രാജാക്കന്മാരുടെ കൊട്ടാരമുണ്ടായിരുന്നത്. കോവിലകത്തെ പടയാളികൾ ആയുധ പരിശീലനം നടത്തിയിരുന്നതും ഇവിടെയായിരുന്നു. ക്ഷേത്രത്തിനു ചുറ്റും ഇന്നു കാണുന്ന കിടങ്ങുകളുടെയും തുരങ്കങ്ങളുടെയും അവശിഷ്ടങ്ങൾ ഇതിനുള്ള തെളിവുകളാണ്.

പരപ്പനാട്ടു കോവിലകം പിന്നീട് ബേപ്പൂർ താവഴിയായും പരപ്പനങ്ങാടി താവഴിയായും പിരിഞ്ഞു. മാവേലിക്കരയിലേക്ക് കുടിയേറിയ പരപ്പനങ്ങാടി താവഴി (കിളിമാനൂർ രാജവംശം) അനന്തപുരം, ലക്ഷ്മീപുരം കൊട്ടാരങ്ങളിൽ താമസിക്കുന്നു. ഈ വംശപരമ്പരയിൽ പെട്ടവരത്രേ കേരളവർമ്മ വലിയ കോയിത്തമ്പുരാനും എ.ആർ.രാജരാജവർമ്മയും. എ.ആറിന്റെ ജന്മഗേഹം വള്ളിക്കുന്നിലാണെന്നും പറയപ്പെടുന്നു. മഴമംഗലത്തിന്റെ ഭാഷാനൈഷധചമ്പുവിൽ പരാമർശിക്കുന്ന വല്ലീഗ്രാമം വള്ളിക്കുന്നാണെന്ന് ഉള്ളൂരിന്റെ കേരള സാഹിത്യചരിത്രത്തിൽ കാണാം.

ഉദ്ദണ്ഡ ശാസ്ത്രികളുടെ കോകില സന്ദേശത്തിൽ പറയുന്ന 'വല്ലിയാർ' വളരെ പ്രസിദ്ധമായ നദിയായിരുന്നു. വല്ലിയാർ ചൂഴുന്ന കുന്നിനെ വള്ളിക്കുന്ന് എന്ന് വിളിക്കുവാൻ ഇടയായി. വള്ളിക്കുന്ന് അങ്ങിനെ പുരാണ കഥകളിലും കവിതകളിലും സ്ഥാനം പിടിച്ച ഒരു പ്രദേശമാണ്.

ബ്രിട്ടീഷ് സാമ്രാജ്യശക്തിക്കെതിരായി പടപൊരുതിയ വേലുത്തമ്പി ദളവയുടെ പിതാമഹൻ വള്ളിക്കുന്നിൽ നിന്ന് തിരുവിതാംകൂറിലേക്ക് പോയതാണ്. ആ കുടുംബം താമസിച്ചിരുന്ന തട്ടാരി കോവിലകവും കുളവും ഇന്നും നിലനിൽക്കുന്നുണ്ട്. മഴമംഗലം ജനിച്ചതും വള്ളിക്കുന്നിലാണെന്ന് വിശ്വസിക്കുന്നു.

പരപ്പനാട്ടു കോവിലകക്കാർ രണ്ടു താവഴികളിലായി തെറ്റിപ്പിരിഞ്ഞപ്പോൾ ക്ഷേത്രത്തിന്റെയും ക്ഷേത്രസ്വത്തുക്കളുടെയും ഭരണച്ചുമതല ഈസ്റ്റ് ഇന്ത്യാക്കമ്പനിയെ ഏൽപ്പിച്ചു. തർക്കം തീരുമ്പോൾ തിരിച്ചേൽപ്പിക്കാമെന്ന വ്യവസ്ഥയോടെയായിരുന്നു ഇത്. 1857ലെ വിക്ടോറിയൻ വിളംബരത്തെ തുടർന്ന് ഈസ്റ്റ് ഇന്ത്യാ

ക്കമ്പനി ക്ഷേത്രവും ക്ഷേത്രസ്വത്തുക്കളും ട്രസ്റ്റിയെന്ന നിലയിൽ സാമൂതിരിയെ ഏൽപ്പിച്ചു.

ഇതേത്തുടർന്ന് രാജ്യഭരണം ബ്രിട്ടീഷുകാർക്കും ക്ഷേത്രാധികാരം സാമൂതിരിക്കുമായി.

ഇന്നത്തെ കടലുണ്ടി നഗരമാണ് പുരാതന തുറമുഖ നഗരമായ തിണ്ടിസ്സ് എന്നു കരുതുന്നു. തിണ്ടിസ്സ് തുറമുഖം, അറേബ്യൻ നാടുകളുമായി മലഞ്ചരക്കു വ്യാപാരം നടത്തുന്നതിൽ പ്രധാന പങ്കു വഹിച്ചിരുന്നു. ഈ തുറമുഖം വഴി കടലുണ്ടിപ്പുഴയിലൂടെ തിരുത്തിയിലെ കപ്പേപ്പാടം എന്ന സ്ഥലത്ത് വലിയ പായക്കപ്പലുകൾ വന്നിരുന്നു. പ്രസ്തുത പാടത്തിന് കപ്പേപ്പാടം എന്ന പേരു വന്നത് ഇങ്ങനെയാണ്.

വള്ളിക്കുന്നിന്റെ തെക്ക് കിഴക്കെ മൂലയിൽ ഇരുമ്പോത്തുങ്ങൽ എന്ന ഒരു സ്ഥലമുണ്ട്. ഈ പേരിന്റെ പിന്നിലും ഒരു ചരിത്രമുണ്ട്. മുമ്പ് ഈ പ്രദേശങ്ങളിലെ പാറകൾ അടിച്ചുടച്ച് ഉലയിൽ ചൂടാക്കി അതിൽ നിന്ന് ഇരുമ്പ്, ഊതി എടുത്ത് ആയുധങ്ങൾ ഉണ്ടാക്കിയിരുന്നുവത്രേ. അതുകൊണ്ട് ഇരുമ്പോത്തിങ്ങൽ എന്ന പേര് ഈ സ്ഥലത്തിന് ലഭിച്ചു.

ദേശീയ സ്വാതന്ത്ര്യ സമരത്തിന്റെ മുന്നണിപ്പോരാളികളായി ചിലരെയെങ്കിലും സംഭാവനചെയ്യാൻ ഈ ഗ്രാമത്തിന് സാധിച്ചു. അഖിലേന്ത്യാ സമാധാന കൗൺസിൽ ജോയിന്റ് സെക്രട്ടറിയായിരുന്ന കെ. മാധവനാരാണ് അവരിൽ പ്രമുഖൻ. കെ. കേളപ്പൻ പ്രസിഡണ്ടായിരിക്കെ കെ.പി.സി.സി. സെക്രട്ടറിയായും ഇദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. മഹാത്മാ ഗാന്ധിയുടെ എന്റെ 'സത്യാന്വേഷണ പരീക്ഷകൾ' എന്ന വിഖ്യാത കൃതി മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയത് മാധവനാരാണ്. പട്ടികജാതിയിൽപെട്ട ഒരു സ്ത്രീയെ വീട്ടിന്നകത്തുകയറ്റി വിപ്ലവം സൃഷ്ടിച്ച ഇദ്ദേഹം മാതൃഭൂമിയുടെ മുഖ്യ പ്രവർത്തകരിൽ ഒരാളുമായിരുന്നു. എ.കെ.ജി.യുടെ കൂടെ ജയിൽവാസമനുഭവിച്ച കെ.ടി.മാധവൻ നായർ, ഗോവാസമരവുമായി ബന്ധപ്പെട്ട അബ്ദുള്ളക്കുട്ടി, നേവി കലാപവുമായി ബന്ധപ്പെട്ട സി.എം.ഏച്ചുണ്ണിനായർ, കമ്യൂണിസ്റ്റ് നേതാവായി മാറിയ പാന്നാട്ട് കുഞ്ഞിരാമൻ നായർ, യു. കണ്ടൻകുട്ടി, പി. കുഞ്ഞിരാമൻ മാസ്റ്റർ, കൂത്ത്രേഴി അയ്യപ്പൻനായർ, ടി.എൻ.നീലകണ്ഠൻ മൂസ്സത്, ഉണ്ണിക്കൃഷ്ണൻ നായർ പുതിയേടത്ത്, ക്വിറ്റ് ഇന്ത്യാ സമരത്തിൽ പങ്കെടുത്ത ഇ. പുരുഷോത്തമൻ നമ്പൂതിരി, പ്രമുഖ സഹകാരിയും വിദ്യാഭ്യാസ പ്രവർത്തകനുമായിരുന്ന സി.എം ഗോപാലൻനായർ തുടങ്ങിയവരും ദേശീയ പ്രസ്ഥാനത്തിന് കരുത്തു പകർന്നവരാണ്.

സ്വാതന്ത്ര്യ സമരകാലത്ത് കെ.കേളപ്പൻ, മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ്, കേരളീയൻ തുടങ്ങിയവർ വള്ളിക്കുന്ന് സന്ദർശിക്കുകയുണ്ടായി. ഇ.എം.എസ്. നമ്പൂതിരിപ്പാട്, പി. കൃഷ്ണപിള്ള, സി.എച്ച്.കണാരൻ, കോയക്കുഞ്ഞിനഹ തുടങ്ങിയ നേതാക്കൾ ഈ ഗ്രാമത്തിൽ ഒളിവു ജീവിതം നയിച്ചിട്ടുമുണ്ട്.

1927–28 കാലത്ത് കോൺഗ്രസ് സംഘടന ഇവിടെ രൂപം കൊണ്ടു. നീലകണ്ഠൻ മൂസ്സതായിരുന്നു പ്രസിഡണ്ട്. 1930–ൽ കൂത്ത്രേഴി അയ്യപ്പൻ നായർ പ്രസിഡണ്ടും പാന്നാട്ട് കുഞ്ഞിരാമൻ നായർ സെക്രട്ടറിയുമായി കോൺഗ്രസ് കമ്മറ്റി പുനഃസംഘടിപ്പിച്ചു. മദ്യവർജ്ജന പ്രചാരണവും പ്രക്ഷോഭവുമായിരുന്നു പ്രഥമ പരിപാടി. 1931ൽ തിരൂരങ്ങാടിയിൽ മദ്യവർജ്ജന ഘോഷയാത്ര നടന്നു. തിരുത്തിയിൽ നിന്നും തുടങ്ങി തിരൂരങ്ങാടിയിൽ സമാപിക്കാനായിരുന്നു ലക്ഷ്യമിട്ടിരുന്നത്. പാറക്കടവിൽ ജാഥ, പൊലീസ് തടയുകയായിരുന്നു. തുടർന്ന് അവിടെ പ്രതിഷേധ സത്യാഗ്രഹം നടന്നു. കെ.ടി.മാധവൻ നായർ, നീലകണ്ഠൻ മൂസ്സത്, പാന്നാട്ട് കുഞ്ഞിരാമൻ നായർ, വെട്ടിയാട്ടിൽ കട്ടിക്കൃഷ്ണന നായർ തുടങ്ങിയവർ ഈ സമരത്തിന് നേതൃത്വം നൽകി. 1938 ലെ ബക്കളം സമ്മേളനത്തിലും, മങ്കട പള്ളിപ്പുറം രാഷ്ട്രീയ പരിശീലനക്ലാസ്സിലും വള്ളിക്കുന്നിൽനിന്ന് പാന്നാട്ട് കുഞ്ഞിരാമൻ നായർ പങ്കെടുത്തു. 1939 ലെ പറപ്പൂർ സമ്മേളനത്തിൽ പാന്നാട്ടിനു പുറമെ പുളിയശ്ശേരി ശങ്കുണ്ണിനായരും, എടശ്ശേരി പുരുഷോത്തമൻ നമ്പൂതിരിയും പങ്കെടുത്തു. മുപ്പതുകളുടെ ഒടുവിൽ തിരൂരങ്ങാടി ഫർക്കയിൽ കമ്യൂണിസ്റ്റ് പാർട്ടി രൂപീകരിച്ചത് പാന്നാട്ട് കുഞ്ഞിരാമൻ നായർ, പുതിയാട്ടിൽ കേശവൻ നായർ, പെരുന്തൊടി തൂമ്പൻ എന്നിവരാണ്. 1947–48 കാലത്ത് പാന്നാട്ട് കുഞ്ഞിരാമൻ നായർ, ഉള്ളിശ്ശേരി വേലായുധൻ, യു. കണ്ടൻകുട്ടി എന്നിവർ ഏതാനും മാസം ജയിൽശിക്ഷ അനുഭവിച്ചിട്ടുണ്ട്. തുടർന്ന് ജനസമ്പർക്ക പരിപാടിയായി വയോജന വിദ്യാഭ്യാസക്ലാസ്സുകൾ വ്യാപകമായി നടത്തുകയുണ്ടായി.

ഭൂസ്വത്തുകളിൽ 90% വും ഏതാനും ജന്മി കുടുംബങ്ങളുടെ കൈവശത്തിലായിരുന്ന വള്ളിക്കുന്നിൽ ഭൂമിക്ക് വേണ്ടിയുള്ള സമരം കമ്മ്യൂണിസ്റ്റ് പാർട്ടിയുടേയും കർഷകസംഘത്തിന്റെയും നേതൃത്വത്തിൽ ശക്തമായി നടന്നിരുന്നു. പ്രസ്തുത സമരങ്ങൾ കൊടികുത്തിവാണിരുന്ന ഫ്യൂഡൽ ജന്മിത്വത്തെ അപ്രത്യക്ഷമാക്കി. ഭൂപരിഷ്ക്കരണ നിയമം ബഹുഭൂരിപക്ഷം വരുന്ന സാധാരണ ജനവിഭാഗത്തെ ഭൂസ്വത്തുക്കളുടെ ഉടമകളാക്കി മാറ്റി. ഭൂബന്ധങ്ങളിൽ വന്ന ഈ മാറ്റം സാമൂഹ്യജീവിതത്തിൽ അവർ ണ്ണനീയമായ മാറ്റങ്ങളാണ് വരുത്തിയത്.

പഴയ മലബാർ ഡിസ്ട്രിക്റ്റ് ബോർഡിനു കീഴിലായിരുന്ന വള്ളിക്കുന്നിൽ ആദ്യത്തെ പഞ്ചായത്തു ബോർഡ് നിലവിൽ വന്നത് 1954–55 ലാണ്. അക്ഷരാഭ്യാസമുള്ളവർ ഒത്തുകൂടി കൈപൊക്കി വോട്ടുചെയ്താണ് അന്ന് തെരഞ്ഞെടുപ്പു നടത്തിയിരുന്നത്. അന്നത്തെ കോൺഗ്രസ്, കമ്യൂണിസ്റ്റ്, പ്രജാ സോഷ്യലിസ്റ്റ് മുസ്ലീം ലീഗ് പാർട്ടികൾ ഐകകണ്ഠേന പ്രസി

ഡണ്ടിനെ തെരഞ്ഞെടുത്തു. ആദ്യത്തെ പ്രസിഡണ്ട് ടി.എൻ.ദാമോദരൻ മൂസതായിരുന്നു. അംഗങ്ങൾ: കെ.പി. എസ്.തങ്ങൾ, കോയസ്സൻകുട്ടി, പോക്കർ എം.എം, സീതി ക്കുട്ടി ഹാജി, കുഞ്ഞാലി ഹാജി കെ.എം, കുഞ്ഞിരാ മൻ നായർ പാന്നാട്ട്, എ.പി. ഗംഗാധരൻ, കാന്തോളി കരുണാകരൻനായർ, രാഘവൻ തിരുത്തി, യു. കണ്ടൻ കുട്ടി. ബോർഡ് രൂപീകരിച്ച് ഏറെക്കഴിയും മുമ്പ് പ്രസി ഡണ്ട് രാജിവെച്ചു. പകരം കോയസ്സൻകുട്ടി പ്രസിഡ ണ്ടായി.

ഇന്നത്തെ പഞ്ചായത്തിലെ, 10,11,13 വാർഡുകൾ ഉൾപ്പെട്ട കൊടക്കാട് പ്രദേശം അന്ന് വെളിമുക്ക് അംശ ത്തിലായിരുന്നു. 7,8,9 വാർഡുകൾ ഉൾപ്പെട്ടിരുന്ന അരി യല്ലൂർ ഒരു വില്ലേജായിരുന്നു. ഈ പ്രദേശങ്ങളും വള്ളി ക്കുന്നും ചേർത്ത് 1962 ൽ വള്ളിക്കുന്ന് പഞ്ചായത്ത് രൂപീ കരിച്ചു. അതുവരെ വള്ളിക്കുന്ന് പ്രദേശം കോഴിക്കോട് ജില്ലയിലായിരുന്നു. പഞ്ചായത്തിന്റെ ആദ്യ പ്രസിഡ ണ്ടായി വടക്കുന്താനി കുഞ്ഞിരാമൻനായർ തെരഞ്ഞെ ടുക്കപ്പെട്ടു. അംഗങ്ങൾ: 1. കുന്നുമ്മൽ അബ്ദുറഹിമാൻ കുട്ടി, 2. എം.വി.കോയക്കുട്ടി, 3. കുഞ്ഞിരാമൻനായർ പാന്നാട്ട്, 4. ഇ. പുരുഷോത്തമൻ നമ്പൂതിരി, 5. പി. കുഞ്ഞിരാമൻ മാസ്റ്റർ, 6. പാറോൽ വാസു, 7. നാഗൻ & വി. കുഞ്ഞിരാമൻനായർ, 8. ഇബ്രാഹിം കുട്ടി കോനാരി 9. മേച്ചേരി മാധവി (വനിത), കുഞ്ഞിരാമൻമാസ്റ്റർ രാജി വെച്ച ഒഴിവിൽ എ.പി ബാലകൃഷ്ണനും, പാറോൽ വാസു അന്തരിച്ച ഒഴിവിൽ കൊക്കായിൽ അപ്പുട്ടിയും തെരഞ്ഞെടുക്കപ്പെട്ടു. 1963 മുതൽ 79 വരെ ഈ പഞ്ചാ യത്ത് ഭരണസമിതി നിലനിന്നു.

അടുത്ത പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ നാലാം വാർഡിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട യു. കലാനാഥൻ മാസ്റ്റർ, പ്രസിഡണ്ടായി. അംഗങ്ങൾ: 1. ബാവുട്ടി.കെ.പി, 2. പോക്കർ കടലുണ്ടി, 3. എം.വി.കോയക്കുട്ടി, 5. കെ. ദാമോദരൻ, 6. കൂത്ത്രേഴി പരമേശ്വരൻ നായർ, 7. വേലാ യുധൻ വള്ളിക്കുന്ന്, 8. പാറോൽ ഭരതൻ, 9. പാർവ്വതി നമ്പീശൻ, 10. കെ. ബീരാൻ, 11. തെക്കുഞ്ചേരി ചന്ദ്രൻനാ യർ.

പിന്നീടു നടന്ന തെരഞ്ഞെടുപ്പിൽ 3-ാം വാർഡിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട വി. വാസുദേവൻ പ്രസി ഡണ്ടായി. അംഗങ്ങൾ: 1. കെ. മുഹമ്മദ്, 2. കെ.പി.മുഹ മ്മദ് 4. ടി.പ്രഭാകരൻ, 5. പി.ഐ.ബാലഗംഗാധരൻ 6. ടി. അബൂബക്കർ 7. കെ. ഷൺമുഖൻ, 8. അയ്യപ്പൻകുട്ടി.കെ, 9. ദേവയാനി 10. കെ. ബീരാൻ, 11. തെക്കുഞ്ചേരി ചന്ദ്ര ൻനായർ, 12. ലീല ടീച്ചർ. എൻ.

ഇപ്പോൾ നിലവിലുള്ള പഞ്ചായത്ത് 1996 ഓക്ടോ ബർ രണ്ടിന് യു. കലാനാഥൻ മാസ്റ്ററുടെ നേതൃത്വത്തിൽ അധികാരമേറ്റു. അംഗങ്ങൾ: വാർഡ് 1. പാണ്ടി ഹസ്സൻ 2. പൂക്കോയ തങ്ങൾ.സി, 3. എ.പി.സുരേന്ദ്രൻ 4. ടി.പ്രീതാ റാണി, 5. പി. സുനിൽകുമാർ, 6. ടി. അബൂബക്കർ, 7. ടി.കെ.ലീല, 8. യു. കലാനാഥൻ 9. എം.ശ്രീദേവി ടീച്ചർ 10. കെ.ബീരാൻ മാസ്റ്റർ 11. ശാന്താ സുരേന്ദ്രൻ 12. പാറോൽ കൃഷ്ണൻ 13. കോനാരി മറിയം.

ഇപ്പോഴുള്ള പഞ്ചായത്ത് കെട്ടിടം, 1970ൽ മലപ്പുറം ജില്ലാ കലക്ടറായിരുന്ന കെ. ഭാസ്ക്കരൻ നായർ ഉദ്ഘാ ടനം ചെയ്തു. കെട്ടിടത്തിനുള്ള സ്ഥലം എ.പി. കണ്ടൻകുട്ടിയുടെ സ്മാരകമായി മകൻ എ.പി. പുരുഷോ ത്തമൻ സംഭാവന ചെയ്തതാണ്. ഈ ഓഫീസ് കെട്ടിടം, നിർമ്മിക്കുന്നതുവരെ മുൻപഞ്ചായത്ത് പ്രസിഡണ്ടായി രുന്ന കോയസ്സൻകുട്ടിയുടെ സ്ഥലത്തായിരുന്നു പ്രവർത്തിച്ചിരുന്നത്. പിന്നീട് 1988-89ൽ മിനിസ്റ്റേഡിയവും 1989-90ൽ സാംസ്കാരിക നിലയവും സ്ഥാപിച്ചു. 1984ൽ അക്വിസിഷൻ വഴി പൊതുശ്മശാനത്തിന് സ്ഥലം വാങ്ങിയെങ്കിലും ഇതുവരെ അതിന്റെ പണി പൂർത്തി യായിട്ടില്ല.

## സന്നദ്ധപ്രവർത്തന മേഖല

സന്നദ്ധ സംഘങ്ങൾ നാടിന്റെ വികസനത്തിന് നൽകിയ സേവനങ്ങൾ ഏറെയാണ്. ടി.എൻ.ദാമോദരൻ മൂസ്സത് പ്രസിഡണ്ടും പ്രൊഫ.വി.ജി.കെ.നായർ സെക്ര ട്ടറിയുമായി രൂപീകരിച്ച വള്ളിക്കുന്ന്, ചേലേമ്പ്ര, തേഞ്ഞി പ്പലം ഗ്രാമോത്ക്കർഷ സംഘമാണ് ചെട്ടിയാർമാട്- കട ലുണ്ടി റോഡ് ശ്രമദാനത്തിലൂടെ നിർമ്മിച്ചത്. റോഡിന് ആവശ്യമായ സ്ഥലം ആദ്യഘട്ടത്തിൽ സൗജന്യമായി കിട്ടി. 1944-ൽ അന്നത്തെ മലബാർ കലക്ടർ ചെട്ടിയാർമാ ടിൽ വെച്ച് റോഡ് ഉദ്ഘാടനം ചെയ്തു. ചെട്ടി പ്പടി-ചേളാരി റോഡ് നിർമ്മിച്ചത് നെടുവക്കാരായ എട ക്കണ്ടത്തിൽ വേലപ്പൻ നായർ പ്രസിഡണ്ടും എ.ഇ.കെ.കണ്ണൻ സിക്രട്ടറിയുമായി രൂപീകരിച്ച റോഡ് കമ്മിറ്റിയാണ്. ഈ റോഡ് നിർമ്മാണം പൂർത്തിയാക്കു വാൻ കൽപ്പാലം തയ്യിലക്കടവ് ഭാഗത്ത് മറ്റൊരു കമ്മിറ്റി യുണ്ടാക്കി. അവിടം സർക്കാർ സ്ഥലമായിരുന്നു. കമ്മ റ്റിയുടെ പ്രസിഡണ്ട് കോനാരി ഇബ്രാഹിംകുട്ടിയും സിക്രട്ടറി കെ.എ.ഉണ്ണിക്കൃഷ്ണനും ആയിരുന്നു. നിറ ങ്കൈതക്കോട്ടയിലേക്കുള്ള വഴിയിലും കാത്തിരപ്പൊറ്റ യിലെ കുമ്മനാട്ടുമൂഴിയിലും നടപ്പാലം നിർമ്മിച്ചത് ശ്രമ ദാനത്തിലൂടെ ആയിരുന്നു. ഈ മാതൃകകൾ പിൻതു ടർന്ന് മുണ്ടിയൻകാവ്-കൂട്ടുമൂച്ചി റോഡ്, ഹിറോസ് നഗർ റോഡ്, മുണ്ടിയൻകാവ്- കോരൻ കണ്ണാരി റോഡ് പോസ്റ്റാഫീസ്- പാടിഞ്ഞാറെപ്പള്ളി റോഡ്, എം.വി. എച്ച്.എസ്സ്- റെയിൽവെ സ്റ്റേഷൻ റോഡ്, ലക്ഷം വീട്- കാഞ്ഞിരപ്പൊറ്റ തുടങ്ങിയ നിരവധി റോഡുകൾ നിർമ്മിച്ചു.

ഉസ്താദ് എന്ന് വിളിക്കുന്ന കുഞ്ഞിരാമൻ മാസ്റ്റർ (പരുത്തിക്കാട്) സന്നദ്ധ സേവനരംഗത്ത് നേതൃത്വപര മായ പങ്കാണ് വഹിച്ചിട്ടുള്ളത്. മികച്ച സംസ്കൃത പണ്ഡിതനായിരുന്നു അദ്ദേഹം. വള്ളിക്കുന്നുകാർക്ക് സംസ്കൃതത്തിൽ അനൗപചാരിക വിദ്യാഭ്യാസം നൽകു

വാൻ അദ്ദേഹം യത്നിച്ചു. ഭൂരഹിതനായ അദ്ദേഹത്തിന് മുണ്ടിയൻ കാവ് പറമ്പിനടുത്ത് ഒരു ഏക്കറയോളം ഭൂമി നാട്ടുകാർ സംഭാവന ചെയ്യുകയുണ്ടായി.

വിവിധ വികസന മേഖലകളിൽ (ഗ്രന്ഥശാല, വൈദ്യുതി, റോഡ്, പാലം) നിസ്തുലമായ സേവനം അനുഷ്ഠിച്ച ഒരു മഹാശയൻ ആയിരുന്നു ശ്രീ. ടി. ഉണ്ണീരിമാസ്റ്റർ. 1995.ൽ രൂപീകൃതമായ സോഷ്യൽ സർവ്വീസ് ട്രസ്റ്റ് സന്നദ്ധ സേവന ചരിത്രത്തിലെ ഒരു പുതിയ നാഴികക്കല്ലാണ്.

1942 ലെ കോളറക്കാലത്ത് പി.കുഞ്ഞിരാമൻ മാസ്റ്ററുടേയും യു.തെയ്യൻ വൈദ്യരുടെയും നേതൃത്വത്തിൽ ആര്യവൈദ്യമരുന്നുകൾ വള്ളിക്കുന്നിൽ വിതരണം ചെയ്ത് രോഗനിവാരണം നടത്തിയിരുന്നു. കൊടക്കാട് പ്രദേശത്ത് മദ്രാസ് സംസ്ഥാനത്തു നിന്നെത്തിയ ഇൻസ്പെക്ടർക്കൊപ്പം കോളറ ബാധിച്ച വീടുകളിൽ സേവനത്തിനെത്തിയത് കെ.എ.ഉണ്ണിക്കൃഷ്ണനും കണ്ണാടിക്കൽ ശങ്കരക്കുറുപ്പുമായിരുന്നു.

1920 ൽ അത്താണിക്കലിനടുത്ത് ഒരു മാപ്പിള ബോർഡ് സ്ക്കൂൾ സ്ഥാപിച്ചാണ് വള്ളിക്കുന്നിൽ ഔപചാരിക വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ചത്. പട്ടികജാതി–പട്ടികവർഗ്ഗ ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി പി. അയ്യപ്പൻ നായർ വെള്ളേക്കോലം ലേബർസ്കൂൾ സ്ഥാപിച്ചു. തുടർന്ന് ഒരു ഹിന്ദുബോർഡ് സ്ക്കൂളും സ്ഥാപിതമായി. അതിനുമുമ്പ് ഏകാധ്യാപക വിദ്യാലയങ്ങളും നിലത്തെഴുത്ത് പള്ളിക്കൂടങ്ങളുമാണ് നിലവിലുണ്ടായിരുന്നത്. നമ്പ്യാർ മാസ്റ്റർ ആരംഭിച്ച എഴുത്തുപള്ളിക്കൂടം പിന്നീട് മലബാർ ഡിസ്ട്രിക്റ്റ് ബോർഡ് ഏറ്റെടുത്തു. (അരിയല്ലൂർ, ജി.യു.പി.എസ്) അതിനുശേഷം ഈസ്റ്റ് ഗേൾസ് സ്ക്കൂൾ, മാതാപ്പുഴ സ്ഥാപിതമായി. 1923ൽ ഇന്നത്തെ കൊടക്കാട്–എ.യു.പി.സ്ക്കൂളിൽ 1–ാം തരം ആരംഭിച്ചു. 1926 ൽ കുഞ്ഞവറാൻ ഹാജി മെമ്മോറിയൽ എൽ.പി.സ്ക്കൂളും, 1934 ൽ അരിയല്ലൂർ ദേവിവിലാസം സ്ക്കൂളും പ്രവർത്തനം തുടങ്ങി.

1931ൽ നേറ്റിവ്.എ.യു.പി.സ്ക്കൂളിൽ, 6–ാം തരം ആരംഭിച്ചു. 1മുതൽ 6 വരെ ക്ലാസ്സുകൾ പ്രവർത്തിച്ചിരുന്ന മറ്റൊരു സ്കൂൾ 1937ൽ നേറ്റീവ് എ.യു.പി.സ്കൂളുമായി ചേർത്തു. ഇക്കാലത്താണ് തിരുത്തി എ.യു.പിസ്ക്കൂൾ സ്ഥാപിതമായത്. 1933ൽ ഇ.എസ്.എൽ.സി.ബാച്ച്, പരീക്ഷയെഴുതി. ഒന്നാം സ്ഥാനം നേടിയത് ആധാരമെഴുത്തുകാരനായ അധികാരി രാമൻകുളങ്ങര കുഞ്ഞിക്കൃഷ്ണക്കുറുപ്പാണ്. ട്രെയ്നിങ്ങ് നേടിയ ആദ്യത്തെ അധ്യാപകൻ ആട്ടയൂരില്ലത്ത് കേശവൻ നമ്പൂതിരിയാണ്. 10–ാം തരവും പരിശീലനവും കഴിഞ്ഞ ആദ്യത്തെ അധ്യാപകനായിരുന്നു ചക്കാലക്കൽ വേലായുധൻ നായർ. 1962ൽ മാധവാനന്ദവിലാസം ഹൈസ്ക്കൂൾ അരിയല്ലൂരും 1976ൽ ചന്തൻ ബ്രദേഴ്സ് ഹൈസ്ക്കൂൾ വള്ളിക്കുന്നും പ്രവർത്തനമാരംഭിച്ചു. 1962വരെ വള്ളിക്കുന്നുകാർ ഫറോക്ക്, കോഴിക്കോട്, പരപ്പനങ്ങാടി എന്നിവിടങ്ങളിലെത്തിയാണ് ഉന്നത വിദ്യാഭ്യാസം നേടിയിരുന്നത്. അത്തരത്തിലുള്ള ഒട്ടേറെപ്പേർ ഇവിടെയുണ്ടായിരുന്നു.

1954ൽ സ്ഥാപിച്ച കൊടക്കാട് ഗ്രാമോദ്ധാരണ വായനശാലയും '57ൽ സ്ഥാപിച്ച പരുത്തിക്കാട് ശോഭന കലാസമിതിയും, എസ്.മുഹമ്മദ് സ്മാരക ഗ്രന്ഥാലയവും, നവജീവൻ ഗ്രന്ഥാലയവും, വാസുസ്മാരക വായനശാലയും സ്ഥാപിക്കപ്പെട്ടു. പ്രസ്തുത സ്ഥാപനങ്ങൾ സാംസ്ക്കാരിക രംഗ ത്തും വികസന രംഗത്തും ശ്രദ്ധേയമായ സംഭാവനകൾ നൽകി.

വള്ളിക്കുന്നിലെ ആദ്യത്തെ ഗതാഗതമാർഗ്ഗം 1861ൽ ഉൽഘാടനം ചെയ്യപ്പെട്ട തിരൂർ–ചാലിയം റെയിൽപ്പാതയാണ്. പിന്നീട് അത് ഫറോക്ക് വഴി മംഗലാപുരത്തേക്ക് നീട്ടി. കോഴിക്കോടുമായി 1986 വരെ ചരക്കു ഗതാഗതം നടത്തിയിരുന്നത് ജലമാർഗ്ഗമായിരുന്നു. 1960കളിൽ മണ്ണത്താൻ പാറ മുതൽ കടലുണ്ടി വരെ ബോട്ട് സർവ്വീസ് ഉണ്ടായിരുന്നതു ജനങ്ങൾക്കു അനുഗ്രഹമായിരുന്നു. 1983ൽ പഞ്ചായത്തിന്റെ തെക്കേ അതിർത്തിയിലുള്ള തൈയിലക്കടവ് പാലവും 87ൽ വടക്കേ അതിർത്തിയിലുള്ള കോട്ടക്കടവ് പാലവും നിർമ്മിച്ചു. കോട്ടക്കടവ് പാലം നിർമ്മിക്കുന്നതുവരെ ഒരു ദ്വീപിന്റെ സ്വഭാവമായിരുന്നു വള്ളിക്കുന്നിന്. ഇപ്പോൾ ഒലിപ്രം കടവ് പാലം നിർമ്മാണത്തിലാണ്. ആദ്യത്തെ ബസ് സർവ്വീസ് 1960ൽ ആരംഭിച്ചു. പരപ്പനങ്ങാടി–കടലുണ്ടി നഗരം റോഡിലാണ് സർവ്വീസ് ആരംഭിച്ചത്.

അരിയല്ലൂർ–കൊടക്കാട് ഭാഗങ്ങളിലും വള്ളിക്കുന്ന് ഭാഗത്തും 1964ൽ വൈദ്യുതിയെത്തി. '88–90 കളിലാണ് പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും വൈദ്യുതിയെത്തിയത്.

വള്ളിക്കുന്നുകാരുടെ പോസ്റ്റ്ഓഫീസ് ആദ്യകാലത്ത് ഫറോക്കിലായിരുന്നു. പിന്നീടത് ചാലിയത്തേക്കു മാറ്റി; അരിയല്ലൂർ പ്രദേശത്തുകാർക്ക് പരപ്പനങ്ങാടിയിലും. കുടയും കുന്തവുമായി പോവുന്ന അഞ്ചലോട്ടക്കാരൻ (മെയിൽ സർവ്വീസ്) മാമു, വള്ളിക്കുന്നുകാർക്ക് സുപരിചിതനായിരുന്നു. 1965 ലാണ് ഇവിടെ ടെലിഫോൺ സൗകര്യങ്ങൾ ലഭ്യമായത്. കൊടക്കാട് ഭാഗത്ത് ടെലഫോൺ സൗകര്യം ലഭിക്കാൻ പിന്നെയും പതിനേഴുവർഷം കഴിയേണ്ടിവന്നു.

വള്ളിക്കുന്നിലെ ആദ്യത്തെ മഹിളാ സമാജം 1960ൽ അത്താണിക്കലിൽ പ്രവർത്തനം തുടങ്ങി. അമ്മിണി.വി.മേനോൻ പ്രസിഡണ്ടും വി. കല്ല്യാണിക്കുട്ടി സെക്രട്ടറിയുമായിരുന്നു. മഹിളാ പ്രസ്ഥാനങ്ങൾ ഇവിടെ ഇതിനുമുമ്പുണ്ടായിരുന്നുവെങ്കിലും രജിസ്ട്രേഷൻ ലഭിച്ചത് ഈ മഹിളാ സമാജത്തിനാണ്. ■




# 4

# ഭൂപ്രകൃതി ജനപ്രകൃതി ജലപ്രകൃതി

പശ്ചിമ ഘട്ടത്തിലെ ആനമുടിയിൽ നിന്നാരംഭിച്ച് മലപ്പുറം ജില്ലയിലെ വിവിധ പഞ്ചായത്തുകളിലൂടെ സഞ്ചരിച്ച് കടലുണ്ടിപ്പുഴ അറബിക്കടലിൽ ചേരുന്ന ഭാഗമാണ് കടലുണ്ടി. പുഴയുടെ ഒരു കര വള്ളിക്കുന്നും മറുകര കടലുണ്ടി പഞ്ചായത്തുമാണ്. മടമ്പാടം, ചാലി, മുദിയം, കാക്കാത്തോട്, കുണ്ടൻപാടം, പുഞ്ചപ്പാടം, കുന്നപ്പള്ളിപ്പാടം എന്നീ സ്ഥലങ്ങളുടെ ഭൂപ്രകൃതി നോക്കുമ്പോൾ ഈ വഴിയൊക്കെ പുഴയൊഴുകിയിരുന്നുവെന്ന് വ്യക്തം. നരിക്കുറ്റിച്ചാലിയെന്ന പേർ വൻകാടുകളെ സൂചിപ്പിക്കുന്നു. ഇന്നും ഇവിടങ്ങളിൽ കുഴിവെട്ടുമ്പോൾ വൻമരങ്ങളുടെ അവശിഷ്ടങ്ങൾ കാണാം. പുഴയിൽ പല ഭാഗങ്ങളിലും ഉപ്പുവെള്ളമാണ്. പലയിടത്തും കക്കയുടെ വൻ ശേഖരങ്ങളുണ്ട്. പുഴകൾക്കിടയിലെ രണ്ടു കുന്നിൻ പ്രദേശങ്ങളായ വള്ളിക്കുന്നും കൊടക്കാടും ഒപ്പം, അരിയല്ലൂരും ചേർന്നതാണ് ഇന്നത്തെ വള്ളിക്കുന്ന് പഞ്ചായത്ത്.

കടലുണ്ടി പുഴയിലെ മൂന്ന് ബാലാതിരുത്തി ദ്വീപുകൾ പ്രകൃതി മനോഹരമായ പ്രദേശമാണ്. കടലുണ്ടി റെയിൽവെ പാലങ്ങളുടെ പടിഞ്ഞാറ് ഭാഗത്തുള്ള കര ഭാഗമാണ് പ്രസിദ്ധമായ പക്ഷിസങ്കേതം.

പഞ്ചായത്തിന്റെ കിഴക്ക്-വടക്ക് ഭാഗത്തായി കടലുണ്ടി പുഴയുടെ അക്കരെ നീണ്ടു വളഞ്ഞ് കിടക്കുന്ന തിരുത്തി ഭാഗം വള്ളിക്കുന്ന് പഞ്ചായത്തിൽ ഉൾപ്പെട്ട പ്രദേശമാണ്. ഭൂമിശാസ്ത്രപരമായ ഒരു വിടവ് ഈ ഭാഗത്തെ പഞ്ചായത്തിന്റെ മെയിൻ ലാന്റിൽ നിന്ന് വേർപെടുത്തിയിരിക്കുകയാണ്.

അക്ഷാംശം 11° 4′ 8″ നും 11° 8′ 28″ N ഉം രേഖാംശം 75° 49′ 36″ നും 75° 53′ 20″ E ഉം ഇടയിൽ മലപ്പുറം ജില്ലയുടെ വടക്കു പടിഞ്ഞാറു മൂലയിലാണ് വള്ളിക്കുന്ന് പഞ്ചായത്ത് സ്ഥിതിചെയ്യുന്നത്.

പഞ്ചായത്തിന്റെ പടിഞ്ഞാറ് അറബിക്കടലും (കടൽതീരം 4.875 കി.മീ) വടക്കും, കിഴക്കും കടലുണ്ടി പുഴയും (1.89 ച.കി.മീ, 18.32 കി.മീ) തെക്ക് പരപ്പനങ്ങാടി പഞ്ചായത്തുമായി 25.14 ച.കി.മീറ്ററിൽ വ്യാപിച്ചു കിടക്കുന്നു.

ഭൂപ്രകൃതിയനുസരിച്ച് വള്ളിക്കുന്നിനെ ഒൻപത് മേഖലകളായി തിരിക്കാം.

1. ഉയർന്ന സമതലം
2. ചെറുചെരിവ്
3. ഇടത്തരം ചെരിവ്
4. സമതലം
5. താഴ്‌വര
6. വെള്ളം കയറുന്ന മേഖല
7. തീരസമതലം
8. ചെറുപുഴ
9. കടൽതിട്ട്

ഇവയിലോരോന്നിന്റെയും വിസ്തൃതി ചുവടെ

കൊടുത്തിരിക്കുന്നു.

| | ഭൂപ്രകൃതി മേഖലകൾ | വിസ്തൃതി ഹെക്ടറിൽ | ശതമാനം |
|---|---|---|---|
| 1. | ഉയർന്ന സമതലം | 57.00 | 2.27 |
| 2. | ചെറു ചെരിവ് | 363.00 | 14.44 |
| 3. | ഇടത്തരം ചെരിവ് | 35.00 | 1.39 |
| 4. | സമതലം, താഴ്‌വാരം, വെള്ളം കയറുന്നമേഖല | 1129.20 | 44.92 |
| 5. | തീര സമതലം | 715.00 | 28.44 |
| 6. | കടൽതിട്ട് | 25.80 | 1.03 |
| 7. | ജലാശയങ്ങൾ (കടലുണ്ടിപുഴ) | 189.00 | 7.52 |
| | | 2514.00 | 100.00 |

നിമ്നോന്നതിയെ അടിസ്ഥാനപ്പെടുത്തി പഞ്ചായത്തിനെ ഇരുപത് മീറ്ററിൽ താഴെ, ഇരുപത് മീറ്ററിനും നാല്പത് മീറ്ററിനും ഇടയിൽ, നാല്പത് മീറ്ററിനു മുകളിൽ എന്നിങ്ങനെ മൂന്നായി തരംതിരിക്കാം. കുന്നിൻപ്രദേശങ്ങൾ കോട്ടക്കുന്ന്, വള്ളിക്കുന്ന്, വട്ടോളിക്കുന്ന്, കൊടക്കാട് എന്നിവയാണ്. സമുദ്രനിരപ്പിൽ നിന്നുമുള്ള ഏറ്റവും കൂടിയ ഉയരം 60 മീറ്റർ വരുന്ന കോട്ടക്കുന്നാണ്. നെൽവയലുകളും, സമുദ്രതീരപ്രദേശങ്ങളും 20 മീറ്ററിൽ താഴെയായി സ്ഥിതിചെയ്യുന്നു. ഇത് ആകെ 17.73 ച.കി.മീ വരും. പൊതുവിൽ പഞ്ചായത്തിന്റെ പടിഞ്ഞാറും മദ്ധ്യവുമായി വരുന്ന ഭാഗങ്ങൾ മറ്റുഭാഗങ്ങളെ അപേക്ഷിച്ച് സമനിരപ്പിലാണ്.

നിമ്നോന്നത മേഖലകളുടെ വിസ്തൃതി ചുവടെ കൊടുക്കുന്നു.

| | നിമ്നോന്നത മേഖലകൾ | വിസ്തൃതി ഹെക്ടറിൽ | ശതമാനം |
|---|---|---|---|
| 1. | 20 മീറ്ററിൽ താഴെ | 1773.00 | 76.25 |
| 2. | 20 മീറ്ററിനും 40 മീറ്ററിനും ഇടയിൽ | 397.00 | 17.07 |
| 3. | 40 മീറ്ററിനു മുകളിൽ | 155.00 | 6.67 |
| | ആകെ | 2514.00 | 100.00 |

വള്ളിക്കുന്ന് പഞ്ചായത്തിന്റെ 75% ഭാഗവും കടൽതീര എക്കൽമണ്ണും, നദീതട എക്കൽമണ്ണും ചേർന്നതും 25% ചെങ്കൽ പ്രദേശവുമാണ്.

ഉപരിതല മൺതരങ്ങളുടെ ഇനവും വിസ്തൃതിയും താഴെ കൊടുത്തിരിക്കുന്നു.

| ഉപരിതല മൺതരങ്ങൾ | വിസ്തൃതി ഹെക്ടറിൽ | ശതമാനം |
|---|---|---|
| കടൽതീര എക്കൽ മണ്ണ് | 715.00 | 28.44 |
| നദീതീര എക്കൽ മണ്ണ് | 1155.00 | 45.94 |
| ചെങ്കൽ പ്രദേശങ്ങൾ | 455.00 | 18.09 |
| ജലാശയങ്ങൾ (കടലുണ്ടി പുഴ) | 189.00 | 7.52 |
| | 2514.00 | 100.00 |

*അവലംബം: വിഭവ ഭൂപടങ്ങൾ, റവന്യൂ രേഖകൾ, പഠനപര്യടനം.*

## ജനപ്രകൃതി

1991ലെ സെൻസസ് കണക്കുകൾ പ്രകാരം വള്ളിക്കുന്നിലെ ജനസംഖ്യ 35517 ആയിരുന്നു. ഇതിൽ 17173 പുരുഷന്മാരും 18344 സ്ത്രീകളുമാണ്. പുരുഷന്മാരെ അപേക്ഷിച്ച് 1171 സ്ത്രീകൾ കൂടുതലാണ്. ആകെ വീടുകൾ 5604 ആയിരുന്നു. അതായത് ശരാശരി വീടൊന്നിന് 6.34 ആളുകൾ വീതമുണ്ട്. ജനസാന്ദ്രത ചതുരശ്ര കി.മീക്ക് 1414 ആയിരുന്നു. ആറുവയസ്സിനു താഴെയുള്ള കുട്ടികളുടെ എണ്ണം 5165 ആണ്. ഇതിൽ ആൺകുട്ടികൾ 2636ഉം പെൺകുട്ടികൾ 2529ഉം ആണ്. പട്ടികജാതി ജനസംഖ്യ 2903 ആണ്. അതിൽ 1401 പുരുഷന്മാരും 1502 സ്ത്രീകളും ഉണ്ട്. ആകെ ജനങ്ങളിൽ 26753 പേർ സാക്ഷരരാണ്. ഇതിൽ 13530 പുരുഷന്മാരും 13223 സ്ത്രീകളുമാകുന്നു. എന്നാൽ 1990ലെ സാക്ഷരതാ പ്രവർത്തനത്തിനു വേണ്ടി നടത്തിയ സർവ്വെ പ്രകാരം 3258 നിരക്ഷരരാണ് പഞ്ചായത്തിലുണ്ടായിരുന്നത്. ഇതിൽ 71.20% പേരെ സാക്ഷരരാക്കാൻ കഴിഞ്ഞു.

1996ലെ സാമൂഹ്യസാമ്പത്തിക സർവ്വെ പ്രകാരം വള്ളിക്കുന്നിലെ ജനസംഖ്യ 41,332 ആണ്. ഇതിൽ 20,479 പേർ പുരുഷന്മാരും 20,883 പേർ സ്ത്രീകളുമാകുന്നു.

വാർഡ് തലത്തിലെ ജനസംഖ്യാവിവരങ്ങൾ പട്ടികപ്പെടുത്തിയിരിക്കുന്നു.

വിദ്യാഭ്യാസരംഗത്ത് മലപ്പുറം ജില്ലയിൽ മുന്നോക്കം നിൽക്കുന്ന പഞ്ചായത്തുകളിലൊന്നാണ് വള്ളിക്കുന്ന്. വിദ്യാഭ്യാസം നേടുന്നവരുടെ എണ്ണത്തിൽ കാലാനുക്രമമായി വർദ്ധനവുണ്ടെങ്കിലും പഠനനിലവാരത്തിൽ പിന്നോക്കമാണ്. ഈ സ്ഥിതിവിശേഷം അടിയന്തരമായി മാറ്റിയെടുക്കേണ്ടതുണ്ട്.

### വാർഡ് തല ജനസംഖ്യാ വിവര പട്ടിക

| വാർഡ് | പുരുഷന്മാർ | സ്ത്രീകൾ | ആകെ | പട്ടികജാതി കുടുംബങ്ങൾ | ഹിന്ദു കുടുംബങ്ങൾ | മുസ്ലിം കുടുംബങ്ങൾ | ക്രിസ്ത്യൻ കുടുംബങ്ങൾ |
|---|---|---|---|---|---|---|---|
| 1 | 1678 | 1704 | 3382 | 24 | 94 | 312 | — |
| 2 | 1434 | 1523 | 2957 | 04 | 37 | 299 | — |
| 3 | 1958 | 2030 | 3988 | 40 | 396 | 102 | — |
| 4 | 1766 | 1826 | 3592 | 67 | 498 | 185 | — |
| 5 | 1743 | 1683 | 3426 | 48 | 369 | 185 | 2 |
| 6 | 1576 | 1555 | 3131 | 45 | 266 | 212 | — |
| 7 | 1599 | 1652 | 3251 | 43 | 318 | 148 | — |
| 8 | 1914 | 2057 | 3971 | 57 | 441 | 218 | 4 |
| 9 | 2146 | 2243 | 4389 | 51 | 590 | 139 | — |
| 10 | 980 | 928 | 1908 | 68 | 130 | 204 | 3 |
| 11 | 985 | 998 | 1983 | 57 | 217 | 80 | — |
| 12 | 1450 | 1501 | 2951 | 81 | 427 | 55 | — |
| 13 | 1250 | 1153 | 2403 | 67 | 143 | 130 | — |

അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പ്രധാന പ്രശ്നമാണ്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകിയാലേ ഇതിനൊരു മാറ്റമുണ്ടാവുകയുള്ളൂ.

ജനങ്ങളുടെ പ്രധാനവരുമാനമാർഗ്ഗമായിരുന്ന കാർഷികരംഗം ആദായകരമല്ലാതായതോടെ മറ്റു തൊഴിൽമേഖലകളിലേക്കുള്ള കടന്നുകയറ്റം വർദ്ധിച്ചിരിക്കുകയാണ്. പ്രധാനമായും കെട്ടിടനിർമ്മാണരംഗത്തേക്കാണ് ഇങ്ങിനെ കടന്നുകയറ്റം നടന്നുകൊണ്ടിരിക്കുന്നത്. പരമ്പരാഗത തൊഴിൽ മേഖലയായ കയർ രംഗത്ത് തൊഴിലവസരം കുറഞ്ഞുവരികയാണ്. മത്സ്യമേഖലയും പ്രതിസന്ധിയെ നേരിടുകയാണ്. അഭ്യസ്തവിദ്യരിൽ രൂക്ഷമായ തൊഴിലില്ലായ്മ അനുഭവിക്കുന്നത് സ്ത്രീകളിലാണ്. തൊഴിലെടുക്കുവാൻ ശേഷിയുള്ളവരിൽ 4ൽ ഒരു ഭാഗത്തിന് യാതൊരു തൊഴിലുമില്ല.

ജാതിപരമായ ഉച്ചനീചത്വങ്ങൾ നിലനിന്നിരുന്നുവെങ്കിലും അതിനെതിരായി നടന്ന ഉജ്ജ്വലമായ സമരങ്ങൾ മതനിരപേക്ഷസംസ്കാരത്തിന്റെ വളർച്ചക്ക് സഹായകരമായി. 1940–കളിൽ പ്രസിദ്ധമായ ഒരു ക്ഷേത്രക്കുളത്തിൽ താഴ്ന്ന ജാതിയിൽ പെട്ടവരെ കൂട്ടത്തോടെ കുളിപ്പിച്ചുകൊണ്ട് അയിത്തത്തിനെതിരായി ഉജ്ജ്വലമായി പ്രതികരിച്ച ചരിത്രമുണ്ട്. ഇതിന്റെയെല്ലാം ഫലമായി ഇന്ന് മതനിരപേക്ഷസംസ്കാരം, താഴ്ന്നതും ഉയർന്നതുമായ ജാതികളിൽ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

## ജലപ്രകൃതി

വർഷത്തിൽ ശരാശരി 3117 മി.മി. മഴ ലഭിക്കുന്നുണ്ട്. ജൂൺ, ജൂലൈ മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. ഏറ്റവും കുറവ് മഴ ലഭിക്കുന്നത് ജനുവരി, ഫിബ്രവരി മാസങ്ങളിലാണ്.

പഞ്ചായത്തിന്റെ വടക്കും കിഴക്കും ഭാഗങ്ങളിൽ കടലുണ്ടി പുഴയും, അറബിക്കടൽ പടിഞ്ഞാറുഭാഗത്തും അതിരിടുന്നു. എല്ലാ തോടുകളും കടലുണ്ടി പുഴയിലാണ് ചേരുന്നത്. ആകെ തോടുകൾ 14.88 കി.മീ. നീളം വരും. ഇതിൽ പ്രധാന തോട് കാക്കത്തോടാണ്. കൂടാതെ 154 കുളങ്ങളും കൂടി ചേർന്നതാണ് ഉപരിതല ജലസ്രോതസ്സുകൾ.

പ്രധാന കുളങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | പേര് | വാർഡ് | വില്ലേജ് |
|---|---|---|---|
| 1. | കണ്ടൻചിറ കുളം | 8 | അരിയല്ലൂർ |
| 2. | അയിനികുളം | 8 | ,, |
| 3. | നടുക്കുളം | 8 | ,, |
| 4. | നാര്യക്കുളം | 6 | വള്ളിക്കുന്ന് |
| 5. | ചോലയിൽ കുളം | 12 | ,, |
| 6. | വെല്ലകുളം | 6 | ,, |
| 7. | കോട്ടക്കുന്ന് അമ്പലക്കുളം | 3 | ,, |

ഏകദേശം 16.80 ച.കി.മീ. പ്രദേശങ്ങളിൽ സാധാരണ ശുദ്ധജലം ലഭിക്കുന്നുണ്ട്. കാലികമായി മോശമായ ജലം ലഭിക്കുന്ന പ്രദേശങ്ങളുമുണ്ട്. ഏപ്രിൽ, മെയ് മാസങ്ങളിലാണ് ഏറ്റവും കൂടുതൽ ജലക്ഷാമം അനുഭവപ്പെടുന്നത്. ജലക്ഷാമം ഭൂപ്രകൃതിയുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. കുന്നിൻ പ്രദേശങ്ങളും ചരിവുകളും ഉൾക്കൊള്ളുന്ന കൊടക്കാട്, കോട്ടക്കുന്ന്, വള്ളിക്കുന്ന് പ്രദേശങ്ങൾ ജലക്ഷാമം അനുഭവപ്പെടുന്നവയാണ്. കോന്നംകുഴി തോടിനോടു ചേർന്ന കടൽതീര പ്രദേശങ്ങൾ പൊതുവെ ഉപ്പുകലർന്ന ജലമുള്ള പ്രദേശങ്ങളാണ്.

ജലലഭ്യതയുമായി ബന്ധപ്പെട്ട വിവരങ്ങൾ താഴെ ചേർക്കുന്നു.

| | മേഖലകൾ | വിസ്തൃതി ഹെക്ടർ | ശതമാനം |
|---|---|---|---|
| 1. | താഴ്ന്ന നിരക്കിൽ വെള്ളം ലഭിക്കുന്ന പ്രദേശങ്ങൾ | 390.00 | 15.50% |
| 2. | മോശമായ വെള്ളം ലഭിക്കുന്ന പ്രദേശം | 236.00 | 9.39% |
| 3. | വെള്ളം കെട്ടിനിൽക്കുന്ന സ്ഥലം | 189.00 | 7.52% |
| 4. | ചാരിക്കുളം | 2.56 | .01% |
| 5. | ചതുപ്പ് | 16.27 | .65% |
| 6. | സാധാരണ നിരക്കിൽ വെള്ളം ലഭിക്കുന്ന പ്രദേശം | 1680.00 | 66.83% |
| | | 2514.00 | 100.00 |



# 5

# സാമൂഹിക സാമ്പത്തിക മേഖലകൾ

"ഓരോരുത്തരും അവരവരുടെ
നെറ്റി വിയർക്കെ പണിയെ
ടുത്തുജീവിച്ചെങ്കിൽ ഭൂമി
സ്വർഗമായി മാറുമായിരുന്നു"

–ഗാന്ധിജി

❖❖❖

ഒരേ മനസ്സും ലക്ഷ്യവുമായ് നാം
ഒന്നായ് നീങ്ങിടേണം
നമ്മുടെ നാടിന് വളരാനുള്ളൊരു
വഴി നാം തേടേണം
നന്മകൾ വിളയും നല്ലൊരു നാട്
നമ്മൾ തേടേണം
ഞാനും നീയും തന്നാൽ കഴിവതു
നാടിനു നല്കേണം

❖❖❖

"പ്രകൃതി നിയമങ്ങളെ ബോധ
പൂർവ്വമോ അജ്ഞത
കൊണ്ടോ ലംഘിക്കുന്നതിൽ
നിന്നാണ് സുഖക്കേടുകൾ
ഉണ്ടാകുന്നത്."

–ഗാന്ധിജി




## 5.1

# കൃഷിയും ജലസേചനവും

വള്ളിക്കുന്ന് തികച്ചും ഒരു കാർഷിക ഗ്രാമമാണ്. മൂന്ന് കുന്നിൻ പ്രദേശങ്ങളും, താഴ്‌വരകളിലുള്ള നെൽവയലുകളും, അറബിക്കടലിനോട് ചേർന്നു കിടക്കുന്ന തീരപ്രദേശങ്ങളും അടങ്ങിയതാണ് ഇവിടത്തെ ഭൂപ്രദേശം. മുഖ്യ കൃഷി നെല്ല്, തെങ്ങ്. ഇടവിളകളായി കിഴങ്ങ് വർഗങ്ങൾ ധാന്യങ്ങൾ, വാഴ മുതലായവ കൃഷി ചെയ്തിരുന്നു. പഴയ കാലത്ത് ജനങ്ങളുടെ മുഖ്യ ജീവനോപാധി കൃഷിയും അതുമായി ബന്ധപ്പെട്ട മറ്റ് തൊഴിൽ മേഖലകളുമായിരുന്നു.

ഭൂപ്രദേശത്തിന്റെ നിമ്നോന്നതയെ അടിസ്ഥാനപ്പെടുത്തി സമുദ്രനിരപ്പിൽ നിന്നും 20 മീറ്റർ, 20 മീറ്ററിനും 40 മീറ്ററിനും ഇടയിൽ, 40 മീറ്ററിന് മുകളിൽ എന്നിങ്ങനെ തരംതിരിക്കാം. സമുദ്രനിരപ്പിൽനിന്നും ഏറ്റവും കൂടിയ ഉയരം 60 മീറ്റർ ഉയർച്ചയുള്ള കോട്ടക്കുന്നാണ്. കൂടാതെ കൊടക്കാട്, വട്ടോളിക്കുന്ന്, വള്ളിക്കുന്ന് എന്നീ ഉയർന്ന പ്രദേശങ്ങളും പെടുന്നു. 20 മീറ്ററിൽ താഴെയുള്ള പ്രദേശങ്ങൾ വയലുകളും തീരപ്രദേശങ്ങളും കൂടി 1773 ഹെക്ടർ വരും. പഞ്ചായത്തിന്റെ പടിഞ്ഞാറും മദ്ധ്യവുമായിട്ടുള്ള പ്രദേശങ്ങൾ മറ്റ് ഭാഗങ്ങളെ അപേക്ഷിച്ച് സമനിരപ്പിലാണ്. മിക്കവാറും എല്ലാ തോടുകളും കടലുണ്ടി പുഴയുമായിട്ടാണ് സന്ധിക്കുന്നത്.

ഭൂരിഭാഗം ഭൂഉടമസ്ഥരും ഒരു ഹെക്ടറിൽ താഴെ മാത്രം ഭൂമി കൈവശമുള്ളവരാണ്. ഇത് സംബന്ധിച്ച വിശദ വിവരം താഴെ കൊടുക്കുന്നു.

**പട്ടിക – 1**

| നമ്പർ | ഭൂപരിധി | കുടുംബങ്ങളുടെ എണ്ണം | വിസ്തീർണ്ണം ഹെക്ടറിൽ |
|---|---|---|---|
| 1. | ഒരു ഹെക്ടറിൽ താഴെ | 6716 | 1674 |
| 2. | ഒരു ഹെക്ടറിനും 2 ഹെക്ടറിനും ഇടയിൽ | 292 | 512 |
| 3. | രണ്ട് ഹെക്ടറിന് മുകളിൽ | 114 | 328 |

ആളോഹരി കൃഷിഭൂമി സംസ്ഥാനത്തിന്റേത് 0.07 ഹെക്ടറാണെങ്കിൽ പഞ്ചായത്തിലേത് 0.08 ഹെക്ടറാണ്.

ആദ്യകാലത്ത് ശ്രദ്ധയും പരിചരണവും നല്കിയിരുന്നത് നെൽകൃഷിക്കായിരുന്നു. പൂർണ്ണമായും മഴയെ ആശ്രയിച്ചു മാത്രമാണ് കൃഷി നടത്തിയിരുന്നത്. കൂടാ

*(അവലംബം: വിഭവഭൂപടങ്ങൾ, സെറ്റിൽമെന്റ് റജിസ്റ്റർ, കൃഷിഭവൻ രേഖകൾ, നാട്ടറിവ്, സാമൂഹിക സാമ്പത്തിക സർവ്വേ)*

തെ തോടുകൾ, കുളങ്ങൾ എന്നിവ പരസ്പര ധാരണ യോടെ ചിറകെട്ടി സംരക്ഷിച്ചും കൃഷിക്ക് വേണ്ടി ഉപ യോഗപ്പെടുത്തിയിരുന്നു. പഞ്ചായത്തിലെ കൃഷിഭൂമി യുടെ ഉടമസ്ഥർ പ്രധാനമായും വൻകിട ജൻമിമാരായി രുന്നു. സാമൂതിരിയുടെ സാമന്ത കുടുംബങ്ങൾ, നഹാ കുടുംബം, കേയീ കുടുംബം തുടങ്ങിയവരായിരുന്നു ഇവരിൽ പ്രധാനികൾ.

ആകെ ഭൂമിയുടെ 20ശതമാനം നെൽകൃഷി ചെയ്തിരുന്ന വയലുകളായിരുന്നു. പല സവിശേഷത കളോയും കൂടിയ നാടൻ വിത്തിനങ്ങളാണ് ഇവിടെ ഉപ യോഗിച്ചിരുന്നത്. ഓരു പുളിയെ അതിജീവിക്കുവാൻ കഴിവുള്ള 'ഓരു പാണ്ഡ്യൻ', കൊടിയൻ, ചീര, കുട്ടി ച്ചീര, പൊന്നാര്യൻ, തവളക്കണ്ണൻ, നകര, നായരുവിത്ത് തുടങ്ങിയ വിത്തിനങ്ങൾ ജൈവവളം ഉപയോഗിച്ചാണ് കൃഷിചെയ്തിരുന്നത്. പറമ്പുകളിൽ മോഡൻ നെല്ലും കൃഷി ചെയ്തിരുന്നു. 1970കളോടുകൂടി പട്ടാമ്പി നെൽഗ വേഷണ കേന്ദ്രവുമായി ബന്ധപ്പെട്ട് പുതിയ ഇനം വിത്തു കൾ കർഷകർ ഉപയോഗിക്കുവാൻ തുടങ്ങി. രാസവള ങ്ങളുടെ പ്രയോഗം തുടങ്ങിയതും ഈ കാലഘട്ടത്തി ലാണ്. പുതിയ വിത്തുകളും, വളങ്ങളും വ്യാപകമായ തോടെ ജലസേചനത്തിന് പമ്പ്സെറ്റുകൾ ഉപയോഗിക്കു വാൻ തുടങ്ങി.

പാടങ്ങളിൽ ഇടവിളയായി ചാമ, ചാഴി (മുത്താറി) എള്ള്, പയർ എന്നീ ധാന്യങ്ങളും, കിഴങ്ങ് വർഗങ്ങളായ, ചേന, ചേമ്പ്, കാവുത്ത്, പുതക്കിഴങ്ങ്, മുക്കിഴങ്ങ് എന്നി വയും വാഴ, മരച്ചീനി മധുരക്കിഴങ്ങ്, വേനൽക്കാല പച്ച ക്കറികൾ ആദിയായവയും വ്യാപകമായി കൃഷിചെയ്തി രുന്നു. പഞ്ഞമാസങ്ങളിൽ നൂറ്റ, കാട്ടു ചേന, കുടപ്പന യുടെ ചോറ്, ആമ്പൽ കിഴങ്ങ് തുടങ്ങിയവ ആഹാര ത്തിന് ഉപയോഗിച്ചിരുന്നു.

ജലസേചനത്തിനായി തോടുകൾ, കുളങ്ങൾ എന്നിവ ചിറകെട്ടി അതിരുകളിൽ കൈതവച്ച് പിടിപ്പിച്ച് സംരക്ഷിച്ചിരുന്നു. തോടുകളിൽനിന്നും കൃഷിസ്ഥലങ്ങ ളിലേക്ക് ജലം തിരിച്ച് വിടുന്നതിനായി. വാഴയില, ഓല, മുളംകുറ്റി എന്നിവ ഉപയോഗിച്ച് താത്ക്കാലിക തടയണ കൾ നിർമിച്ചിരുന്നു. നാടൻ ജലസേചന ഉപകരണങ്ങ ളായ ഏത്തം, ചക്രം കയറ്റുകൊട്ട, പോള എന്നിവയും ഉപയോഗിച്ചിരുന്നു. കീടനിയന്ത്രണത്തിന് എലികളെ നശിപ്പിക്കുന്നതിനായി മുളംകുറ്റികെണി, ചാഴിയെ നശി പ്പിക്കാൻ മുറം വീശൽ, വെണ്ണീർ പറപ്പിക്കൽ, തെങ്ങിൻ കുലച്ചിൽകൊണ്ട് ഇളക്കൽ എന്നീ നാടൻ രീതികളാണ് ആദ്യകാലത്ത് പ്രയോഗത്തിൽ ഇരുന്നത്.

തെങ്ങ് കൃഷിയോട് വേണ്ടത്ര ആഭിമുഖ്യം ഇക്കാ ലത്ത് ഉണ്ടായിരുന്നില്ല എന്നതാണ് വാസ്തവം. 'കുഴി ക്കാണം' എന്നറിയപ്പെടുന്ന പാട്ടവ്യവസ്ഥ ഇതിൽ ഒരു മുഖ്യകാരണമായിരുന്നു. കാർഷിക ഉത്പന്നങ്ങളുടെ പ്രധാന വിപണനകേന്ദ്രം കോഴിക്കോടായിരുന്നു. തോണിമാർഗമാണ് ഉത്പന്നങ്ങൾ കൊണ്ടുപോയിരുന്ന ത്. കർഷകർ നേരിട്ടും ഇടത്തരക്കാർ മുഖേനയും ആണ് ഇവ വിറ്റഴിച്ചിരുന്നത്.

ഭൂപരിഷ്കരണം നടപ്പിലായതോടെ സ്വന്തമായി വയലുകൾ ലഭിച്ച കർഷകർ വീട് വെക്കുന്നതിനും വേണ്ടത്ര പരിചരണം ആവശ്യമില്ലാത്ത തെങ്ങ് പോലു ള്ള കാർഷിക വിളകൾ നടുന്നതിനും വേണ്ടി നികത്താൻ തുടങ്ങിയതോടെ നേരത്തെ ഉണ്ടായിരുന്ന ഉത്പാദന ക്രമ ങ്ങളിൽ മാറ്റം വരാൻ തുടങ്ങി. 1960കളിൽ ഇടത്തരം കർഷകരും പാടങ്ങൾ നികത്തുന്നതിന് തുടക്കം കുറിച്ചു. ഇത് വളരെയധികം വ്യാപകമായതോടെ നീരൊഴുക്കിന്റെ ക്രമം തെറ്റി നീർക്കെട്ടുകൾ രൂപപ്പെടുന്നതിന് കാരണ മായി. ആദ്യകാലങ്ങളിൽ കർഷകർക്ക് സമൂഹത്തിൽ കിട്ടിയിരുന്ന മാന്യത കുറഞ്ഞ് വന്നതോടെ അവർ മറ്റ് തൊഴിൽ മേഖലകളിലേക്ക് തിരിയുന്നതിന് കളമൊരുക്കി. ഇതോടൊപ്പം നിലവിലുള്ള കൃഷിഭൂമി തരിശിടുവാനും, ജീവിത വരുമാനമാർഗം കൃഷിയിൽ നിന്ന് മറ്റ് മേഖല കളിലേക്ക് തിരിയുവാനും തുടങ്ങി. കൂലി നിലവാരം ഉയർന്ന് വരുന്നതനുസരിച്ച് കൃഷി ഭൂമിയിൽ ചെലുത്തി യിരുന്ന അദ്ധ്വാനത്തിന്റെ അളവ് ക്രമേണ കുറഞ്ഞു വന്നു. ഇവയെല്ലാം നെൽവയലുകൾ നികത്തുന്നതിന്റെ ആക്കം വർദ്ധി[illegible]ക്കുകയാണുണ്ടായത്.

1930കളിൽ പഞ്ചായത്തിലെ വയലുകളുടെ വിസ്തൃതി, സെറ്റിൽമെന്റ് രേഖ പ്രകാരം 631.4 ഹെക്ടർ ആണ്. ഇപ്പോൾ നിലവിലുള്ളത് 317.96; 313.48 ഹെക്ടർ നികത്തപ്പെട്ടു. ഇത് മൊത്തം നെൽവയൽ വിസ്തൃതി യുടെ 49.6 % വരും. പഞ്ചായത്തിലെ മൊത്തം ഭൂമിയുടെ 12.46ശതമാനമാണിത്.

നെൽകൃഷി ലാഭകരമല്ലാതായതും ആധുനിക വിദ്യാഭ്യാസം സാർവ്വത്രികമായതും കർഷക തൊഴിലാ ളികളുടെ പിൽതലമുറക്കാരെ ഇതര തൊഴിൽ മേഖലക ളിലേക്ക് ആകർഷിച്ചു. ഇത് കർഷകതൊഴിലാളികളുടെ എണ്ണക്കുറവിനും വയലുകൾ, തെങ്ങ് കൃഷിക്കും ഗൃഹ നിർമ്മാണത്തിനും വേണ്ടി നികത്തുക എന്ന പ്രക്രിയയുടെ ഗതിവേഗം വർദ്ധിപ്പിച്ചു. മേൽ പറഞ്ഞവ യെല്ലാം കർഷകർ പരമ്പരാഗതമായി കൃഷി ചെയ്തി രുന്ന വാഴ, വത്തയ്ക്ക (തണ്ണീർ മത്തൻ) പച്ചക്കറികൾ എന്നീ വിളകളേയും സാരമായി ബാധിച്ചു. കാർഷിക വൃത്തിയോട് വന്ന സമീപനത്തിന്റെ ഭാഗമായി പറമ്പിൽ നിന്നും കൃഷിചെയ്തിരുന്ന ഇടവിളകളുടെ ഉത്പാദന ത്തിലും ഗണ്യമായ കുറവ് വരാൻ തുടങ്ങി. ഉപഭോഗ പ്രവണതയെ വർദ്ധിപ്പിക്കുന്നതിന് വലിയൊരു പങ്ക് ഇതി നുണ്ട്. പുരയിടങ്ങളിലിപ്പോൾ തെങ്ങ് ഒഴികെയുള്ള മറ്റ് കൃഷിയിനങ്ങളെല്ലാം നാമാവശേഷമായികൊണ്ടിരിക്കു

കയാണെന്ന് പറഞ്ഞാൽ തെല്ലും അതിശയോക്തിപരമാവില്ല. മറ്റ് കാർഷിക വിളകളുമായി താരതമ്യം ചെയ്യുമ്പോൾ തെങ്ങിന് കുറഞ്ഞ പരിചരണമേ ആവശ്യമുള്ളൂ എന്ന വസ്തുത ഇതിന് ഒരു കാരണമായി ചൂണ്ടിക്കാണിക്കാവുന്നതാണ്. കൃഷിയെ സംബന്ധിച്ച് കർഷകരുടെ മനസ്സിൽ വന്ന് ചേർന്നിട്ടുള്ള സവിശേഷമായ മനോഭാവം ഇതിൽ നിന്നെല്ലാം മനസ്സിലാവുന്നു. ജന സംഖ്യയിലുണ്ടായ വർദ്ധനവും കാർഷിക മേഖലയെ തകർക്കുന്നതിന് ചൂണ്ടിക്കാണിക്കാവുന്ന കാരണങ്ങളിലൊന്നാണ്. കർഷകരുടെ വിനോദോപാധികളിൽ ഒന്നായിരുന്ന കാള പൂട്ട് ഒരു കാലത്ത് വളരെ പ്രശസ്തമായ രീതിയിൽ ഇവിടെ നടന്നിരുന്നു. ഏഴ് സ്ഥലങ്ങളിൽ നേരത്തെയുണ്ടായിരുന്ന കാളപൂട്ട് കണ്ടങ്ങൾ ഇന്ന് മൂന്ന് സ്ഥലങ്ങളിലായി ചുരുങ്ങിക്കഴിഞ്ഞു.

ഭക്ഷ്യോൽപാദന രംഗത്ത് കുറവ് വന്നതിനോടൊപ്പം തന്നെ വയലുകൾ നികത്തിയത് നീർക്കെട്ടിന് കാരണമായി. അശാസ്ത്രീയമായ റോഡു നിർമ്മാണം വ്യാപകമായതോടെ നീർക്കെട്ടിന്റെയും പാരിസ്ഥിതിക പ്രശ്നങ്ങളുടെയും വ്യാപ്തി വർദ്ധിപ്പിക്കുന്നതിന് ഹേതുവായി. കോട്ടയിൽ പാടം, കീഴയിൽ, കൽപ്പാലം, കോന്തം കുഴി ഹരിജൻ കോളനി, പുത്താരതോട് തുടങ്ങുന്ന പ്രദേശം, കരുമരക്കാട്, ദേവീ വിലാസം യു. പി. സ്കൂൾ പരിസരം മുതലായവ ഇതിനുദാഹരണങ്ങളാണ്.

കൃഷിയുമായി ബന്ധപ്പെട്ടുകൊണ്ട് കുളങ്ങൾ, തോടുകൾ എന്നിവ സംരക്ഷിച്ച് പോന്നിരുന്ന സ്ഥിതിക്കും മാറ്റമുണ്ടായി. ഇപ്പോഴുള്ളവ മണ്ണിടിഞ്ഞ് തൂർന്ന് നാമാവശേഷമായി കൊണ്ടിരിക്കയാണ്. പഞ്ചായത്തിൽ നിലവിലുള്ള, കുളങ്ങളോ, തോടുകളോ ശരിയായ രീതിയിൽ സംരക്ഷിക്കപ്പെടുന്നില്ല എന്നതാണ് പരമാർത്ഥം. ആനയാറങ്ങാടി പ്രദേശം, റെയിൽവേ ഗേറ്റിന് സമീപം എന്നിവിടങ്ങളിലൊക്കെ കുളങ്ങൾ തൂർത്ത് തെങ്ങ് വെക്കുന്ന പ്രവണത പോലും ഉണ്ടായിട്ടുണ്ട്.

## ഭൂവിനിയോഗം

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 2514 ഹെക്ടർ ആണ്. ഇത് തീരപ്രദേശം, താഴ്വര, ഉയർന്ന പ്രദേശം, തുരുത്ത്, പുഴ എന്നിങ്ങനെയാണ് കാണപ്പെടുന്നത്. ഇതുമായി ബന്ധപ്പെട്ട വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു. *(പട്ടിക 2, 3)*

പഞ്ചായത്തിന്റെ തീരപ്രദേശങ്ങളിൽ മണൽ കലർന്ന മണ്ണും, പുഴ പ്രദേശങ്ങളിൽ പശിമയുള്ള മണ്ണുമാണ് കാണുന്നത്. ഇത് മൊത്തം പ്രദേശത്തിന്റെ മുക്കാൽ ഭാഗത്തോളം വരും. ബാക്കി ചരൽ കലർന്ന ചുവന്ന മണ്ണും ചതുപ്പ് നിലങ്ങളുമാണ് പഞ്ചായത്തിന്റെ കിഴക്ക് വശത്ത് ചാലിയോടനുബന്ധിച്ചുള്ള ഭാഗവും, വടക്ക് പടിഞ്ഞാറ് അതിർത്തിയിലുള്ള ചില പ്രദേശങ്ങളും ഓരു പുളിയുള്ള പ്രദേശങ്ങളാണ്. ഈ ഭാഗത്ത് കാര്യമായ കൃഷിയൊന്നും ചെയ്യാൻ കഴിയാറില്ല. കൃഷിഭവൻ രേഖകൾ പ്രകാരം മണ്ണിന്റെ ഗുണനിലവാരം താഴെ പറയും പ്രകാരമാണ്. *(പട്ടിക 4)*

**പട്ടിക – 2**

**ഭൂപ്രകൃതി (CESS REPORT)**

| നമ്പർ | ഭൂപ്രകൃതി | വിസ്തൃതി | ശതമാനം |
|---|---|---|---|
| 1. | താഴ്വരകൾ | 1129.20 | 44.92 |
| 2. | തീരപ്രദേശങ്ങൾ | 715 | 28.44 |
| 3. | ഉയർന്ന പ്രദേശം | 57 | 2.27 |
| 4. | കുത്തനെയുള്ള ചരിവ് | 363 | 14.44 |
| 5. | മിതമായ ചരിവുള്ള കുന്ന് | 35 | 1.39 |
| 6. | തുരുത്ത് | 25.80 | 1.03 |
| 7. | പുഴ | 189 | 7.5 |
| | ആകെ | 2514 | 100.00 |

**പട്ടിക – 3**

**ഭൂവിനിയോഗം (CESS REPORT)**

| നമ്പർ | വിനിയോഗം | വിസ്തൃതി | ശതമാനം |
|---|---|---|---|
| 1 | മിശ്രിത വിളകൾ | 1381.18 | 54.94 |
| 2. | തെങ്ങ് | 560.55 | 23.30 |
| 3. | മിശ്ര മരങ്ങൾ | 5.12 | 0.20 |
| 4. | റബ്ബർ | 23.52 | 0.93 |
| 5. | കശുമാവ് | 1.60 | 0.06 |
| 6. | ചാരിക്കുളം | 2.60 | 0.01 |
| 7. | ചതുപ്പ് നിലം | 16.27 | 0.65 |
| 8 | പുഴ | 189 | 7.52 |
| 9. | കൃഷിക്കനുയോജ്യമായ തരിശുഭൂമി | 15.6 | 0.62 |
| 10. | നെല്ല് | 317.96 | 12.65 |

പട്ടിക – 4 (കൃഷിഭവൻ – രേഖ)

| നമ്പർ | മണ്ണ് | ജൈവാംശം (ശതമാനം) | ഭാവകം കിലോ/ ഹെക്ടർ | ക്ഷാരഗുണം കിലോ/ ഹെക്ടർ |
|---|---|---|---|---|
| 1 | ലാറ്ററേറ്റ് | 1.1 | 60 | 127 |
| 2 | എക്കൽ മണ്ണ് | 1.56 | 50 | 160 |
| 3. | മണൽ (ആനങ്ങാടി, കടലുണ്ടി പ്രദേശം) | 0.17 | 60 | 148 |
| 4. | മണൽ (അരിയല്ലൂർ പ്രദേശം) | 0.52 | 60 | 179 |

വർദ്ധിച്ച് വരുന്ന രാസവള പ്രയോഗം മൂലം മണ്ണിന്റെ അമ്ല സ്വഭാവം വർദ്ധിച്ച് വരുന്നതായിട്ടാണ് കാണപ്പെടുന്നത്. കൃഷിഭവൻ രേഖകൾ പ്രകാരം 90–91ൽ PH 5.7 മുതൽ 6.4വരെയായിരുന്നത്. 95–96 ആയപ്പോഴേക്കും 5മുതൽ 5.4വരെയായി കുറഞ്ഞു.

ആകെ വിസ്തൃതിയുടെ ഭൂരിഭാഗം പ്രദേശങ്ങളിൽ തെങ്ങും, താഴ്ന്ന പ്രദേശങ്ങളിൽ നെല്ലുമാണ് പരമ്പരാഗതമായി കൃഷിചെയ്ത് വന്നിരുന്നത്. കൊടക്കാട് ഭാഗത്ത് ആരംഭിച്ച റബ്ബർ കൃഷി ഒരു പരാജയമായിരുന്നു. ഇടവിളകളായി പയർ, എള്ള്, പച്ചക്കറികൾ, വാഴ, മരച്ചീനി, കുരുമുളക്, മധുരക്കിഴങ്ങ് മുതലായവ പലയിടങ്ങളിലും ഭാഗികമായി കൃഷിചെയ്യുന്നുണ്ടെങ്കിലും ഫലപ്രദമാണെന്ന് പറയുവാൻ വയ്യ. വേണ്ടത്ര പരിചരണമില്ലാതെ കവുങ്ങ്, കശുമാവ് എന്നിവ പഞ്ചായത്തിലെ ചില ഭാഗങ്ങളിൽ കൃഷിചെയ്യുന്നുണ്ട്. 1989ൽ ആദ്യമായി മൾബറി വൻതോതിൽ കൃഷിചെയ്തുവെങ്കിലും കർഷകരിൽ കൃഷിയെ സംബന്ധിച്ചുണ്ടായ ആശങ്കകൾ ഈ കൃഷി പരാജയമാകുന്നതിന് കാരണമായി. ഇന്ന് ഈ കൃഷി അരിയല്ലൂർ ഭാഗത്ത് ഒരു കൃഷിക്കാരനിൽ മാത്രമായി ഒതുങ്ങി.

## നെൽകൃഷി

പട്ടിക – 5 (കൃഷിഭവൻ രേഖ)

വിള വിസ്തീർണ്ണം

| നമ്പർ | വിള | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|
| 1. | നെല്ല് (ഒന്നാം വിള) | 210 |
| 2. | നെല്ല് (രണ്ടാം വിള) | 318 |
| 3. | നെല്ല് (മൂന്നാം വിള) | 160 |

നെൽകൃഷിയുടെ ഉൽപാദനം നാടൻ വിത്തിനങ്ങൾക്ക് ഹെക്ടറിന് 1750– 1900 കി. ഗ്രാം. സങ്കരയിനം നെല്ലിനങ്ങൾക്ക് ഹെക്ടറിന് 3200 – 3500 കി. ഗ്രാം ലഭിക്കുന്നു. സങ്കരയിനം നെൽവിത്തുകളോടാണ് കൃഷിക്കാർക്ക് ഏറെ ആഭിമുഖ്യമുള്ളത്. കൃഷിഭവനിലൂടെ വിതരണം ചെയ്ത വിത്തിനങ്ങൾ – ജ്യോതി – (5100 കി.ഗ്രാം) പവിഴം (900 കി. ഗ്രാം), ചുവന്ന ത്രിവേണി (2040 കി. ഗ്രാം), ജയ (300 കി. ഗ്രാം), ആതിര (200 കി. ഗ്രാം.) കൾച്ചർ (200 കി. ഗ്രാം) എന്നിങ്ങനെയാണ്. വിള പരിവർത്തന രീതികൾ മുൻകാലങ്ങളിൽ നടപ്പിലാക്കി വന്നിരുന്നത് ഇപ്പോൾ പ്രയോഗത്തിലില്ല. നെൽകൃഷിക്ക് ശേഷം വയലുകൾ പലപ്പോഴും തരിശിടുകയാണ് പതിവ്. ഇത് മണ്ണിന്റെ ഗുണമേൻമ നഷ്ടപ്പെടുന്നതിന് കാരണമാകുന്നു. മുഖ്യ ഇടവിളകളുടെ വിസ്തീർണ്ണം താഴെ ചേർക്കുന്നു.

പട്ടിക – 6 (കൃഷിഭവൻ രേഖ)

ഇടവിളകൾ – വിസ്തീർണ്ണം

| നമ്പർ | വിള | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|
| 1 | പയർ | 40 |
| 2 | എള്ള് | 5 |
| 3 | പച്ചക്കറി | 25 |
| 4 | വാഴ | 51 |
| 5 | മരച്ചീനി | 26 |
| 6 | കുരുമുളക് | 10 |
| 7 | കവുങ്ങ് | 9 |

ഇതിൽ പയറിന്റെ ഉത്പാദനക്ഷമത ഹെക്ടറിന് 550 കി. ഗ്രാം. എള്ളിന് 175 കി. ഗ്രാമും ആണ്.

മുഖ്യവിളയായ തെങ്ങിന്റെ വാർഷിക ഉല്പാദനക്ഷമത 30.35 എണ്ണമാണ്. ഇത് സംസ്ഥാന ശരാശരിയായ 38നോട് അടുത്ത് നിൽക്കുന്നു. തീര പ്രദേശങ്ങളിലും പുഴയോരങ്ങളിലുമാണ് കൂടുതൽ വിളവ് ലഭിക്കുന്നത് അതുകൊണ്ട് തന്നെ ഭൂരിഭാഗം വരുന്ന കുന്നിൻ ചരിവുകളിലും താഴ്ന്ന പ്രദേശങ്ങളിലും ഉൽപാദനക്ഷമത കുറവാണെങ്കിലും ശരാശരി ഉത്പാദനം മികച്ചതായി കാണുന്നു. വിത്ത് തിരഞ്ഞെടുക്കുന്നതിന്റെ അപാകത, അശാസ്ത്രീയമായ ജലസേചനം, വളപ്രയോഗം തുടങ്ങിയവയൊക്കെ തെങ്ങ് കൃഷിയുടെ പ്രശ്നങ്ങളിൽപ്പെടുന്നു. ശരാശരി ഒരേക്രയിൽ 90 തെങ്ങുകളാണ് നിലവിലുള്ളത്. നെൽകൃഷിയേക്കാൾ ലാഭകരം എന്ന കാഴ്ചപ്പാടോട് കൂടി വയൽ നികത്തി തെങ്ങുവെച്ച പലയിടങ്ങളിലും, നീർക്കെട്ടും മറ്റ് കാരണങ്ങളാലും ഉത്പാദനം കുറഞ്ഞുവരുന്നതായി കാണുന്നു.

## വളം

സഹകരണ മേഖലയിയുള്ള മൂന്നും സ്വകാര്യമേഖലയിലുള്ള പന്ത്രണ്ടും ഉൾപ്പടെ പതിനഞ്ച് വളം വിപണന കേന്ദ്രങ്ങളാണ് പഞ്ചായത്തിൽ ഉള്ളത്. ഇതിൽ സഹകരണ മേഖലയിലുള്ള മൂന്ന് എണ്ണം ഇപ്പോൾ പ്രവർത്തിക്കുന്നില്ല. കൃഷിക്കുപയോഗിക്കുന്നത് 85% രാസവളങ്ങളാണ്. ഇത് ശാസ്ത്രീയമായ രീതിയിലല്ല നടന്ന് വരുന്നത്. അതുകൊണ്ട് കൃഷി ചിലവിന്റെ അനാവശ്യമായ വർദ്ധനക്ക് കാരണമാകുന്നു. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലുള്ള വള പ്രയോഗം നടന്നിട്ടേ ഇല്ല. ജൈവ വളങ്ങൾ വിരളമായി മാത്രമേ ഉപയോഗിക്കുന്നുള്ളു. ആവശ്യമായ അളവിൽ വളം ലഭ്യമല്ലാത്തതാണ് ഇതിനുള്ള മുഖ്യ കാരണം. കൃഷി ഭവൻ നിലവിൽ വന്നതിന് ശേഷം ലഭ്യമായ വളവിൽപനയുടെ വിശദ വിവരം താഴെ ചേർക്കുന്നു.

**പട്ടിക – 7**

**വളത്തിന്റെ ഉപയോഗം**

| വർഷം | നൈട്രജൻ($N_2$) | ഫോസ്ഫറ്റേ്(P) | പൊട്ടാഷ് (K) |
|---|---|---|---|
| 1987 | 4 ടൺ | 7.5 ടൺ | 6 ടൺ |
| 1988 | 5.5 ,, | 9.2 ,, | 7.4 ,, |
| 1989 | 6.2 ,, | 10.2 ,, | 9.4 ,, |
| 1990 | 7.8 ,, | 12.2 ,, | 11.5 ,, |
| 1991 | 9.4 ,, | 13.4 ,, | 14.2 ,, |
| 1992 | 9.6 ,, | 11.6 ,, | 13.2 ,, |
| 1993 | 11.4 ,, | 14.6 ,, | 13.6 ,, |
| 1994 | 18.2 ,, | 21.4 ,, | 20.4 ,, |
| 1995 | 19.6 ,, | 22.4 ,, | 24.4 ,, |

## കീടനാശിനികൾ

നെല്ല്, പച്ചക്കറികൾ, വാഴ എന്നീ വിളകൾക്കാണ് കീടനാശിനികൾ പ്രധാനമായും ഉപയോഗിച്ച് വരുന്നത്. കീടനാശിനി തളിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകളോ ശാസ്ത്രീയമായ രീതിയോ പരിഗണിച്ച് കാണാറില്ല. കൃഷിക്കാരുടെ അറിവില്ലായ്മ ഇതിനൊരു കാരണമാണ്.

## കാർഷികോപകരണങ്ങൾ

പാടശേഖര കമ്മറ്റികൾക്കായി കൃഷിഭവൻ മുഖേന നല്കിയ ഒരു ട്രാക്ടർ, ഒരു ട്രില്ലർ, നാല് റോക്ക് സ്പ്രെയർ, 112 നാപ്സ്റ്റാക്ക് സ്പ്രെയർ, 3 തെങ്ങ് കയറ്റ യന്ത്രം എന്നിവയാണ് കാർഷിക യന്ത്രോപകരണങ്ങളായി ഇപ്പോഴുള്ളത്. 39 ജോഡി ഉഴവ് കാളകളും പഞ്ചായത്തിലുണ്ട്. കൂടാതെ സമീപ പഞ്ചായത്തുകളിലെ യന്ത്രോപകരണങ്ങളും കൃഷിക്ക് ഉപയോഗിക്കാറുണ്ട്. ഒരുകാലത്ത് കൃഷിക്ക് പൂർണ്ണമായും ആശ്രയിച്ചിരുന്ന നാടൻ കാർഷികോപകരണങ്ങൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്.

## പാടശേഖര സമിതികൾ

കൃഷിഭവന്റെ ആഭിമുഖ്യത്തിൽ കർഷകരെ കൂട്ടിയോജിപ്പിച്ചുകൊണ്ട് രൂപീകരിക്കപ്പെട്ട 8 പാടശേഖര സമിതികളാണ് ഇപ്പോൾ നിലവിലുള്ളത്. പലതും വേണ്ടത്ര ഫലപ്രദമായ രീതിയിലല്ല പ്രവർത്തിക്കുന്നത് പാടശേഖര സമിതിയുടെ വിശദാംശങ്ങളും വിളക്രമങ്ങളും താഴെ ചേർക്കുന്നു.

**പട്ടിക – 8**

**പാടശേഖര സമിതിയും, വിളക്രമങ്ങളും**

| നമ്പർ | പാടശേഖരത്തിന്റെ പേര് | ഒന്നാം വിള | രണ്ടാം വിള | മൂന്നാം വിള |
|---|---|---|---|---|
| 1 | പരുത്തിക്കാട് പാടശേഖരം | നെല്ല്, വാഴ | നെല്ല്, വാഴ | പച്ചക്കറികൾ, മരച്ചീനി |
| 2 | കുറിയപ്പാടം പാടശേഖരം | നെല്ല്, വാഴ | നെല്ല്, വാഴ | — — |
| 3 | കോന്നൂപ്പാടം പാടശേഖരം | നെല്ല്, വാഴ | നെല്ല് വാഴ | പയർ |
| 4 | മടാംമ്പാടം പാടശേഖരം | നെല്ല്, വാഴ | നെല്ല് വാഴ | പയർ പച്ചക്കറികൾ |
| 5 | പുഞ്ചപ്പാടം പാടശേഖരം | – | – | നെല്ല് |
| 6 | കുണ്ടംമ്പാടം പാടശേഖരം | നെല്ല്, വാഴ | നെല്ല്, വാഴ | നെല്ല് |
| 7 | കോട്ടയിൽ തെക്കേപ്പാടം പാടശേഖരം | നെല്ല്, വാഴ | നെല്ല്, വാഴ | - |
| 8 | നരിക്കുറ്റിപ്പാടം പാടശേഖരം | നെല്ല്, | നെല്ല്, | നെല്ല് |

## കൂലി നിരക്ക്

കാർഷിക മേഖലയിലെ തൊഴിലാളികളുടെ എണ്ണം കുറഞ്ഞു വരികയാണ്. വിദ്യാഭ്യാസ നിലവാരത്തിൽ വന്ന മാറ്റങ്ങൾ, കൃഷിയോടുള്ള ആഭിമുഖ്യക്കുറവ് തുടങ്ങിയവയും ഇതിന്റെ കാരണങ്ങളിൽപ്പെടുന്നു.

5211 കർഷക കുടുംബങ്ങളുള്ളതിൽ 865 കുടുംബങ്ങൾ മാത്രമേ കൃഷിയെ മുഖ്യ ഉപജീവന മാർഗമായി ആശ്രയിക്കുന്നുള്ളു. ഏകദേശം 1500 പേരാണ്, കർഷക തൊഴിലാളികളായി പഞ്ചായത്തിലുള്ളത്. ഇവരുടെ ശരാശരി കൂലി നിരക്ക് പുരുഷന് 100 രൂപയും സ്ത്രീകൾക്ക് 65 രൂപയുമാണ്. നിലവിൽ ഒരു ഏകീകൃത നിരക്ക് ഇല്ല.

## കാർഷിക വായ്പ

രണ്ട് സഹകരണ സ്ഥാപനങ്ങളടക്കം 4 ബാങ്കുകളാണ് പഞ്ചായത്തിന്റെ പരിധിയിൽ വരുന്നത്. ഇത് കൂടാതെ തിരൂർ കാർഷിക വികസന ബാങ്കിന്റെ ചെമ്മാട് ശാഖയിൽനിന്നും വർഷം തോറും കാർഷിക ലോണുകൾ നൽകാറുണ്ട്. കൃഷിക്ക് വേണ്ടി അനുവദിക്കുന്ന വായ്പകൾ പലപ്പോഴും മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നുവെന്നതാണ് പൊതുവെ അഭിപ്രായം. ഒരു ഹെക്ടറിന്ന് ഒരു വർഷം 8821 രൂപ ശരാശരി വായ്പയായി നല്കുന്നുണ്ട്. വായ്പ സംബന്ധിച്ചുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**പട്ടിക - 9**

**ബാങ്ക് വായ്പകളെ സംബന്ധിച്ച വിവരങ്ങൾ**

| നം. | ബാങ്ക് | 1992-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| 1 | അരിയല്ലൂർ സർവ്വീസ് സഹകരണബാങ്ക് | 4,76,200 | 7,03,700, | 9,66,900 | 9,20,600 |
| 2 | വള്ളിക്കുന്ന് സർവ്വീസ് സഹകരണബാങ്ക് | 7,25,873 | 5,26,192 | 6,19,500 | 8,68,725 |
| 3 | കനറാ ബാങ്ക് | 52,00,000 | 53,00,000 | 52,00,000 | 72,00,000 |
| 4 | സൗത്ത് മലബാർ ഗ്രാമീണബാങ്ക് | 40,66,400 | 42,71,200 | 52,93,600 | 37,13,600 |
| 5 | കാർഷിക വികസന ബാങ്ക് | - | - | 94,53,600 | 94,73,600 |
| | മൊത്തം | 104,68,473 | 110,01,092 | 215,33,600 | 221,76,525 |

## ജലസേചനം

പ്രധാനമായും മഴയെ മാത്രം ആശ്രയിച്ച് കൃഷി നടത്തുന്ന പഞ്ചായത്തിൽ രണ്ട് ഘട്ടങ്ങളിലായാണ് മഴ ലഭിക്കുന്നത്. ജൂൺ മുതൽ ആഗസ്ത് വരെ ലഭിക്കുന്ന കാലവർഷവും (തെക്ക് കിഴക്ക് മൺസൂൺ) സപ്തംബർ മുതൽ ഒക്ടോബർ വരെ കിട്ടുന്ന തുലാവർഷവും (വടക്ക് പടിഞ്ഞാറൻ മൺസൂൺ) ശരാശരി വർഷത്തിൽ 311.7 സെ.മീ. മഴ ഇവിടെ ലഭിക്കുന്നു. കഴിഞ്ഞ 5 വർഷത്തിൽ ലഭിച്ച മഴയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു. *(പട്ടിക 10)*

പഞ്ചായത്തിലെ നീരൊഴുക്ക് 17 ചെറുനീർ തടാകങ്ങളുമായി ബന്ധപ്പെട്ടുകിടക്കുന്നു. മിക്കവാറും എല്ലാ തോടുകളും കടലുണ്ടി പുഴയിലാണ് ചേരുന്നത്. കക്കാത്തോടിന്റെ വൃഷ്ടി പ്രദേശം 784 ഹെക്ടർ വരുന്ന 13 ചെറുനീർ തടങ്ങൾ ചേർന്നതാണ്. 4.875 കി. മീ. നീളത്തിലുള്ള കടലോരവും 18.32 കി. മീ നീളമുള്ള കടലുണ്ടി പുഴയും പഞ്ചായത്തിനെ ചുറ്റപ്പെട്ടു കിടക്കുന്ന ജലപ്രദേശങ്ങളാണ് ജലവുമായി ബന്ധപ്പെട്ട ആസ്തികളുടെ വിവരം താഴെ ചേർക്കുന്നു. *(പട്ടിക 11)*

## തോടുകൾ

പഞ്ചായത്തിൽ ആകെയുള്ള തോടുകളുടെ നീളം 14.88 കി. മീ. നീളം വരും. 5 സ്ഥലങ്ങളിലായി തോടുകൾക്ക് ചീർപ്പുകൾ ഉണ്ടെങ്കിലും ഒന്നും പ്രവർത്തനക്ഷമമല്ല. കല്ലൂങ്ങൽ തോട്ടിൽ (കുണ്ടൂപാടം) മുണ്ടകൻ കൃഷിക്ക് കർഷകർ കൃത്രിമമായി നാടൻ രീതികളുപയോഗിച്ച് വെള്ളം കെട്ടിനിർത്താറാണ് പതിവ്. മൂണക്കൽ ചീർപ്പ് ശുദ്ധജലം തടഞ്ഞ് നിർത്തി കൃഷിക്കുപയോഗിക്കുന്നതിനാണ്. ബാക്കി വരുന്ന 3 ചീർപ്പുകളും പുഴയിൽനിന്ന് ഉപ്പുവെള്ളം കയറാതിരിക്കുന്നതിന് വേണ്ടിയുള്ളതാണ്. ഈ തോടുകൾക്കെല്ലാം നിരവധി ഉപതോടുകളുണ്ട്.

## കുളങ്ങൾ

വലുതും ചെറുതുമായി 154 കുളങ്ങളുണ്ട്. കുളങ്ങളൊന്നും യഥാവിധി സംരക്ഷിക്കപ്പെടുകയോ കൃഷിയാവശ്യങ്ങൾക്ക് ഉപയോഗിക്കുകയോ ചെയ്യുന്നില്ല. മുൻകാലങ്ങളിൽ പല കുളങ്ങളും നെൽകൃഷിക്കും, വേനൽകാല പച്ചക്കറികൾക്കും ഉപയോഗിച്ചിരുന്നു. കുട്ടാടം പാടത്ത് ജോലിക്ക് കൂലി ഭക്ഷണ പ്രകാരം 1980ൽ കുഴിപ്പിച്ച 15 സെന്റ് വിസ്തൃതിയുള്ള കുളം വേണ്ടത്ര ആഴമില്ലാത്തത് കൊണ്ട് വേനൽക്കാലങ്ങളിൽ ജലം ലഭിക്കുന്നില്ല. കുളങ്ങളിൽ ഭൂരിഭാഗവും വേനൽക്കാലങ്ങളിൽ വറ്റുന്നവയാണ്. പ്രധാന കുളങ്ങളുടെ വിവരങ്ങൾ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു. *(പട്ടിക 12)*

## മണ്ണ് ജല സംരക്ഷണം

മുൻകാലങ്ങളിൽ വരമ്പുകളിട്ടും മരങ്ങൾ അതിർത്തികളിൽ വെച്ച് പിടിപ്പിച്ചും പറമ്പുകൾ കൊത്തിയിളക്കിയുമാണ് മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയിരുന്നത്. ജീവിതക്രമത്തിലുണ്ടായ പരിവർത്തനങ്ങളും ഭൂമിയുടെ തുണ്ടുവൽക്കരണവും, കാർഷിക വൃത്തിയോട് വന്ന വിമുഖതയും മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളെ ബാധിച്ചു. വിശ്വാസത്തിന്റെ പേരിലാണെങ്കിലും 22 ചെറിയ സർപ്പക്കാവുകൾ ഇപ്പോഴും സംരക്ഷിച്ചുപോരുന്നത് പരിമിതമായ തോതിലെങ്കിലും മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളെ സഹായിക്കുന്നുണ്ട്.

പട്ടിക – 10

മഴയുടെ അളവ് (മി.മീ) (RAINFALL DATA CWDRDM)

| വർഷം | ജനു. | ഫിബ്ര. | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലായ് | ആഗ. | സപ്തം. | ഒക്ടോ. | നവം. | ഡിസം. |
|---|---|---|---|---|---|---|---|---|---|---|---|---|
| 1991 | – | – | – | 4 | 50 | 952.2 | 945.5 | 434.1 | 57.8 | 296.6 | 86.6 | – |
| 1992 | – | – | – | 77.3 | 124.3 | 1039.6 | 789.7 | 500.2 | 172.1 | 212.1 | 310.7 | – |
| 1993 | – | 18.3 | 20.2 | 77.8 | 117.2 | 450.22 | 770.5 | 336.7 | 126.1 | 418.1 | 195.6 | 28 |
| 1994 | – | – | 2.4 | 259.7 | 36.6 | 870.9 | 1435.0 | 437.5 | 220.1 | 588 | 42.1 | – |
| 1995 | 3.1 | – | – | 73.6 | 557.2 | 729.4 | 612.5 | 459.6 | 280.7 | 198.4 | 170.6 | – |

പട്ടിക – 11

ജലവുമായി ബന്ധപ്പെട്ട ആസ്തികൾ (CESS REPORT 1996)

| നമ്പർ | ആസ്തികൾ | വിസ്തീർണ്ണം (കി.മീ) / എണ്ണം |
|---|---|---|
| 1 | കടലുണ്ടി പുഴ | 18.32. കി.മീ |
| 2 | തോട് / അരുവി | 14.88 ,, |
| 3 | തീരപ്രദേശം | 4.875 ,, |
| 4 | കുളം | 150 എണ്ണം |
| 5 | ജല്സംഭരി | 4 ,, |
| 6 | ചെക്ക് ഡാം വട്ടോളി (കുന്നിന് സമീപം) | 1 ,, |
| 7 | കുഴൽ കിണർ | 6 ,, |

പട്ടിക – 12

കളങ്ങളെ സംബന്ധിച്ച വിവരം (CESS REPORT)

| നമ്പർ | കുളം | സർവ്വേ നമ്പർ | ഉൾപ്പെടുന്ന വാർഡ് | സ്ഥിതിചെയ്യുന്ന വില്ലേജ് |
|---|---|---|---|---|
| 1 | കോട്ടക്കുന്ന് അമ്പലക്കുളം | 62 | 3 | വള്ളിക്കുന്ന് |
| 2 | നാരുകുളം | 202 | 6 | ,, |
| 3 | വെള്ളക്കുളം | 197 | 6 | ,, |
| 4 | കണ്ടൻചിറകുളം | 175 | 8 | അരിയൂർ |
| 5 | അയനിക്കുളം | 165 | 8 | ,, |
| 6 | നടുക്കുളം | 24 | 8 | ,, |
| 7 | ചോലയിൽക്കുളം | 404 | 12 | വള്ളിക്കുന്ന് |

## നഴ്സറികൾ

രണ്ട് പ്രധാന നഴ്സറികളടക്കം 7 നഴ്സറികൾ നിലവിലുണ്ട്. 1970–ൽ ആരംഭിച്ച ഉഷാ നഴ്സറി പഞ്ചായത്തിൽ പുതിയ ഇനം നടീൽ വസ്തുക്കൾ പ്രചരിപ്പിക്കുന്നതിന് സഹായകമായിട്ടുണ്ട്.

## കൃഷിഭവൻ

1987 സബ്തംബർ 1നാണ് കൃഷിഭവൻ പഞ്ചായത്തിൽ നിലവിൽ വന്നത്. തികച്ചും കാർഷിക മേഖലയായ പഞ്ചായത്തിൽ വളരെ പ്രതീക്ഷയോടുകൂടി ആരംഭിച്ച കൃഷിഭവന്റെ പ്രവർത്തനം പരിമിതമായ പ്രദേശങ്ങളിൽ മാത്രമേ എത്തിയിട്ടുള്ളൂ. 3 കൃഷി അസിസ്റ്റന്റുമാരും ഒരു കൃഷി ഓഫീസറും ഉള്ള കൃഷിഭവന്റെ പ്രവർത്തനം പൂർണ്ണമായ തോതിൽ കർഷകർക്ക് ലഭിക്കേണ്ടതുണ്ട്.

## പ്രശ്നങ്ങൾ

1958ൽ ആരംഭിച്ച മണ്ണട്ടാംപ്പാറ ചെക്ക് ഡാമിന്റെ പ്രവർത്തനം പഞ്ചായത്തിന്റെ കൃഷിവികസനത്തിന് ഗുണകരമായി തീർന്നിട്ടില്ല. ഇതേ കാലഘട്ടത്തിൽ തന്നെ പ്രാരംഭപ്രവർത്തനങ്ങൾ നടത്തിയ കാക്കാത്തോട് പദ്ധതി ഇപ്പോഴും പ്രവർത്തികമായിട്ടില്ല.

ഉപ്പുവെള്ളം കയറുന്നത് പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ നെൽകൃഷിയെ കാര്യമായി ബാധിക്കുന്നു. ഇരുമ്പോത്തിങ്ങൽ, ചാലിപ്പാടത്തിന്റെ സമീപ പ്രദേശങ്ങൾ, ഒലിപ്രം, തിരുത്തി ഭാഗങ്ങൾ, കടലുണ്ടി. അഴിമുഖത്തിനോടടുത്ത സ്ഥലങ്ങൾ ഇവയാണ് ഇതിൽ പ്രധാനപ്പെട്ടവ. ഉയർന്ന പ്രദേശങ്ങളിൽ മണ്ണൊലിപ്പും കൃഷിയെ ബാധിക്കുന്നു.

ഉത്പാദന ചെലവിൽ വന്ന വർദ്ധനവ് കർഷക

തൊഴിലാളികളുടെ എണ്ണക്കുറവ്, ഉത്പന്നങ്ങൾക്ക് മതിയായ വില ലഭിക്കാത്തത്, കാലവർഷ വ്യതിയാനങ്ങൾ, കൃഷി ഉപജീവനമായി സ്വീകരിച്ചവരുടെ എണ്ണക്കുറവ്, തുടങ്ങിയവയൊക്കെ നെൽകൃഷി ഉത്പാദനം കുറയുന്നതിന് കാരണമായി.

മുഖ്യകൃഷിയായ തെങ്ങാകട്ടെ ചില ഭാഗങ്ങളിൽ മെച്ചപ്പെട്ട ഉത്പാദനം ഉണ്ടെങ്കിലും ആനുപാതികമായ വർദ്ധനവ് പലയിടത്തും ഇല്ല. നീർക്കെട്ട്. വയലുകൾ നികത്തിയ തെങ്ങിൻതോപ്പുകളെ ബാധിച്ചിട്ടുണ്ട്. ജലസേചനം പരിമിതമായ സ്ഥലങ്ങളിൽ മാത്രമേ ഇപ്പോഴും തെങ്ങിന് നല്കുന്നുള്ളൂ. നാളികേരത്തിന്റെ വിലക്കുറവ്, വർദ്ധിച്ചുവരുന്ന പാർപ്പിട പ്രശ്നങ്ങൾ. നല്ലയിനം തൈകൾ ലഭിക്കായ്ക തുടങ്ങിയവയൊക്കെ തെങ്ങ് ഉത്പാദനത്തെ ബാധിച്ച ഘടകങ്ങളാണ്.

രാസവളങ്ങൾ മൊത്തം വള പ്രയോഗത്തിന്റെ 85 ശതമാനത്തോളം ഉപയോഗിക്കപ്പെടുന്നു. ശാസ്ത്രീയമായ രീതിയിൽ വളപ്രയോഗം നടക്കാത്തത് ഉത്പാദനക്ഷമത കുറയ്ക്കുന്നതിന്റെ കാരണങ്ങളിലൊന്നാണ്. ജൈവ വളത്തിന്റെ ലഭ്യതക്കുറവ് മണ്ണിന്റെ ഘടനയെ തന്നെ പലയിടങ്ങളിലും ബാധിച്ചിട്ടുണ്ട്.

യഥാസമയം കിളയ്ക്കുകയും വരമ്പുകൾ ഇടുകയും ചെയ്യാത്തത് മണ്ണൊലിപ്പിന് കാരണമാകുന്നു. വട്ടോളിക്കുന്ന്, കൊടക്കാട്, കോട്ടക്കുന്ന് തുടങ്ങിയ സ്ഥലങ്ങളിൽ 95 ഹെക്ടർ സ്ഥലത്ത് മണ്ണൊലിപ്പിന്റെ പ്രശ്നങ്ങൾ ഇപ്പോഴുമുണ്ട്. ഉയർന്ന പ്രദേശങ്ങളിലുള്ള 15.60 ഹെക്ടർ സ്ഥലം കശുമാവ് കൃഷിക്കനുയോജ്യമാണെങ്കിലും അതിന്റെ സാധ്യത ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല.

മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ നടത്തേണ്ട വള പ്രയോഗം പലപ്പോഴും അശാസ്ത്രീയമായിട്ടാണ് നടത്തുന്നത്. മുൻവർഷങ്ങളിൽ പരിശോധനയ്ക്കായി മണ്ണിന്റെ സാമ്പിളുകൾ എടുത്തുകൊണ്ട് പോയെങ്കിലും റിപ്പോർട്ട് കിട്ടിയിട്ടില്ല.

ഒരു കാലത്ത് നെൽപ്പാടങ്ങളിൽ ഇടവിളകളായി കൃഷിചെയ്തിരുന്ന വേനൽകാല പച്ചക്കറികളും, കപ്പ, വത്തയ്ക്ക ഇവയും കുറഞ്ഞ് വരികയാണ്. ശരിയായ രീതിയിൽ ജലസേചന സൗകര്യം ലഭിക്കാത്തതും ജൈവ വളങ്ങളുടെ ലഭ്യതക്കുറവും, ഉത്പന്നങ്ങൾക്ക്, വിലകിട്ടാത്തതും, ഇവയുടെ ഉത്പാദനക്കുറവിന്റെ കാരണങ്ങളാണ്. നെൽപ്പാടങ്ങളിൽ ഇടവിളയായി കൃഷിചെയ്തിരുന്ന വാഴക്ക് വ്യാപകമായി വരുന്ന രോഗങ്ങളും, പ്രതീക്ഷിക്കാതെയെത്തുന്ന കാറ്റും കനത്ത നഷ്ടം വരുത്തിവെക്കുന്നു. നിലക്കടല കൃഷി ചില ഭാഗങ്ങളിൽ കൃഷി ചെയ്തിരുന്നെങ്കിലും ഇപ്പോൾ തീരെ ഇല്ല.

പ്രധാനമായും കൃഷിക്ക് കണ്ടുവരുന്ന രോഗങ്ങൾ മുഞ്ഞരോഗം, പോളരോഗം, പോളീച്ച രോഗം, വെള്ളക്കുല എന്നിവ നെല്ലിനും കൂമ്പ് ചീയൽ, തെങ്ങോലപ്പുഴു എന്നിവ തെങ്ങിനും കണ്ടുവരുന്നു. കുരുമുളകിന് ദ്രുതവാട്ടം ചിലയിടങ്ങളിൽ കാണപ്പെടുന്നുണ്ട്. 40 ഹെക്ടർ സ്ഥലത്തെ പുഞ്ചകൃഷിക്ക് ഭീഷണിയായി ആഫ്രിക്കൻ പായൽ മാറിക്കഴിഞ്ഞു. ഉപ്പുവെള്ളം കുറയുന്നതും, ചിലയിടത്ത് നെൽകൃഷിയെ ബാധിക്കുന്നുണ്ട്. 3, 6 വാർഡുകളിലായി 50 ഏക്രയോളം സ്ഥലത്ത് മൊച്ചശല്യം രൂക്ഷമാണ്. തൻമൂലം ആ പ്രദേശങ്ങളിൽ ഒരു കൃഷിയും സാധ്യമാകാതെ വന്നിരിക്കുന്നു.

ആധുനിക കൃഷി ഉപകരണങ്ങൾ വ്യാപകമായ തോതിൽ ഉപയോഗിച്ചു തുടങ്ങിയിട്ടില്ല. ഭൂമി തുണ്ടുകളാക്കി മാറ്റിയത് ഇതിനൊരു തടസ്സമാണെങ്കിലും കൃഷിക്കാരുടെ യോജിച്ച പ്രവർത്തനങ്ങളിലൂടെ ഇനിയും സാദ്ധ്യതകൾ ധാരാളമുണ്ട്.

മുകളിൽ സൂചിപ്പിച്ചതിനെല്ലാം ഉപരിയായി പഞ്ചായത്തിലെ കൃഷിഭവന്റെ പ്രവർത്തനവും പോരായ്മയായി നിലനില്ക്കുന്നു. ചില വാർഡുകളിലെ ചുരുക്കം പ്രദേശങ്ങളൊഴികെ പഞ്ചായത്തിന്റെ ഭൂരിഭാഗത്തും കൃഷിഭവന്റെ പ്രവർത്തനം എത്തുന്നില്ല.

ആവശ്യമായ സന്ദർഭങ്ങളിൽ സങ്കരയിനം വിത്തുകൾ ലഭിക്കായ്ക, വിദഗ്ദ ഉപദേശങ്ങൾ നൽകൽ, സർക്കാരിൽ നിന്നുള്ള ആനുകൂല്യങ്ങളെ പറ്റിയുള്ള അജ്ഞത തുടങ്ങിയവയെല്ലാം പലപ്പോഴും കൃഷിയുടെ പുരോഗതിക്ക് തടസ്സമായി നിലനിൽക്കുന്നു. ശുദ്ധജല മത്സ്യങ്ങൾ വർഷങ്ങളായി ചത്തുപൊന്തുന്നത് അമിതമായ കീടനാശിനി പ്രയോഗം മൂലമാണെന്നാണ് കർഷകരുടെ അഭിപ്രായം.

## നിർദ്ദേശങ്ങൾ

1. 74.63 ഹെക്ടർ കൃഷിസ്ഥലത്തിന് ഗുണകരമാക്കുന്ന കാക്കാത്തോട് ഡ്രെയിനേജ് സ്കീം യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കണം. ഈ പദ്ധതി നടപ്പിൽ വന്നു കഴിഞ്ഞാൽ നെൽകൃഷി മൂന്ന് പ്രാവശ്യം നടത്തുവാനുള്ള സൗകര്യങ്ങൾ ലഭിക്കും. ഉപ്പുവെള്ളം കയറി സംഭവിക്കുന്ന കൃഷിനാശത്തിന് പരിഹാരവും ഇതോടൊപ്പം ഉണ്ടാകും.

2. പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ മണ്ണിന്റെ സാമ്പിളുകൾ എടുത്ത് പരിശോധന നടത്തി ആവശ്യമായ വള പ്രയോഗങ്ങളെപറ്റി കർഷകർക്ക് ധാരണ നല്കുവാൻ കഴിയണം.

3. മുൻകാലങ്ങളിൽ പരിസ്ഥിതിയെ സംരക്ഷിക്കുന്നതിലും നീർക്കെട്ട് ഒഴിവാക്കുന്നതിലും വലിയ പങ്ക് വഹിച്ചിരുന്ന തോടുകളും കുളങ്ങളും കർഷകരുടെ സഹായത്തോടെ സംരക്ഷിക്കണം. നിലവിലുണ്ടായി

രുന്ന പല നീർച്ചാലുകളും റോഡുകളായി മാറിക്കഴിഞ്ഞു. ഇവയുടെ അരികിൽ ഡ്രെയിനേജ് സൗകര്യം ഉറപ്പുവരുത്തണം. കൂടാതെ നിലവിലുള്ള പല തോടുകൾക്കും നേരത്തെയുണ്ടായിരുന്ന ചീർപ്പുകൾ പല കാരണങ്ങളാലും നശിക്കുകയോ, ഭാഗികമായി കേടുവരികയോ ചെയ്തിട്ടുണ്ട്. ഇവ നന്നാക്കിയെടുക്കണം. സഹകരണ ജലസേചന രീതിയും ഉപയോഗപ്പെടുത്താവുന്നതാണ്.

4. **ഗ്രൂപ്പ് ഫാമിങ്ങ്**: മുഖ്യവിളകളായ നെല്ലിനും തെങ്ങിനും ഇത് വ്യാപകമാക്കണം. നിലവിലുള്ള കർഷക സമിതികളെ പുനരുജ്ജീവിപ്പിച്ച് ഇതിന് തയ്യാറാക്കണം.

വേനൽക്കാല പച്ചക്കറികൾ സഹകരണാടിസ്ഥാനത്തിൽ ഉണ്ടാക്കുവാൻ കഴിയും. കൃഷിഭവന്റെ മാർഗനിർദ്ദേശങ്ങൾ ഇക്കാര്യത്തിൽ ഗുണകരമായ രീതിയിൽ ഉണ്ടാകണം. ഇനി അവശേഷിക്കുന്ന നെൽപ്പാടങ്ങൾ സംരക്ഷിക്കുകയെന്നതും പ്രാധാന്യമർഹിക്കുന്ന ഒന്നാണ്.

5. **വിത്തിനങ്ങൾ**: ഉത്പാദനശേഷിയുള്ള വിത്തിനങ്ങൾ കർഷകർക്ക് യഥാസമയം ലഭിക്കുന്നതിനുള്ള സൗകര്യമുണ്ടാകണം. പ്രാദേശികമായി വിത്ത് ഉത്പ്പാദിപ്പിക്കുന്നതിന് പാടശേഖര സമിതികളെ ഉപയോഗപ്പെടുത്താവുന്നതാണ്. നടീൽ വസ്തുക്കൾ ലഭിക്കുന്നതിന് നഴ്സറികളെ പ്രയോജനപ്പെടുത്താവുന്നതാണ്. ഫലവൃക്ഷ തൈകൾ, (മാവ്, പിലാവ്, തുടങ്ങിയവ) മറ്റ് വിളകൾക്ക് തടസ്സമാവാത്ത തരത്തിൽ വ്യാപിപ്പിക്കുവാൻ കഴിയണം.

6. **ഔഷധ സസ്യങ്ങൾ**: പഞ്ചായത്തിൽ വ്യാപകമായി കണ്ടുവരുന്ന ഔഷധ സസ്യങ്ങൾ കണ്ടെത്തി അതു സംരക്ഷിക്കുന്നതിനും, വ്യാപിപ്പിക്കുന്നതിനും കഴിയണം. കച്ചോലം, ഇഞ്ചി, മഞ്ഞൾ മുതലായവയുടെ ഉൽപാദനം വർദ്ധിപ്പിക്കണം.

7. **പച്ചക്കറി ഉത്പാദനം**: ഗുണമേൻമയുള്ള വിത്തിനങ്ങൾ ശേഖരിച്ച് ജൈവ വളത്തിന് മുൻതൂക്കം നൽകി സഹകരണാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി വാർഡുകളിൽ വ്യാപിപ്പിക്കുവാൻ കഴിയും. കൂട്ടുകൃഷി സമ്പ്രദായം ഉപയോഗപ്പെടുത്താം. അയൽകൂട്ടങ്ങൾ കേന്ദ്രീകരിച്ച് അടുക്കളത്തോട്ടം ഉണ്ടാക്കാം. രണ്ട് ഹൈസ്കൂളുകൾ കേന്ദ്രമാക്കി കൃഷിതോട്ടങ്ങൾ നടപ്പിൽ വരുത്തുവാൻ സാധിക്കും.

8. **കീടനാശിനി**: ശരിയായ സുരക്ഷാ സംവിധാനങ്ങളുടെയോ, ശരിയായ അളവിലോ അല്ല ഇന്ന് കീടനാശിനി ഉപയോഗിക്കുന്നത് അത് മാറണം. ബോധവൽക്കരണ ക്ലാസ്സുകൾ കർഷകർക്ക് നല്കിയേ പറ്റു. ജൈവീക കീട നിയന്ത്രണത്തെ പറ്റി പഠിപ്പിക്കുകയും വ്യാപിപ്പിക്കുകയും വേണം. ആഫ്രിക്കൻ പായൽ നിയന്ത്രണത്തിന്, ജൈവീക കീടങ്ങളെ ഉപയോഗിപ്പെടുത്തിക്കൊണ്ട് ഇതിന് തുടക്കം കുറിക്കാവുന്നതാണ്.

9. **വളങ്ങൾ**: രാസവള വിതരണ കേന്ദ്രങ്ങൾ ആവശ്യമായത്ര ഇപ്പോൾ പഞ്ചായത്ത് കേന്ദ്രത്തിലുണ്ട്. സഹകരണ വളം ഡിപ്പോകൾ നിർത്തലാക്കിയത് പുനസ്ഥാപിക്കണം. പച്ചില വളത്തിന്റെ കുറവ് നികത്തുന്നതിന് ശീമക്കൊന്ന, ഡെയ്ഞ്ച എന്നിവ കൂടിയ തോതിൽ വളർത്താവുന്നതാണ്. ജൈവവള പ്രയോഗം പ്രോത്സാഹിപ്പിക്കുകയും അതിന് വേണ്ട സഹായങ്ങൾ നല്കുകയും വേണം. കാലികൾക്ക് ആവശ്യമായ തീറ്റപ്പുൽ വ്യാപനവും നടത്താവുന്നതാണ്. മണ്ണിര കമ്പോസ്റ്റ് രീതി കർഷകർക്ക് പരിചയപ്പെടുത്തി വ്യാപകമാക്കാൻ കഴിയുന്നതാണ്.

10. **ജലസേചനം**: മുമ്പേ സൂചിപ്പിച്ച ഡ്രെയിനേജ് സ്കീമുകൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കുവാൻ കഴിയണം. തെങ്ങ് കൃഷിക്ക് ജലസേചന സൗകര്യം വർദ്ധിപ്പിക്കണം. ഡ്രിപ്പ് ഇറിഗേഷൻ, സ്പ്രിംഗ്ളർ ഇറിഗേഷൻ എന്നിവയുടെ സാദ്ധ്യത പ്രയോജനപ്പെടുത്താം. തുടക്കം മുതൽ മുടക്ക് ആവശ്യമായതിനാൽ വേണ്ട ലോണുകളും, സബ്സിഡികളും നല്കണം.

11. **ഇൻഷൂറൻസ് പദ്ധതി**: കൃഷിയെ സംരക്ഷിക്കുന്നതിനും കർഷകർക്ക് ആത്മവിശ്വാസം നല്കുന്നതിനും, വിളകൾക്ക് ഗ്രൂപ്പ് ഇൻഷൂറൻസ് സമ്പ്രദായം നടത്തണം. അതോടൊപ്പം കർഷക ധന സഹായത്തിനുള്ള വരുമാന പരിധി കുറക്കൽ, വൈദ്യുതി കുറഞ്ഞ നിരക്കിൽ നൽകൽ, ജലസേചനത്തിനുള്ള മണ്ണെണ്ണയുടെ അളവ് വർദ്ധിപ്പിക്കൽ മുതലായവ കൃഷിയെ പരിപോഷിപ്പിക്കുവാൻ സഹായിക്കുന്ന ഘടകങ്ങളാണ്.

12. **പൊതുവിപണി**: പ്രധാന ഉത്പന്നങ്ങളായ തേങ്ങ, നെല്ല്, പച്ചക്കറി എന്നിവക്ക് പഞ്ചായത്ത് തലത്തിൽ തന്നെ വിപണന കേന്ദ്രങ്ങൾ വേണം. സഹകരണാടിസ്ഥാനത്തിലും ഇതാവാം. കേര സംസ്കരണ യൂണിറ്റ് തുടങ്ങുവാനുള്ള എല്ലാ ഭൗതിക സാഹചര്യങ്ങളും ഇവിടെ നിലവിലുണ്ട്. പച്ചക്കറികൾക്ക് പൊതു മാർക്കറ്റ് – ചന്ത സമ്പ്രദായം നടപ്പിലാക്കാം. സഹകരണ യൂണിറ്റുകൾ ഉത്പന്നങ്ങൾ ശേഖരിച്ചാൽ ഇടത്തട്ടുകാരുടെ ഇടപെടൽ ഒഴിവാക്കാവുന്നതാണ്. ഉത്പന്നങ്ങളുടെ സംഭരണ കേന്ദ്രങ്ങൾക്കും സാദ്ധ്യതയുണ്ട്.

13. **നഴ്സറികൾ**: ധാരാളം വിപണന സാദ്ധ്യതയുള്ള ഫ്ളോറികൾച്ചർ, ഓർക്കിഡ്, ആന്തൂറിയം ഇവ നഴ്സറികളുടെ സഹായത്തോടെ കൂടുതൽ പ്രദേശങ്ങളിലേക്ക് എത്തിക്കണം. കുറ്റിമുല്ല കൃഷിക്കും സദ്ധ്യതകൾ ധാരാളമുണ്ട്.

വളരെ ചെലവ് കുറഞ്ഞതും, ലാഭകരമായി, കുറഞ്ഞ സമയ പരിധിക്കുള്ളിൽ വിളവെടുക്കാവുന്നതുമായ കൂൺകൃഷി, നടപ്പിലാക്കുന്നതിന് അടിയന്തിര ശ്രദ്ധ പതിപ്പിക്കണം. കപ്പകൃഷി, വെറ്റില, കവുങ്ങ് തുടങ്ങിയ കൃഷികളും കൃഷിചെയ്യുവാൻ അനുയോജ്യമായ സ്ഥലങ്ങൾ ധാരാളമുണ്ട്. തരിശ് ഭൂമിയിൽ കശുമാവ് കൃഷിനടത്താം. തെങ്ങിൽ കുരുമുളക് വെച്ചു പിടിപ്പിക്കുന്നത് ശീലമാക്കി മാറ്റിയെടുക്കണം. പ്രാദേശികമായി വിത്തുകൾ ശേഖരിക്കുവാനുള്ള സംവിധാനമുണ്ടാക്കണം. തീരപ്രദേശങ്ങളിൽ നിലക്കടലകൃഷി ചെയ്യാവുന്നതാണ്.

കർഷകരെ അംഗീകരിക്കുന്ന രീതിയിലുള്ള അവാർഡുകൾ പഞ്ചായത്ത് തലത്തിൽ ഏർപ്പെടുത്തണം. ഏകീകൃത കൂലിസമ്പ്രദായം കാർഷികവൃത്തിയുമായി ബന്ധപ്പെട്ടവയ്ക്ക് അത്യാവശ്യമാണ്. ഇത് ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഒരു മോണിറ്ററിങ്ങ് സമിതി ഉണ്ടാകുന്നത് നന്ന്.

ഇതിനെല്ലാം പുറമെ കൃഷിഭവന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തണം. അഗ്രോക്ലിനിക്കുകൾ, കാർഷിക പരിശീലന കേന്ദ്രങ്ങൾ മുതലായവ സ്ഥാപിക്കണം.

വള്ളിക്കുന്നിന്റെ കാർഷിക പുരോഗതിയിൽ ഗണ്യമായ സ്വാധീനം ചെലുത്താൻ കഴിയുന്ന ഒട്ടേറെ നിർദ്ദേശങ്ങൾ ഇതിലടങ്ങിയിട്ടുണ്ട്. പുത്തൻ വികസന സംസ്കാരം ഉൾക്കൊള്ളാൻ നാം തയ്യാറാകേണ്ടതാണ്. ■






# 5.2

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

## മൃഗസംരക്ഷണം

പശു, ആട് എന്നിവയാണ് പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ. നാമമാത്രമായി ഉഴവുകാളകളും എരുമകളും വളർത്തപ്പെടുന്നുണ്ട്. വളർത്തുപക്ഷികളിൽ പ്രധാനം കോഴിയാണ്. വളരെ ചെറിയ തോതിൽ താറാവും വളർത്തപ്പെടുന്നുണ്ട്. ഇപ്പോൾ പഞ്ചായത്തിൽ 568 പശുക്കളും 668 ആടുകളും 78 ഉഴവുകാളകളും 29 എരുമകളും ആണുള്ളത്. ഇറച്ചിക്കുവേണ്ടിയല്ലെങ്കിലും 100 മുയലുകളേയും വളർത്തുന്നുണ്ട്. പഞ്ചായത്തിലെ 75% വീടുകളിലും കോഴികളെ വളർത്തുന്നുണ്ട്.

നെൽകൃഷി കുറഞ്ഞതും കാർഷികരംഗത്ത് യന്ത്രവൽക്കരണം വന്നതും വളർത്തുമൃഗങ്ങളുടെ എണ്ണം കുറയാൻ കാരണമായി. പട്ടിക–1 കാണുക. നിരന്തരമായി ഉണ്ടാക്കുന്ന കോഴിവസന്ത കോഴികളുടെ എണ്ണത്തിലും കുറവുവരുത്തി. റോഡുകളും വാഹനങ്ങളും വർദ്ധിച്ചതോടെ വണ്ടിക്കാളകളുടെ എണ്ണം കുത്തനെ കുറയുകയുണ്ടായി.

1996ലെ സാമൂഹ്യ സാമ്പത്തിക സർവ്വെ പ്രകാരം പ്രതിദിനം 1988 ലിറ്റർ പാൽ ഉൽപാദിപ്പിക്കുന്നുണ്ട്. ഉൽപാദിപ്പിക്കുന്ന പാൽ മുഴുവനും വിൽക്കുന്നതിന് സംവിധാനം ഇല്ലാത്തത്, കാലിത്തീറ്റയുടെ വിലവർദ്ധനവ്, വൈക്കോലിന്റെയും പുല്ലിന്റേയും ലഭ്യതക്കുറവ് ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത തുടങ്ങിയവ കാലിവളർത്തലിനെ പൊതുവിൽ നിരുത്സാഹപ്പെടുത്തുന്ന ഘടകങ്ങളാണ്. വള്ളിക്കുന്ന് പഞ്ചായത്തിൽ നിലവിൽ മൂന്ന് പാൽ സൊസൈറ്റികൾ ഉണ്ടെങ്കിലും ഒന്നും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. പരപ്പനങ്ങാടിയിലുള്ള സൊസൈറ്റിയാണ് ഭൂരിപക്ഷം പ്രദേശങ്ങളിൽനിന്നും പാൽ സംഭരിക്കുന്നത്.

**പട്ടിക**

**വളർത്തുമൃഗങ്ങളും പക്ഷികളും**

| മൃഗങ്ങളുടെ ഇനം | 1929 | 1996 |
|---|---|---|
| പശു | 1325 | 568 |
| കന്നുകുട്ടികൾ | 889 | – |
| എരുമ | 65 | 29 |
| കാള (ഉഴവ്) | 828 | 78 |
| ആട് | 1079 | 668 |
| കോഴി | ലഭ്യമല്ല | 2440 |
| താറാവ് | ലഭ്യമല്ല | |
| കലപ്പ | 568 | |

പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയുള്ളത് അരിയല്ലൂരിലാണ് സ്ഥിതി ചെയ്യുന്നത്. ഇതിന്റെ സൗകര്യങ്ങൾ പഞ്ചായത്തിലെ മറ്റു പ്രദേശങ്ങളിലേക്ക് വേണ്ടത്ര ലഭിക്കുന്നില്ല. വള്ളിക്കുന്ന് വില്ലേജിൽ പെട്ട 1, 2, 3, 4, 5, 6, 12 എന്നീ വാർഡുകളിലുള്ളവർ കാലികൾക്ക് രോഗം വന്നാൽ 5 കി. മീ. ദൂരെയുള്ള അരിയല്ലൂരിലെ മൃഗാശുപത്രിയിൽ എത്തിക്കാൻ പ്രയാസപ്പെടുന്നുണ്ട്. സമയത്തിനു ചികിത്സ കിട്ടാതെ കാലികൾ ചാവുന്ന സാഹചര്യം ഇതു മൂലം ഉണ്ടാകാറുണ്ട്.

കാലികളിൽ പൊതുവേ കണ്ടുവരുന്ന രോഗങ്ങൾ അകിടുവീക്കം, കുളമ്പുരോഗം, ഉദരരോഗം, പനി (കാലാവസ്ഥാ മാറ്റത്തിനനുസരിച്ച്) എന്നിവയാണ്. രോഗപ്രതിരോധ നടപടികളെ സംബന്ധിച്ചും, ശുചിത്വത്തെ സംബന്ധിച്ചും കാലി കർഷകരിൽ നിലനിൽക്കുന്ന അറിവില്ലായ്മ രോഗങ്ങൾ തുടക്കത്തിലേ ചികിത്സിച്ചു മാറ്റുന്നതിന് തടസ്സമാകുന്നുണ്ട്.

വള്ളിക്കുന്ന് പഞ്ചായത്തിൽ 9 ഗോബർ ഗ്യാസ് പ്ലാന്റുകൾ നിലവിലുണ്ട്. ഇതിൽ പലതും പ്രവർത്തനക്ഷമമല്ല. കൂടുതൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സാദ്ധ്യതയുണ്ടെങ്കിലും കർഷകരിലെ ഇതു സംബന്ധിച്ച അജ്ഞതയാണ് പ്രധാന തടസ്സം. ഒരു വീട്ടിലെ പാചകത്തിനും വെളിച്ചത്തിനും വേണ്ടിവരുന്ന ഇന്ധനത്തിന്റെ വലിയൊരു ഭാഗം ഗോബർ ഗ്യാസ് പ്ലാന്റ് ഉണ്ടെങ്കിൽ കണ്ടെത്താൻ കഴിയും. മൃഗസംരക്ഷണ വകുപ്പ് മുഖേന ഗോബർ ഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് സബ്സിഡി ഉണ്ടെങ്കിലും ഇവയൊന്നും തന്നെ ജനങ്ങളിൽ എത്തിയിട്ടില്ല.

കൃഷിക്കാവശ്യമായ ജൈവവളത്തിന്റെ വലിയ ഒരു പങ്ക് നിറവേറ്റാൻ കാലിവളർത്തലിലൂടെ കഴിയുമെങ്കിലും പൊതുവിൽ കൃഷി (പ്രത്യേകിച്ച് നെൽകൃഷി) ലാഭകരമല്ലാതായതോടെ കാലികൃഷിക്കും മാന്ദ്യം സംഭവിച്ചു.

മുൻകാലങ്ങളിൽ മിക്കവാറും എല്ലാവീടുകളിലും കോഴിവളർത്തൽ ഉണ്ടായിരുന്നു. എന്നാൽ ഇന്ന് ഇറച്ചിക്കുവേണ്ടി വൻതോതിൽ കോഴികളെ മറ്റു പ്രദേശങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുന്ന സ്ഥിതിയാണുള്ളത്. കോഴിവളർത്തലിന് വൻ സാദ്ധ്യതയുണ്ടെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. വിശാലമായ പുഴയോരവും ഉൾനാടൻ ജലാശയങ്ങളും ഉള്ളതിനാൽ താറാവു വളർത്തലിനും സാദ്ധ്യതയുണ്ട്.

മുഖ്യമായും കൗതുകത്തിനു വേണ്ടിയാണ് ചുരുക്കം ചില വീടുകളിലെങ്കിലും മുയലിനെ വളർത്തുന്നത് . ഇറച്ചി ആവശ്യത്തിനു മുയലിനെ വളർത്തുന്നത് വളരെ കുറവാണ്. പ്രത്യുൽപാദന നിരക്ക് കൂടുതലായതുകൊണ്ട് ഇറച്ചി ആവശ്യത്തിന് മുയലിനെ വളർത്തുകയാണെങ്കിൽ വളരെ ലാഭകരമായിരിക്കും. മുയൽ വളർത്തൽ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

## പ്രധാന പ്രശ്നങ്ങൾ

1. കാലിത്തീറ്റയുടെ വില കൂടുതൽ
2. പുല്ല്, വൈക്കോൽ എന്നിവയുടെ ലഭ്യതക്കുറവ്
3. മൃഗ ചികിത്സാസൗകര്യങ്ങളുടെ അപര്യാപ്തത
4. കോഴിവസന്ത രോഗം തടയാൻ ഫലപ്രദമായ സംവിധാനമില്ലാത്തതിനാൽ, കോഴി വളർത്തൽ നിരുത്സാഹപ്പെടുത്തുന്നു
5. ക്ഷീര വിപണനത്തിനുള്ള സൗകര്യങ്ങൾ വളരെ കുറവാണ്
6. പേപ്പട്ടി ശല്യം ഉണ്ടാകുന്നു
7. കാലികളെ വളർത്തുന്നതിന് സാമ്പത്തിക സഹായം ലഭിക്കാൻ പ്രയാസം.

## സാദ്ധ്യതകൾ

1. വള്ളിക്കുന്ന് പഞ്ചായത്ത് പ്രദേശത്ത് മൊത്തം പ്രവർത്തനാധികാരമുള്ള ക്ഷീരവ്യവസായ സഹകരണസംഘം രൂപീകരിക്കുക. ഓരോ വാർഡിലും ചുരുങ്ങിയത് 2 പാൽ സംഭരണ കേന്ദ്രങ്ങളെങ്കിലും സ്ഥാപിക്കുക. ഉൽപാദിപ്പിക്കപ്പെടുന്ന മുഴുവൻ പാലും സംഭരിക്കുക. വിതരണത്തിനു ശേഷം മിച്ചം വരുന്ന പാൽ, തൈര്, നെയ്യ് എന്നിവയാക്കി മാറ്റുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.
2. മേൽ സഹകരണസംഘം മുഖേന കുറഞ്ഞ വിലയ്ക്ക് കാലിത്തീറ്റ ലഭ്യമാക്കുക. തീറ്റപ്പുൽകൃഷിക്ക് വിത്തും വളവും സൗജന്യനിരക്കിൽ ലഭ്യമാക്കുക.
3. മൃഗചികിത്സാ സൗകര്യങ്ങൾ ഫലപ്രദമാക്കുന്നതിന് വള്ളിക്കുന്ന് വില്ലേജിൽ ഒരു മൃഗാശുപത്രി സ്ഥാപിക്കുക. ആനയാറങ്ങാടിയിലും പരുത്തിക്കാടും ഓരോ സബ്സെന്റർ ആരംഭിക്കുക. അരിയല്ലൂരിൽ നിലവിലുള്ള മൃഗാശുപത്രിയുടെ ഒരു സബ്സെന്റർ കൊടക്കാട്ട് സ്ഥാപിക്കുക.
4. വള്ളിക്കുന്ന് പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ ഒരു കോഴിക്കുഞ്ഞുൽപാദന കേന്ദ്രം സ്ഥാപിക്കുക. അയൽക്കൂട്ടങ്ങൾ മുഖേന തിരഞ്ഞെടുത്ത 2000 വീടുകളിൽ കോഴിവളർത്തൽ ആരംഭിക്കുക. കോഴി വസന്ത രോഗത്തിനെതിരെയുള്ള പ്രതിരോധ കുത്തിവെയ്പ് സംഘടിപ്പിക്കുക, കുറഞ്ഞ വിലക്ക് കോഴിത്തീറ്റ ലഭ്യമാക്കുക. കോഴികളെ വിൽക്കുന്നതിന് സഹകരണ സംഘം പൊതുസംവിധാനമുണ്ടാക്കുക.
5. പഞ്ചായത്ത് പ്രദേശത്ത് ജലാശയങ്ങൾ ധാരാളമുള്ള

തുകൊണ്ട് താറാവുവളർത്തൽ പ്രോത്സാഹിപ്പിക്കാവുന്നതാണ്.

6. മുയൽ വളർത്തലിന് പ്രോത്സാഹനം നൽകുന്നത് നന്നായിരിക്കും.

7. അത്യുൽപാദന ശേഷിയുള്ള പശുക്കളെ വളർത്തുന്നവർക്ക് സാമ്പത്തിക സഹായവും ബോധവൽക്കരണവും നൽകുക.

8. പേപ്പട്ടി ശല്യം തടയുക. ലൈസൻസ് ഇല്ലാത്തതും അലഞ്ഞു തിരിയുന്നതുമായ മുഴുവൻ നായ്ക്കളെയും പിടിച്ച് കൊല്ലുക.

## മത്സ്യബന്ധനം

വള്ളിക്കുന്ന് പഞ്ചായത്തിന്റെ പടിഞ്ഞാറു ഭാഗം ഏകദേശം 5 കി.മീ. നീളത്തിൽ കടലോരമാണ്. പഞ്ചായത്തിന്റെ വടക്കും കിഴക്കും ഭാഗത്ത് 18 കി. മീ. നീളത്തിൽ കടലുണ്ടി പുഴയാണ്. പതിനഞ്ചോളം (14.88 കി. മീ.) തോടുകൾ ഈ പുഴയിൽ ചേരുന്നുണ്ട്. ഇതു കൂടാതെ 20 ഏക്കറോളം വരുന്ന കോട്ടചാലി 6 ഏക്കറോളം മുദിയത്ത് ചാലി, കൊടക്കാട്ടു ചാലി 154 കുളങ്ങൾ എന്നിവയാണ് പഞ്ചായത്തിലെ പ്രധാന ജലാശയങ്ങൾ

കടൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് 1200 പേർ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിലെ ഏറ്റവും വലിയ തൊഴിൽ മേഖലയും മത്സ്യബന്ധനമാണ്. പുഴയോര മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് 60 പേരും, മത്സ്യസംസ്കരണവുമായി ബന്ധപ്പെട്ട് 50 പേരും, വിപണനവുമായി ബന്ധപ്പെട്ട് 65 പേരും പ്രവർത്തിച്ചു വരുന്നു (പട്ടിക കാണുക).

കടലിൽ നിന്നു പ്രധാനമായും അയല, മത്തി, ചെമ്മീൻ, ചമ്പാൻ, നെത്തൽ, ചൂട, സൂത, ആകോലി, അയക്കോറ, മാന്തൾ, മുള്ളൻ, സ്രാവ്, പലവക മീനുകൾ എന്നിവയാണ് കിട്ടിവരുന്നത്. ജനുവരി മുതൽ മെയ് വരെയുള്ള മാസങ്ങളിൽ അയല, മത്തി, നെത്തൽ, ചൂട, മാന്തൾ, മുള്ളൻ എന്നീ മീനുകളും. ജൂൺ, ജൂലൈ, ആഗസ്ത് മാസങ്ങളിൽ ചെമ്മീൻ, അയല, മത്തി, നെത്തൽ, ചൂട, മുള്ളൻ, ചമ്പാൻ എന്നീ മീനുകളും സപ്തംബർ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിൽ അയല, മത്തി, നെത്തൽ, കൂന്തൾ, മുള്ളൻ, സ്രാവ്, ആകോലി, അയക്കോറ എന്നീ മീനുകളും കൂടാതെ കടുക്ക, ഞണ്ട് എന്നിവയുമാണ് കിട്ടുന്നത്. കിട്ടുന്ന മത്സ്യങ്ങളുടെ ഇനം തിരിച്ചുള്ള കണക്കുകൾക്ക് പട്ടിക 2, 3ഉം കാണുക. മുൻകാലങ്ങളിൽ മത്തിയായിരുന്നു കൂടുതൽ കിട്ടയിരുന്ന മത്സ്യം. എന്നാൽ കഴിഞ്ഞ കുറെ വർഷങ്ങളായി മത്തിയുടെ ലഭ്യത വർഷം തോറും കുറഞ്ഞുവരികയാണ്. ഇപ്പോൾ വളരെ കുറവാണ്.

**പട്ടിക 1**

**മത്സ്യബന്ധന തൊഴിലാളികൾ**

| പ്രവർത്തിക്കുന്ന മേഖല | തൊഴിലാളികളുടെ എണ്ണം |
|---|---|
| കടൽ മത്സ്യബന്ധനം | 1200 |
| ഉൾനാടൻ മത്സ്യബന്ധനം | 60 |
| മത്സ്യസംസ്ക്കരണം | 50 |
| മത്സ്യവിപണനം | 65 |
| ആകെ | 1375 |

*അവലംബം : സോഷ്യോ എക്കണോമിക്ക് സർവ്വേ*

**പട്ടിക 2**

**ഓരോ കാലത്തും കിട്ടുന്ന മീനുകളുടെ ഇനം**

| മാസം | ഇനം |
|---|---|
| ജനുവരി മുതൽ മെയ് വരെ | അയല,മത്തി, നെത്തൽ, ചൂട, മുള്ളൻ, മാന്തൾ |
| ജൂൺ മുതൽ ആഗസ്ത് വരെ | ചെമ്മീൻ, അയല, മത്തി, നെത്തൽ, ചൂട, മുള്ളൻ, ചമ്പാൻ. |
| സപ്തംബർ മുതൽ ഡിസംബർ വരെ | അയല, മത്തി, നെത്തൽ, കൂന്തൾ, മുള്ളൻ, സ്രാവ്, ആകോലി, അയക്കോറ |

പുഴയിൽ നിന്നും പ്രധാനമായും മാലാൻ, പൂഴാൻ, ഏട്ട, ചെമ്പല്ലി, ഇരിമീൻ, ചെമ്മീൻ (കൊഞ്ച്), പ്രാഞ്ചി, ഞണ്ട് എന്നിവയാണ്. കൂടാതെ കടലുണ്ടി പുഴയിൽ നിന്നും ധാരാളം എരുന്തും (ആറ്റു കക്ക) ലഭിക്കുന്നുണ്ട്. കക്കത്തോട് ഒരു നല്ല വ്യവസായിക അസംസ്കൃത പദാർത്ഥം കൂടിയാണ്. കക്ക പൂർണ്ണ വളർച്ചയെത്തുന്നതിനുമുമ്പ് തന്നെ വാരിപ്പോകുന്നതുകൊണ്ട് യഥാർത്ഥത്തിൽ കിട്ടാവുന്നതിലും കുറഞ്ഞ അളവിലേ ലഭിക്കുന്നുള്ളൂ. ഇത് ഒരു ദേശീയ നഷ്ടമാണ്. കൂടാതെ ഉൾനാടൻ ജലാശയങ്ങളിൽ നിന്ന് വരാൽ, മുഴു, വാലാത്തൻ എന്നിവയും ലഭിക്കുന്നുണ്ട്.

നിലവിൽ ആനങ്ങാടിയിൽ ഒരു മത്സ്യത്തൊഴിലാളി ക്ഷേമസഹകരണസംഘം മാത്രമാണുള്ളത്. ഇതു തന്നെ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ആനങ്ങാടി കടപ്പുറത്ത് 20 ലക്ഷത്തോളം രൂപ ചിലവഴിച്ച് ഒരു ഫിഷ് ലാണ്ടിംഗ് സെന്റർ 1989ൽ സ്ഥാപിച്ചെങ്കിലും ഉപയോഗ

പട്ടിക 3

കിട്ടുന്ന മീനുകളുടെ ഇനം തിരിച്ചുള്ള കണക്ക്

| ക്രമനമ്പർ | ഇനം | അളവ് ടൺ |
|---|---|---|
| 1 | അയല | 3896 |
| 2 | മത്തി | 1559 |
| 3 | ചെമ്മീൻ | 190 |
| 4 | ചമ്പാൻ | 1039 |
| 5 | നെത്തൽ | 1299 |
| 6 | ചൂട | 390 |
| 7 | സൂത | 195 |
| 8 | ആകോലി | 520 |
| 9 | അയക്കോറ | 585 |
| 10 | മാന്തൾ | 780 |
| 11 | സ്രാവ് | 390 |
| 12 | പലവക | 2145 |
| | ആകെ | 12988 |

ശൂന്യമായി കിടക്കുകയാണ്. ശക്തമായ മത്സരസ്വഭാവമുള്ള മാർക്കറ്റിന്റെ അഭാവമാണ് FLC ഉപയോഗപ്പെടുത്താതെ പോയതിന്റെ പ്രധാന കാരണം. സമീപ പ്രദേശമായ ബേപ്പൂരിലും പരപ്പനങ്ങാടിയിലും ഉയർന്നുവന്ന മെച്ചപ്പെട്ട വിപണന കേന്ദ്രങ്ങളും, FLC യുടെ മുന്നിൽ വള്ളങ്ങൾ അടുപ്പിക്കുന്നതിനാവശ്യമായ കടൽത്തീരം ഇല്ലാത്തതും, സമീപത്ത് ഐസ് ഫാക്ടറികൾ ഇല്ലാതിരുന്നതും മറ്റു കാരണങ്ങളാണ്.

ഒരു വർഷം ഏകദേശം 75 ലക്ഷം രൂപ വില വരുന്ന വള്ളം, വല, ഔട്ട് ബോർഡ്, എഞ്ചിൻ എന്നീ മത്സ്യബന്ധന ഉപകരണങ്ങൾ കടലുണ്ടി നഗരം, ആനങ്ങാടിഭാഗത്തുള്ള മത്സ്യത്തൊഴിലാളികൾ മാത്രം വാങ്ങുന്നുണ്ട്. ഇവയെല്ലാം തന്നെ വിദൂരസ്ഥലങ്ങളായ മംഗലാപുരം, കൊച്ചി, കൊല്ലം എന്നിവിടങ്ങളിൽ നിന്നുമാണ് കൊണ്ടുവരുന്നത്. സമീപ പ്രദേശങ്ങളിലെവിടെയും മത്സ്യബന്ധന ഉപകരണങ്ങൾ ലഭ്യമല്ലാത്തത് ഇവിടുത്തെ മത്സ്യത്തൊഴിലാളികൾക്ക് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്.

ആനങ്ങാടി കടപ്പുറത്ത് ഇപ്പോൾ 30 പേർ പോകുന്ന വള്ളങ്ങൾ 17 എണ്ണവും, 30 പേർ പോകുന്ന ഫൈബർ ബോട്ട് 2 എണ്ണവും, 4 പേർ പോകുന്ന നാടൻ വള്ളങ്ങൾ (ഔട്ട് ബോർഡ് എഞ്ചിനുള്ളത്) 100 എണ്ണവും, 2 പേർ പോകുന്ന ചുണ്ടൻ വള്ളങ്ങൾ 80 എണ്ണവും, 4 പേർ പോകുന്ന ഫൈബർ ബോട്ടുകൾ 30 എണ്ണവുമുണ്ട്. കടലിൽ 40 കി. മീ. ദൂരം വരെ പോയി മീൻ പിടിക്കുന്നുണ്ട്. ഉപയോഗിക്കുന്ന നാടൻ വള്ളങ്ങളുടെ എണ്ണം കുറഞ്ഞു വരികയാണ്. മരം കൊണ്ടുള്ള വള്ളങ്ങളെ അപേക്ഷിച്ച്, വിലക്കുറവ്, ഭാരക്കുറവ്, കൂടുതൽ വേഗത എന്നീ ഗുണങ്ങൾ ഉള്ളതുകൊണ്ട് ഫൈബർ ബോട്ടുകളോട് താൽപര്യം കൂടിവരികയാണ്.

വള്ളിക്കുന്ന് പഞ്ചായത്തിൽ മൊത്തം 8 വിൽപന കേന്ദ്രങ്ങളാണുള്ളത്. ഇവയെല്ലാം സ്വകാര്യസ്ഥലങ്ങളിലോ റോഡിന്റെ പാർശ്വങ്ങളിലോ ആണ് പ്രവർത്തിക്കുന്നത്. പൊതു മത്സ്യമാർക്കറ്റ് എവിടെയുമില്ല.

വളരെയേറെ സാദ്ധ്യതകളുള്ള ശുദ്ധജലമത്സ്യകൃഷി, ഓരുജല ചെമ്മീൻ കൃഷി എന്നിവയിൽ കാര്യമായ ഒരു ചലനവും ഇക്കാലമത്രയും ഉണ്ടായിട്ടില്ല. അയൽ പഞ്ചായത്തായ പരപ്പനങ്ങാടിയിലെ ഉള്ളണത്ത് മത്സ്യ വിത്തുവിതരണ കേന്ദ്രം ഉണ്ടെങ്കിലും വള്ളിക്കുന്ന് പഞ്ചായത്തിൽ ഇതിന്റെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. വിദൂര ജില്ലകളായ തൃശ്ശൂർ, എറണാകുളം എന്നിവിടങ്ങളിലെ ചെമ്മീൻ വളർത്തുകേന്ദ്രങ്ങളിലേക്കാവശ്യമായ ചെമ്മീൻ കുഞ്ഞുങ്ങളെ കടലുണ്ടി പുഴയിൽ നിന്നാണ് ശേഖരിച്ചു കൊണ്ടുപോകുന്നത്. എന്നാൽ വള്ളിക്കുന്നു പഞ്ചായത്തിൽ അത്തരം സംരംഭങ്ങൾ ഇല്ലാത്തതിനാൽ ഇതിന്റെ സാദ്ധ്യതകൾ ചൂഷണം ചെയ്യാൻ കഴിയുന്നില്ല. ചെമ്മീൻ കൃഷിയെ പറ്റി വേണ്ടത്ര അറിവില്ലാത്തതാണ് കാരണം.

കടലോര പ്രദേശങ്ങളായ 1, 2, 8, 9 വാർഡുകളിലാണ് മത്സ്യത്തൊഴിലാളികൾ തിങ്ങി താമസിക്കുന്നത്. ആനങ്ങാടി ഭാഗത്ത് നിലവിൽ മൂന്ന് മത്സ്യത്തൊഴിലാളി കോളനികൾ ഉണ്ട്. മത്സ്യത്തൊഴിലാളികളുടെ രൂക്ഷമായ പാർപ്പിട പ്രശ്നത്തിന് ഈ കോളനികൾ കൊണ്ട് കാര്യമായ പരിഹാരമുണ്ടാക്കുവാൻ കഴിഞ്ഞിട്ടില്ല. അതുപോലെ വൈദ്യുതി, കുടിവെള്ളം, കക്കൂസ് എന്നീ കാര്യങ്ങളിലും വളരെ പിന്നോക്ക സ്ഥിതിയിലാണ് മത്സ്യത്തൊഴിലാളി പ്രദേശങ്ങൾ. സ്ക്കൂൾ സൗകര്യങ്ങൾ ലഭ്യമാണെങ്കിലും മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചമല്ല. അതുപോലെ തന്നെ ഉന്നതവിദ്യാഭ്യാസ മേഖലയിലേക്ക് ഈ വിഭാഗത്തിൽ നിന്നും കുട്ടികൾ ഉയർന്നുവരുന്നില്ല.

മത്സ്യഫെഡു മുഖാന്തരം വള്ളം, വല, എഞ്ചിൻ എന്നിവ നിയന്ത്രിത നിരക്കിൽ നൽകുന്നുണ്ടെങ്കിലും ആവശ്യത്തിന്റെ 10ൽ ഒരംശം പോലുമാകുന്നില്ല. ഔട്ട് ബോർഡ് എഞ്ചിനുകൾ റിപ്പയർ ചെയ്യുന്നതിന് ഇവിടെ സൗകര്യം ഇല്ലാത്തതുകൊണ്ട് കോഴിക്കോട്, പരപ്പന

ങ്ങാടി, എറണാകുളം എന്നിവിടങ്ങളിലാണ് കൊണ്ടുപോകുന്നത്. ഇത് വളരെ പ്രയാസമുണ്ടാക്കാറുണ്ട്.

പഞ്ചായത്തിന്റെ 5 കി. മീ. നീളം വരുന്ന കടൽത്തീരത്തിൽ 3 കി. മീ. ഭാഗം മാത്രമാണ് കടൽഭിത്തി കെട്ടി സംരക്ഷിച്ചിട്ടുള്ളത്. ശേഷിക്കുന്ന 2 കി. മീ. ഭാഗം ഭിത്തി ഇല്ലാത്തതുകൊണ്ട് കടലാക്രമണ ഭീഷണി നിലനിൽക്കുന്നുണ്ട്. നിലവിലുള്ള ഭിത്തി തന്നെ സമയാസമയങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്താത്തതുകൊണ്ട് പല സ്ഥലങ്ങളിലും വീടിനും സ്വത്തിനും നാശനഷ്ടങ്ങൾ നേരിടുന്നുണ്ട്.

യന്ത്രവൽക്കരണവും ആധുനിക ഉപകരണങ്ങളുടെ ഉപയോഗവും മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരത്തിൽ അൽപം ഉയർച്ചയുണ്ടാക്കിയിട്ടുണ്ട്. മുൻപ് മുതലാളിമാർ വാങ്ങിക്കൊടുക്കുന്ന വള്ളവും വലയുമുപയോഗിച്ചായിരുന്നു മീൻ പിടിച്ചിരുന്നത്. അതുകൊണ്ടുതന്നെ മുതലാളിമാരുടെ വൻചൂഷണം നിലനിന്നിരുന്നു. ഇപ്പോൾ വിവിധ ഏജൻസികളിലൂടെ ലോൺ എടുത്തും, കുറെപേർ ഒത്തുചേർന്നും തൊഴിലാളികൾ തന്നെ സ്വന്തമായി വള്ളവും വലയും വാങ്ങാൻ തുടങ്ങിയതോടെ മുതലാളിമാരുടെ ചൂഷണം ഇല്ലാതായി. ഇതും മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയരുവാൻ സഹായിച്ചിട്ടുണ്ട്. എന്നിരുന്നാലും ഏപ്രിൽ മുതൽ ജൂലൈ വരെയുള്ള മാസങ്ങളിൽ മീൻ ലഭിക്കാത്തതിനാൽ വളരെ ബുദ്ധിമുട്ടിയാണ് മത്സ്യത്തൊഴിലാളികൾ കഴിയുന്നത്.

## പ്രധാന പ്രശ്നങ്ങൾ

1. മുഴുവൻ കടൽത്തീരവും കടൽഭിത്തി കെട്ടി സംരക്ഷിച്ചിട്ടില്ല.
2. ഉപയോഗശൂന്യമായിക്കിടക്കുന്ന ഫിഷ് ലാന്റിംഗ് സെന്റർ മറ്റേതെങ്കിലും മത്സ്യബന്ധന പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുക.
3. മത്സ്യബന്ധന ഉപകരണങ്ങൾ എളുപ്പത്തിൽ ലഭിക്കുവാൻ സംവിധാനം ഇല്ല.
4. ഒരു ഔട്ട് ബോർഡ് എഞ്ചിൻ വർക്ക് ഷാപ്പ് ആനങ്ങാടിയിൽ ആവശ്യമാണ്.
5. കടലുണ്ടി അഴിമുഖത്ത് ഒരു Guide Light ഇല്ലാത്തതിനാൽ രാത്രി കാലങ്ങളിൽ ബുദ്ധിമുട്ടുണ്ട്.
6. കടലുണ്ടി അഴിമുഖത്തിനു സമീപം ഒരു ലാന്റിംഗ് ജെട്ടി സ്ഥാപിക്കുന്നത് ഗുണകരമായിരിക്കും.
7. അനുയോജ്യമായ സ്ഥലങ്ങളുണ്ടെങ്കിലും വാണിജ്യാടിസ്ഥാനത്തിൽ ചെമ്മീൻകൃഷിയും മത്സ്യകൃഷിയും നടത്തുന്നില്ല.
8. ഉൾനാടൻ പ്രദേശങ്ങളിൽ മത്സ്യകൃഷിക്ക് സാദ്ധ്യതകളുണ്ടെങ്കിലും യാതൊരുവിധ പ്രോത്സാഹനവുമില്ല.
9. മത്സ്യവിപണനത്തിന് ആധുനിക സംവിധാനങ്ങളോ പൊതു സംവിധാനങ്ങളോ ഇല്ല.
10. മത്സ്യത്തൊഴിലാളികൾ തിങ്ങി താമസിക്കുന്ന പ്രദേശങ്ങളിൽ പരിസരശുചിത്വത്തിന്റെ ഗൗരവമേറിയ ചില പ്രശ്നങ്ങളുണ്ട്. പ്രധാനമായും കക്കൂസുകളുടെ അഭാവമാണ്.
11. മത്സ്യതൊഴിലാളി സ്ത്രീകൾക്ക് തൊഴിലവസരം വളരെ കുറവാണ്. ഇത് മെച്ചപ്പെടുത്തുന്നതിന് നടപടികൾ വേണം.
12. പുഴയിലും മറ്റ് ഉൾനാടൻ ജലാശയങ്ങളിലും വർഷകാലത്ത് കണ്ടുവരുന്ന മത്സ്യരോഗം തടയാൻ നടപടി വേണം.

## സാദ്ധ്യതകൾ

1. നിലവിൽ കടൽഭിത്തിയില്ലാത്ത മുഴുവൻ ഭാഗത്തും കടൽഭിത്തി കെട്ടുക. നിലവിലുള്ള കടൽഭിത്തി യഥാസമയം അറ്റുകുറ്റപ്പണികൾ നടത്തി സംരക്ഷിക്കുക.
2. ആനങ്ങാടി കടപ്പുറത്ത് ഇപ്പോഴുള്ള ഫിഷ് ലാന്റിംഗ് സെന്റർ ഇന്നത്തെ അവസ്ഥയിൽ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ പ്രയാസമാണ്. ഈ കേന്ദ്രം മത്സ്യബന്ധനവുമായി ബന്ധപ്പെട്ട മറ്റ് ഏതെങ്കിലും കാര്യങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്നതാണ്.

a. ഒരു ചെമ്മീൻ കുഞ്ഞുൽപാദന കേന്ദ്രം (Prawn hatchery) ഇവിടെ സ്ഥാപിക്കാം.

b. ഒരു വല നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിന് ഇവിടെ വളരെ അനുയോജ്യമാണ്.

c. ഒരു ഔട്ട് ബോർഡ് എഞ്ചിൻ വർക്കുഷോപ്പ് ഫിഷ് ലാന്റിംഗ് സെന്ററിലെ ഏതെങ്കിലും ഒരു കെട്ടിടത്തിൽ ആരംഭിക്കുക.

3. കടലുണ്ടി അഴിമുഖത്ത് ഒരു ലാന്റിംഗ് ജെട്ടിയും ഒരു Guide lightഉം സ്ഥാപിക്കുക.
4. ആനങ്ങാടി കടപ്പുറത്ത് നിലവിലുള്ള മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണസംഘത്തിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തി, മത്സ്യബന്ധന ഉപകരണങ്ങൾ ആവശ്യാനുസരണം ലഭിക്കുന്നതിന് സംഘം മുഖേന സംവിധാനമുണ്ടാക്കുക.
5. ബാലാത്തിരുത്തി, ചാലിപ്പാട്ടം, മുദിയം, കൊടക്കാട്, ചാലി, പുഴയോര പ്രദേശങ്ങൾ, പടന്ന, കീഴയിൽ, മറ്റ് ഉൾനാടൻ ജലാശയങ്ങൾ എന്നിവിടങ്ങളിൽ ചെമ്മീൻ കൃഷിയും മത്സ്യകൃഷിയും നടപ്പിലാക്കുക.

ഈ ആവശ്യത്തിന് ഒരു സഹകരണ സംഘം രൂപീകരിക്കാവുന്നതാണ്.

6. മത്സ്യവിപണനത്തിന് കോൾഡ് സ്റ്റോറേജ് സൗകര്യവും പൊതു മാർക്കറ്റുകളും സ്ഥാപിക്കുക (ആനങ്ങാടി, അത്താണിക്കൽ, ആനയാറങ്ങാടി, കൊടക്കാട്ട് എന്നിവിടങ്ങളിൽ.)

7. മത്സ്യരോഗങ്ങൾ സംബന്ധിച്ച് കൂടുതൽ പഠനങ്ങൾ നടത്തുക. രോഗം തടയുന്നതിന് നടപടികൾ സ്വീകരിക്കുക.

8. മത്സ്യത്തൊഴിലാളിസ്ത്രീകൾക്ക് തൊഴിൽ അവസരങ്ങൾ ലഭിക്കുന്നതിന് കുടിൽ വ്യവസായങ്ങൾ ആരംഭിക്കുക. വനിതാ സഹകരണ സംഘം സ്ഥാപിക്കുക. ചെമ്മീൻ അച്ചാർ, കടുക്ക അച്ചാർ എന്നിവ നിർമ്മിക്കുന്ന യൂണിറ്റുകൾ സ്ഥാപിക്കുക.

9. കടലുണ്ടി അഴിമുഖം ഭാഗത്ത് കടുക്ക കൃഷിയുടെ സാദ്ധ്യത പരിശോധിക്കാവുന്നതാണ്. അഴിമുഖത്തോടു ചേർന്ന ഭാഗത്ത് കടലിൽ കൃത്രിമപാരുകളുണ്ടാക്കി മത്സ്യോൽപാദനം വർദ്ധിപ്പിക്കാൻ കഴിയും.

10. ഉൾനാടൻ ജലാശയങ്ങളിൽ ഉപ്പുവെള്ളം കയറുന്നതു തടയുക. ഉള്ളാണം ഫിഷ് സീഡ് ഫാമിൽ നിന്നും മത്സ്യക്കുഞ്ഞുങ്ങളെ കൊണ്ടുവന്ന് ഉൾനാടൻ ജലാശയങ്ങളിൽ വളർത്തുന്നതിന് സൗകര്യം സൃഷ്ടിക്കുക.

11. ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിന് 35000 ക. ഗ്രാന്റ് നൽകുന്നുണ്ട്. ഈ പദ്ധതി വള്ളിക്കുന്ന് പഞ്ചായത്തിലെ മത്സ്യത്തൊഴിലാളികൾക്കിടയിലും നടപ്പിലാക്കേണ്ടതുണ്ട്.

12. മത്സ്യത്തൊഴിലാളികളുടെ ഓലമേഞ്ഞ വീടുകൾ ഓടിടുന്നതിനും, കൂടുതൽ വീടുകൾ നിർമ്മിക്കുന്നതിനും, പ്രത്യേക ഭവനനിർമ്മാണ പദ്ധതി നടപ്പിലാക്കണം.

13. മത്സ്യത്തൊഴിലാളികൾ തിങ്ങിത്താമസിക്കുന്ന പ്രദേശങ്ങളിൽ കക്കൂസ് നിർമ്മാണത്തിന് പ്രത്യേക പദ്ധതി അടിയന്തിരപ്രാധാന്യത്തോടെ നടപ്പിലാക്കുക.

14. ഉപയോഗയോഗ്യമല്ലാത്ത മത്സ്യം ഉപയോഗിച്ച് ശാസ്ത്രീയമായി വളം നിർമ്മിക്കുന്ന യൂണിറ്റ് സ്ഥാപിക്കുക. ഇപ്പോൾ പരിസരമലിനീകരണം സൃഷ്ടിച്ചുകൊണ്ടാണ് മത്സ്യവളം ഉണ്ടാക്കുന്നത്. ഇതൊഴിവാക്കുക തന്നെ വേണം.

15. ഉൾനാടൻ മത്സ്യതൊഴിലാളികളുടെ ക്ഷേമത്തിന് പദ്ധതി ഉണ്ടാക്കുക. ■





# 5.3
# വ്യവസായം

വ്യവസായ മേഖലയിൽ വള്ളിക്കുന്ന് പഞ്ചായത്തിന് വളരെ കൊല്ലങ്ങൾക്കു മുമ്പുതന്നെ തുടക്കമിടാൻ കഴിഞ്ഞുവെങ്കിലും കാര്യമായ നേട്ടമൊന്നും കൈവരിക്കാനായില്ല. 1930കളിൽ ഇന്നത്തെ ഹിറോസ്നഗർ മേഖലയിൽ എല്ല് പൊടിയ്ക്കുന്ന ഒരു വലിയ വ്യവസായ യൂനിറ്റ് ഉണ്ടായിരുന്നു. 1940കളിൽ ഒലിപ്രം മുണ്ടിയൻ കാവിൽ ഒരു വലിയ വ്യവസായവും ചന്തയും നിലനിന്നിരുന്നു. കൂടാതെ കടലുണ്ടി നഗരത്തിൽ ഉണ്ടായിരുന്ന മത്സ്യസംസ്കരണ വ്യവസായം (പ്രസ്, എണ്ണ ഉല്പാദനം, വളം തുടങ്ങിയവ) വള്ളിക്കുന്നിന്റെ ചരിത്രത്തിൽ എടുത്തുപറയേണ്ടതാണ്.

വള്ളിക്കുന്നിൽ പഞ്ചായത്ത് പൊതുമേഖലയിലോ സ്വകാര്യമേഖലയിലോ വൻകിട വ്യവസായ യൂണിറ്റുകൾ ഇല്ല. ചെറുകിട മേഖലയിലെ സ്വകാര്യ യൂണിറ്റുകളും 3 കയർ സഹകരണ സംഘങ്ങളുമാണ് പ്രധാന വ്യാവസായിക യൂണിറ്റുകൾ. നമ്മുടെ പഞ്ചായത്തിൽ വിവിധ മേഖലകളിലായി ആകെ 9648 പേർ ജോലി ചെയ്യുന്നു. പുരഷന്മാർ 7660 സ്ത്രീകൾ 1988. ആകെ വ്യവസായത്തൊഴിലാളികൾ 723 (7.49%) അതിൽ 62 പേർ ഫറോക്ക്, പരപ്പനങ്ങാടി പുത്തരിക്കൽ, മൂന്നിയൂർ, പാറക്കടവ് എന്നീ മേഖലകളിലെ വിവിധ വ്യവസായ യൂണിറ്റുകളിൽ ജോലി ചെയ്യുന്നു. പഞ്ചായത്തിനകത്ത് ജോലിചെയ്യുന്ന 641 പേരിൽ പുരുഷന്മാർ 197, സ്ത്രീകൾ 444.

നിലവിലുള്ള സ്ഥാപനങ്ങളും തൊഴിലാളികളുടെ എണ്ണവും. പട്ടിക 1 ൽ.

ചെറുകിട വ്യവസായ യൂണിറ്റുകൾ പട്ടിക II ൽ

പരമ്പരാഗത മേഖലയിൽ പ്രധാനം കയർ മേഖലയാണ്. അതിൽ തന്നെ ചകിരി പിരിയ്ക്കാണ് പ്രാധാന്യം.

വളരെ കുറഞ്ഞ കൂലിനിരക്കിൽ പ്രവർത്തിച്ചിട്ടും കയർ സഹകരണസംഘങ്ങൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നത് വസ്തുനിഷ്ഠമായി പരിശോധിച്ച് പരിഹാരം തേടണം.

പരമ്പരാഗത കുടിൽ വ്യവസായങ്ങളിൽ പ്രധാനം തഴപ്പായ നിർമ്മാണവും മൺപാത്രനിർമ്മാണവുമാണ്.

## വ്യവസായ മേഖലയിലെ സ്ത്രീകളുടെ പങ്കാളിത്തം

മൊത്തം തൊഴിൽ സേനയിൽ പുരുഷന്മാരുടെ ആധിപത്യം കാണാമെങ്കിലും വ്യവസായത്തൊഴിലാളികളിൽ സ്ത്രീകളാണ് കൂടുതൽ. ചെറുകിടമേഖലയിലും പരമ്പരാഗതമേഖലയായ കയർ മേഖലയിലും സ്ത്രീകളാണ് കൂടുതൽ.

### പട്ടിക I

| ക്രമ നമ്പർ | വിഭാഗം | തൊഴിലാളികളുടെ എണ്ണം | | | ശതമാനം |
|---|---|---|---|---|---|
| | | പു | സ്ത്രീ | ആകെ | |
| 1. | കയർ (സഹകരണ മേഖല) | 20 | 205 | 225 | 35.10 |
| 2. | കയർ (സ്വകാര്യ മേഖല) | 8 | 51 | 59 | 9.22 |
| 3. | പരമ്പരാഗത കുടിൽ വ്യവസായം | | | | |
| | a. തഴപ്പായ നിർമ്മാണം | – | 20 | 20 | 3.12 |
| | b. കളിമൺ പാത്ര നിർമ്മാണം | 1 | 2 | 3 | 0.46 |
| 4. | ചെറുകിട വ്യവസായങ്ങൾ | 110 | 33 | 143 | 22.32 |
| 5. | ഭക്ഷ്യ സംസ്ക്കരണം | 16 | 20 | 36 | 5.61 |
| 6. | മറ്റു വ്യവസായങ്ങൾ | 42 | 36 | 78 | 12.16 |
| 7. | ഖാദി യൂണിറ്റ് | | | | |
| | a. ഒലിപ്രം | – | 42 | 42 | 12.01 |
| | b. അരിയല്ലൂർ | – | 35 | 35 | 12.01 |
| | ആകെ | 197 | 444 | 641 | 100.00 |

*അവലംബം : സെക്കന്ററി ഡാറ്റാ ഗ്രാമപഞ്ചായത്ത് രേഖ*

### പട്ടിക II ചെറുകിട വ്യവസായ യൂണിറ്റുകൾ

| ക്രമ നമ്പർ | ഇനം | ആകെ വ്യവസായങ്ങൾ | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|---|
| | | | പു. | സ്ത്രീ | ആകെ |
| 1. | നാളികേരം | 5 | 22 | – | 22 |
| 2. | തടിവ്യവസായം | 8 | 44 | – | 44 |
| 3. | എഞ്ചിനിയറിംഗ് | 4 | 23 | – | 23 |
| 4. | ആയുർവേദ മരുന്ന് | 1 | 12 | 18 | 30 |
| 5. | കയർ | 4 | 8 | 51 | 59 |
| 6. | ഐസ് ഫാക്ടറി | 1 | 4 | – | 4 |
| 7. | അച്ചടി | 5 | 5 | 15 | 20 |
| 8. | ഭക്ഷ്യ സംസ്ക്കരണം | 6 | 16 | 20 | 36 |
| 9. | ഖാദിമേഖല | 2 | – | 77 | 77 |
| 10. | മറ്റുള്ളവ | 13 | 42 | 36 | 78 |
| | ആകെ | 49 | 176 | 217 | 393 |

*അവലംബം: സെക്കന്ററി ഡാറ്റ. ഗ്രാമസഭാ ചർച്ച & CES*

### വ്യവസായ സഹകരണ സംഘങ്ങൾ

### പട്ടിക III

| ക്ര.ന. | ഇനം കയർ | മെമ്പർമാർ | തൊഴിലാളികളുടെ എണ്ണം | | | ലാഭം/ നഷ്ടം |
|---|---|---|---|---|---|---|
| | | | പു. | സ്ത്രീ | ആകെ | |
| 1. | തിരുത്തി | 457 | 6 | 69 | 75 | നഷ്ടം |
| 2. | കീഴയിൽ | 351 | 9 | 56 | 65 | നഷ്ടം |
| 3. | കടലുണ്ടി നഗരം | 385 | 5 | 80 | 85 | നഷ്ടം |
| | ആകെ | | 20 | 205 | 225 | |

### പരമ്പരാഗത കുടിൽവ്യവസായങ്ങൾ

### പട്ടിക IV

| ക്രമ നമ്പർ | ഇനം | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|
| | | പു | സ്ത്രീ | ആകെ |
| 1. | കൈതോലപ്പായ (തഴപ്പായ) | – | 20 | 20 |
| 2. | മൺപാത്ര നിർമ്മാണം | 1 | 2 | 3 |
| | ആകെ | 1 | 22 | 33 |

ചെറുകിട മേഖല പ്രാഥമിക മേഖലകളായ നാളികേരം, മരം, കയർ, ഭക്ഷ്യം എന്നിവയെ ആശ്രയിച്ചാണ് പ്രവർത്തിക്കുന്നത് ഭൂരിപക്ഷം യൂണിറ്റുകളും കാർഷിക മേഖലയുമായി ബന്ധപ്പെട്ടതാണ്.

## പ്രശ്നങ്ങൾ

പടിഞ്ഞാറ് അറബിക്കടലും വടക്ക് കിഴക്ക് ഭാഗങ്ങൾ കടലുണ്ടി പുഴയാലും ചുറ്റപ്പെട്ടു കിടക്കുന്ന പഞ്ചായത്തിനെ രണ്ടാക്കിഭാഗിച്ചു കൊണ്ട് മംഗലാപുരം ഷൊർണ്ണൂർ റെയിൽപ്പാത കടന്നു പോകുന്നു. വ്യവസായ വികസനത്തിനാവശ്യമായ, വൈദ്യുതി, ഗതാഗതം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ കുറച്ച് വർഷങ്ങൾക്ക് മുമ്പ് മാത്രമാണ് വികസിച്ച് വരാൻ തുടങ്ങിയത്.

25.14 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണവും 41332 വരുന്ന ജനസംഖ്യയും 6201 വീടുകളും ഉള്ള ഈ പഞ്ചായത്തിൽ നിത്യോപയോഗ സാധനങ്ങളുടെ നല്ലൊരു വിപണിയായിട്ടും പ്രസ്തുത ഉൽപന്നങ്ങൾ ഉണ്ടാക്കി വിൽക്കുന്ന ഒരു വ്യവസായ യൂണിറ്റ് പോലും വളർന്നു വരാത്തത് ഗൗരവമായി പരിശോധിക്കപ്പെടേണ്ടതാണ്.

ഈ പഞ്ചായത്തിനെ സംബന്ധിച്ച് വ്യവസായ

വളർച്ചക്കാവശ്യമായിട്ടുള്ള അനുകൂല ഘടകങ്ങളായ ഉയർന്ന തോതിലുള്ള സാക്ഷരത, ഉയർന്ന ആരോഗ്യ പരിരക്ഷ, വാർത്താ വിനിമയ സൗകര്യങ്ങൾ, ഗതാഗത സൗകര്യങ്ങൾ, ജനക്ഷേമ പ്രവർത്തനങ്ങൾ, ഉയർന്ന ഉപഭോഗ നിലവാരം, സുഖസൗകര്യങ്ങളോടെ ജീവിക്കാനുള്ള തൽപരത എന്നിവയെല്ലാം ഉണ്ടെങ്കിലും വേണ്ടതോതിൽ വ്യവസായ വളർച്ച കൈവരിക്കാൻ കഴിയാത്തത് പ്രധാനമായും താഴെ പറയുന്ന കാരണങ്ങൾ കൊണ്ടാണ്.

1. മുഖ്യ കാർഷികോൽപന്നമായ നാളികേരം വ്യവസായ രംഗത്ത് പ്രയോജനപ്പെടുന്നില്ല.
2. കയർ, ഖാദി, അച്ചടി, അച്ചാർ നിർമ്മാണം തുടങ്ങിയ മേഖലകളിലെ വളരെ കുറഞ്ഞ കൂലി നിരക്ക് (കൂലി നിരക്ക് പട്ടികനമ്പർ V)
3. സഹകരണ മേഖലയിലെ കയർ വ്യവസായ നഷ്ടം
4. വള്ളിക്കുന്ന് മേഖലയിൽ 1987–ൽ വൈദ്യുത കണക്ഷൻ ലഭിച്ചില്ലെങ്കിലും 1994ൽ കോട്ടക്കടവ് ലൈനുമായി ബന്ധിപ്പിച്ച ശേഷമാണ് കൃത്യമായി 230V ലഭിക്കുന്ന വൈദ്യുതി ലഭ്യമായത്. വൈദ്യുതി ലഭിക്കാനുള്ള മാർഗ്ഗങ്ങൾ കുറവ്.
5. സാങ്കേതിക പരിജ്ഞാന കുറവ്
6. ധനസഹായം കിട്ടാനുള്ള സാങ്കേതിക ബുദ്ധിമുട്ട്
7. വിപണന സാദ്ധ്യത കുറവ്
8. പരമ്പരാഗത വ്യവസായ മേഖലകളിലെ തൊഴിലാളികൾക്കും കൈത്തൊഴിലുകാർക്കും പരിശീലനം ലഭിക്കാൻ സാദ്ധ്യത ഇല്ല.
9. വനിതകൾക്ക് തൊഴിലവസരം പൊതുവെ കുറവ്
10. സാങ്കേതിക പരിശീലനം ലഭിച്ച തൊഴിൽ രഹിതർക്ക് തൊഴിൽ നൽകാനുള്ള സാദ്ധ്യതയില്ല.
11. ഒരു സംരഭകന് അത്യാവശ്യമായി വേണ്ടുന്ന മാനസികമായ തയ്യാറെടുപ്പിന്റെ ശക്തമായിട്ടുള്ള പ്രേരണക്കുറവ്
12. വ്യവസായ മേഖലയുമായുള്ള സമ്പർക്കകുറവ്
13. വ്യവസായ വികസനവുമായി ബന്ധപ്പെട്ട ശ്സ്ത്രീയ ബോധവൽക്കരണ കുറവ്
14. മരവ്യവസായത്തിനാവശ്യമായ തടി ലഭിക്കാനുള്ള വിഷമം (ലഭിക്കായ്ക)

വ്യവസായം നേരിടുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്നാണ് കുറഞ്ഞ കൂലിനിരക്ക്. സ്ത്രീകളുടെ കൂലിനിരക്ക് വളരെ കുറവാണ്.

പട്ടിക V

വിവിധ മേഖലകളിലെ കൂലിനിരക്ക്

| ക്രമ നമ്പർ | ഇനം | കൂലിനിരക്ക് | |
|---|---|---|---|
| | | പുരു. | സ്ത്രീ |
| 1. | കൊപ്രസംസ്കരണം | 60 | – |
| 2. | കയർ | 70 | 30 |
| 3. | തടിവ്യവസായം | 100 | – |
| 4. | അച്ചടി | 50 | 30 |
| 5. | ഐസ്ഫാക്ടറി | 60 | – |
| 6. | അച്ചാറ്നിർമ്മാണം | – | 20 |
| 7. | ബേക്കറി | 60 | – |
| 8. | ആയുർവേദം | 50 | 40 |
| 9. | ഓയിൽമിൽ | 50 | – |
| 10. | പപ്പടം | 45 | – |
| 11. | ജൈവവളനിർമ്മാണം | 70 | 45 |
| 12 | ഭക്ഷ്യധാന്യംപൊടിക്കൽ | 70 | 35 |
| 13. | പായനെയ്ത്ത് | – | 30 |
| 14. | പ്ലാസ്റ്റിക്‌വ്യവസായം | – | 10 |
| 15. | സോഡാനിർമ്മാണം | – | 35 |
| 16. | എൻജിനിയറിംഗ് | 70 | – |
| 17. | പടക്കനിർമ്മാണം | – | 25 |
| 18. | ലെതർ–റെക്സിൻ | – | 20 |
| 19. | കല്ലുവെട്ട് | 75 | – |
| 20. | കാർഡ്ബോഡ്പെട്ടി | – | 35 |
| 21. | ഖാദി (1)ഒലിപ്രംയൂണിറ്റ് | – | 20 |
| | (2) അരിയല്ലൂർ യൂണിറ്റ് | – | 25 |

*അവലംബം: ഗ്രാമസഭാ റിപ്പോർട്ട് & സെക്കന്ററി ഡാറ്റ.*

## സാധ്യതകൾ

മലപ്പുറം ജില്ലയിൽ വിദ്യാസമ്പന്നരായ യുവതി യുവാക്കളിൽ മുൻപന്തിയിൽ നിൽക്കുന്ന നമ്മുടെ പഞ്ചായത്തിൽ നല്ലൊരു ശതമാനം ആളുകളും മറ്റു പഞ്ചായത്തുകളിലായി ജോലി ചെയ്യുന്നവരാണ്. കൂടാതെ 598 പേർ കേരളത്തിന് പുറത്ത് ഇന്ത്യയിലും

627 പേർ വിദേശത്തും ജോലി ചെയ്യുന്നു. എങ്കിലും വള രെയധികം വ്യവസായ സാധ്യതയുള്ള പ്രദേശമാണ്.

പരമ്പരാഗത മേഖലയിൽ ജോലി ചെയ്യുന്നവരുടെ എണ്ണം വളരെ കുറവാണ്. എങ്കിലും കയർ വ്യവസായ മേഖലയിലാണ് കൂടുതൽ ആളുകൾ ജോലി ചെയ്യുന്നത്. മൂന്ന് കയർ വ്യവസായ സഹകരണ സംഘങ്ങളിലൂടെയാണ് ഈ രംഗത്ത് തൊഴിൽ ലഭിക്കുന്നത്. കൂടാതെ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള 8 യൂണിറ്റുകളിലായി 59 പേർക്ക് തൊഴിൽ ലഭിക്കുന്നുണ്ട്. പ്രധാനമായും സ്ത്രീ തൊഴിലാളികളാണ് ഈ രംഗത്ത് പ്രവർത്തിക്കുന്നത്. പൊതുവെ കൂലി നിരക്ക് കുറഞ്ഞ മേഖലയായതിനാലാണ് ഈ രംഗത്തേക്ക് കൂടുതൽ ആളുകൾ ആകർഷിക്കപ്പെടാത്തത്. ഇപ്പോൾ പ്രവർത്തിക്കുന്ന മൂന്ന് സംഘങ്ങളിൽ തിരുത്തിയിലുള്ള സംഘത്തിൽ ശാസ്ത്രീയമായ രീതിയിലുള്ള ചൂടി നിർമ്മാണം ആരംഭിക്കാനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നുണ്ട്.

ഈ പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്നത് നാളികേരമാണെങ്കിലും അതുപയോഗിച്ച് പ്രവർത്തിക്കുന്ന വ്യവസായങ്ങളുടെ എണ്ണം വളരെ കുറവാണ്. തെങ്ങ്, തേങ്ങ, ചിരട്ട എന്നിവ ഉപയോഗിച്ചുള്ള വിവിധയിനം വ്യവസായങ്ങളെപ്പറ്റി ബോധവൽക്കരണം നടത്തുകയാണെങ്കിൽ ഈ മേഖലയിലേക്ക് കൂടുതൽ വ്യവസായസംരംഭകരെ ആകർഷിക്കാനും ഒരു നാളികേര കോംപ്ലക്സ് തന്നെ സ്ഥാപിക്കാനുള്ള സാധ്യത ഈ പഞ്ചായത്തിലുണ്ട്.

## ഖാദി മേഖല

ഖാദി ബോർഡിന്റെ ആഭിമുഖ്യത്തിൽ 8-ാം വാർഡിൽ ഉഷാ നഴ്സറിക്കു സമീപവും 12-ാം വാർഡിൽ മുണ്ടിയൻകാവ് പറമ്പിലുമായി രണ്ട് നൂൽനൂൽപ്പ് കേന്ദ്രങ്ങളുണ്ട്. ഇവയിൽ മൊത്തം 77 സ്ത്രീകൾ ജോലി ചെയ്യുന്നുണ്ട്. കുറഞ്ഞ വേതന നിരക്ക് ഈ മേഖലയിലെ തൊഴിലാളികളെ അസംതൃപ്തരാക്കുന്ന ഒരു ഘടകമാണ്. അതൊഴിവാക്കാൻ ഈ നൂല് ഉപയോഗിച്ച് 10 തറികളുള്ള ഒരു നെയ്ത്തുശാലയ്ക്ക് ഇവിടെ സാധ്യതയുണ്ട്.

പൂർണ്ണമായും കയറ്റുമതി ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഒരു മരം ഫർണിച്ചർ കമ്പനി ഉൾപ്പടെ 8 യൂണിറ്റുകൾ തടി രംഗത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുകൊണ്ടിരിക്കുന്ന ഈ പഞ്ചായത്തിൽ ഇനിയും മരം കൊണ്ടുള്ള വീട്ടുപകരണങ്ങൾക്ക് ആവശ്യക്കാർ വർദ്ധിച്ചേക്കാം. പക്ഷേ മരത്തിന്റെ ലഭ്യത ഇതിനൊരു ഭീഷണിയാവാൻ സാധ്യത കാണുന്നതിനാൽ കോൺക്രീറ്റ് കൊണ്ടുള്ള കെട്ടിട നിർമ്മാണ സാമഗ്രികൾ ഉണ്ടാക്കുന്നതിനുള്ള ഒരു സ്ഥാപനത്തിന് സാധ്യത കാണുന്നുണ്ട്.

ഏകദേശം 75 ലക്ഷം രൂപയുടെ നൈലോൺ വല മത്സ്യബന്ധനത്തിനായി ഓരോ വർഷവും ഈ പഞ്ചായത്തിൽ ഉപയോഗിക്കുന്നുണ്ട്. ഈ പ്രദേശത്തെയും അയൽ മേഖലകളിലേയും വില്പന സാധ്യത പരിശോധിക്കുമ്പോൾ ഒരു നൈലോൺ വല നിർമ്മാണ യൂണിറ്റ് തുടങ്ങാവുന്നതാണ്.

ഭൂമിശാസ്ത്രപരമായി ഒന്നും രണ്ടും വാർഡുകൾ പൂർണ്ണമായും 8,9 വാർഡുകൾ ഭാഗികമായും തീരപ്രദേശങ്ങളാണ്. മറ്റു വാർഡുകളിൽ കൊടക്കാട്, ഹീറോസ് നഗർ, അത്താണിക്കൽ, പരുത്തിക്കാട് കോട്ടക്കുന്ന് എന്നിവടങ്ങളിലെ ഉയർന്ന പ്രദേശങ്ങളിൽ വെള്ളത്തിന്റെ ലഭ്യത പൊതുവെ കുറവാണെങ്കിലും ഗതാഗതം, വൈദ്യുതി ലഭിക്കാനുള്ള മാർഗ്ഗങ്ങൾ, വാർത്താ വിനിമയ സൗകര്യങ്ങൾ എന്നിവ ലഭ്യമാണ്.

ഇവിടെ ലഭ്യമായ അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ച് കുറഞ്ഞ ചെലവിൽ ആരംഭിക്കാൻ സാധ്യതയുള്ള യൂണിറ്റുകൾ.

**പട്ടിക VI**

| വിഭാഗം | നമ്പർ | ഇനം |
|---|---|---|
| ജനറൽ എസ്.എസ്.ഐ | 1. | നവീന രീതിയിലുള്ള തൊണ്ടഴുക്കൽ |
| | 2. | യന്ത്രമുപയോഗിച്ച് പച്ച ചകിരിനാര് നിർമ്മാണം |
| | 3. | യന്ത്രവൽകൃത ചൂടി നിർമ്മാണം. |
| | 4. | ചവിട്ടി, ചൂടിപ്പടം, ചകിരിനാരിന്റെ കിടക്ക, തലയിണ, തുടങ്ങിയവ |
| | 5. | ചകിരിച്ചവറ് ഉപയോഗിച്ചുള്ള വളം |
| | 6. | തെങ്ങുകൊണ്ട് കെട്ടിടനിർമ്മാണ സാമഗ്രികളും ഫർണിച്ചറും |
| | 7. | ചിരട്ടപ്പൊടി |
| | 8. | തേങ്ങാ പൗഡറും, ക്രീമും (തേങ്ങാ പാൽ കുഴമ്പു രൂപത്തിൽ) |
| | 9. | വെളിച്ചെണ്ണ |
| | 10. | കന്നുകാലിത്തീറ്റ |
| | 11. | തേങ്ങാവെള്ളം ഉപയോഗിച്ചുള്ള ശീതള പാനീയങ്ങൾ |
| | 12. | ചാർക്കോൾ (ആക്റ്റിവേറ്റഡ് കാർബൺ) |
| | 13. | ചാർക്കോൾ ഓയിൽ |
| | 14. | ചിപ്സ് നിർമ്മാണം, (നേന്ത്രക്കായ, കപ്പ, ഉരുളക്കിഴങ്ങ്) |

–പട്ടിക തുടർച്ച

–പട്ടിക VI തുടർച്ച

| | | |
|---|---|---|
| വനിത | 1. | തെങ്ങ്, ചിരട്ട എന്നിവ ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കൾ:– കയിൽ, ചട്ടുകം, സ്പൂൺ മുതലായ ഗൃഹോപകരണങ്ങൾ, ഐസ്ക്രീം കപ്പ്, കപ്പും സോസറും, ഹെയർപിൻ ക്ലിപ്പ് തുടങ്ങിയ വസ്തുക്കൾ ഉണ്ടാക്കുന്ന യൂണിറ്റ് |
| | 2. | പഴം ജാമുകൾ : കൈതച്ചക്ക, നേന്ത്രപ്പഴം, ചക്ക, മാങ്ങ...... |
| | 3. | അവിൽ വ്യവസായം |
| | 4. | ഫാൻസി ഫൈബർ (വാഴനാര്, കൈതനാര്....) |
| | 5. | പേപ്പർ പൾപ്പ് കൊണ്ടുള്ള കട്ടിയുള്ള കടലാസും, കരകൗശല ഉൽപ്പന്നങ്ങളും |

*അവലംബം: SSI യൂണിറ്റിന്റെ PMRY profiles*

ഇന്ത്യയിൽ 7500ലധികം വിവിധതരം ഉൽപ്പന്നങ്ങൾ ചെറുകിട വ്യവസായമേഖലയിൽ ഉൽപാദിപ്പിക്കുന്നുണ്ട്. 2 ലക്ഷം കോടി വരുന്ന ഉൽപ്പന്നങ്ങൾ ചെറുകുട വ്യവസായമേഖലയിൽ ഉൽപാദിപ്പിക്കുന്നു അതിൽ ഏകദേശം 80000/– കോടി രൂപയുടെ ഉൽപന്നങ്ങൾ കയറ്റുമതി ചെയ്തു വരുന്നുണ്ട്. അതുപോലെ കേരളത്തിലെ ജനങ്ങൾ ശരാശരി 18 മീറ്റർ തുണി ഉപയോഗിക്കുന്നുണ്ടെങ്കിലും വളരെ കുറച്ച് തുണിത്തരങ്ങൾ മാത്രമാണ് കേരളത്തിൽ ഉപയോഗിക്കുന്നുള്ളൂ.

ആയിരത്തോളം വീടുകളിലായി 100ലധികം ആളുകളെങ്കിലും വ്യവസായ യൂണിറ്റുകൾ തുടങ്ങാൻ സന്നദ്ധരാണെങ്കിലും വള്ളിക്കുന്നിലെ വിപണികൾ മാത്രം ലഭിച്ചാൽപ്പോലും വളരുവാൻ സാധ്യതയുള്ള നിത്യോപയോഗ സാധനങ്ങൾ ഉൽപാദിപ്പിക്കുവാൻ മുന്നോട്ടു വരാത്ത നമ്മുടെ യുവജനങ്ങളുടെ ഇടയിൽ പുതിയൊരു വ്യവസായ വികസന ബോധം വളർത്തിയെടുക്കാൻ ആവശ്യമായ സാഹചര്യം ഉണ്ടാക്കി എടുക്കേണ്ടതുണ്ട്.

ചുരുങ്ങിയ മുതൽ മുടക്കിൽ, കമ്പോളം ലഭിക്കാൻ സാധ്യതയുള്ള വ്യവസായങ്ങൾ:

### പട്ടിക VII

| വിഭാഗം | നമ്പർ | ഇനം |
|---|---|---|
| ജനറൽ എസ്.എസ്.ഐ | 1. | നൈലോൺ വല നിർമ്മാണം |
| | 2. | ശാസ്ത്രീയമായ കോഴിവളർത്തൽ |
| | 3. | ആധുനിക രീതിയിലുള്ള ആയുർവേദ മരുന്നു നിർമ്മാണം |
| | 4. | മരം ഫർണിച്ചർ |
| | 5. | ബ്ലോക്ക് മോർഡ്സ് പ്ലാസ്റ്റിക് കണ്ടയിനർ |
| | 6. | ഹവായ് ചെരുപ്പ് |
| | 7. | അലുമിനിയ പാത്രങ്ങൾ |
| | 8. | ഫാൻസി ലതർ ഗുഡ്സ് |
| | 9. | സ്കൂൾ ബാഗ് |
| | 10. | പ്ലാസ്റ്റിക് ബട്ടൺസ് |
| | 11. | അലങ്കാര പണി ചെയ്ത മരം കൊണ്ടുള്ള വീട്ടുപകരണങ്ങൾ |
| | 12. | ലിക്വിഡ് ഡിറ്റർജന്റ് |
| | 13. | ക്ലീനിംങ് പൗഡർ |
| | 14. | ഇനാമൽ പെയിന്റിന്റെ നിർമ്മാണം |
| | 15. | ഇൻഞ്ചക്ഷൻ മോഡലുള്ള പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ |
| | 16. | ഓട്ടോ ഇലക്ട്രിക് ഷോപ്പ് |
| | 17. | ഇലക്ട്രിക്കൽ ജനറൽ വർക്ക് ഷോപ്പ് |
| | 18. | ജനറൽ എൻജിനീയറിംഗ് |
| | 19. | ഇരു ചക്ര വാഹനങ്ങളുടെ വർക്ക് ഷോപ്പ് |
| | 20. | ഇലക്ട്രോണിക് ഫാൻ റഗുലേറ്റർ |
| | 21. | ഇലക്ട്രോണിക് ചോക്ക് നിർമ്മാണം |
| | 22. | ഇലക്ട്രോണിക് ഓവർലോഡ് കട്ട് ഓഫ് |
| | 23. | എമർജൻസി ലാംബ് |
| | 24. | എസ്.ടി.ഡി./ലോക്കൽ ബയറിംഗ് സിസ്റ്റം |
| | 25. | സ്വിച്ച് ബോർഡ് |
| | 26. | സിന്തറ്റിക് വിനാഗിരി |
| | 27. | കുട്ടികളുടെ ഷു |

–പട്ടിക 7 തുടർച്ച

–പട്ടിക VII തുടർച്ച

| | | |
|---|---|---|
| | 28. | പുരുഷന്മാരുടെ ഷൂ |
| വനിത | 1. | ഉന്നത നിലവാരമുള്ള റെഡിമെയ്ഡ് വസ്ത്രങ്ങൾ |
| | 2. | അലക്ക് സോപ്പ് |
| | 3. | സോപ്പ് പൊടി നിർമ്മാണം |
| | 4. | പേപ്പർ കവർ നിർമ്മാണം |
| സഹകരണ സംഘം (വനിത) | 1. | കുട, നോട്ട് ബുക്ക് നിർമ്മാണം |
| | 2. | ബാഗ് റെയിൻകോട്ട് മുതലായ റെക്സിൻ ഉൽപ്പന്നങ്ങൾ |
| | 3. | കറി പൗഡർ |
| | 4. | കരിങ്കല്ല് ഉടച്ച് ജില്ലിയാക്കൽ |
| സഹകരണ സംഘം (ജനറൽ) | 1. | സിമന്റുകൊണ്ടുള്ള ജനാല, വാതിൽ കട്ടിൽ തുടങ്ങിയവ |
| | 2. | സ്റ്റീൽ ഫർണീച്ചർ |
| | 3. | പവ്വർലും തുണി നിർമ്മാണം (കോട്ടൺ, പോളിസ്റ്റർ) |
| | 4. | ഇഷ്ടിക നിർമ്മാണം |
| | 5. | നെയ്ത്ത് |
| | 6. | പഠന സഹായ സാമഗ്രികളും ലാബറട്ടറി ഉപകരണങ്ങളും |
| | 7. | സോളാർ ലൈറ്റുകൾക്കുള്ള Plates ഉം അനുബന്ധ ഉപകരണങ്ങളും |
| സഹകരണ സംഘം (പട്ടികജാതി) | 1. | കൂൺ കൃഷി |
| | 2. | സിമന്റ് ഇഷ്ടിക നിർമ്മാണം |
| | 3. | റെഡിമെയ്ഡ് വസ്ത്രങ്ങൾ |
| | 4. | കിടക്ക നിർമ്മാണം |

*അവലംബം : ജില്ലാ വ്യവസായ കേന്ദ്രം*

## വൻകിട വ്യവസായം

1. വള്ളിക്കുന്ന് പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു കോക്കനട്ട് കോംപ്ലക്സ് സ്ഥാപിക്കുക
2. SILK ന്റെ സഹകരണത്തോടെ 1–ാം വാർഡിലെ ഫിഷ് ലാന്റിംഗ് സെന്റർ ഫൈബർ ബോട്ട് നിർമ്മാണശാലയാക്കി മാറ്റുക
3. സ്പിന്നിംങ് മില്ലിന്റെ സഹകരണത്തോടെ 1000 സ്പിന്റിൽ ഉള്ള ഒരു അനുബന്ധയൂണിറ്റാരംഭിക്കുക
4. 8–ാം വാർഡിലെ മുദിയത്ത് ഒരു ഉപ്പു നിർമ്മാണ ശാലയുടെ സാധ്യത പരിശോധിക്കുക
5. ഡിസ്പോസിബിൾ സിറിഞ്ച് നിർമ്മാണ യൂണിറ്റ്

## ടൂറിസം വികസനം

സർക്കാർ ടൂറിസത്തെ വ്യവസായത്തിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. വള്ളിക്കുന്നിലെ ടൂറിസ്റ്റ് സാധ്യതയുള്ള പ്രദേശങ്ങൾ വികസിപ്പിച്ചാൽ കൂടുതൽ പേർക്ക് തൊഴിൽ നൽകാനും പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കാനുമുള്ള സാധ്യതയുണ്ട്.

1. 8–ാം വാർഡിൽപ്പെട്ട മുദിയം വികസിപ്പിച്ചെടുത്ത് ബോട്ട് യാത്ര സൗകര്യങ്ങളോടുകൂടിയ ഒരു ടൂറിസം കേന്ദ്രമാക്കി മാറ്റുക.
2. കടലുണ്ടി അഴിമുഖത്തുള്ള പക്ഷി സങ്കേതം വികസിപ്പിച്ച് സംരക്ഷിക്കുക
3. കടലുണ്ടി ബാലാതിരുത്തി–തട്ടാൻ ചുറ്റിദ്വീപ്–മണ്ണത്താംപാറ എന്നീ പ്രദേശങ്ങളെ ബന്ധപ്പെടുത്തി ഒരു ബോട്ട് സർവ്വീസ് ആരംഭിച്ച് ഉൾനാടൻ വിനോദസഞ്ചാരം വികസിപ്പിക്കുക.

## വൈദ്യുതി ഉല്പാദനവും വിതരണവും

8–ാം വാർഡിൽപെട്ട ഫിഷ് ലാന്റിംഗ് സെന്ററിന് തെക്ക് കിഴക്കായി സ്ഥിതി ചെയ്യുന്ന 17 ഏക്കറോളം വരുന്ന സ്ഥലത്ത് ഒരു വൈദ്യുത ഉൽപാദന കേന്ദ്രം ആരംഭിച്ച് വൈദ്യുത പ്രതിസന്ധിക്ക് പരിഹാരം കാണണം.

പഞ്ചായത്തിൽ കൂടുതൽ ശക്തിയുള്ള ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചും ഒരു പുതിയ സബ്സ്റ്റേഷൻ നിർമ്മിച്ചും വ്യവസായ പുരോഗതിക്ക് ആവശ്യമായ വൈദ്യുതിയുടെ അപര്യാപ്തത പരിഹരിക്കുക.

## വൈദ്യുതി സംരക്ഷണം.

വൈദ്യുതിയുടെ അമിത ഉപഭോഗം കുറയ്ക്കുന്നതിന് KSEB, ANERT, സർക്കാർ എന്നിവയുടെ സഹകരണത്തോടെ വീടുകളിൽ സോളാർ ലാംബുകൾ സ്ഥാപിക്കുക (ഓരോ വാർഡിലും പരീക്ഷണാർത്ഥം 25 വീടുകളിൽ)

## മിനി വ്യവസായ എസ്റ്റേറ്റ്

ഭാവിയിൽ സ്ഥലത്തിന്റെ ലഭ്യത കുറയുവാൻ സാധ്യതയുള്ളതിനാൽ ചുരുങ്ങിയത് 2 ഏക്കർ സ്ഥലമെങ്കിലും പഞ്ചായത്ത് ഏറ്റെടുത്ത് ഒരു വ്യവസായ എസ്റ്റേറ്റാക്കി വ്യവസായ സംരംഭകർക്ക് വാടകയ്ക്ക് കൊടുക്കുന്ന പദ്ധതി നടപ്പാക്കണം

## മറ്റ് ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. ഗ്ലാസ് ഫാക്ടറി
2. പ്രിന്റിംഗ് കോംപ്ലക്സ്
3. കാർഡ് ബോർഡ് പെട്ടികൾ
4. മിഠായി നിർമ്മാണം
5. മത്സ്യ സംസ്ക്കരണം
6. തീപ്പെട്ടി
7. കുറ്റിമുല്ല
8. പാൽ ഉൽപ്പന്നങ്ങൾ
9. കളിമൺ വ്യവസായം
10. അടയ്ക്ക സംസ്ക്കരണം
11. ഇലക്ട്രോണിക്ക് ഉൽപ്പന്നങ്ങൾ
12. പട്ടുനൂൽ വ്യവസായം

## നിർദ്ദേശങ്ങൾ

1. നവീന രീതിയിലുള്ള തൊണ്ടൊഴുക്കൽ സമ്പ്രദായം നടപ്പിലാക്കി കയർ സംഘങ്ങൾക്കാവശ്യമായ തൊണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തുകയും പരിസര മലിനീകരണം തടയുകയും ചെയ്യുക

   (ബന്ധപ്പെടേണ്ട സ്ഥാപനങ്ങൾ - കയർ ബോർഡ്, കയർഫെഡ് കയർ പ്രൊജക്ട് ഓഫീസ് പൊന്നാനി)

2. കീഴിലേയും കടലുണ്ടി നഗരത്തിലേയും കയർ സഹകരണസംഘങ്ങളിലും കൂടി യന്ത്രവത്കൃത ചൂടി നിർമ്മാണം ആരംഭിക്കണം.

   (കയർ സഹകരണസംഘങ്ങൾ, കയർ പ്രൊജക്ട് ഓഫീസ് പൊന്നാനി, കയർ വികസന ഡയറക്ടറേറ്റ് തിരുവനന്തപുരം, കയർ ഫെഡറേഷൻ ആലപ്പുഴ)

3. ചൂടികൊണ്ടുള്ള മറ്റുൽപന്നങ്ങൾ നിർമ്മിക്കുവാനുള്ള പരിശീലനവും നിർമ്മാണവും ആരംഭിക്കുക

   (1,2 എന്നിവയിലെ സൂചന)

4. വ്യവസായം തുടങ്ങുന്നതിന് താൽപര്യമുള്ളവരുടെ ഒരു പട്ടിക പഞ്ചായത്തിൽ ശേഖരിക്കുന്നതിനാവശ്യമായ പരസ്യം നൽകുകയും അതിൽ നിന്ന് വ്യവസായ സംരംഭകരെ വാർത്തെടുക്കുന്നതിന് വിദഗ്ദ പരിശീലനം നൽകുകയും, പരിശീലനം നൽകുന്നതിന്ന് താഴെപ്പറയുന്ന സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഒരു സ്ഥിരം പരിശീലനകേന്ദ്രം ജില്ലാതലത്തിൽ തുടങ്ങുകയും വേണം.

   a. District Industrial Centre, Malappuram

   b. Small Industries service Institute, Trichur.

   c. National Small Industries Corporation, Trichur.

   d. Keala state industrial and technology Consultancy organisation, Ernakulam.

   e. STED project office Kozhikode

   f. Regional Engineering college, Kozhikode

   g. National Institute for Enterprenership and small business Development, New-Delhi

   h. Enterprenership Development Institute of India, Ahamadabad

5. കരകൗശല രംഗത്ത് വിദഗ്ദമായ പരിശീലനം നൽകുന്നതിന് Deputy Commissioner, Ministry of Handloom & textiles, Trichur, എന്നിവരുമായി ബന്ധപ്പെട്ട് ഒരു craft Development Centre സ്ഥാപിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുക

ഇവിടെ സുലഭമായി ലഭിക്കുന്ന നാളികേരത്തെ അടിസ്ഥാനമാക്കിയുള്ള വിവിധതരം വ്യവസായങ്ങളെപ്പറ്റി ബോധവൽക്കരണം നടത്തുന്നതിന് നാളികേരം വികസനബോർഡ്, കേരഫെഡ് കയർ വികസന ഡയറക്ടർ, Regional Research Laboratory Trivandrum തുടങ്ങിയ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഒരു പരിശീലനം സംഘടിപ്പിക്കണം.

7. റെഡിമെയ്ഡ് വ്യവസായം തുടങ്ങാനാഗ്രഹിക്കുന്ന സംരംഭകർക്ക് പ്രസ്തുത രംഗത്തുള്ള നവീനരീതികളെപ്പറ്റിയും, അതിന്റെ വിപണന സാദ്ധ്യതകളെപ്പറ്റിയും Indian Institute of Fashion Technology, Madras എന്ന സ്ഥാപനത്തിന്റെ കീഴിൽ വിദഗ്ദ പരിശീലനം നൽകണം.

8. വ്യവസായം തുടങ്ങുവാനാഗ്രഹിക്കുന്ന ആളുകളെ കണ്ടെത്തി അവർക്ക് വ്യവസായസംരഭങ്ങളെപ്പറ്റിയുള്ള ആശങ്ക അകറ്റുന്നതിനും വിജയകരമായ രൂപത്തിൽ വ്യവസായം നടത്തിക്കൊണ്ടുപോകുന്ന വ്യവസായികളുമായി ആശയവിനിമയം നടത്തുന്നതിന് പര്യാപ്തമായ രീതിയിൽ വ്യവസായങ്ങൾ നേരിൽ കണ്ട് മനസ്സിലാക്കാൻ പഠനയാത്ര സംഘടിപ്പിക്കണം.

9. വള്ളിക്കുന്ന് പഞ്ചായത്തിൽ വ്യവസായ വളർച്ചക്കാവശ്യമായ ഒരുഅന്തരീക്ഷം സൃഷ്ടിക്കുന്നതിന് മലപ്പുറം ജില്ലാ വ്യവസായകേന്ദ്രം, മലപ്പുറം ജില്ലാ ചെറുകിട വ്യവസായ അസോസിയേഷൻ, മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ പത്ത് ദിവസം നീണ്ടു നിൽക്കുന്ന ഒരു വ്യവസായ കാർഷിക പ്രദർശനം സംഘടിപ്പിക്കുക.

10. വ്യവസായ രംഗത്തേക്ക് വരുന്നവർക്ക് വൈദ്യുതി ഉറപ്പുവരുത്തുന്നതിന് നിലവിലുള്ള എല്ലാ വൈദ്യുതി

ലൈനുകളും 3Phase ആക്കി മാറ്റുവാൻ വേണ്ട നടപടി സ്വീകരിക്കണം.

11. കണ്ടെത്തുന്ന വ്യവസായ സംരംഭകരെ നിരന്തരമായി പ്രോത്സാഹിപ്പിച്ച് വ്യവസായങ്ങൾ തുടങ്ങുവാനും. പ്രസ്തുത രംഗത്തെ നല്ലനിലയിൽ പ്രാവർത്തികമാക്കാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുവാൻ ഒരു സ്ഥിരം മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുകയും വേണം.

12. വ്യവസായ കേരളം പ്രസിദ്ധീകരണം പഞ്ചായത്തിൽ വരുത്തണം.

മേൽപറഞ്ഞ നിർദ്ദേശങ്ങൾ ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻഗണനാ ക്രമം നിശ്ചയിച്ച് നടപ്പാക്കിയാൽ നമ്മുടെ പഞ്ചായത്തിൽ അടുത്ത ഏതാനും വർഷങ്ങൾക്കുള്ളിൽ ചെറുകിട വ്യവസായരംഗത്ത് കാര്യമായ പുരോഗതി ഉണ്ടാക്കാൻ കഴിയും. നമുക്ക് ആവശ്യമായ നിത്യോപയോഗ സാധനങ്ങൾ ഇവിടെ തന്നെ ലഭ്യമാക്കാനും എല്ലാറ്റിനും അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന രീതി ഒഴിവാക്കാനും കഴിയും. ഈ പഞ്ചായത്തിലെ കാർഷിക വിളകളെ പ്രോത്സാഹിക്കുന്നതോടൊപ്പം നല്ലൊരു ശതമാനം തൊഴിലില്ലാത്തവർക്കും തൊഴിൽ നൽകുവാനും കഴിയും. പഞ്ചായത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക സ്ഥിതി മെച്ചപ്പെടുകയും നമ്മുടെ ആളോഹരി വരുമാനം വർദ്ധിക്കുകയും ചെയ്യും. ഇത് ജനങ്ങളുടെ സാമൂഹ്യ-സാമ്പത്തിക സാംസ്കാരിക പുരോഗതിക്ക് ആക്കം കൂട്ടുകയും - പുതിയ സാമൂഹ്യ ജീവിതാനുഭവങ്ങളും വികസന സാക്ഷരതയും വളർന്ന് വരാൻ കാരണമാവുകയും ചെയ്യും. ■






# 5.4

# വിദ്യാഭ്യാസം

മലബാറിന്റെ തലസ്ഥാനമായ കോഴിക്കോട് നഗരത്തിൽ നിന്ന് 18 കി.മീ. തെക്കുമാറി അറബിക്കടലിനെ ഉരുമ്മിക്കിടക്കുന്ന വള്ളിക്കുന്ന്, കോഴിക്കോട് സർവ്വകലാശാല സ്ഥിതിചെയ്യുന്ന തേഞ്ഞിപ്പലം പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിർത്തിയിലാണ്. കോഴിക്കോടുമായി എളുപ്പം ബന്ധപ്പെടാൻ സഹായിക്കുന്ന റെയിൽപാത വളരെ മുമ്പേ ബ്രിട്ടീഷുകാർ സമ്മാനിച്ചിരുന്നുവെങ്കിലും അത് ഉപയോഗപ്പെടുത്തി കോഴിക്കോട് നഗരത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ ആശ്രയിക്കാൻ ഇവിടത്തുകാർ ഔത്സുക്യം കാണിച്ചില്ല എന്നത് ഒരു വിരോധാഭാസമാണ്. വർത്തമാനകാലത്ത്, മലബാറിലെ ഉന്നത പഠനകേന്ദ്രമായ കോഴിക്കോട് സർവ്വകലാശാലയുടെ സാമീപ്യവും ഇവിടെ വിദ്യാഭ്യാസപരമായ ഉണർവ്വ് സൃഷ്ടിച്ചില്ല. എന്നിരുന്നാലും പിന്നോക്കജില്ലയായ മലപ്പുറത്തെ മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് സാക്ഷരതയിലും വിദ്യാഭ്യാസമ്പന്നരുടെ ലഭ്യതയിലും വളരെ മുന്നിലാണ് വള്ളിക്കുന്ന് എന്നത് ശ്രദ്ധേയമാണ്.

1920കളിലാണ്, സ്വന്തം വിദ്യാഭ്യാസ സ്ഥാപനം എന്ന മോഹം ചില വ്യക്തികളിലൂടെ പ്രകാശിതമായത്.

വിദ്യാഭ്യാസത്തിന്റെ അഭാവമാണ് ലഹളകൾക്കും സമാധാനഭഞ്ജനത്തിനും പിന്നോക്കാവസ്ഥക്കുമുള്ള പ്രധാന ഹേതുവെന്ന് ഈ നാട്ടിലെ ഉൽപതിഷ്ണുക്കൾ സിദ്ധാന്തിച്ചു. സ്വാതന്ത്ര്യസമര പ്രസ്ഥാനം ശക്തിയാർജ്ജിച്ചുവന്ന കാലഘട്ടമായിരുന്നു, അത്. വിദ്യാഭ്യാസ തല്പരരായ കുറെ ചെറുപ്പക്കാർ തനതായ വിദ്യാഭ്യാസ സംരംഭങ്ങളുമായി മുന്നോട്ടു വന്നു.

1920ൽ സ്ഥാപിതമായ മാപ്പിള ബോർഡ് സ്കൂളാണ് ഇവിടുത്തെ പ്രഥമ ഔപചാരിക വിദ്യാലയം. തുടർന്നു ഹിന്ദുബോർഡ് സ്കൂളും പട്ടികജാതി– പട്ടികവർഗ ക്ഷേമം മുൻനിർത്തി ശ്രീ. അയ്യപ്പൻ നായർ സ്ഥാപിച്ച ലേബർ സ്കൂളും നിലവിൽ വന്നു. ഇവയെല്ലാം പ്രൈമറി തലത്തിൽ മാത്രമായിരുന്നതിനാൽ ഉപരിപഠനത്തിന് പരപ്പനങ്ങാടിയിലെ ബാസൽ ഇവഞ്ചലിക്കൽ മിഷൻ (ബി.ഇ.എം.) സ്കൂളിനെയും ഫറൂക്കിലെ മറ്റു സ്ഥാപനങ്ങളെയും വിദ്യാർത്ഥികൾക്ക് ആശ്രയിക്കേണ്ടതായി വന്നു. ഇതിനുപരിഹാരമായി ഒരു അപ്പർ പ്രൈമറി സ്കൂൾ സ്ഥാപിക്കാൻ 1930ൽ കുറെ ചെറുപ്പക്കാർ രംഗത്തുവന്നു. ഒരു വാടകമുറിയിൽ 6–ാം ക്ലാസോടെ ആരംഭിച്ച സ്കൂൾ തൊട്ടടുത്ത വർഷത്തിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചു. 1931–ൽ പ്രസ്തുത സ്കൂളിനോട് ഹിന്ദു ബോർഡ് സ്കൂളും ലേബർ സ്കൂളും സംയോജിപ്പിക്കാൻ തീരുമാനമായി. ഇതിനിടയിൽ സ്കൂൾ ഭരണം കൈയാളിയിരുന്ന ശ്രീ. ടി.എൻ. നാരായണൻ മൂസ്സത് (അന്നത്തെ അംശം അധികാരി) യഥാർത്ഥ മാനേജർ പദവി ഏറ്റെടുത്തു. എന്നാൽ ഉയർന്ന ഫീസ് ചുമത്താൻ മാനേജർക്ക് ഉദ്ദേശമുണ്ടെന്ന് മനസ്സിലാക്കിയ ജനങ്ങൾ മലബാറിന് അപരിചിതമായ പ്രക്ഷോഭസമരത്തിന്റെ പാത സ്വീകരിച്ചു. മാനേജ്മെന്റ് നയത്തിനെതിരെ ജനങ്ങളെ സംഘടിപ്പിക്കുകയും

വിദ്യാർത്ഥികളെ സ്കൂളിൽ പോകുന്നതിൽനിന്ന് തടയുകയും ചെയ്തു. എല്ലാ വിഭാഗം വിദ്യാർത്ഥികളെയും സൗജന്യമായി സ്കൂളിൽ അധ്യയനം നടത്താൻ അനുവദിക്കുന്നതുവരെ ആ പ്രക്ഷോഭ സമരം തുടർന്നു.

മലബാർ പ്രദേശത്തെ ഇദംപ്രഥമമായ വിദ്യാഭ്യാസ പ്രക്ഷോഭമായിരുന്നു അത്. പിൽക്കാലത്ത്, വിദ്യാഭ്യാസ മേഖലയിലെ നീതി നിഷേധങ്ങൾക്കെതിരെ കേരളം സാക്ഷ്യം വഹിച്ചിട്ടുള്ള അനേകം പ്രക്ഷോഭങ്ങളുടെ നാന്ദികുറിക്കപ്പെടുകയായിരുന്നു, ഇവിടെ. 1930ൽ രൂപം കൊണ്ട ജില്ലാ ബോർഡിന്റെ ആഭിമുഖ്യത്തിൽ മുണ്ടിയങ്കാവ് എൽ.പി.എസ് (1930), കൊടക്കാട് എ.യു.പി.എസ് (1923), കടലുണ്ടിയിൽ കുഞ്ഞവറാൻ ഹാജി സാഹിബ് സ്ഥാപിച്ച എൽ.പി.എസ് (1926) അരിയല്ലൂർ ദേവിവിലാസം യു.പി.എസ് (1936) തിരുത്തി എ.യു.പി.എസ് (1933), എന്നിവയാണ് ഇവിടുത്തെ ഏറ്റവും പഴക്കം ചെന്ന വിദ്യാലയങ്ങൾ, വിദ്യാഭ്യാസം തൊഴിലധിഷ്ഠിതമാക്കുക എന്ന ഉദ്ദേശമുണ്ടായിരുന്നില്ലെങ്കിലും രണ്ട് വിദ്യാലയങ്ങളിൽ ചർക്ക ഉപയോഗിച്ച് നൂൽനൂൽപ് അഭ്യസിപ്പിച്ചിരുന്നു. സ്വാതന്ത്ര്യസമരത്തിന്റെ ആവേശം ജനങ്ങളിലെത്തിക്കാൻ വയോജന വിദ്യാഭ്യാസവും അക്കാലത്ത് സംഘടിപ്പിച്ചിരുന്നു. ചെറുതും വലുതുമായ നിരവധി വായനശാലകൾ ഈ ക്ലാസുകളുടെ വേദികളായി വർത്തിച്ചു.

ഏഴുപതിറ്റാണ്ടിലധികം ദൈർഘ്യമുള്ള വള്ളിക്കുന്നിലെ വിദ്യാഭ്യാസ ചരിത്രത്തിന്റെ സൃഷ്ടാക്കളും ആദ്യകാല പതാകവാഹകരിൽ പ്രധാനികളുമാണ് സർവ്വശ്രീ. ശങ്കുണ്ണിക്കുറുപ്പ്, അപ്പുക്കുറുപ്പ്, ഉള്ളിശ്ശേരി ഗോവിന്ദൻ, പി.കുഞ്ഞിരാമൻ മാസ്റ്റർ, ചെറുണ്ണി മാസ്റ്റർ, ടി.കെ. മാധവൻ തുടങ്ങിയവർ. 1930കളിൽ കോളറയുടെ പിടിയിലമർന്ന വള്ളിക്കുന്നുകാരെ ശുശ്രൂഷിക്കാനും ആശ്വസിപ്പിക്കാനും മുന്നിട്ടിറങ്ങിയ സംസ്കൃത പണ്ഡിതനായ മഹദ്ഗുരു കുഞ്ഞിരാമൻ മാസ്റ്ററെ മുതിർന്ന തലമുറ ആദരവോടെ ഇന്നും സ്മരിക്കുന്നു.

### പട്ടിക IA

### വിദ്യാർത്ഥികൾ, അധ്യാപകർ

| നമ്പ്ര് | സ്കൂൾ | മാനേജ്മെന്റ് | വിദ്യാർത്ഥികൾ | | | അധ്യാപകർ | | |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | പുരു. | സ്ത്രീ | ആകെ |
| 1. | സി.ബി.എച്ച്.എസ്. | എയ്ഡഡ് | 590 | 542 | 1132 | 24 | 23 | 47 |
| 2. | എം.വി.എച്ച്.എസ്. UP<br>HS | " | 351<br>630 | 387<br>701 | 2069 | 29 | 36 | 65 |
| 3. | എ.യു.പി.എസ്. കൊടക്കാട് LP<br>UP | " | 137<br>252 | 136<br>205 | 730 | 14 | 9 | 23 |
| 4. | DVAUP അരിയല്ലൂർ LP<br>UP | " | 82<br>135 | 69<br>102 | 388 | 6 | 12 | 18 |
| 5. | AMUPS കടലുണ്ടി നഗരം LP<br>UP | " | 157<br>167 | 162<br>182 | 668 | 16 | 7 | 23 |
| 6 | NAUPS അത്താണിക്കൽ LP<br>UP | " | 158<br>424 | 152<br>401 | 1135 | 10 | 26 | 36 |
| 7. | AUPS തിരുത്തി LP<br>UP | " | 82<br>123 | 75<br>120 | 400 | 7 | 9 | 16 |
| 8. | ALPS പരുത്തിക്കാട് | " | 70 | 57 | 127 | 2 | 3 | 5 |
| 9. | ALPS ശാസ്ത | " | 62 | 79 | 141 | 2 | 3 | 5 |
| 10. | AMLPS കീഴയിൽ | " | 114 | 101 | 215 | 3 | 5 | 8 |
| 11. | നവജീവൻ LP | " | 69 | 59 | 128 | 2 | 3 | 5 |
| 12. | AMLPS അരിയല്ലൂർ | " | 62 | 56 | 118 | 2 | 3 | 5 |
| 13. | East LPS, അരിയല്ലൂർ | " | 46 | 28 | 74 | 2 | 2 | 4 |
| 14. | KHMALPS | " | 107 | 95 | 202 | 4 | 4 | 8 |
| 15. | MVLPS | " | 273 | 239 | 512 | 6 | 6 | 12 |
| 16. | GUPS അരിയല്ലൂർ LP<br>UP | Govt. | 206<br>168 | 183<br>155 | 712 | 8 | 10 | 18 |
| 17. | GFLPS LP<br>UP (V) | " | 149<br>20 | 157<br>33 | 359 | 2 | 5 | 7 |
| 18. | GLPS LP<br>UP (V) | "<br>17 | 66<br>18 | 52<br>153 | 153 | 1 | 4 | 5 |
| | Total | | | | 9263 | 140 | 170 | 310 |

*അവലംബം: സെക്കന്ററി ഡാറ്റ*

സ്വാതന്ത്ര്യാനന്തരം വിദ്യാഭ്യാസരംഗത്ത് വമ്പിച്ച മുന്നേറ്റത്തിന് വള്ളിക്കുന്ന് സാക്ഷ്യം വഹിച്ചു. പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്കൂൾ (എം.വി.എച്ച്.എസ്) 1962ലും രണ്ടാമത്തേത് (സി.ബി.എച്ച്.എസ്) 1976ലും സ്ഥാപിതമായതോടെ പഞ്ചായത്തിലെ മൊത്തം സ്കൂളുകളുടെ എണ്ണം 18 ആയി ഉയർന്നു. ഇന്ന് 40000 ത്തോളം ജനസംഖ്യയുള്ള പഞ്ചായത്തിൽ ചെറുതും വലുതുമായ 18 വിദ്യാലയങ്ങളിലായി 9263 വിദ്യാർത്ഥികൾ അധ്യയനം നടത്തുന്നു. അധ്യാപകരുടെ എണ്ണം 310. പട്ടിക IA, IB, IC.

**പട്ടിക I (B)**

**LP, UP, HS വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവരം**

| ആകെ | LP | | | UP | | | HS | | |
|---|---|---|---|---|---|---|---|---|---|
| വിദ്യാർത്ഥികൾ | ആൺ | പെൺ | % | ആൺ | പെൺ | % | ആൺ | പെൺ | % |
| 9263 | 1840 | 1700 | 48.02 | 1657 | 1603 | 49.17 | 1220 | 1243 | 50.46 |

ആകെ 49.07%

**പട്ടിക I (C)**

**പട്ടികജാതി / പട്ടികവർഗ വിദ്യാർത്ഥികളുടെ കണക്ക്**

| LP | | | UP | | | HS | | |
|---|---|---|---|---|---|---|---|---|
| ആകെ | SC/ST | % | ആകെ | SC/ST | % | ആകെ | SC/ST | % |
| 3540 | 244 | 6.89 | 3260 | 224 | 6.87 | 2463 | 199 | 8.07 |
| | | | | | | | ആകെ | 7.2% |

സാമ്പത്തിക-സാമൂഹ്യ കാരണങ്ങളാൽ വളരെ ചെറിയൊരു ശതമാനം വിദ്യാർത്ഥികൾ ഇടക്കുവെച്ച് പഠനം നിർത്തുന്നുണ്ട്. 1995-96 വിദ്യാഭ്യാസ വർഷത്തിൽ "കൊഴിഞ്ഞുപോയ"വരുടെ വിവരം പട്ടിക I(D) യിൽ കൊടുത്തിരിക്കുന്നു.

**പട്ടിക I(D). പഠനം നിർത്തിയവരുടെ കണക്ക്**

| SC/ST | | | മറ്റുള്ളവർ | | ആകെ |
|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 6 | 2 | 8 | 278 | 166 | 444 |
| | | | | ആകെ | 452 |

*അവലംബം : പൊതുവിവര ശേഖരണ സർവ്വേ.*

ആകെയുള്ള സ്കൂളുകളിൽ മൂന്നെണ്ണം മാത്രമാണ് സർക്കാർ മേഖലയിലുള്ളത്. മൊത്തം അധ്യാപകരിൽ 9.67 ശതമാനവും വിദ്യാർത്ഥികളിൽ 13.21 ശതമാനവും ഇവയിലാണ്. (പട്ടിക II)

ഈ പഞ്ചായത്തിൽ ഭൂരിഭാഗമാളുകളും മക്കളെ പൊതു വിദ്യാലയങ്ങളിൽ ചേർക്കാൻ തയ്യാറാണ്. ഇവിടെനിന്ന് വിദൂരങ്ങളിലുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്ക് 150 ഓളം കുട്ടികൾ പോകുന്നുണ്ട്. വിദ്യാഭ്യാസത്തെ വരേണ്യവൽക്കരിക്കാൻ നടന്ന ബോധപൂർവ്വമായ ശ്രമങ്ങൾ നാട്ടിൻപുറത്തെ ഇടത്തരക്കാരിൽ പോലും ചെലുത്തിയ സ്വാധീനം ചെറുതല്ല.

ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളോ സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങളോ പഞ്ചായത്തിലില്ല. കോഴി

**പട്ടിക II ഗവ. സ്കൂളുകളിലെ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക്.**

| ആകെ അധ്യാപകർ (പഞ്ചായത്തിൽ) | 3 ഗവ. വിദ്യാലയങ്ങളിലെ അധ്യാപകരുടെ എണ്ണം | ഗവ. അധ്യാപകരുടെ എണ്ണം | പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ എണ്ണം | ഗവ. സ്കൂളുകളിലെ വിദ്യാർത്ഥികൾ | ശതമാനം |
|---|---|---|---|---|---|
| 310 | 30 | 9.67 | 9263 | 1224 | 13.21 |

ക്കോട്ടും പ്രാന്തപ്രദേശങ്ങളിലുമുള്ള കോളേജുകളിലേക്കും മറ്റു സാങ്കേതിക സ്ഥാപനങ്ങളിലേക്കും തിരൂരങ്ങാടി പോക്കർ സാഹിബ് മെമ്മോറിയൽ ഓർഫനേജ് കോളേജിലേക്കുമാണ് ഉന്നത വിദ്യാഭ്യാസത്തിനായി കുട്ടികളെ അയക്കുന്നത്. പ്രീഡിഗ്രിക്കും പ്ലസ് ടൂവിനും മറ്റു ബിരുദ-സാങ്കേതിക പഠനങ്ങൾക്കുമായി പഞ്ചായത്തിൽനിന്ന് മറ്റു പ്രദേശങ്ങളിലേക്ക് പോകുന്നവരുടെ എണ്ണം 363 ആണ്. (*അവലംബം. സാമൂഹ്യ സാമ്പത്തിക സർവ്വേ*)

**ഉന്നത വിദ്യാഭ്യാസത്തിനായി മറ്റ് സ്ഥലങ്ങളിലേക്ക് പോകുന്നവരുടെ കണക്ക്**

| | |
|---|---|
| പ്രീഡിഗ്രി , +2 | 140 |
| ഡിഗ്രി | 121 |
| ഐ. ടി. ഐ. | 37 |
| എൻജിനിയറിംഗ് | 8 |
| കമ്പ്യൂട്ടർ | 8 |
| മെഡിസിൻ | 4 |
| മറ്റുള്ളവ | 45 |

*അവലംബം: സെക്കണ്ടറി ഡാറ്റ*

പഞ്ചായത്തിലെ രണ്ട് ഹൈസ്കൂളുകളിലെയും വിജയശതമാനം താരതമ്യേന കുറവാണ്. വിജയിക്കുന്നവരുടെ മാർക്കും കുറവായതിനാൽ അഫിലിയേറ്റഡ് കോളേജുകളിൽ വളരെ ചെറിയൊരു വിഭാഗത്തിനു മാത്രമേ പ്രവേശനം ലഭിക്കാറുള്ളൂ. ഓരോ വർഷവും 200നും 300നുമിടയിൽ വിദ്യാർത്ഥികൾ കടലുണ്ടി, അച്ചൻകുന്നിലെ വനിതാ കോളേജ്, ഫറോക്ക്, പരപ്പനങ്ങാടി എന്നീ സ്ഥലങ്ങളിലെ പാരലൽ കോളേജുകളെ ശരണം പ്രാപിക്കുന്നു. വള്ളിക്കുന്നിൽ പ്രധാനമായും സ്കൂൾ വിദ്യാർത്ഥികൾക്കു ട്യൂഷൻ നൽകുന്ന ഇത്തരം മൂന്ന് സ്ഥാപനങ്ങളുണ്ട്. അവയിൽ നാമമാത്രമായി പ്രീഡിഗ്രി, ഡിഗ്രി, പി. ജി. കോഴ്സുകൾ നടത്തുന്നു.

8 ടൈപ്പ് റൈറ്റിംഗ് സ്ഥാപനങ്ങളിലായി 100ൽപരം പേർ ടൈപ്പ്റൈറ്റിംഗ് പരിശീലനം നടത്തുന്നു. എവിടെയും ഷോർട്ട്ഹാന്റ് പരിശീലനം ഗൗരവമായി നടക്കുന്നില്ല. സെറോക്സിന്റെ കടന്നുകയറ്റത്തോടെ ഈ സ്ഥാപനങ്ങളുടെയും ടൈപ്പ് റൈറ്റിംഗ് പരിശീലനം നേടുന്നവരുടെയും പ്രതീക്ഷകൾ പൊലിയുകയാണ്.

കമ്പ്യൂട്ടർ ട്രെയിനിങ്ങ് അടക്കമുള്ള സാങ്കേതിക പരിശീലന സ്ഥാപനങ്ങളൊന്നും പഞ്ചായത്തിലില്ല.

ഒരു പ്രീ പ്രൈമറി സ്കൂളും രണ്ട് നഴ്സറി സ്ഥാപനങ്ങളും ഇവിടെ പ്രവർത്തിക്കുന്നു. ഒന്ന് ഇംഗ്ലീഷ് മീഡിയമാണ്. മൂന്നുവയസ്സിനും അഞ്ച് വയസ്സിനുമിടയിലുള്ള കുട്ടികളധികവും സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന അങ്കൺ വാടികളിൽ പോകുന്നതിനാൽ മറ്റിടങ്ങളിൽനിന്ന് വ്യത്യസ്ഥമായി ഇംഗ്ലീഷ് മീഡിയം 'പ്രീ പ്രൈമറി വിദ്യാലയങ്ങളുടെ' വ്യാപനം കുറവാണ്. 40000 പരം ജനസംഖ്യയുള്ള ഈ പഞ്ചായത്തിൽ വെറും 29 അങ്കൺവാടികൾ മാത്രമേ അനുവദിച്ചിട്ടുള്ളൂ. അഞ്ചെണ്ണംകൂടി പുതുതായി നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. 1000 പേർക്ക് ഒന്ന് എന്ന അനുപാതം പാലിക്കപ്പെടണമെങ്കിൽ അടിയന്തിരമായും 6 അങ്കൺവാടികൾ കൂടി ഉടൻ പഞ്ചായത്തിന് അനുവദിച്ചുകിട്ടേണ്ടതാണ്. ഈ സൗകര്യം ലഭ്യമായിട്ടും പഞ്ചായത്തിൽനിന്നും നൂറോളം പിഞ്ചുകുട്ടികളെ ദൂരെ ദിക്കിലുള്ള ഇംഗ്ലീഷ് മീഡിയം നേഴ്സറി സ്കൂളുകളിലേക്ക് വിടുന്നു.

ബുദ്ധിമാന്ദ്യമുള്ളവർക്കായി 'ശേഷി' നടത്തുന്ന രണ്ട് വിദ്യാലയങ്ങൾ ഇവിടെ പ്രവർത്തിക്കുന്നു. മുസ്‌ലിംകളുടെ മതപഠന സ്ഥാപനമായ മദ്രസകൾ പത്തെണ്ണം പഞ്ചായത്തിലുണ്ട്. സാധാരണ സ്കൂൾ സമയത്തിനു മുമ്പും വൈകുന്നേരങ്ങളിലുമായി ദിവസവും മൂന്ന് മണിക്കൂർ മദ്രസകൾ പ്രവർത്തിക്കുന്നു. ഇത് ആ വിഭാഗം വിദ്യാർത്ഥികളുടെ സ്കൂൾ പഠനത്തെ ബാധിക്കുന്നുവെന്ന് ഒരു അഭിപ്രായമുണ്ട്. പഞ്ചായത്തിൽ ജോലി ചെയ്യുന്ന 310 അധ്യാപകരിൽ 20 ശതമാനം മാത്രമേ തദ്ദേശീയരുള്ളൂ. ബാക്കിയുള്ളവർ കേരളത്തിന്റെ പല ഭാഗത്തുനിന്നുമുള്ളവരാണ്. പഞ്ചായത്തിനു വെളിയിൽ അധ്യാപകരായി ജോലിചെയ്യുന്നവർ 50 പേരുണ്ട്. വിവധ കോളേജുകളിലും യൂണിവേർസിറ്റികളിലും അധ്യാപകരായി ജോലി ചെയ്യുന്ന 8 പേരുണ്ട്.

കോഴിക്കോട് സർവ്വകലാശാലയുടെ സാമീപ്യം ഇവിടത്തെ ബഹുഭൂരിപക്ഷത്തിനും അനുഭവവേദ്യമായിട്ടില്ല എന്നത് സത്യമാണ്. ഉന്നത വിദ്യാഭ്യാസത്തിനും ഗവേഷണത്തിനും അവിടെ എത്തുന്നവരിൽ വള്ളിക്കുന്നുകാർ വളരെ തുച്ഛമാണെന്ന യഥാർത്ഥ്യം നാം അറിയണം. നമ്മുടെ വിദ്യാഭ്യാസ ഘടനയുടെ ദൗർബ്ബല്യമാണ്, സർവ്വകലാശാലകളും മറ്റു ഉന്നത വിദ്യാപീഠങ്ങളും ജനങ്ങളിൽ നിന്ന് അന്യം നില്ക്കുന്നതിന് കാരണം. മറ്റെവിടെയുമെന്നപോലെ മിടുക്കൻമാരും മിടുക്കികളുമായ ചെറുപ്പക്കാർ ഇവിടെയും പെട്ടെന്ന് ജോലി നേടാനുതകുന്ന വിദൂര ബി. എഡ്. പോലുള്ള കോഴ്സുകളിൽ ആകൃഷ്ടരാവുന്നു.

ഗൾഫ് പണത്തിന്റെ സ്വാധീനം വിദ്യാർത്ഥികളുടെ ശ്രദ്ധ ക്ലാസുമുറിക്കു വെളിയിലേക്ക് നയിക്കുന്നു. പ്രായപൂർത്തിയായാൽ കടൽകടക്കാൻ വൃതമെടുക്കുന്ന ഓരോ വിദ്യാർത്ഥിയും പഠന പ്രവർത്തനങ്ങളിൽനിന്നകന്നു പോകുന്നു.

നിരവധി വിദ്യാലയങ്ങളും അനേകം വിദ്യാസമ്പ

ന്നരും നമുക്കുണ്ടെങ്കിലും പഞ്ചായത്തിലെ എല്ലാ വാർഡിലും നിരക്ഷരരായ അനേകം സഹോദരങ്ങളെ കാണാനാകും. (1-ാം വാർഡിലെ നിരക്ഷരത 30%! അവലംബം: ഗ്രാമസഭാ റിപ്പോർട്ട്) 90-ലെ സാക്ഷരതായജ്ഞത്തിന്റെ ആവേശം നിലനിർത്താൻ കഴിയാതെ പോയതിനാൽ നവ സാക്ഷരർ ക്രമേണ നിരക്ഷരരായി എന്നതാണ് ദുഃഖസത്യം. പഞ്ചായത്തിൽ മൊത്തം 10 ശതമാനത്തോളം നിരക്ഷരരുണ്ട്.

വിദ്യാഭ്യാസരംഗത്ത് ഇടപെടാൻ ഗ്രാമപഞ്ചായത്ത് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 1996 ജൂണിൽ പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളെയും സംയോജിപ്പിച്ചുകൊണ്ട് ഒരു വിദ്യാഭ്യാസ കോംപ്ലക്സ് പ്രവർത്തനം തുടങ്ങി. നിരക്ഷരതാനിർമ്മാർജ്ജനം, വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഏകീകരിച്ച് ചിട്ടപ്പെടുത്തുക, എസ്. എസ്. എൽ. സി. വിജയശതമാനവും പൊതു പഠന നിലവാരവും ഉയർത്തുക എന്നിവ കോംപ്ലക്സിന്റെ ലക്ഷ്യങ്ങളാണ്. പഞ്ചായത്തിലെ മുഴുവൻ വിദ്യാലയങ്ങളിലെയും അധ്യാപകരും രക്ഷിതാക്കളും അതിനോട് സഹകരിച്ചുവരുന്നു. ജൂലായ് മാസത്തിൽ നടത്തിയ പ്രീ ടെസ്റ്റിൽ വെളിവായ വസ്തുത പഞ്ചായത്തിലെ 25%ലധികം വിദ്യാർത്ഥികൾക്ക് അക്ഷര അക്കജ്ഞാനത്തിന്റെ തോത് വളരെ താഴ്ന്നതാണെന്നാണ്. ഒരു വർഷം നീണ്ടുനില്ക്കുന്ന വിപുലവും വ്യത്യസ്തവുമായ അനേകം പരിപാടികൾ ഏറ്റെടുത്ത് മുന്നോട്ട് പോകുന്നുണ്ട്. ബഹുഭൂരിപക്ഷം വിദ്യാലയങ്ങളും സ്വകാര്യമേഖലയിലായതിനാലും അധ്യാപകരുടെ നിയമനം പൂർണ്ണമായും മെറിറ്റടിസ്ഥാനത്തിലല്ല എന്നതിലും സ്വകാര്യ വിദ്യാലയങ്ങൾക്ക് സാമ്പത്തിക സഹായം നൽകാൻ ജനങ്ങൾ മടിക്കുകയാണ്. ഭാഗ്യനിർഭാഗ്യങ്ങൾക്കെല്ലാം മാനേജർ മാത്രമാണുത്തരവാദിയെന്ന സമീപനം ആത്മഹത്യാപരമാണെന്ന് നാൾക്കുനാൾ ബോധ്യമായി വരികയാണ്. അടിസ്ഥാന സൗകര്യങ്ങൾ പോലും ഇല്ലാത്ത സ്കൂളിന്റെ ചുറ്റുപാടുകളിൽ അധ്യയനം നടത്താൻ നിർബ്ബന്ധിക്കപ്പെടുന്ന വിദ്യാർത്ഥി എല്ലാ അർത്ഥത്തിലും പിൻതള്ളപ്പെട്ടുപോകും. ഇത്തരുണത്തിൽ അധ്യാപകനും രക്ഷിതാവും മാനേജരും ബഹുജനങ്ങളുമെല്ലാമടങ്ങിയ പുതിയ കൂട്ടായ്മ വളർത്തിയെടുക്കാൻ നാം പ്രതിജ്ഞ ചെയ്യേണ്ടതുണ്ട്. മാതൃകയായി അത്താണിക്കൽ നേറ്റീവ് എ. യു. പി. സ്കൂളിൽ 40000 രൂപയിലധികം ചെലവഴിച്ച് ആരംഭിച്ച ശുദ്ധജല വിതരണ പദ്ധതിയും മൈക്ക് സെറ്റും ഉയർത്തിക്കാട്ടേണ്ടതുണ്ട്.

മിടുക്കരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നല്കാൻ നാം അമാന്തിക്കരുത്. സി. ബി. എച്ച്. എസ്., നേറ്റീവ് എ. യു. പി. തിരുത്തി. എ. യു. പി. എസ്. തുടങ്ങിയ സ്ഥാപനങ്ങളിൽ പി.ടി.എ. അവാർഡുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഉണ്ണീരിക്കുട്ടി സ്മാരക എൻഡോവ്മെന്റ് കഴിഞ്ഞ 5 വർഷമായി പഞ്ചായത്തിലെ രണ്ട് ഹൈസ്കൂളുകളിൽനിന്ന് എസ്. എസ്. എൽ. സിക്ക് മലയാളത്തിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന വിദ്യാർത്ഥികൾക്ക് നൽകിവരുന്നു. 1995-ൽ രൂപംകൊണ്ട വള്ളിക്കുന്ന് സോഷ്യൽ സർവ്വീസ് ട്രസ്റ്റ് മിടുക്കൻമാരായ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കാൻ വിവിധ അവാർഡുകൾ ഏർപ്പെടുത്തിയിട്ടുണ്ട്.

പഞ്ചായത്തിലെ സന്നദ്ധ പ്രവർത്തകർ ശേഖരിച്ച പ്രാഥമിക ദ്വിതീയ വിവരങ്ങളുടെയും ഗ്രാമസഭയിലെ ചർച്ചകളിൽനിന്ന് ഉരുത്തിരിഞ്ഞുവന്ന നിഗമനങ്ങളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. 13 ഗ്രാമസഭകളിലും വിദ്യാഭ്യാസരംഗം സജീവചർച്ചയ്ക്ക് വിധേയമായി. പൊതുവായി അക്കാഡമിക് നിലവാരം, വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ, സൗകര്യങ്ങൾ എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി ഓരോ അംഗവും പഞ്ചായത്തിലെ പൊതു വിദ്യാഭ്യാസത്തെ വിലയിരുത്തിയതായി കാണാം. അക്കാഡമിക് നിലവാരത്തകർച്ച, സമരംകൊണ്ടും മറ്റുമുണ്ടാകുന്ന അധ്യയനനഷ്ടം, പാഠപുസ്തകങ്ങളുടെ ലഭ്യതയിലുണ്ടാകുന്ന കാലതാമസം, അദ്ധ്യാപക - വിദ്യാർത്ഥി അനുപാതം; ഭൗതിക സാഹചര്യങ്ങൾ, അധ്യാപക - രക്ഷാകർതൃ സമതി, ഉച്ചക്കഞ്ഞി, പുതിയ സ്കൂളുകളുടെ ആവശ്യകത, നിലവിലുള്ള ചിലവയുടെ upgradation, അധ്യാപകരുടെ പനഃപരിശീലനം, കൂട്ട ക്ലാസ് കയറ്റം, DPEP, DIET തുടങ്ങിയവയുടെ സേവന ലഭ്യത, മാസാന്ത പരീക്ഷകൾ, മൂല്യനിർണയം, പാഠ്യേതര പ്രവർത്തനങ്ങൾ എന്നിത്യാതി വിഷയങ്ങളെക്കുറിച്ചെല്ലാം ഓരോ ഗ്രാമസഭയിലും ചർച്ചകൾ നടന്നതായി കാണുന്നു. പഞ്ചായത്തിലെ രണ്ട് വിദ്യാലയങ്ങളിലെ മാനേജ്മെന്റിന്റെ ശൈലി ആ സ്കൂളുകളുടെ നിലവാരത്തകർച്ചയ്ക്ക് കാരണമാകുന്നുവെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടു. ഗ്രാമസഭയിൽനിന്ന് ഉരുത്തിരിഞ്ഞുവന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും വിലയിരുത്തുന്നതിന് മുൻകൂട്ടി ശേഖരിച്ച പ്രാഥമിക - ദ്വിതീയ വിവരങ്ങൾ സഹായകമായി.

ഇത്തരമൊരു റിപ്പോർട്ടിൽ പ്രഥമ പരിഗണന അർഹിക്കുന്ന ഒന്നാണ് അക്കാഡമിക് സൗകര്യങ്ങൾ. ഇത് ഒരു വിദ്യാലയത്തെ സംബന്ധിച്ചിടത്തോളം പരമപ്രധാനമാണ്. ക്ലാസ് മുറിയിൽ ചതഞ്ഞരയുന്ന വിദ്യാർത്ഥിക്ക് ഉന്മേഷം പകരാൻ കഴിയുന്നത്ര സൗകര്യങ്ങൾ ലഭ്യമാക്കണം. ലൈബ്രറി, ലബോറട്ടറി, പഠനോപകരണങ്ങൾ, ദൃശ്യ - ശ്രാവ്യ ഉപകരണങ്ങൾ, വൃത്തിയും വലിപ്പവുമുള്ള ബോർഡുകൾ, ഫർണിച്ചറുകൾ തുടങ്ങിയവ ഒരു വിദ്യാലയത്തിന്റെ യോഗ്യതാചിഹ്നങ്ങളായി പരിഗണിക്കപ്പെടുന്നു. ഇവിടത്തെ വിദ്യാ

## പട്ടിക IV
### അക്കാഡമിക് സൗകര്യങ്ങളുടെ ലഭ്യത

| | ലൈബ്രറി | പ്രവർത്തിക്കാത്തത്. | ലാബ് | പ്രവർത്തിക്കാത്തത് | പഠനോപകരണങ്ങൾ | റേഡിയോ | ടേപ്പ് റിക്കോർഡർ | ടെലിവിഷൻ | സിനിമാ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ബ്ലാക്ക് ബോർഡ് ആവശ്യമുള്ളവ | മാതൃസംഘം സജീവം | ക്ലാസ് പി. ടി. എ. പ്രവർത്തിക്കുന്നുണ്ടോ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| ഉള്ളത് | 14 | 14 | 9 | 7 | 17 | 4 | 2 | 1 | 0 | 1 | 6 | 15 | 11 |
| ഇല്ലാത്തത് | 4 | 4 | 9 | 11 | 1പരിമിതം | 14 | 16 | 17 | 18 | 17 | – | 3 | 7 |

ലയ സൗകര്യങ്ങളുടെ പരിമിതി വെളിപ്പെടുത്തുന്ന വസ്തുതകൾ പട്ടിക IVൽ കൊടുത്തിരിക്കുന്നു.

ലൈബ്രറി, ലാബററ്ററി സൗകര്യങ്ങളില്ലാത്ത സ്കൂളുകളിൽ, വിദ്യാർത്ഥികൾക്ക് പ്രത്യേകിച്ചും അപ്പർ പ്രൈമറി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ന്യായമായ അവകാശമാണ് നിഷേധിക്കപ്പെടുന്നത്.

വിദ്യാലയങ്ങളിലെ ഭൗതികസൗകര്യങ്ങളുടെ അപര്യാപ്തത നമ്മുടെ വിദ്യാഭ്യാസ മേഖലയുടെ ഏറ്റവും വലിയ പോരായ്മയാണ്. ചില ക്ലാസുകൾ താല്കാലിക ഓലഷെഡ്ഡിൽ നടത്തുന്ന ജി. യു. പി. എസ് ഒഴികെ കെട്ടിടങ്ങളുടെയും ക്ലാസുമുറികളുടെയും (ചിലയിടങ്ങളിൽ പ്രീ–കെ. ഈ. ആർ കെട്ടിടങ്ങൾ ഉപയോഗത്തിലുണ്ട്.) കാര്യത്തിൽ സ്വയം പര്യാപ്തരാണ്. മൂത്രപ്പുര, കക്കൂസ്, കുടിവെള്ളം തുടങ്ങിയവയുടെ ലഭ്യത പട്ടിക Vൽ

### പട്ടിക V ഭൗതിക സാഹചര്യങ്ങൾ

| | സ്കൂൾ | ആകെ വിദ്യാർത്ഥികൾ | ആകെ അദ്ധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|---|
| 1. | എ. യു. പി. എസ്. കൊടക്കാട് | 730 | 23 | 2 | ഇല്ല | ഇല്ല | ഇല്ല |
| 2. | KHAMLP | 201 | 8 | 2 | ഇല്ല | ഉണ്ട് | ഇല്ല |
| 3. | MULPS | 512 | 12 | 2 | 1 | ഉണ്ട് | ഉണ്ട് |
| 4. | GUPS | 712 | 18 | 2 | 3 | ഉണ്ട് | ഉണ്ട് |
| 5. | MVHS | 2069 | 65 | 3 | 2 | ഇല്ല | ഉണ്ട് |
| 6. | Ariyallur East LP | 74 | 4 | 1 | ഇല്ല | ഉണ്ട് | ഇല്ല |
| 7. | DVAUP | 388 | 18 | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| 8. | AMLPS അരിയല്ലൂർ | 118 | 5 | 1 | ഇല്ല | ഇല്ല | ഇല്ല |
| 9. | GFLPS | 359 | 7 | 1 | 1 | ഉണ്ട് | ഇല്ല |
| 10. | AMPUPS കടലുണ്ടിനഗരം | 668 | 23 | 2 | 1 | ഉണ്ട് | ഉണ്ട് |
| 11. | LPS നവജീവൻ | 128 | 5 | 1 | ഇല്ല | ഉണ്ട് | ഇല്ല |
| 12. | ALPS ശാസ്ത | 141 | 5 | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| 13. | ALMPS കീഴയിൽ | 215 | 8 | 2 | ഇല്ല | ഉണ്ട് | ഇല്ല |
| 14. | CBHS | 1132 | 47 | 4 | 2 | ഉണ്ട് | ഉണ്ട് |
| 15. | NAUPS | 1135 | 36 | 2 | ഇല്ല | ഉണ്ട് | ഉണ്ട് |
| 16. | ALPS പരുത്തിക്കാട് | 127 | 5 | 1 | ഇല്ല | ഉണ്ട് | ഇല്ല |
| 17. | GLPS | 153 | 5 | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് |
| 18. | AUPS തിരുത്തി | 400 | 16 | 3 | ഇല്ല | ഇല്ല | ഇല്ല |

*അവലംബം സെക്കണ്ടറി ഡാറ്റ*

ചേർത്തിരിക്കുന്നു.

മൂത്രപ്പുരയില്ലാത്ത മൂന്നും കക്കൂസില്ലാത്ത പന്ത്രണ്ടും വൈദ്യുതിയില്ലാത്ത പതിനൊന്നും കുടിവെള്ളം ലഭ്യമാകാത്ത നാലും സ്കൂളുകൾ പഞ്ചായത്തിലുണ്ട്. ശരാശരി 330 പേർക്ക് ഒരു മൂത്രപ്പുരയും 957 പേർക്ക് ഒരു കക്കൂസമാണ് നിലവിലുള്ളത്.

വിദ്യാർത്ഥികളുടെ പഠന നിലവാരം ആശാവഹമല്ല. കഴിഞ്ഞ 5വർഷത്തെ എസ്. എസ്. എൽ. സി. വിജയശതമാനവും 95-96-ലെ പാദ വാർഷിക പരീക്ഷക്ക് 3 മുതൽ 10-ാം ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികളുടെ മാർക്കും പട്ടികയായി ചേർത്തിരിക്കുന്നു. (*പട്ടികVI*)

**പട്ടിക VI - A**

| സ്കൂൾ | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| CBHS | 40% | 37% | 32% | 28% | 28% |
| MVHS | 38% | 39% | 33% | 30% | 33% |

**പട്ടിക VI B 95-96 കാൽപാദ പരീക്ഷ**

| ക്ലാസുകൾ | 30% താഴെ മാർക്കു ലഭിച്ചവർ | 30%നും 40%ഇടയിൽ മാർക്ക് ലഭിച്ചവർ | 40%to 50% നേടിയവർ | 50% to 60% മാർക്ക് നേടിയവർ | 60%ന് മുകളിൽ മാർക്ക് ലഭിച്ചവർ |
|---|---|---|---|---|---|
| III | 192 | 139 | 169 | 106 | 197 |
| IV | 98 | 142 | 159 | 163 | 289 |
| V | 356 | 367 | 197 | 136 | 203 |
| VI | 410 | 299 | 201 | 113 | 156 |
| VII | 398 | 254 | 168 | 115 | 153 |
| VIII | 495 | 152 | 97 | 69 | 97 |
| IX | 390 | 104 | 119 | 97 | 130 |
| X | 314 | 114 | 117 | 68 | 102 |

*അവലംബം സ്കൂൾ രേഖകൾ*

നിരവധി വസ്തുതകൾ വിദ്യാഭ്യാസ നിലവാരം താഴുന്നതിനു കാരണമായി ചൂണ്ടിക്കാണിക്കാം. വിദ്യാർത്ഥി സമരങ്ങൾ ഏഴ് വിദ്യാലയങ്ങളിലെ അധ്യയനത്തെ ബാധിച്ചിട്ടുണ്ട്. MVHSൽ 9.28 ശതമാനവും CBHSൽ 6.04 ശതമാനവും ക്ലാസുകൾ വിദ്യാർത്ഥി സമരംമൂലം നഷ്ടമായിട്ടുണ്ട്. ഹൈസ്കൂളുകളിൽ സംഘടനാ അടിസ്ഥാനത്തിൽ തന്നെയാണ് തിരഞ്ഞെടുപ്പുകൾ നടക്കാറുള്ളത്. ദൃശ്യമാധ്യമങ്ങളുടെ വ്യാപനം, നിലവാരം കുറഞ്ഞ പ്രസിദ്ധീകരണങ്ങളുടെ പ്രചാരണം എന്നിവ അനഭിലഷണീയമായ പ്രവണതകൾ വിദ്യാർത്ഥികളിൽ ഉളവാക്കുന്നു. നല്ലൊരു ശതമാനം കുട്ടികളും ഗൈഡുകളെയും ടൂഷ്യൻ ക്ലാസുകളെയും ആശ്രയിക്കുന്നു. കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ ശാസ്ത്രമാസികകളായ യുറീക്കയും ശാസ്ത്രകേരളവും യഥാക്രമം 200ഉം 50ഉം പഞ്ചായത്തിൽ വിറ്റഴിക്കപ്പെടുന്നു.

ഗ്രാമസഭാറിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വരുന്ന അഞ്ചുകൊല്ലത്തേക്കു വേണ്ട വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

I a. 6-ാം വാർഡിലെ പൊറാഞ്ചേരി പ്രദേശത്തും 8-ാം വാർഡിലെ 4 സെന്റ് പ്രദേശത്തും എൽ. പി. സ്കൂളുകൾ ആരംഭിക്കുക.

8-ാം വാർഡിൽ KECS ജനവിദ്യാ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നിർദ്ദിഷ്ട ആധുനിക പ്രീ പ്രൈമറി ആരംഭിക്കുക.

b) 2-ാം വാർഡിലെ ജി. എഫ്. എൽ. പി, 3-ാം വാർഡിലെ ശാസ്താ എൽ. പി. എസ്, 6-ാം വാർഡിലെ ജി. എൽ. പി. എസ് എന്നിവ യു. പി. തലത്തിലേക്ക് ഉയർത്തുക.

c) അരിയല്ലൂർ ജി. യു. പി. എസ്സും സി. ബി. എച്ച്. എസും വൊക്കേഷണൽ ഹയർ സെക്കണ്ടറിയായി ഉയർത്തുക.

d) എൽ. പി. സ്കൂളുകളോടനുബന്ധിച്ച് ശാസ്ത്രീയമായ രീതിയിൽ പ്രീ പ്രൈമറികൾ ആരംഭിക്കുക.

e) പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ അധ്യാപകർക്ക് റിഫ്രെഷർ കോഴ്സുകൾ നടത്തുക. വിദ്യാർത്ഥികൾക്കായി കലാ - കായിക മത്സരങ്ങൾ സംഘടിപ്പിക്കുക, കാലാകാലങ്ങളിൽ കായികാധ്യാപനം പകരാൻ നടപടികളാവിഷ്കരിക്കുക. പരീക്ഷകൾ ചിട്ടപ്പെടുത്താൻ ശ്രമിക്കുക.

II സ്കൂളുകളിൽ ടെക്സ്റ്റുബുക്കുകൾ യഥാസമയം എത്തിക്കാൻ നടപടി സ്വീകരിക്കുക.

III ഉച്ചക്കഞ്ഞി വിതരണത്തിനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കുക.

IV സ്കൂളുകളുടെ അറ്റകുറ്റപ്പണികൾ നടത്തുക.

V അധ്യാപക വിദ്യാർത്ഥി അനുപാതം കുറക്കുക.

VI പി. ടി. എകളും എം. പി. ടിഎകളും സജീവമാക്കാൻ യത്നിക്കുക.

ഗ്രാമസഭകളിൽ നിർദ്ദേശിക്കപ്പെട്ട വെക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട വിഷയങ്ങൾക്ക് ഊന്നൽ നല്കി ആരംഭിക്കുക. അതിനുപുറമെ പ്രാദേശിക വിഭവങ്ങൾ (മത്സ്യം, ചകിരി, ചിരട്ട, കക്ക, നാളികേരം, പഴ വർഗങ്ങൾ തുടങ്ങിയവ) പരമാവധി ഉപയോഗപ്പെടുത്തി ആരംഭിക്കാവുന്ന ചെറുകിട വ്യവസായങ്ങൾക്ക് യുവാക്കളെ പരിശീലിപ്പിക്കാൻ ഹ്യസ്വകാല കോഴ്സുകൾ നടത്തുന്ന പോളിടെക്നിക് ആരംഭിക്കുക. ചിലവ് കുറഞ്ഞ പഠനോപകരണങ്ങൾ വ്യാവസായികാടിസ്ഥാനത്തിൽ തുടങ്ങാനുള്ള ശ്രമം നടത്തുക.

പ്രാരംഭത്തിൽ പഞ്ചായത്തിനെ മാത്രം ലാക്കാക്കി കുട, നോട്ടുബുക്കുകൾ എന്നിവ നിർമ്മിക്കുന്നതിന് ഹൈസ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് പരിശീലനം നല്കുകയും മറ്റ് തൊഴിലുകൾ പരിശീലിപ്പിക്കാനാവുമോ എന്ന് പരിശോധിക്കുകയും ചെയ്യുക. പ്രീഡിഗ്രിക്ക് തുല്യമായ ഹയർസെക്കണ്ടറി സ്കൂൾ സ്ഥാപിക്കണം.

അനൗപചാരിക വിദ്യാഭ്യാസം പ്രദാനം ചെയ്യുക എന്ന ലക്ഷ്യം മുൻനിർത്തി ഒരു ദൃശ്യ - ശ്രാവ്യ സങ്കേതത്തിന് രൂപം നല്കണം. എല്ലാ സ്കൂളുകളേയും ഈ കേന്ദ്രവുമായി ബന്ധപ്പെടുത്തണം. ഈ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ പഞ്ചായത്തിലെ തല്പരരായ എല്ലാവർക്കും ആരോഗ്യ - വിദ്യാഭ്യാസ - പാരിസ്ഥിതി നൈപുണ്യം കൈവരിക്കാനുതകുന്ന ഹ്യസ്വകാല കോഴ്സുകൾ ജനപങ്കാളിത്തത്തോടെ ആരംഭിക്കണം.

വിദ്യാഭ്യാസരംഗം ചടുലമാക്കാൻ അടിയന്തിരമായി ചെയ്യേണ്ടത് ഇപ്പോൾ നിർജ്ജീവമായി കിടക്കുന്ന സ്കൂൾ കോംപ്ലക്സ് സംവിധാനം സജീവമാക്കുകയാണ്. വമ്പിച്ച തോതിലുള്ള സാമ്പത്തിക ബാദ്ധ്യതകളില്ലാതെ ബഹുജന പങ്കാളിത്തത്തോടെ അതിന്റെ ലക്ഷ്യങ്ങൾ കൈവരിക്കാൻ ശ്രമമാരംഭിക്കേണ്ടതുണ്ട്.

മുഖ്യമായും വിദ്യാലയങ്ങളിലെ പാഠ്യേതര പ്രവർത്തനങ്ങളിൽ ഊന്നിനിന്നുകൊണ്ട് വിദ്യാർത്ഥികളുടെ കർമ്മോത്സുകതയെ ത്വരിപ്പിക്കുകയും അതുവഴി പഠന പ്രവർത്തനങ്ങളിലേക്ക് അവരെ നയിക്കുകയുമാണ് വേണ്ടത്. സ്കൂൾ പാർലമെന്റുകൾ, സ്ക്വാഡുകൾ, ക്ലബ്ബുകൾ, സാഹിത്യസമാജങ്ങൾ, കൈയെഴുത്ത് - ചിത്രമാസികകൾ, പൂന്തോട്ട - പച്ചക്കറിത്തോട്ടങ്ങൾ, കായിക പരിശീലന പരിപാടികൾ, ദിനാചരണങ്ങൾ, പഠന - വിനോദ യാത്രകൾ തുടങ്ങിയ അനേകം പരിപാടികൾ അനായാസം ഏറ്റെടുക്കാവുന്നതാണ്.

മാസാന്ത പരീക്ഷകളും, മാതൃസംഗമങ്ങളും, ക്ലാസ് പി. ടി. എകളും എല്ലാം ഒത്തുചേർന്നാൽ തീർച്ചയായും നാം പരിതപിക്കുന്ന വിദ്യാഭ്യാസ മേഖലയിലെ ശോച്യാവസ്ഥ നമുക്ക് ഇല്ലായ്മ ചെയ്യാനാവും. ■





# 5.5

# കുടിവെള്ളവും പൊതുജന ആരോഗ്യവും

"ശുദ്ധമായ വായു, ശുദ്ധമായവെള്ളം, ശുചിത്വമുള്ള പാർപ്പിടം" ഒരു ജനതയുടെ ആരോഗ്യകാര്യത്തിൽ ഏറ്റവും അധികം സ്വാധീനം ചെലുത്തുന്ന ഘടകങ്ങളാണിവ. കുടിവെള്ളത്തിനായി പഞ്ചായത്തിലെ 85% ജനങ്ങളും കിണറുകളെയാണ് ആശ്രയിക്കുന്നത്. 4024 കിണറുകളുള്ളതിൽ 601 കിണറുകൾ വെള്ളമില്ലാത്തവയാണ്. പഞ്ചായത്തിന്റെ വിസ്തൃതിയുടെ 33.2%വും രൂക്ഷമായ ജലക്ഷാമമനുഭവപ്പെടുന്ന പ്രദേശങ്ങളാണ്. (8.34 ച. കി. മീ. അവലംബം സെസ്സ് റിപ്പോർട്ട്). കേരള വാട്ടർ അതോറിറ്റിയുടെ മൂന്ന് ജലവിതരണ പദ്ധതികൾ പഞ്ചായത്തതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്നു. ഇതിൽനിന്നു നിറംകൈതക്കോട്ട പദ്ധതിക്ക് വെള്ളം അവിടെനിന്നുതന്നെ ശേഖരിക്കുന്നു. വള്ളിക്കുന്ന്, പരപ്പനങ്ങാടി, തിരൂരങ്ങാടി പഞ്ചായത്തുകൾക്ക് സംയുക്തമായി തയ്യാറാക്കിയ CRWSS അനുസരിച്ചു ഇതു മറ്റു രണ്ടു പദ്ധതികൾക്കും പരപ്പനങ്ങാടിയിൽനിന്ന് വെള്ളം നല്കിപ്പോരുന്നു. പരപ്പനങ്ങാടി നിന്ന് നേരിട്ട് സ്ഥാപിച്ചു നടത്തുന്ന ടാപ്പുകൾ ഉൾപ്പെടെ 194 പൊതു ടാപ്പുകൾ പഞ്ചായത്തതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്നു. 114 വീടുകളിലും പൈപ്പ് വെള്ള കണക്ഷൻ ഉണ്ട്. വിവിധ വാർഡുകളിലായി 6 കുഴൽകിണറുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ആയത് വേണ്ട വിധം പ്രയോജനപ്പെടുന്നില്ല. പഞ്ചായത്തിലെ ജനസംഖ്യയുടെ 34% ശുദ്ധജലക്ഷാമം അനുഭവിക്കുന്നു.

**ശുദ്ധജല സ്രോതസ്സുകൾ**

**പട്ടിക 1**

| കിണറുകൾ | | | | കുഴൽ കിണറുകൾ | മൊത്തം കിണറുകൾ |
|---|---|---|---|---|---|
| പൊതുകിണറുകൾ | | സ്വകാര്യകിണറുകൾ | | | |
| വെള്ളമുള്ളത് | വെള്ളമില്ലാത്തത് | വെള്ളമുള്ളത് | വെള്ളമില്ലാത്തത് | | |
| 13 | 8 | 3410 | 593 | 6 | 4024 |

**പട്ടിക 2**

**KWA പദ്ധതികൾ (C.R.W.S.S)**

| കൊടക്കാട് | അത്താണി | കോട്ട | പരപ്പനങ്ങാടിയിൽ നിന്നുള്ള കണക്ഷൻ | മൊത്തം ടാപ്പുകൾ | സ്വകാര്യകണക്ഷൻ |
|---|---|---|---|---|---|
| 50 | 10 | 40 | 94 | 194 | 114 |

1995–96 വർഷത്തിൽ മാത്രം 1274 പേർക്ക് ജല ജന്യ രോഗങ്ങൾ ബാധിക്കുകയുണ്ടായി. കുടിവെള്ളം ശേഖരിക്കുന്നതിനായി 2 മുതൽ 4 കി. മീ. വരെ ദൂരെ സഞ്ചരിക്കേണ്ടിവരുന്നു. 28 കുടുംബങ്ങളുടെ സഹകര ണത്തോടെ വള്ളിക്കുന്ന് നോർത്തിൽ പ്രവർത്തിക്കുന്ന ജലവിതരണ പദ്ധതി കുടിവെള്ള പ്രശ്ന പരിഹാരത്തിന് ഒരുത്തമ മാതൃകയാണ്. വിശേഷാൽ ഗ്രാമസഭകളിൽ നിന്നുയർന്ന് വന്നതായ പ്രശ്നപരിഹാരങ്ങളും പഞ്ചാ യത്ത് തലത്തിൽ മൊത്തത്തിൽ ബാധകമാക്കാവുന്നതും ചർച്ചകളിലൂടെ രൂപപ്പെട്ടുവന്നിട്ടുള്ളതുമായി നിർദ്ദേശ ങ്ങളും സൂക്ഷ്മ വിശകലനത്തിനായി ഇതിൽ ചേർത്തി രിക്കുന്നു.

**പട്ടിക 3**

**കുടിവെള്ളം പ്രശ്ന പ്രദേശങ്ങളും പരിഹാര നിർദ്ദേശങ്ങളും**

| വാർഡ് | പ്രശ്നമേഖല | നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം |
|---|---|---|
| 1 | കോന്നംകുഴിപാടം ഹരിജൻ കോളനി | KWAയുടെ പൈപ്പ്ലൈൻ നീട്ടുക |
| 2 | വാർഡിലെ മൊത്തം സ്ഥലങ്ങളിലും ഉപ്പു വെള്ള ശല്യം | മണ്ണത്തൻപാറ അണക്കെട്ട് പ്രദേശത്ത് കിണർ നിർമ്മിച്ച് ചെട്ടിപ്പിടിയിൽ പ്രധാന പൈപ്പുമായി ബന്ധിപ്പിച്ച് ജല ലഭ്യത ഉയർത്തുക |
| 3 | ബാലാതിരുത്തി, കീഴയിൽ, എം. എം. എൽ. പി. സ്കൂൾ പരിസരം, പള്ളിപ്പടി, കോട്ടക്കുന്ന്, പൊറഞ്ചേരി (അടിവരയിട്ട സ്ഥലങ്ങളിൽ ഉപ്പു വെള്ളം) | കോട്ടക്കുന്ന്, ബാലാതിരുത്തി, പള്ളിപ്പടി – കുഴൽകി ണറുകൾ കോട്ടയിലെ കെ. ഡബ്ല്യു. എയുടെ കിണ റ്റിലെ ഉപ്പുവെള്ള പ്രശ്നം പരിഹരിക്കുക. സി. ബി. എച്ച്. എസിൽ വാട്ടർ ടാങ്കിൽ നിന്നും ബാലാതിരു ത്തിയിലേക്കും, ആനയാറങ്ങാടിലേക്കും ഉള്ള നിർദ്ദിഷ്ട പൈപ്പ് ലൈൻ പണി പൂർത്തീകരിക്കുക. |
| 4 | സി. ബി. എച്ച്. എസ്. ഹീറോസ് നഗർ പ്രദേശം, നവജീവൻ, കുറിയപ്പാടം കോളനി | സി. ബി. എച്ച്. എസിൽനിന്നുള്ള നിർദ്ദിഷ്ട പൈപ്പ് ലൈൻ 1കി. മീ. കൂടെ പടിഞ്ഞാറോട്ട് നീട്ടുക, നവ ജീവനിൽ പുതിയ കിണർ കുഴിക്കുക. കുറിയപാടം – കുഴൽക്കിണർ പൈപ്പ്ലൈൻ. |
| 5 | അത്താണി, നേറ്റീവ് സ്കൂൾ പരിസരം, വെ ള്ളേപ്പാടം മുകൾഭാഗം, കളരിപ്പറമ്പ്,ഹൈസ്കൂ ളിന് വടക്കുവശം, കൃഷിഭവൻ പരിസരം | ഹൈസ്കൂളിനടുത്തുള്ള പുതിയ ടാങ്കിന്റെ ചോർച്ച തടയുക, കുടിവെള്ളക്ഷാമമുള്ളിടത്തേക്ക് വാട്ടർ ടാപ്പ് കണക്ഷൻ നൽകുക. |
| 6 | കിഴക്കെമല, മേക്കോട്ട, ലക്ഷംവീട്, മുണ്ടിയൻ കാവ് പറമ്പ്, കണ്ടംപിലാക്കൽ | ലഭ്യമായ സ്ഥലങ്ങളിൽ കുഴൽ കിണർ കുഴിച്ച് വെള്ളം പ്രധാന ടാങ്കിലേക്ക് (കെ. ഡബ്ല്യു. എയുടെ) എത്തിച്ച്, പൈപ്പ് ലൈനിട്ട് ജലവിതരണം നടത്തുക. |
| 7 | വാർഡിൽ മൊത്തം ശുദ്ധജലക്ഷാമം അനുഭ വപ്പെടുന്നു. (ഉപ്പ്, ചെളി) | കെ. ഡബ്ല്യു. എയുടെ പൈപ്പ് ലൈൻ കരുമരക്കാട് വരെ നീട്ടി പൊതു ടാപ്പുകൾ വർദ്ധിപ്പിക്കുക. |
| 8 | കുറ്റ്യാർച്ചയിൽ ഹരിജൻ കോളനി, ബീച്ച് പ്രദേശം, കോളനി | തെക്കേകോട്ടിലെ പഞ്ചായത്ത് കിണർ ശുചിയാക്കുക, കെ. ഡബ്ല്യു. എയുടെ പൈപ്പ് ലൈൻ ദീർഘിപ്പിക്കുക. |

| | | |
|---|---|---|
| 9. | ബീച്ച് പ്രദേശം | ഒമ്പതാം വാർഡിനായി (പ്രശ്നമേഖല) മിനി സ്കീം നടപ്പിലാക്കുക. |
| 10. | പെരിങ്ങോട് പറമ്പ് നാലുകണ്ടം, കോട്ടേക്കുന്ന്, അംഗൻവാടി പരിസരം കാളാരൻ കുണ്ട് ഹരിജൻ കോളനി | കിണറുകൾ നിർമ്മിക്കുക, വാട്ടർടാങ്ക് ഉയർന്ന സ്ഥലത്ത് സ്ഥാപിക്കുക, പൈപ്പ് ലൈൻ ദീർഘിപ്പിക്കുക. |
| 11 | ഉയർന്ന പ്രദേശങ്ങളും പുഴയോരങ്ങളും | കെ. ഡബ്ല്യു. എയുടെ പൈപ്പ് ലൈൻ ദീർഘിപ്പിക്കുക, പുതിയ ടാപ്പുകൾ സ്ഥാപിക്കുക, പുതിയ വാട്ടർ ടാങ്ക് ഉയർന്ന സ്ഥലത്ത് സ്ഥാപിച്ച് കണക്ഷൻ നല്കി ശുദ്ധജലക്ഷാമം പരിഹരിക്കുക. |
| 12 | പരുത്തിക്കാട് കൈപ്പുറം, പോകര, മുണ്ടിയൻകാവ് പറമ്പ്, ഒലിപ്രം തിരുത്തി | വെള്ളേപ്പാടത്തുനിന്ന് പൈപ്പ്ലൈൻ ദീർഘിപ്പിക്കുക വഴി കൈപ്പുറം, പോകര, മുണ്ടിയൻകാവ് എന്നിവിടങ്ങളിലും, തിരുത്തിയിൽ, കാക്കഞ്ചേരി ഡാനിഡ പദ്ധതിയിൽ നിന്നും ശുദ്ധജലം ലഭ്യമാക്കുക. |
| 13 | കൊടക്കാട് | വട്ടോളിയിൽ Upholder tank സ്ഥാപിക്കുക. |

## കുടിവെള്ള ക്ഷാമബാധിത പ്രദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും

1-ാം വാർഡ്: കോന്തം കുഴി ഹരിജൻ കോളനിയിൽ അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം കെ. ഡബ്ല്യു. എയുടെ പൈപ്പ് ലൈൻ ഇവിടേക്ക് ദീർഘിപ്പിച്ച് പരിഹരിക്കാവുന്നതാണ്.

2-ാം വാർഡ്: കിണറുകളിൽ ഉപ്പുവെള്ളം കയറുന്നതിനാൽ ഇവിടെ മൊത്തത്തിൽ കുടിവെള്ളത്തിന് ക്ഷാമമനുഭവപ്പെടുന്നു. പൈപ്പുവെള്ളം കുറ്റമറ്റ രീതിയിൽ വിതരണം ചെയ്യുകയാണ് പരിഹാരമായി നിർദ്ദേശിക്കുന്നത്.

3-ാം വാർഡ്: ബാലാതിരുത്തി, കീഴയിൽ, എം. എം. എൽ. പി. സ്കൂൾ പരിസരം, പള്ളിപ്പടിയുടെ പടിഞ്ഞാറുഭാഗം, കോട്ടക്കുന്ന്, ചൊറാഞ്ചേരി എന്നിവിടങ്ങളിൽ കുടിവെള്ളക്ഷാമമുണ്ട്. ഇതിൽ ബാലാതിരുത്തി, കീഴയിൽ, കോട്ടയിൽ താഴെ ഭാഗം, പൊറാഞ്ചേരി എന്നിവിടങ്ങളിലും ഉപ്പുവെള്ളം കയറുന്നതിനാലും, എം. എം. എൽ. പി. സ്കൂൾ പരിസരം, പള്ളിപ്പടി, കോട്ടക്കുന്ന് എന്നിവിടങ്ങളിൽ ഭൂമിശാസ്ത്രപരമായി വരണ്ട പ്രദേശങ്ങളായതുമാണ് ക്ഷാമകാരണം. ഇതിൽ കോട്ടക്കുന്ന്, പള്ളിച്ചടി, ബാലാതിരുത്തി എന്നിവിടങ്ങൾ പരീക്ഷണാർത്ഥം കുഴൽകിണറുകൾ നിർമ്മിക്കാവുന്നതാണ്. ക്ഷാമം രൂക്ഷമാകുന്ന വേനൽക്കാലത്ത് താൽക്കാലിക മാർഗ്ഗങ്ങളിലൂടെ ശുദ്ധജലമെത്തിക്കണം. കോട്ടയിലെ കെ. ഡബ്ല്യു. എയുടെ കിണറിൽ ഉപ്പുവെള്ളം കയറുന്നത് തടയാനുള്ള സംവിധാനം അടിയന്തിരമായി ഏർപ്പെടുത്തണം. ഈ കിണറിനടുത്ത് മറ്റൊരു കിണർ കുഴിച്ച് കൂടുതൽ ജലം പമ്പുചെയ്യാൻ കഴിയുമോ എന്നും പരിശോധിക്കേണ്ടതാണ്. അത്താണിക്കൽ ജലസംഭരണിയിൽ നിന്ന് ബാലാതിരുത്തി കീഴയിൽ, എം. എം. എൽ. പി. പള്ളിപ്പടി, കോട്ടക്കുന്ന് ഭാഗങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടി പ്രശ്നത്തിന് പരിഹാരം കാണാവുന്നതാണ്. കോട്ടയിലെ കെ. ഡബ്ല്യു. എയുടെ പൈപ്പുകളിലൂടെ മലിനജലം ഒഴുകുന്നത് പരിഹരിക്കാൻ സത്വര നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്.

നാലാം വാർഡ്: നാലാം വാർഡിൽ CBHS മുതൽ പടിഞ്ഞാറോട്ട് ഹീറോസ് നഗർ വരെയുള്ള പ്രദേശങ്ങൾ രൂക്ഷമായ കുടിവെള്ളക്ഷാമമനുഭവിക്കുന്നു. ഇപ്പോൾ പൈപ്പ് ലൈൻ സ്ഥാപിക്കാൻ തീരുമാനമായ മീച്ചിക്കുൽ മുതൽ ഒരു കിലോമീറ്റർ കൂടി പടിഞ്ഞാറോട്ട് ദീർഘിപ്പിക്കാൻ കെ. ഡബ്ല്യു. എ. അധികൃതരുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കണം. ഈ വാർഡിലെ തന്നെ നവജീവൻ, കുറിയപ്പാടം ഹരിജൻ കോളനി എന്നിവിടങ്ങളിലും കുടിവെള്ളക്ഷാമമനുഭവപ്പെടുന്ന പ്രദേശങ്ങളാണ്. നവജീവനിലെ പഞ്ചായത്ത് കിണറിന്റെ നിർമ്മാണത്തിലെ തകരാറുകൾമൂലം വെള്ളം ഉപയോഗ്യമല്ല. പുതിയ ഒരു കിണർ കുഴിച്ച് ഈ കുറവ് നികത്തേണ്ടതാണ്. കെ. ഡബ്ല്യു. എയുടെ പൈപ്പുകളിൽ വെള്ളമെത്തിക്കാൻ നടപടികളെടുക്കണം. കൂടാതെ കുഴൽ കിണറുകൾ സ്ഥാപിക്കാൻ പറ്റിയ സ്ഥലങ്ങൾ സർവ്വെ നടത്തി കണ്ടെത്തണം. സി. ബി. എച്ച്. എസ്. – ഹീറോസ് നഗർ

റോഡ്, ഉണ്ണീരി മാസ്റ്റർ റോഡിൽ കളരിപ്പറമ്പ് ഇടവഴി ചേരുന്നതുവരെ, പണിക്കർ പാറ – പള്ളിയാളി റോസ്, ഉണ്ണീരിമാസ്റ്റർ – കുറ്റിക്കാവിൽ റോഡ് ചോപ്പൻകാവ് – ചെറൂത്ത് റോഡ് എന്നിവിടങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിക്കാൻ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

5–ാം വാർഡ്: കെ. ഡബ്ലു. എ. പുതിയതായി നിർമ്മിച്ച ടാങ്ക് ചോർച്ച മൂലം ഉപയോഗ്യമല്ല. ഈ തകരാറ് പരിഹരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. കളരിപ്പറമ്പ് – കാവുങ്ങര കൃഷിഭവൻ പരിസരം, നേറ്റീവ് സ്കൂൾ – മുണ്ടക്കാട് ഇടവഴി എന്നിവിടങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുക. പൊട്ടംകുഴി ഹരിജൻ കോളനി, പരുത്തിക്കാട് ലക്ഷം വീട് കോളനി എന്നിവിടങ്ങളിലും പൈപ്പ് വെള്ളം ലഭ്യമാക്കണം.

6–ാം വാർഡ്: വാർഡിലെ കിഴക്കേമല, മേക്കോട്ട, ലക്ഷംവീട്, കണ്ടം പിലാക്കൽ, മുണ്ടിയൻകാവ് എന്നീ പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമമനുഭവപ്പെടുന്നു. ഭൂഗർഭജലം ലഭ്യമായ സ്ഥലങ്ങൾ സർവ്വേയിലെ കണ്ടെത്തി കിണറുകൾ കുഴിച്ച് 5–ാം വാർഡിലെ ടാങ്കിലേക്കെത്തിച്ച് പ്രശ്നപരിഹാരം കാണാവുന്നതാണ്.

7–ാം വാർഡ്: ഭൂരിഭാഗം സ്ഥലങ്ങളിലും ജലക്ഷാമമനുഭവപ്പെടുന്നു. പലസ്ഥലത്തും ഉപ്പുവെള്ളമാണ് പ്രശ്നം. പൈപ്പുകൾ വഴിയുള്ള ജലവിതരണം നാമമാത്രമാണ്. പൈപ്പ് ലൈൻ കരുമരക്കാട് വരെ ദീർഘിപ്പിച്ച് ജല ലഭ്യത വർദ്ധിപ്പിച്ചാൽ പ്രശ്നത്തിന് ഒരുപരിധിവരെ പരിഹാരമാകും.

8–ാം വാർഡ്: കുറ്റ്യാർച്ചയിൽ ഹരിജൻ കോളനിയിൽ കുടിവെള്ളക്ഷാമമനുഭവപ്പെടുന്നു. തെക്കേകൊടിലെ പൊതുകിണർ ശുചിയാക്കുകയും കെ. ഡബ്ലു. എ. പൈപ്പ് ലൈൻ ഇവിടേക്ക് ദീർഘിപ്പിക്കുകയും ചെയ്താൽ പരിഹാരമാകും. ഈ പ്രദേശങ്ങളിലെ ചില കിണറുകളിൽ വെള്ളം ധാരാളമായുണ്ടെങ്കിലും കുടിവെള്ളത്തിന് യോഗ്യമല്ല.

9–ാം വാർഡ്: ഈ വാർഡിലെ തീര പ്രദേശത്ത് മാത്രമാണ് ക്ഷാമമനുഭവപ്പെടുന്നത്. പരിഹാരമായി ഒരു മിനി വാട്ടർ സപ്ലൈ സ്കീം നടപ്പാക്കേണ്ടതാണ്.

10–ാം വാർഡ്: പെരിങ്ങോട്ടുപറമ്പ്, നാലുകണ്ടം, കോട്ടക്കുന്ന്, അംഗനവാടി പരിസരം, കളാരക്കുണ്ട് ഹരിജൻ കോളനിയിലും കുടിവെള്ളത്തിന് ക്ഷാമമുണ്ട്. പൊതു കിണറുകൾ നിർമ്മിക്കുന്നത് പ്രശ്നത്തിന് പരിഹാരമാകും. ഇവിടത്തെ വാട്ടർ ടാങ്ക് താഴ്ന്ന പ്രദേശത്താകയാൽ ഉയർന്ന സ്ഥലങ്ങൾ – കളാരം കുണ്ട് ഹരിജൻ കോളനികളിൽ വെള്ളം കിട്ടുന്നില്ല. ടാങ്ക് ഏറ്റവും ഉയർന്ന പ്രദേശത്ത് സ്ഥാപിക്കാൻ നടപടി എടുക്കണം. കല്പാലം – കുന്നപ്പള്ളി റോഡ്, പടിഞ്ഞാറെ മാണിശ്ശേരി ഇടവഴി – പുഞ്ചപ്പാടം റോഡ്, കിഴക്കേ മണിശ്ശേരി ഇടവഴി നാലുകണ്ടം തോട്ടത്തിൽ ഇടവഴി, ആലിൻ ചുവട് – കല്ലുവെട്ടിക്കുഴി കോട്ടേക്കുന്ന് കറുത്തേടത്ത് പറമ്പ് കോട്ടക്കുന്ന്–കാളാരംകുണ്ട് ഹരിജൻ കോളനി റോഡ്, കോലാക്കൽ ഇടവഴി നാറ്റനാഴി പാടം റോഡ്, കറുത്തേടത്ത് പറമ്പ്–നാറ്റനാഴി ഇടവഴി എന്നിവിടങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതാണ്.

11–ാം വാർഡ്: ഉയർന്ന പ്രദേശങ്ങളിലും തീരപ്രദേശങ്ങളിലുമാണ് ക്ഷാമമനുഭവപ്പെടുന്നത്. തീര പ്രദേശങ്ങളിൽ ഉപ്പുവെള്ള പ്രശ്നമാണ്. പല സ്ഥലങ്ങളിലും കിണറുകളിൽ അടഞ്ഞ ചളിയാണ് കാണുന്നത്. ജലസംഭരണി താഴ്ന്ന സ്ഥലത്തായതിനാൽ വെള്ളം ഉയർന്ന പ്രദേശങ്ങളിൽ ലഭിക്കുന്നില്ല. പുതുതായി ഒരു ടാങ്ക് നിർമ്മിച്ച് പ്രശ്നം പരിഹരിക്കേണ്ടതാണ്. പയ്യാരം വീട് – പാറക്കൽ റോഡ്, വെള്ളാക്കൽ റോഡ്, കണ്ണിരൽ റോഡ്, പാറോൽ പുറായി റോഡ്, വട്ടോളി പുല്പാലി റോഡ്, കണ്ണംകുളം – തയ്യിലക്കടവ് റോഡ് എന്നിവിടങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതാണ്.

12–ാം വവാർഡ്: വാർഡിൽ പരുത്തിക്കാട്, കൈപ്പുറം, പോകരാമുണ്ടിയൻ കാവ് പറമ്പ്, ഒലിപ്രം തിരുത്തി എന്നിവിടങ്ങളിലാണ് കുടിവെള്ളക്ഷാമം രൂക്ഷമായുള്ളത്. തിരുത്തിയിൽ ഉപ്പുവെള്ളം കയറുന്നതാണ് പ്രശ്നം. പൈപ്പ് ലൈനുകളിലൂടെ വെള്ളം ലഭിക്കുന്നില്ല. ഇവിടേക്ക് കാക്കഞ്ചേരി "ഡാനിഡ" പദ്ധതിയിൽനിന്നും വെള്ളം ലഭിക്കുവാൻ നടപടികൾ കൈക്കൊള്ളേണ്ടതാണ്. വെള്ളേപ്പാടം വരെ എത്തിനില്ക്കുന്ന പൈപ്പ് ലൈൻ 12–ാം വാർഡിലേക്ക് ദീർഘിപ്പിച്ച് കൈപ്പുറം, പോകര, മുണ്ടിയൻ കാവ് എന്നിവിടങ്ങളിലെ ജലക്ഷാമം പരിഹരിക്കാവുന്നതാണ്.

13–ാം വാർഡ് : വാർഡിലെ ചില സ്ഥലങ്ങളിൽ – പനച്ചിക്കൽ ഹരിജൻ കോളനി, കൽപ്പാലം ഹരിജൻ കോളനി – കുടിവെള്ളക്ഷാമമനുഭവപ്പെടുന്നു. ഇവിടത്തെ താഴ്ന്ന പ്രദേശത്തെ ടാങ്കിനുപകരം 11–ാം വാർഡിലെ ടാങ്ക് സ്ഥാപിച്ചാൽ കൊടക്കാട് പ്രദേശത്തെ ക്ഷാമം പരിഹരിക്കാവുന്നതാണ്. (അനുബന്ധം – 1)

## 2. ചെറുകിട ശുദ്ധജല പദ്ധതികൾ

ചെറുകിട പദ്ധതികളെക്കുറിച്ച് എല്ലാ വാർഡുകളിൽനിന്നും പരാമർശങ്ങളുണ്ടെങ്കിലും 4, 5, 12 എന്നീ വാർഡുകളിൽനിന്നാണ് വ്യക്തമായ നിർദ്ദേശങ്ങൾ വന്നിട്ടുള്ളത്.

4–ാം വാർഡിൽ വലിയകുളം (കീഴിൽ) തട്ടാടി ക്ഷേലോത്ത് പദ്ധതികൾ ആരംഭിക്കുവാൻ പറ്റിയ സ്ഥലങ്ങളിൽ ചെറുകിട പദ്ധതികൾ ആരംഭിക്കുവാൻ പറ്റിയ സ്ഥലങ്ങളാണ്. അതുവഴി ഈ പ്രദേശങ്ങളിലെ കുടി

വെള്ള ക്ഷാമത്തിന് സ്ഥായിയായ പരിഹാരം കാണാവുന്നതാണ്. സാമ്പത്തിക സഹായം ലഭിക്കുകയാണെങ്കിൽ അയൽകൂട്ടങ്ങൾ ഈ പദ്ധതികൾ ഏറ്റെടുത്ത് നടത്തുവാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. ലെവൽ ക്രോസിനും കച്ചേരിക്കുന്നിനുമിടയിൽ പുറമ്പോക്ക് ഭൂമിയിൽ കിണർ കുഴിച്ച് അത്താണിക്കൽ (സി. ബി. എച്ച്. എസ്.) ടാങ്കിലേക്ക് വെള്ളം എത്തിക്കാവുന്നതാണ്.

5–ാം വാർഡിലെ കുഞ്ഞാലിനഗർ (വീർപ്പിങ്ങൽ) പൊട്ടംകുഴി, ചരുത്തിക്കാട്, വെള്ളേപ്പാടം നേറ്റീവ് സ്കൂൾ പരിസരം എന്നിവിടങ്ങളിൽ ഇത്തരം പദ്ധതികൾ നടപ്പാക്കാവുന്നതാണ്.

12–ാം വാർഡിലെ കൈപ്പുറം, പോകര, തിരുത്തി പ്രദേശങ്ങളിലെ ജനങ്ങൾക്ക് സാമ്പത്തിക സഹായം ലഭിക്കുകയാണെങ്കിൽ ഇവിടങ്ങളിൽ മിനി പദ്ധതികൾ നടപ്പാക്കുവാൻ അവർ സന്നദ്ധരാണ്.

## 3. ഇടത്തരം പദ്ധതികൾ

കൂടിയ ജലലഭ്യതയുള്ള പ്രദേശങ്ങളായ കച്ചേരിക്കുന്ന്, കുഞ്ഞാലിനഗർ, മണ്ണാർച്ചോല എന്നിവിടങ്ങളിൽ കിണറുകൾ സ്ഥാപിച്ച് സി. ബി. എച്ച്. എസിന് സമീപമുള്ള ടാങ്കിലേക്കുള്ള വെള്ളത്തിന്റെ അളവ് വർദ്ധിപ്പിക്കുകയും അതുവഴി വള്ളിക്കുന്ന് വില്ലേജിന്റെ മൊത്തം ജലലഭ്യത വർദ്ധിപ്പിക്കുകയും ചെയ്യാം.

അരിയല്ലൂർ വില്ലേജിലെ ചൊക്കണ്ടാരി വളവിൽ പുഴയിൽ എല്ലാക്കാലവും ശുദ്ധജലം ലഭ്യമാണ്. ഇവിടെ ഒരു കിണർ കുഴിച്ചോ, കണ്ണൻകുളം കരിഞ്ഞാചാടം, ചുഞ്ചപ്പാടം കണ്ടൻപാടം എന്നീ സ്ഥലങ്ങളിലെ ശുദ്ധജല സ്രോതസ്സുകൾ ഉപയോഗപ്പെടുത്തിയോ അരിയല്ലൂർ വില്ലേജിലെ കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണാവുന്നതാണ്.

## 4. പഞ്ചായത്ത് തല പദ്ധതി

അരിയല്ലൂർ വില്ലേജിലെ മണ്ണട്ടാൽപാറ അണക്കെട്ടിനുസമീപമുള്ള ചൊക്കണ്ടാരി വളവിൽ പുഴയിൽ വേനൽക്കാലത്തും ശുദ്ധജലമാണുള്ളത്. ഇവിടെ പുഴയിൽ കിണറും വട്ടോളിയിൽ ഉയർന്ന സ്ഥലത്ത് ടാങ്കും നിർമ്മിച്ച്, നാല് കിലോമീറ്റർ നീളത്തിൽ പുതിയ പൈപ്പ് ലൈൻ സ്ഥാപിച്ചാൽ, പെട്ടിപ്പടിയിൽ പരപ്പനങ്ങാടി ഭാഗത്തുനിന്നുള്ള പൈപ്പ് നിരയുമായി ബന്ധിപ്പിക്കാനും അതുവഴെ പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പൂർണ്ണമായി പരിഹരിക്കുവാനും കഴിയുന്നതാണ്.

## 5. പ്രാവർത്തികമാക്കാവുന്ന മറ്റുനിർദ്ദേശങ്ങൾ

i) ഉയർന്ന സ്ഥലങ്ങളിൽ നീർകുഴികൾ കുഴിച്ചും വരമ്പുകളിട്ടും മഴവെള്ള സംഭരണം വർദ്ധിപ്പിക്കുക.

ii) ഇതിനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പാക്കുക

iii) നിലവിലുള്ള തോടുകളിൽ ചെറിയ ബണ്ടുകളിടുക.

iv) മഴവെള്ള സംഭരണത്തിന് കുഴികളും പൊട്ടക്കിണറുകളും ഉപയോഗപ്പെടുത്തുക.

## ആരോഗ്യം

1971വരെ പഞ്ചായത്തിലെ ആരോഗ്യരംഗം ഏതാനും പാരമ്പര്യ വൈദ്യ കുടുംബങ്ങളെയാണ് പ്രധാനമായും ആശ്രയിച്ചുവന്നത്. ആധുനിക ചികിത്സാ സ്ഥാപനങ്ങളൊന്നും പഞ്ചായത്തിൽ ഉണ്ടായിരുന്നില്ല. ചരട് ജപിച്ചുകൊടുക്കുക, മന്ത്രം ചെയ്ത് ഊതുക, കാവുകളിലേക്ക് വഴിപാടുകൾ നേരുക തുടങ്ങിയ അന്ധവിശ്വാസ ജടിലമായ ചികിത്സാ സമ്പ്രദായങ്ങൾക്കായിരുന്നു മുൻഗണന. ആധുനിക ശാസ്ത്രവും ചികിത്സാരീതികളും ഇത്രയൊക്കെ പുരോഗമിച്ച ഈ കാലഘട്ടത്തിലും ചുരുക്കം ചിലരെങ്കിലും ഇത്തരം പ്രാകൃത രീതികൾ അനുവർത്തിക്കുന്നുണ്ട്. 1972– ൽ കടലുണ്ടിനഗരത്തിൽ സ്ഥാപിതമായ പ്രാഥമിക ആരോഗ്യകേന്ദ്രമാണ് പഞ്ചായത്തിലെ ആധുനിക ചികിത്സാരംഗത്തെ പ്രഥമ സ്ഥാനം. ഇന്ന് ഒരു ആയുർവേദ ആശുപത്രി അടക്കം 10 സ്ഥാപനങ്ങൾ ഇവിടെ പ്രവർത്തിക്കുന്നു. ഇവയ്ക്കു പുറമെ സ്വകാര്യ മേഖലയിൽ ഒരു ഹോമിയോ ആശുപത്രിയിലും സ്വകാര്യ ചികിത്സ നടത്തുന്ന 9 അലോപ്പതി, 10 ആയുർവേദം, 7 ഹോമിയോ ക്ലിനിക്കുകളും 24 പാരമ്പര്യ വൈദ്യൻമാരും ഒരു പാരമ്പര്യ വിഷ ചികിത്സാ കേന്ദ്രവും പഞ്ചായത്തിലെ ആരോഗ്യ മേഖലയെ സമ്പുഷ്ടമാക്കുന്നു. ആയുർവേദമരുന്നു നിർമ്മാണരംഗത്ത് പ്രശ്സ്തമായ "സന്തോഷ് ഫാർമസി" ഈ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു.

ഇത്രയേറെ സ്ഥാപനങ്ങൾ ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ പൊതു ആരോഗ്യ സ്ഥിതിയിൽ ഇതനുസൃതമായുള്ള ഗുണ പരമായ വ്യതിയാനം കാണുന്നില്ല എന്നാണ് സ്ഥിതിവിവരക്കണക്കുകൾ കാണിക്കുന്നത്. 1995–96 വർഷത്തിൽ 1274 ജല ജന്യരോഗങ്ങളും 47 വായു ജന്യ രോഗങ്ങലും 44 പ്രാണിജന്യ രോഗങ്ങളും 22539 മറ്റു രോഗങ്ങളും റിപ്പോർട്ടുചെയ്യപ്പെട്ടു. കുഷ്ഠരോഗം ബാധിച്ച് ചികിത്സയിൽ കഴിയുന്നവർ 18 പേരുണ്ട്. പഞ്ചായത്തിലെ ജനന നിരക്ക് 24ഉം മരണനിരക്ക് 6.2ഉം ആണ്. ശരാശരി കുടുംബ വലിപ്പം 6 മാത്രമാണ്. പഞ്ചായത്തിൽ കിടത്തി ചികിത്സാ സൗകര്യങ്ങലുള്ള ആശുപത്രികളില്ല. ഇതിനായി പരമാവധി 6. കി. മീറ്ററും വിദഗ്ധ ചികിത്സക്കായി 25 കി. മീ സഞ്ചരിക്കേണ്ടതായിട്ടുണ്ട്. ഗ്രാമസഭകളിൽനി

ന്നുയർന്നുവന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ ഒരു സമഗ്ര ആരോഗ്യ പരിപാടി നടപ്പിലാക്കുക വഴി രോഗരഹിതവും ആരോഗ്യപൂർണ്ണവുമായ ഒരു മാതൃകാപഞ്ചായത്ത് എന്നതാണ് നമ്മുടെ ലക്ഷ്യം.

## സ്ഥാപനങ്ങളും സേവനങ്ങളും

വള്ളിക്കുന്ന് പഞ്ചായത്തിലെ ആരോഗ്യ രംഗത്തെ പൊതു സ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്.

| | |
|---|---|
| പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ | 2 |
| ആയുർവേദ ആശുപത്രി | 1 |
| ഐ. പി. പി. ഉപകേന്ദ്രങ്ങൾ | 7 |

ഇവയിലെല്ലാം കൂടി 36 ജീവനക്കാർ ആണുള്ളത്.

**പട്ടിക (ആരോഗ്യം) 1**

**പഞ്ചായത്തിലെ സർക്കാർ ആരോഗ്യ കേന്ദ്രങ്ങൾ**

| നമ്പർ | സ്ഥാപനങ്ങൾ | വാർഡ് | സ്ഥാപിച്ച വർഷം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1. | പ്രൈമറി ഹെൽത്ത് സെന്റർ അത്താണിക്കൽ | V | 7-6-1988 | 12 |
| 2. | പ്രൈമറി ഹെൽത്ത് സെന്റർ ആനങ്ങാടി | I | 1972 | 15 |
| 3. | ഗവ. ആയുർവേദ ഡിസ്പെൻസറി കൊടക്കാട്. | XI | 23-2-83 | 4 |
| 4. | ഐ. പി. പി. സബ്സെന്റർ കോട്ട | VI | 1984-85 | 1 |
| 5. | ഐ. പി. പി. സബ്സെന്റർ പരുത്തിക്കാട് | XII | 1984-85 | 1 |
| 6. | ഐ. പി. പി. സബ്സെന്റർ കരുമരക്കാട് | VII | 1984-85 | 1 |
| 7. | ഐ. പി. പി. സബ്സെന്റർ കൊടക്കാട് | XI | 1984-85 | 1 |
| 8. | ഐ. പി. പി. സബ്സെന്റർ പോത്തുംകുഴിക്കാട്ടിൽ | IX | 1984-85 | 1 |
| 9. | ഐ. പി. പി. സബ്സെന്റർ കടലുണ്ടി നഗരം | I | 1984-85 | 1 |
| 10. | കുടുംബ ക്ഷേമ കേന്ദ്രം വള്ളിക്കുന്ന് | V | | 1 |

പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ മുഴുവൻ സമയ ഡോക്ടർമാരുടെ സേവനം ലഭ്യമാകുന്നില്ല. സ്വകാര്യ പ്രാക്ടീസിലെ താത്പര്യം സ്ഥിതി കൂടുതൽ ശോചനീയമാക്കുന്നു. ഈ അവസ്ഥ പരിഹരിക്കാൻ സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

ആരോഗ്യ സംരക്ഷണകാര്യത്തിൽ മരുന്നുകളോളമോ ഒരുവേള അതിലധികമോ പ്രാധാന്യം ബോധവൽക്കരണ പ്രവർത്തനങ്ങൾക്കുണ്ട്. എന്നാൽ ഫീൽഡ് വർക്കർമാരിൽ ഭൂരിഭാഗത്തിലും കാണുന്ന നിഷ്ക്രിയത ഈരംഗത്തെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നു. പൊതു ആരോഗ്യ സ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ ജനങ്ങൾക്കുള്ള വിമുഖതയും എടുത്തുപറയേണ്ടതാണ്. ഇവയെ യഥാപൂർവ്വം ബന്ധപ്പെടുത്തി ആരോഗ്യ രംഗത്ത് ഒരു പുതിയ കാഴ്ചപ്പാട് ഉണ്ടാക്കേണ്ടിയിരിക്കുന്നു.

നിലവിലുള്ള ഡോക്ടർമാരുടെ എണ്ണത്തിനനുസൃതമായി യോഗ്യതയുള്ള പാരാമെഡിക്കൽ ജീവനക്കാരെ ഇന്ന് ലഭ്യമല്ല. ഡോക്ടർമാരുടെ കഴിവ് പൂർണ്ണമായി വിനിയോഗിക്കുന്നതിൽ ഇത് തടസ്സമാക്കുന്നു. അതിനാൽ പാരമെഡിക്കൽ കോഴ്സുകൾക്കായുള്ള ഒരു സ്ഥാപനം പഞ്ചായത്തിൽ ആരംഭിക്കേണ്ടതാണ്.

## കക്കൂസ്

പൊതുജനാരോഗ്യത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ കുടിവെള്ളം കഴിഞ്ഞാൽ പ്രാധാന്യമർഹിക്കുന്ന കാര്യമാണ് ശുചിത്വം. ഇതിൽ പരിസര ശുചിത്വം പാലിക്കുവാൻ പ്രഥമമായി വേണ്ട ഒന്നാണ് കക്കൂസ്. പഞ്ചായത്തിലെ 36.57 (2239) വീടുകളിൽ നിലവിൽ കക്കൂസ് ഇല്ല. ഇതിനാൽ വിരശല്യം വയറിളക്ക രോഗങ്ങൾ എന്നിവ താരതമ്യേന കൂടുതൽ കണ്ടുവരുന്നു. 1995-1996 വർഷത്തെ കണക്കു പ്രകാരം പഞ്ചായത്തിൽ 1274 പേർക്ക് ജലജന്യരോഗങ്ങൾ ബാധിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു. *(അടി: ആരോഗ്യ സ്ഥാപന സർവ്വേ) (ദ്വിതീയ പൊതു വിവര ശേഖരണം.)*

ഗ്രാമസഭകളിലെ ചർച്ചകളുടെ വെളിച്ചത്തിൽ കക്കൂസ് നിർമ്മാണത്തിൽ അനുഭവപ്പെടുന്ന പ്രയാസങ്ങളും അവയ്ക്കുള്ള പരിഹാരങ്ങളും താഴെ കാണും പ്രകാരം സംഗ്രഹിക്കാം.

| തടസ്സകാരണം | പരിഹാരം |
|---|---|
| I സാമ്പത്തിക പരാധീനത | സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവ യുടെ സഹായത്താൽ സാമ്പത്തിക സമാഹരണം നടത്താവുന്നത്. |
| II സ്ഥലപരിമിതി (കോളനികളിലും ജനങ്ങൾ തിങ്ങി പാർക്കുന്ന മറ്റു സ്ഥലങ്ങളിലും. | പൊതുവായി ഒരു സെപ്റ്റിക് ടാങ്ക് നിർമ്മിച്ച് ഇത് പരിഹരിക്കാവുന്നതാണ്. |
| III ആവശ്യകത വേണ്ടത്ര ബോധ്യപ്പെടാത്തതിനാൽ | ആരോഗ്യ ബോധവൽക്കരണ യൂനിറ്റിന്റെ പ്രവർത്തനം വിപലമാക്കുക. ആരോഗ്യ പ്രവർത്തകരെ – ഉദ്യോഗസ്ഥരെ – ബന്ധപ്പെടുത്തി അയൽക്കൂട്ടങ്ങളിൽ ചർച്ചാക്ലാസുകൾ, ഫീൽഡ് പബ്ലിസിറ്റി വിഭാഗത്തിന്റെ പ്രദർശനങ്ങൾ, സ്ലൈഡ് വീഡിയോ. |

## പരിസര ശുചത്വം

വ്യവസായവൽക്കരണം വളരെ കുറഞ്ഞ പ്രദേശമാകയാൽ പരിസരമലിനീകരണം ഗുരുതരമല്ല. എന്നിരിക്കലും പഞ്ചായത്തിന്റെ മിക്ക ഭാഗങ്ങളിൽനിന്നും ശുചീകരണത്തിന്റെ അഭാവത്തെക്കുറിച്ചുള്ള പരാതികൾ ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുണ്ട്. പഞ്ചായത്ത് പ്രദേസത്തെ നഗരവൽക്കണ പ്രവണതയും ജനസംഖ്യാ വർദ്ധനവും മൂലം പ്രശ്നം കൂടുതൽ രൂക്ഷമാകാനുള്ള സാദ്ധ്യതയുണ്ട്. പൊതുവായി ശുചീകരണ പ്രവർത്തനത്തിന് പഞ്ചായത്തിൽ ജീവനക്കാരെ സ്ഥിരമായി നിയമിക്കുകയും; "വള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത് ക്ലീൻ പഞ്ചായത്ത്" എന്നൊരു പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കുകയുമാണ് വേണ്ടത്.

ഗ്രാമസഭകളിൽ ഈ വിഷയത്തിൽ ഉയർന്നുവന്ന പ്രശ്നങ്ങളും പരിഹാരങ്ങളും താഴെ പറയും പ്രകാരം ക്രമപ്പെടുത്താവുന്നതാണ്.

ഒന്നാം വാർഡിൽ ആനങ്ങാടി 5–ാം വാർഡിൽ അത്താണി എന്നിവിടങ്ങളിൽ റോഡരുകിൽ മത്സ്യക്കച്ചവടം നടത്തുന്നത് നിർത്തലാക്കുക. ഇവിടങ്ങളിലും പുറമെ ആനയാറങ്ങാടി, കടലുണ്ടി നഗരം, അരിയല്ലൂർ, മുണ്ടിയൻകാവ്, കൊടക്കാട് എന്നിവിടങ്ങളിൽ മത്സ്യ മാർക്കറ്റുകൾ സ്ഥാപിക്കുക. പഞ്ചായത്തതിർത്തിക്കുള്ളിൽ വില്പന നടത്തുന്ന മത്സ്യത്തിന്റെ ഗുണനിലവാര പരിശോധനക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ആലോചിച്ച് നടപടികൾ രൂപപ്പെടുത്തുക. ഇതോടൊപ്പം ഇന്നനുവർത്തിച്ചുവരുന്ന വിപണന രീതിക്കു പകരം മത്സ്യങ്ങളെല്ലാം തൂക്കി മാത്രം വില്പന നടത്തുവാൻ നിർദ്ദേശം നൽകുന്നത് ഗുണഭോക്താക്കൾക്ക് വളരെ ഉപകാര പ്രദമായിരിക്കും. പഞ്ചായത്ത് പ്രദേശത്തേക്ക് മൊത്തമായി ഒരു അറവുശാല സ്ഥാപിച്ച് പരിശോധനാ വിധേയമാക്കിയ മൃഗങ്ങളെ മാത്രം അറക്കുന്നതിനുള്ള സംവിധാനം നടപ്പാക്കേണ്ടതാണ്.

8–ാം വാർഡിലെ മുദിയം പ്രദേശത്തെ '4 സെന്റ് കോളനികളിൽ മലിനജലം കെട്ടിനില്ക്കുന്നത് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്കിടയാക്കുന്നു. അരിയല്ലൂർ മാർക്കറ്റിലും റെയിൽവെ സ്റ്റേഷൻ പരിസരത്തും ചപ്പു ചവറുകളും മാലിന്യങ്ങളും അമിതമായി പെരുകുന്നത് നീക്കം ചെയ്യാൻ നടപടികൾ സ്വീകരിക്കണം.'

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹോട്ടലുകൾ, ശീതളപാനീയ ശാലകൾ എന്നിവയിലെ ഭക്ഷണ പദാർത്ഥങ്ങളുടെ വില്പന ആരോഗ്യനിയന്ത്രണ നിയമങ്ങൾക്ക് വിധേയമാക്കേണ്ടതും, ആയത് പാലിക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. ഇവിടങ്ങളിൽ ജോലി ചെയ്യുന്നവർക്ക് 'ഹെൽത്ത് കാർഡ്' സമ്പ്രദായം നടപ്പിലാക്കേണ്ടതാണ്. അങ്ങാടികൾ ശുചിയാക്കുകയും കച്ചവടക്കാരെ ബോധവത്ക്കരിക്കുകയും ചെയ്യുന്നതോടൊപ്പം ആയവ പാലിക്കാത്തവരിൽനിന്ന് പിഴ ഈടാക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

വർഷക്കാലത്തും, വരൾച്ചാക്കാലത്തും, പഞ്ചായത്തിന്റെ തീര പ്രദേശങ്ങളിലും പകർച്ചാവ്യാധികൾ പടർന്നു പിടിക്കുക സാധാരണമാണ്. ഇതിനെതിരെ കിണറുകളിലെ ക്ലോറിനേഷൻ, ഈച്ചനശീകരണം കൊതുകുനശീകരണം എന്നിവ ഫലപ്രദമായി ഉപയോഗപ്പെടുത്താവുന്നതാണ്. ആരോഗ്യശീലങ്ങളെ കുറച്ചുള്ള ബോധവൽക്കരണവും വളരെ ഗുണംചെയ്യും. കുപ്പകൾ കൂടിക്കിടക്കാൻ – പ്രത്യേകിച്ച് കടൽ പ്രദേശങ്ങളിൽ – അനുവദിക്കാതിരുന്നാൽ ഈച്ചകൾ പെരുകുന്നത് ഫലപ്രദമായി തടയാനാകും. (ഒരു ജോഡി ഈച്ചകൾ ഒരു വേനൽക്കാലം കൊണ്ട് 3,25,92,320 ഈച്ചകളെ ഉൽപാദിപ്പിക്കുന്നു.) അടുക്കളയിലെ അവശിഷ്ടങ്ങളും ചപ്പുചവറുകളും കമ്പോസ്റ്റാക്കി മാറ്റിയാൽ അടുക്കളത്തോട്ടത്തിൽ വളമായി ഉപയോഗിക്കാം. ഒപ്പം ഗൃഹപരിസരം ശുചിയായി സൂക്ഷിക്കാനുമാവും. വീടിനടുത്ത് മലിനജലം കെട്ടിനില്ക്കുന്നത് തടയുക, കൂത്താടികളുള്ള സ്ഥലങ്ങളിൽ മണ്ണെണ്ണ ഒഴിച്ച് അവയെ നശിപ്പിക്കുക. വീടുകളിൽ DDT തളിക്കുക തുടങ്ങിയ മാർഗ്ഗങ്ങളാൽ കൊതുക് നശീകരണം ഫലപ്രദമാക്കാനാവും. ഈ പ്രവൃത്തിയിൽ ആരോഗ്യവകുപ്പുദ്യോഗസ്ഥർക്കൊപ്പം സന്നദ്ധ

സേവകരേയും ഉപയോഗപ്പെടുത്താവുന്നതാണ്.

## പഞ്ചായത്ത് തലത്തിൽ പ്രാവർത്തികമാക്കാവുന്ന നിർദ്ദേശങ്ങൾ

### യോഗകേന്ദ്രം

പഞ്ചായത്തിലെ ജനങ്ങളുടെ കായിക പരിശീലനത്തിനും യോഗാഭ്യാസത്തിനും ഉതകുന്ന ഒരു യോഗ പരിശീലനകേന്ദ്രം പഞ്ചായത്തിന്റെ കീഴിൽ സ്ഥാപിക്കുക. ശരിയായ പരിശീലനം നൽകുക വഴി ജനതയുടെ കായികവും മാനസികവും ആയ ആരോഗ്യം മെച്ചപ്പെടുത്തുവാൻ ഇത് സഹായകമാകും.

### പൊതുശ്മശാനം

4-ാം വാർഡിൽ സ്ഥിതിചെയ്യുന്ന പഞ്ചായത്ത് ശ്മശാനം ഭൂമിശാസ്ത്രപരമായി ഒട്ടും യോജിക്കാത്ത, താഴ്ന്ന പ്രദേശമാണ്. ശ്മശാനം അനുയോജ്യമായ മറ്റൊരു സ്ഥലം കണ്ടെത്തി അവിടേക്ക് മാറ്റുകയും ഇപ്പോൾ ഉള്ള സ്ഥലം അനുയോജ്യമായ മറ്റ് ആവശ്യങ്ങൾക്കുപയോഗപ്പെടുത്തുകയും ചെയ്യാവുന്നതാണ്.

### വയോജന ആരോഗ്യ കേന്ദ്രം

സമൂഹത്തിലെ ഒരു മുഖ്യ ആശ്രിതവിഭാഗമായ വൃദ്ധജനങ്ങൾക്ക് കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി ഒരു വയോജന ആരോഗ്യകേന്ദ്രം സ്ഥാപിക്കേണ്ടതാണ്. പ്രായമായവരുടെ മാനസികവും ശാരീരികവുമായ പ്രശ്നങ്ങൾ പ്രത്യേകം കൈകാര്യം ചെയ്യുവാൻ പരിശീലനം നേടിയവരെ ഉപയോഗിച്ച്, അവരുടെ ആരോഗ്യപരവും മാനസികവുമായ ഉയർച്ചയ്ക്കാവശ്യമായ പദ്ധതികൾ രൂപപ്പെടുത്തേണ്ടതാണ്.

### ഹെൽത്ത്കാർഡ് സംവിധാനം

ചികിത്സാരംഗത്ത് വളരെ ഗുണംചെയ്യുന്ന ഒരു സംവിധാനമാണ് 'ഹെൽത്ത് കാർഡ്' ചികിത്സയ്ക്കായി എത്തുന്ന വ്യക്തിയുടെ മുൻകാല ആരോഗ്യനിലയെക്കുറിച്ചുള്ള വിവരങ്ങൾ രോഗനിർണ്ണയം വേഗത്തിലും കുറ്റമറ്റതാക്കുവാൻ സഹായിക്കും. ആരോഗ്യ പ്രവർത്തകരേയും സന്നദ്ധ പ്രവർത്തകരേയും ഒരുമിച്ച് ഇത് നടപ്പിലാക്കാവുന്നതാണ്. രക്തഗ്രൂപ്പ് തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ എല്ലാം കാർഡിൽ രേഖപ്പെടുത്തുകയും ഇതിന്റെ പ്രാധാന്യം ജനങ്ങളെ ബോധ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

### കാലഹരണപ്പെട്ട നിയമങ്ങൾ

പ്രയോഗക്ഷമത നഷ്ടപ്പെട്ടതും കാലഹരണപ്പെട്ടതുമായ "മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ട്, ട്രാവൻകൂർ – കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്ട്" എന്നീ നിയമാവലികൾ കാലോചിതമായി പുതുക്കി, ആരോഗ്യരംഗത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണം കൂടുതൽ ഫലപ്രദമാക്കാനുതകുന്ന നിയമ നിർമ്മാണങ്ങൾ നടപ്പാക്കേണ്ടതാണ്.

### പാരമ്പര്യ വൈദ്യമേഖല

വാമൊഴിയായും വരമൊഴിയായും തലമുറകളിലൂടെ പകർന്നു കിട്ടുന്ന അറിവുകളുടെ സംഗ്രഹമാണ് പാരമ്പര്യ വൈദ്യം. 24 വൈദ്യകുടുംബങ്ങൾ വള്ളിക്കുന്ന് പഞ്ചായത്തിൽ ഈ രംഗത്ത് സംവനമനുഷ്യഠിക്കുന്നു. ഇവരുടെ കൂടിച്ചേരൽ സംഘടിപ്പിക്കുക വഴി പലതായി ചിതറിക്കിടക്കുന്ന വൈദ്യവിജ്ഞാനം ഏകോപിപ്പിക്കുവാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്. ആയുർവേദ രംഗത്ത് രൂക്ഷമായി വരുന്ന ഔഷധ സസ്യങ്ങളുടെ ദൗർലഭ്യം പരിഹരിക്കുവാനായി സഹകരണാടിസ്ഥാനത്തിൽ പഞ്ചായത്ത്തല "ഔഷധ സസ്യ സൊസൈറ്റികൾ" രൂപീകരിക്കേണ്ടതാണ്. പഞ്ചായത്തിൽ തരിശായി കിടക്കുന്നതും പുറമ്പോക്കു സ്ഥലങ്ങളും ഇതിനായി ഉപയോഗപ്പെടുത്താം. 8-ാം വാർഡിൽ ഉള്ള വിഷ ചികിത്സാകേന്ദ്രം വിഷവൈദ്യപഠനത്തിനും ചികിത്സക്കും ഉതകും വിധത്തിലുള്ള ഒരു സ്ഥാപനമാക്കി ഉയർത്തേണ്ടതാണ്.

പഞ്ചായത്ത് വാസികളുടെ പൊതു ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുവാനുള്ള പുകവലി, പുകയില കൂട്ടിയുള്ള മുറുക്കൽ, മദ്യപാനം എന്നിവ പ്രചരണ ബോധവത്ക്കരണ പ്രവർത്തനങ്ങൾ വഴി നിയന്ത്രണ വിധേയമാക്കേണ്ടതുണ്ട്. രക്തദാനത്തെക്കുറിച്ച് ജനങ്ങളിൽ നിലവിലുള്ള ഭയാശങ്കകൾ ദുരീകരിക്കുക, നേത്രദാനത്തിന്റെ മഹത്വം ബോധ്യപ്പെടുത്തുകവഴി ദാതാക്കളുടെ രജിസ്ട്രേഷൻ വ്യാപകമാക്കുകയും, ജില്ലാ നേത്ര ബാങ്കുമായി ബന്ധപ്പെട്ട് പ്രവർത്തനം കാര്യക്ഷമമാക്കുക എന്നിവ അടിയന്തിര പ്രാധാന്യമർഹിക്കുന്നവയാണ്.

നിലവിലുള്ള സാഹചര്യങ്ങൾ പൂർണ്ണമായി പ്രയോജനപ്പെടുത്തി ആരോഗ്യരംഗത്തെ സ്ഥാപനങ്ങളെയും സന്നദ്ധ സംഘടനകളെയും കൂട്ടിയിണക്കിയാൽ, 'ശുചിത്വ ഗ്രാമം ആരോഗ്യ ഗ്രാമം' എന്ന സ്വപ്നം യാഥാർത്ഥ്യമാക്കിമാറ്റുവാൻ നമുക്കുകഴിയും. അതിനാകട്ടെ ഇനിയുള്ള നമ്മുടെ മുഴുവൻ ശ്രമവും.



## പഞ്ചായത്തിലെ ആരോഗ്യ രംഗവും വാർഡ് തിരിച്ച് സ്ഥിതിവിശേഷവും

| വാർഡ് | സ്ഥാപനങ്ങൾ | | കാണപ്പെടുന്ന പ്രധാന രോഗങ്ങൾ | പ്രവർത്തനത്തെക്കുറിച്ചുള്ള വിലയിരുത്തൽ | മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|---|---|
| | പൊതു സ്ഥാപനങ്ങൾ | സ്വകാര്യ സ്ഥാപനങ്ങൾ | | | |
| I | ഒരു പ്രൈമറി ഹെൽത്ത്സെന്റർ സബ് സെന്റർ ഒന്ന് | അലോപ്പതി ക്ലിനിക്ക് 1 ആയുർവേദ ക്ലിനിക്ക് 1 | വയറിളക്കം, ചൊറി പനി, ദന്തരോഗങ്ങൾ | ഒട്ടും തൃപ്തികരമല്ല, മാസത്തിൽ ഒരാഴ്ച പോലും ഡോക്ടർ ക്ലിനിക്കിൽ വരുന്നില്ല. ആവശ്യമുള്ള മരുന്നുകൾ ഇല്ല. കിടത്തി ചികിത്സിക്കാനുള്ള സൗകര്യമുണ്ട്, സ്റ്റാഫില്ല. | പ്രൈമറി ഹെൽത്ത് സെന്റിൽ ഒരു മുഴുവൻ സമയ ഡോക്ടറുടെ സേവനം ലഭ്യമാക്കണം. അവശ്യമരുന്നുകൾ ലഭ്യമാക്കണം. പ്രവർത്തനം ശ്രദ്ധിക്കാൻ ആശുപത്രി വികസന സമിതിയെ കാര്യക്ഷമമാക്കണം. |
| II | ആരോഗ്യസ്ഥാപനങ്ങളൊന്നും തന്നെയില്ല. | സ്വകാര്യമേഖലയിലുംആരോഗ്യ സ്ഥാപനങ്ങളില്ല. | വയറിളക്കം, ചൊറി പനി, ദന്തരോഗങ്ങൾ | അടുത്തുള്ള പി. എച്ച്. സിയിൽ ഡോക്ടർ ഇല്ല. കയർ തൊഴിലാളികളെ ചികിത്സിക്കാൻ ബെഡ്ഡുകളുള്ള വാർഡുകളുണ്ടെങ്കിലും പ്രവർത്തിക്കുന്നില്ല. ആവശ്യത്തിനുള്ള മരുന്നില്ല. | പ്രൈമറി ഹെൽത്ത് സെന്ററിനാവശ്യമുള്ള മരുന്നുകൾ വാങ്ങാൻ സാമ്പത്തിക സഹായം നൽകുക. |
| III | ആരോഗ്യസ്ഥാപനങ്ങളൊന്നുമില്ല | ഒരു അലോപ്പതി ക്ലിനിക് | വയറിളക്കം, മഞ്ഞപ്പിത്തം, മലേറിയ,പനി. | ആരോഗ്യക്ലാസ്സുകൾ നടക്കാറില്ല. ആവശ്യത്തിനുള്ള മരുന്നുകൾ ലഭ്യമല്ല. | ബാലാതിരുത്തിയിലും ആനയാറങ്ങാടിയിലും ഓരോ സബ്സെന്ററും, കൂടാതെ ഈ വാർഡിൽ പി. എച്ച്. സി., ആയുർവേദം/ഹോമിയോ, ആശുപ്ത്രികളും സ്ഥാപിക്കുക, കിടത്തി ചികത്സിക്കാൻ സൗകര്യമുള്ളതായിരിക്കണം. |
| IV | ആരോഗ്യസ്ഥാപനങ്ങളൊന്നുമില്ല | ഒരു ഹോമിയോ ക്ലിനിക്കുണ്ട് | ദന്തരോഗങ്ങൾ, പനി, വയറിളക്കം, ചിക്കൻപോക്സ്, ചെങ്കണ്ണ് | കുട്ടികൾക്കുള്ള കുത്തിവെപ്പുകൾ നടക്കാറുണ്ട്.ആരോഗ്യ ക്ലാസ്സുകൾ നടത്താറില്ല | ആനങ്ങാടിയിലേയും അത്താണിക്കലേയും പി. എച്ച്. സിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുക. പി. എച്ച്. സിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക. വാർഡിൽ കുടുംബക്ഷേമ കേന്ദ്രം ആരംഭിക്കണം. പുകവലിക്കെതിരായി ബോധവൽക്കരണം നടത്തണം. പുകയില്ലാത്ത അനെർട്ട് അടുപ്പുകൾ വ്യാപകമാക്കി വീട്ടമ്മമാരുടെ ആരോഗ്യം സംരക്ഷിക്കണം. ബി. എച്ച്. സി. തുടങ്ങിയ അനാവശ്യകീടനാശിനികളുടെ ഉപയോഗം തടയണം. ഒരു തന്തരോഗാശുപത്രി പഞ്ചായത്തിൽ സ്ഥാപിക്കുക. |
| V | ഒരു പ്രൈമറി ഹെൽത്ത് സെന്ററും ഒരു സബ് സെന്ററുമുണ്ട്. | സ്വകാര്യമേഖലയിൽ ആരോഗ്യ സ്ഥാപനങ്ങളൊന്നുമില്ല. | മലേറിയ, വയറിളക്കം, പനി, ചെങ്കണ്ണ്. | പ്രതിരോധ കുത്തിവെപ്പുകൾ നടക്കാറുണ്ട്. ആരോഗ്യക്ലാസ്സുകൾ നടക്കാറില്ല. | ഒരു ആയുർവേദ/ഹോമിയോ ഡിസ്പെൻസറി ആരംഭിക്കണം. പി. എച്ച്. സിയിൽ മുഴുവൻ സമയവും ഡോക്ടറുടെ സേവനം ലഭ്യമാക്കണം. ആവശ്യമരുന്നുകൾ ലഭ്യമാക്കണം. ആരോഗ്യ ക്ലാസ്സുകളും ഗൃഹസന്ദർശനവും ഉറപ്പാക്കണം. കിടത്തി ചികിത്സിക്കാനുള്ള ഒരാശുപത്രി പഞ്ചായത്തിൽ സ്ഥാപിക്കണം. കയർതൊഴിലാളികൾക്ക് ചികിത്സ ലഭ്യമാക്കാൻ ആനങ്ങാടി. പി. എച്ച്. |

| | | | | | |
|---|---|---|---|---|---|
| | | | | | സിയോട് ചേർന്ന ബിൽഡിങ്ങ് പ്രവർത്തന സജ്ജമാക്കുന്നതിനാവശ്യമുള്ള സ്റ്റാഫിനെ നിയമിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം. Over fifty clinic സ്ഥാപിക്കണം. |
| VI | ഒരു ഐ. പി. പി. സെന്ററുണ്ട്. ഹോമിയോ | ഒരു അലോപ്പതി ക്ലിനിക്കും ഒരു ക്ലിനിക്കുമുണ്ട്. | മലേറിയ, വയറിളക്കം ചെങ്കണ്ണ് | സബ്സെന്ററിൽ ഡോക്ടർ വരാറില്ല. പ്രതിരോധ കുത്തിവെപ്പ് നടത്താറുണ്ട്. | പുതിയ കെട്ടിടത്തിലേക്ക് പി. എച്ച്. സി. മാറ്റാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. കിഴക്കേമല സബ്സെന്റർ പ്രവർത്തനക്ഷമമാക്കണം. സബ്സെന്ററിലെ ഇടിഞ്ഞ കിണർ നന്നാക്കണം. വെള്ളവും വെളിച്ചവും ഇല്ലാത്തതിനാൽ ഈ സബ്സെന്ററിൽ വരുന്ന ജീവനക്കാർ ട്രാൻസ്ഫർ വാങ്ങി പോകുന്നു. അതുകൊണ്ട് സൗകര്യങ്ങൾ ഉണ്ടാക്കണം. |
| VII | ഒരു സബ്സെന്ററുണ്ട്. | സ്വകാര്യമേഖലയിൽ ആരോഗ്യസ്ഥാപനങ്ങളൊന്നുമില്ല. | ചിക്കൻപോക്സ്, മഞ്ഞപ്പിത്തം, ചർദ്ദി, അതിസാരം. | നെടുവ ഹെൽത്ത് സന്ററിൽ ഡോ ക്ടർമാർ ഉണ്ടെങ്കിലും കീഴ്ജീവനക്കാർ കുറവാണ്. നഴ്സുമാർ അശ്രദ്ധയോടെ പെരുമാറുന്നു. | തടിയൻ പറമ്പ് ഹരിജൻ കോളനിയിൽ ഒരു സബ്സെന്റർ സ്ഥാപിക്കണം. |
| VIII | ആരോഗ്യസ്ഥാപനങ്ങളൊന്നുമില്ല. | വിഷ ചികിത്സാ കേന്ദ്രം. | അതിസാരം, പനി, പ്രമേഹം, ദന്ത രോഗങ്ങൾ. | പ്രതിരോധ കുത്തിവെപ്പുകൾ നടക്കാറുണ്ട്. ആരോഗ്യക്ലാസ്സുകൾ നടത്താറില്ല. | പൊതുജനാരോഗ്യ കേന്ദ്രം ഈ വാർഡിൽ ആരംഭിക്കണം. (സബ്സെന്ററോ) കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള നെടുവ ഹെൽത്ത് സെന്ററിൽ വിദഗ്ദ ചികിത്സക്കുള്ള പ്രാഥമിക സൗകര്യങ്ങൾ ഉണ്ടാക്കണം. ഈ വാർഡിലുള്ള വിഷ ചികിത്സാ കേന്ദ്രത്തെ വിഷവൈദ്യ പഠനത്തിനും വിഷ ചികിത്സക്കും ഉപയോഗപ്പെടുന്ന തരത്തിലുള്ള ഒരു സ്ഥാപനമാക്കി മാറ്റുക. |
| IX | ഒരു ഐ. പി. പി. സബ്സെന്ററുണ്ട്. | ഒരു ആയുർവേദ ക്ലിനിക്കുണ്ട്. | വയറിളക്കം, ചർദ്ദി, ചെങ്കണ്ണ്. | കുടുംബക്ഷേമ കേന്ദ്രത്തിൽ സ്ഥിരമായി ജീവനക്കാരുണ്ടാകാറുണ്ട്. ആരോഗ്യക്ലാസ്സുകൾ അംഗനവാടികളിൽ വെച്ച് നടത്താറുണ്ട്. | തീരദേശത്തെ ജനങ്ങളിൽനിന്നും കുട്ടികൾക്ക് പ്രതിരോധ കുത്തിവയ്പ്പ് നടത്തുന്ന കാര്യത്തിൽ സഹകരണം ഉണ്ടാവാറില്ല. ഈ മേഖലയിൽ ബോധവൽക്കരണം അത്യാവശ്യമാണ്. കടപ്പുറം ഭാഗങ്ങളിലുള്ള കുട്ടികളിൽ പോഷകാഹാരക്കുറവ് കണ്ടുവരുന്നു. ഇത് പരിഹരിക്കാൻ ഈ മേഖലയിലെ അംഗനവാടികളിലൂടെ പോഷകാഹാരങ്ങൾ വിതരണം ചെയ്യാൻ പഞ്ചായത്ത് സാമ്പത്തിക സഹായം നൽകണം. |
| X | സ്ഥാപനങ്ങളൊന്നുമില്ല. | സ്വകാര്യസ്ഥാപനങ്ങൾ ഒന്നുമില്ല. | വയറിളക്കം, ചെങ്കണ്ണ്. | പി. എച്ച്. സിയിൽ ഡോക്ടർ ഉണ്ടാവാറുണ്ട്. ആവശ്യമരുന്നുകൾ ലഭിക്കാറില്ല. പ്രതിരോധ കുത്തിവെപ്പ് നടക്കാറുണ്ട്. | ഒരു കുടുംബക്ഷേമ കേന്ദ്രം സ്ഥാപിക്കണം ആയുർവേദ ആശുപത്രിയെ രോഗികളെ കിടത്തിചികിത്സിക്കുന്ന ആശുപത്രിയാക്കി മാറ്റണം. ഈ ആസുപത്രിയിൽ വേണ്ടത്ര മരുന്നു ലഭിക്കാനുള്ള നടപടി സ്വീകരി |

| | | | | | |
|---|---|---|---|---|---|
| | | | വാതരോഗങ്ങൾ, ഹൃദ്രോഗങ്ങൾ, കാൻസർ | | ക്കണം. സബ്സെന്ററിൽ സ്ഥിരമായി ഒരു ഡോക്ടറെ നിയമിക്കാൻ ശ്രമിക്കണം. ആരോഗ്യബോധവൽക്കരണ ക്ലാസ്സ് മാസത്തിൽ ഓരോന്നു വീതമെങ്കിലും നടത്തണം. ആരോഗ്യബോധവൽക്കരണ ക്ലാസ് മാസത്തിൽ ഓരോന്നു വീതമെങ്കിലും നടത്തണം. |
| XI | ഒരു ആയുർവേദ ആശുപത്രിയും സബ്സെന്ററും ഉണ്ട്. | സ്വകാര്യ സ്ഥാപനങ്ങൾ ഒന്നുമില്ല. | ഛർദ്ദി, അതിസാരം, ഒരു ചെങ്കണ്ണ്. മലേറിയ | സബ്സെന്ററിൽ വെച്ച് കുത്തിവെപ്പുകൾ നടത്താറുണ്ട്. | ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കണം. ഫീൽഡ് വർക്കർമാരുടെ ഗൃഹസന്ദർശനം വ്യാപകമാക്കണം. ഒലിപ്രം തിരുത്തിയിൽ സബ്സെന്റർ ആരംഭിക്കണം. പരുത്തിക്കാട് സബ്സെന്റർ അപ്ഗ്രേഡ് ചെയ്ത് ഡിസ്പെൻസറിയാക്കണം. |
| XII | ഒരു സബ്സെന്റർ ഉണ്ട്. | സ്വകാര്യ സ്ഥാപനങ്ങളൊന്നുമില്ല. | ഛർദ്ദി, അതിസാരം, ചെങ്കണ്ണ്. | സബ് സെന്ററിന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നു. | |
| XIII | പൊതുജനാരോഗ്യ കേന്ദ്രങ്ങളൊന്നുമില്ല. | സ്വകാര്യസ്ഥാപനങ്ങളൊന്നുമില്ല. | വയറിളക്കം, ചെങ്കണ്ണ്. | നെടുവ പി. എച്ച്. സിയേയും ആയുർവേദ ആശുപത്രിയേയും ആശ്രയിക്കുന്നു. പി. എച്ച്. സിയിൽ ഡോക്ടർ കൃത്യമായി ഉണ്ടാവാറില്ല. കുടുംബക്ഷേമ കേന്ദ്രത്തിലും സ്ഥിരമായി ജീവനക്കാർ ഉണ്ടാവാറില്ല. | പി. എച്ച്. സിയിൽ അത്യാവശ്യ മരുന്നുകൾ എത്തിക്കാൻ നടപടിയെടുക്കണം. പൊതുജനാരോഗ്യ ക്ലാസ്സുകൾ നടത്തണം. കുടുംബ ക്ഷേമ കേന്ദ്രത്തിൽ സ്ഥിരമായി ജെ. പി. എച്ച്. എൻ. പബ്ലിക് ഹെൽത്ത് നഴ്സിന്റെ സേവനം ലഭ്യമാക്കണം. |




# 5.6

# ഗതാഗതം ഊർജ്ജം മാർക്കറ്റ്

ജനശക്തിയാണ് ഒരു നാടിന്റെ ഭാവി നിർണ്ണയിക്കുന്നത്. സംഘബോധത്തിന്റെ കരുത്തും നാട്ടിന്റെ വികസനത്തിൽ റോഡുകൾ വഹിയ്ക്കുന്ന പങ്കും തിരിച്ചറിഞ്ഞവരായിരുന്നു നമ്മുടെ പൂർവ്വികർ. ഈ തിരിച്ചറിവിന്റെ പരിണാമമായിരുന്നു 1940ൽ രൂപം കൊണ്ട വള്ളിക്കുന്ന്– ചേലമ്പ്ര– തേഞ്ഞിപ്പാലം ഗ്രാമോൽക്കർഷ സംഘവും അതിന്റെ ശ്രമഫലമായി സമ്പൂർണ്ണമായും മാനവവിഭവശേഷി സമാഹരിച്ച് നിർമ്മിക്കപ്പെട്ട കടലുണ്ടി– ചെട്ടിയാർമ്മാട് റോഡും. പുതിയ ജനകീയാസൂത്രണത്തിന്റെ ഉണർത്തു പാട്ടിന്നിടയിലും ആവേശജനകമായ ആ സ്മരണ നമുക്കു ദിശാബോധം പകർന്നു തരുന്നു.

1954ൽ പഞ്ചായത്ത് രൂപീകൃതമായപ്പോൾ ചെട്ടിയാർമാട് – കടലുണ്ടി, പരപ്പനങ്ങാടി, കടലുണ്ടി എന്നീ റോഡുകളെ ഉണ്ടായിരുന്നുള്ളു. അവയാകട്ടെ ടാർ ചെയ്തിരുന്നുമില്ല. തുടർന്നുണ്ടായ കോട്ടക്കടവ് പാലം അപ്രോച്ച് റോഡ്, അരിയല്ലൂർ ജംക്ഷൻ– വള്ളിക്കുന്ന് റെയിൽവെ സ്റ്റേഷൻ റോഡ് തുടങ്ങിയവ നാടിന്റെ വികസനത്തിനു തുടക്കം കുറിച്ചു. വികസനമെന്നാൽ റോഡു നിർമ്മാണം മാത്രമാണ് എന്ന വികല ധാരണയും റോഡുനിർമ്മാണത്തിനു വേണ്ടി പൊതു ഫണ്ടിന്റെ ഭൂരിഭാഗവും ചെലവഴിക്കപ്പെടുന്ന പ്രവണതയും റോഡ് ശൃംഖലയുടെ വ്യാപനത്തിന് ആക്കം കൂട്ടി.

റെയിൽപാത കടന്നുപോകുന്ന കേരളത്തിലെ ചുരുക്കം പഞ്ചായത്തുകളിലൊന്നാണു വള്ളിക്കുന്ന്. 1861ൽ ചാലിയം – തിരൂർ റെയിൽവെ വന്നപ്പോൾ അതിലെ ഒരു പ്രധാന സ്റ്റേഷനായിരുന്നു അരിയല്ലൂർ. തമിഴ്നാട്ടിലെ അരിയാലൂരുമായുള്ള നാമസാദൃശ്യം മൂലം ഈ സ്റ്റേഷന്റെ പേര് വള്ളിക്കുന്ന് എന്നാക്കി മാറ്റി.

ഷൊറണ്ണൂർ–മംഗലാപുരം റെയിൽപാത പഞ്ചായത്തിനു മധ്യെ കടന്നുപോകുന്നു. പഞ്ചായത്തിൽ 6.125 കി. മീറ്റർ റെയിലാണുള്ളത്; ഒരു റെയിൽവെ സ്റ്റേഷനും. ആദ്യകാലങ്ങളിൽ പുഴകളിൽ ചുറ്റപ്പെട്ട വള്ളിക്കുന്നിനെ പുറം ലോകവുമായി ബന്ധിപ്പിക്കുന്നതിൽ റെയിൽവെ ഒരു പ്രധാന പങ്കു വഹിച്ചിരുന്നു.

പഞ്ചായത്തിൽ വാഹന ഗതാഗതയോഗ്യമായ ആകെ റോഡ് 86.02 കി. മീറ്റർ ആണുള്ളത്. ഒരു ചതുരശ്ര കി. മീറ്റർ വിസ്തീർണ്ണത്തിന് ശരാശരി 3.42 കി. മീ. റോഡ്. സംസ്ഥാന ശരാശരിയായ 3.2 കി. മീ./ച. കി. മീറ്ററിൽ നിന്നും ഏറെ ഉയരുന്നില്ല ഇത്. പഞ്ചായത്തിൽ ആകെ ടാർ ചെയ്ത റോഡ് 26.57 കി. മീറ്റർ ആണ് ഉള്ളത്. ഇതിൽ നിന്നും ഒരു ച.കി.മീറ്റർ വിസ്തീർണ്ണത്തിന് ഒരു കിലോമീറ്ററിൽ താഴെയേ ടാർ റോഡുള്ളൂ എന്നു കാണാം. പഞ്ചായത്തിലെ മൊത്തം ജനസംഖ്യയും ടാർ റോഡിന്റെ നീളവും കണക്കിലെടുക്കുമ്പോൾ ഒരാൾക്ക് 75 സെ. മീ. ടാർ റോഡ് മാത്രമേ ഉള്ളു.

മൂന്ന് ബസ് ടെർമിനലുകൾ ഉള്ള പഞ്ചായത്തിൽ

മൂന്ന് ആട്ടോസ്റ്റാന്റുകൾ ഉണ്ട്. ആനങ്ങാടി– കോട്ടക്കടവ് റോഡിലും പരപ്പനങ്ങാടി– കടലുണ്ടി റോഡിലും 36ഓളം ബസ്സുകളും ട്രക്കർ, ജീപ്പ് തുടങ്ങിയവയും സർവ്വീസ് നടത്തുന്നു.

പഞ്ചായത്തിൽ നിലവിലുള്ള ടാർ റോഡുകൾ അവയുടെ ഉടമസ്ഥത, ദൂരം, വീതി, യാത്രാസൗകര്യങ്ങൾ എന്നിവ താഴെ കൊടുക്കുന്ന പട്ടികയിൽ കാണിച്ചിരിക്കുന്നു.

പട്ടിക–1

പഞ്ചായത്തിലെ ടാർ റോഡുകൾ

| നമ്പർ | റോഡ് | ഉടമസ്ഥത | ദൂരം (കി.മീ) | വീതി(മീ.) | ബസ്/മറ്റു യാത്രാസൗകര്യം (കി.മീ.) |
|---|---|---|---|---|---|
| 1 | പരപ്പനങ്ങാടി – കടലുണ്ടി നഗരം | PWD | 6.1 | 8 | ഉണ്ട് |
| 2 | ആനങ്ങാടി – ഒലിപ്രംകടവ് | PWD | 4.5 | 8 | ഉണ്ട് |
| 3 | അത്താണിക്കൽ – കോട്ടക്കടവ് | PWD | 2.4 | 30 | ഉണ്ട് |
| 4 | കൊടക്കാട് – തയ്യിലക്കടവ് | PWD | 1.5 | 8 | ഉണ്ട് |
| 5 | അരിയല്ലൂർ ജംക്ഷൻ – റെ. സ്റ്റേഷൻ | PWD | 0.82 | 6 | ഉണ്ട് |
| 6 | കൂട്ടുമൂച്ചി – ഉള്ളണം | PWD | 2.3 | 4.5 | ഉണ്ട് |
| 7 | ആനങ്ങാടി – ബീച്ച് – കടലുണ്ടി നഗരം | പഞ്ചായത്ത് | 0.8 | 3.6 | ഇല്ല |
| 8 | സി. ബി. എച്ച്. എസ്. – ഹീറോസ് നഗർ | പഞ്ചായത്ത് | 1.3 | 5 3 | ഇല്ല |
| 9 | മുണ്ട്യൻകാവ് – കൂട്ടുമൂച്ചി | പഞ്ചായത്ത് | 5.6 | 3 | ഇല്ല |
| 10 | കല്പാലം – കുന്നപ്പള്ളി (Ist Reach) | പഞ്ചായത്ത് | 0.3 | 4 | ഇല്ല |
| 11 | അത്താണിക്കൽ – കുറിയപാടം | പഞ്ചായത്ത് | 0.6 | 4 | ഇല്ല |
| 12 | മുണ്ട്യൻകാവ് – ശോഭന (Ist Reach) | പഞ്ചായത്ത് | 0.3 | 4 | ഇല്ല |

റോഡ് ശൃഖല സാമാന്യം മെച്ചപ്പെട്ടതാണെങ്കിലും റോഡുകളുടെ അവസ്ഥ ശോചനീയമാണ്. അറ്റകുറ്റപ്പണികൾ യഥാസമയം നടക്കുന്നില്ല. വർഷകാലത്ത് മിക്ക റോഡുകളിലും നീർക്കെട്ട് അനുഭവപ്പെടുന്നു. ഓവുചാലുകളുടെയും കലുങ്കുകളുടെയും അഭാവമാണ് ഇതിനു കാരണം. ആവശ്യത്തിനു ഫണ്ടില്ലായ്മ എല്ലാ വികസന പ്രവർത്തനങ്ങൾക്കും വിലങ്ങു തടിയാകുന്നു.

## പ്രശ്നങ്ങൾ

### I റെയിൽ ഗതാഗതം

യാത്രാസൗകര്യങ്ങളിൽ റെയിൽ യാത്രയ്ക്കുണ്ടായിരുന്ന പ്രാമുഖ്യം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു എന്നതാണ് നാം നേരിടുന്ന ഗതാഗതപ്രശ്നങ്ങളിലൊന്ന്. അടുത്തകാലം വരെ ദൂരയാത്രയ്ക്ക് റെയിൽവെ മാത്രമായിരുന്നു ആശ്രയം. കാലാനുഗതമായ മാറ്റങ്ങൾ റെയിൽവെ അധികൃതർ വള്ളിക്കുന്ന് റെയിൽവെ സ്റ്റേഷനിൽ വരുത്താതിരുന്നതു മൂലം യാത്രക്കാരുടെ എണ്ണത്തിൽ കുറവുവന്നിരിയ്ക്കുന്നു. കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ വള്ളിക്കുന്ന് റെയിൽവെ സ്റ്റേഷനിലുണ്ടായ ആകെ വരുമാനം താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

അഞ്ചു വർഷത്തിനിടെ യാത്രാക്കൂലി പലതവണ ഏറിയിട്ടും ആകെ വരുമാനത്തിന്റെ കാര്യത്തിൽ വർദ്ധനവുണ്ടായിട്ടില്ല എന്നത് യാത്രക്കാരുടെ എണ്ണത്തിൽ വരുന്ന കുറവിനെ സൂചിപ്പിക്കുന്നു. ഈ വസ്തുതയിൽ നിന്നും വള്ളിക്കുന്ന് റെയിൽവെ സ്റ്റേഷന്റെ ദുർഗതി വ്യക്തമാണല്ലോ. പ്രധാനവണ്ടികൾ ഈ സ്റ്റേഷനിൽ നിറുത്താതിരിക്കുന്നതും സ്റ്റേഷനിലെ അസൗകര്യങ്ങളും സ്റ്റേഷനിൽ എത്തിച്ചേരാൻ യാത്രക്കാർക്കുള്ള പ്രയാസവുമാണ് ഇതിന്റെ കാരണം. സ്റ്റേഷന്റെ തളർച്ച സ്വാഭാവികമായും പരിസരത്തുള്ള മാർക്കറ്റിനെയും ക്ഷീണിപ്പിച്ചിരിക്കുന്നു.

പട്ടിക– 2

വള്ളിക്കുന്ന് റെയിൽവെ സ്റ്റേഷനിലെ ആകെ വരുമാനം

| വർഷം | വരുമാനം (രൂപ) |
|---|---|
| 91–92 | 3.75840 |
| 92–93 | 3,92,40 |
| 93–94 | 3,42,843 |
| 94–95 | 3,53,081 |

| | |
|---|---|
| 95–96 | 3,71,488 |

(അവലംബം – റെയിൽവെ കണക്കുകൾ)

## II. റോഡ് നിർമ്മാണം

### II.1. ടാർ റോഡുകളുടെ പ്രശ്നങ്ങൾ

നിലവിലുള്ള റോഡുകളുടെ അപര്യാപ്തതയാണ് മറ്റൊരു പ്രധാന പ്രശ്നം. റോഡുകളുടെ ഗുണനിലവാരമില്ലായ്മ, മികച്ച യാത്രാസൗകര്യത്തിന് അനുയോജ്യമായവിധം റോഡുകൾ മെച്ചപ്പെടുത്തുക എന്നീ പ്രശ്നങ്ങളും ഉയർന്നുവന്നിരിക്കുന്നു. അപകടകാരണങ്ങളായ വളവുകൾ, റോഡിന്റെ വീതിക്കുറവ്, പാർശ്വങ്ങളിലെ നടപ്പാതയില്ലായ്മ എന്നീ വിഷയങ്ങൾ പരിഗണിക്കപ്പെടേണ്ടതുണ്ട്.

### II. 2. പുതിയ റോഡുകൾ

വള്ളിക്കുന്ന് റെയിൽവെ സ്റ്റേഷൻ – കൊടക്കാട് റോഡ് എത്രയും പെട്ടെന്ന് പൂർത്തിയാക്കുക എന്ന ആവശ്യം 7, 8, 9, 10, 11 വാർഡുകളിലെ ഗ്രാമസഭകളിൽ നിന്നു ഉയർന്നുവന്നിട്ടുണ്ട്. ഇതുപോലെ യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള ഒട്ടേറെ നിർദ്ദേശങ്ങൾ ഉയർന്നുവന്നിട്ടുണ്ട്.

### II. 3. മെറ്റൽ റോഡുകളുടെയും മൺറോഡുകളുടെയും ശോചനീയാവസ്ഥ

ഗ്രാമസഭകളിൽ നിന്നുയർന്ന നിർദ്ദേശങ്ങളിൽ ഭൂരിഭാഗവും നിലവിലുള്ള മൺറോഡുകളുടെയും മെറ്റൽ റോഡുകളുടെയും ശോചനീയാവസ്ഥ ആസ്പദമാക്കിയുള്ളതാണ്. പൊട്ടിപ്പൊളിഞ്ഞും താറുമാറായും കിടക്കുന്ന റോഡുകളിൽ അടിയന്തിരമായി അറ്റുകുറ്റപ്പണി നടത്തുക എന്നത് പ്രധാന പരാതിയാണ്. മെറ്റൽ ചെയ്യാനും ടാർ ചെയ്യാനുമുള്ള നിർദ്ദേശങ്ങളും നിരവധിയുണ്ട്. ഇവ അനുബന്ധം A യിൽ പട്ടികപ്പെടുത്തിയിരിക്കുന്നു. വാർഡ് തിരിച്ചുള്ള ഈ പട്ടികയിലെ മുൻഗണനാ ക്രമം തയ്യാറാക്കിയത് ഗ്രാമസഭാറിപ്പോർട്ടുകളിൽ നിന്നും അവ വ്യക്തമല്ലാതിരുന്ന സന്ദർഭങ്ങളിൽ മെമ്പർമാരുടെ നിർദ്ദേശമനുസരിച്ചുമാണ്.

### II. 4. പുതിയ മൺറോഡുകൾ

പുതിയ മൺറോഡുകൾ നിർമ്മിക്കുന്നതിനും ധാരാളം നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. മിക്ക നിർദ്ദേശങ്ങളിലും നിലവിലുള്ള ഇടവഴികൾ മൺറോഡാക്കി മാറ്റാനാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ഇവ അനുബന്ധം B യിൽ പട്ടികപ്പെടുത്തിയിരിക്കുന്നു.

### II. 5. റോഡ് ശൃംഖലാ വ്യാപനം ഉയർത്തുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ

റോഡ് ശൃംഖലാ വ്യാപനം നാടിന്റെ പുരോഗതിയ്ക്ക് ആക്കം കൂട്ടിയെങ്കിലും നിരവധി പരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണമാവുന്നു.

മരങ്ങൾ വളരെയേറെ നശിപ്പിക്കപ്പെട്ടു എന്നതാണ് പ്രധാന പ്രശ്നങ്ങളിലൊന്ന്. പറമ്പുകളുടെ ഇടവഴികൾ വീതി കൂട്ടി മൺറോഡാക്കി മാറ്റിയപ്പോൾ അരികിലുണ്ടായിരുന്ന മരങ്ങൾ വെട്ടി മാറ്റപ്പെട്ടു. വർഷങ്ങളായി തുടർന്നുവന്നിരുന്ന ശ്രമകരമായ വനവൽക്കരണ പ്രക്രിയയാണ് ഇതിലൂടെ തടസ്സപ്പെട്ടത്. അശാസ്ത്രീയമായ ഈ മരനശീകരണം മൺറോഡുകളുടെ ഇരുപാർശ്വങ്ങളിലുമുള്ള ഉയർന്ന പറമ്പുകളിലെ മണ്ണ് ഇടിയുന്നതിനു കാരണമായി. ഇത് മണ്ണൊലിപ്പിനു കാരണമാവുന്നു.

സമതലത്തിലും താഴ്ന്ന പ്രദേശങ്ങളിലും മൺറോഡുകളായി മാറിയ ഇടവഴികൾ വർഷകാലത്ത് അധികമുള്ള വെള്ളം താഴ്ന്ന പാടശേഖരങ്ങളിലേയ്ക്ക് ഒഴുകിപ്പോവുന്നതിന് സഹായകരമായിരുന്നു. മൺറോഡുകളുടെ നിർമാണ രീതി ഈ ഒഴുക്കിനു തടസ്സമായി. സ്വാഭാവികമായും ഇത്തരം റോഡുകളിൽ നീർക്കെട്ടുകൾ ഉണ്ടാവുകയും ചെയ്യുന്നു. വർഷകാലത്ത് ഗതാഗതയോഗ്യമല്ലാതായി മാറുന്നു എന്നതാണ് ഇതിന്റെ ഫലം.

## സാധ്യതകൾ

### 1. റെയിൽവേസ്റ്റേഷന്റെ വികസനം

I റെയിൽ യാത്ര ആകർഷകമല്ലാതായി മാറുകയാണ് എന്നു വ്യക്തമായല്ലോ. ജനകീയ പദ്ധതിയിൽ നാം ലക്ഷ്യമിടുന്ന വികസന പ്രവർത്തങ്ങൾക്ക് സുസജ്ജമായ റെയിൽവെ സ്റ്റേഷൻ അനിവാര്യമാണ് എന്നു കാണാം. റെയിൽ ഗതാഗത വികസനത്തിന് അടിയന്തിരമായി ചെയ്യേണ്ടുന്ന കാര്യങ്ങൾ താഴെ പറയുന്നവയാണ്.

1. കോയമ്പത്തൂർ – മംഗലാപുരം എക്സ്പ്രസുകൾ (നമ്പർ 525, 526) മദ്രാസ് – മംഗലാപുരം മെയിലുകൾ (നമ്പർ 6601, 6602) എന്നീ വണ്ടികൾക്ക് സ്റ്റോപ്പനുവദിക്കുക. ഇത് ദൂരയാത്രക്കാർക്ക് മറ്റു സ്റ്റേഷനുകളെ ആശ്രയിക്കേണ്ടുന്ന സ്ഥിതി മാറ്റുന്നതിന് സഹായകരമായിരിക്കും.
2. റിസർവേഷൻ ബർത്തുകൾക്ക് എപ്പോഴും ആവശ്യക്കാർ കൂടുതലാണ്. വള്ളിക്കുന്നിൽ നിന്നുള്ള റിസർവേഷൻ ക്വാട്ട വർദ്ധിപ്പിക്കുക.
3. റെയിൽവെ സ്റ്റേഷനിലെ ലാട്രിൻ, സ്റ്റേഷനിലേയ്ക്ക് പൊതു ജനങ്ങൾക്ക് ഫോൺ ചെയ്യാനാവശ്യമായ P&T ഫോൺ, കൺട്രോൾ ഫോൺ എന്നിവ സ്ഥാപിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ വഴി സ്റ്റേഷനിലെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുക.

4. വള്ളിക്കുന്ന് റെയിൽവെ സ്റ്റേഷൻ – കൊടക്കാട് റോഡിന്റെ പണി തീരുന്നതോടെ ഈ സ്റ്റേഷൻ യൂനിവേഴ്സിറ്റിയ്ക്ക് ഏറ്റവുമടുത്ത സ്റ്റേഷൻ ആയി മാറും. ധാരാളം യാത്രക്കാർ വന്നുപോകാൻ ഇതിടയാക്കും. വള്ളിക്കുന്ന് റെയിൽവെ സ്റ്റേഷൻ എന്ന പേര് കോഴിക്കോട് സർവകലാശാല റെയിൽവെ സ്റ്റേഷൻ എന്നാക്കി മാറ്റുന്നത് ഗുണകരമായിരിക്കും.

5. റെയിൽവെ സ്റ്റേഷനിലേയ്ക്കുള്ള യാത്രാസൗകര്യം വർദ്ധിപ്പിക്കുക. നിർദ്ധിഷ്ട കൊടക്കാട് – വള്ളിക്കുന്ന് റെയിൽവെ സ്റ്റേഷൻ റോഡ് പൂർത്തിയായാൽ അരിയല്ലൂർ ജംങ്ഷൻ – കൊടക്കാട് – യൂനിവേഴ്സിറ്റി റൂട്ടിൽ മിനി ബസ്സുകൾ ഓടിക്കുക.

## II റോഡ് ഗതാഗതം

റോഡ് ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഗ്രാമസഭകളിൽ നിന്നുയർന്നു വന്നിട്ടുള്ള ഒട്ടേറെ നിർദ്ദേശങ്ങൾ പരിഗണിക്കുമ്പോൾ താഴെ പറയുന്ന സാധ്യതകൾ ഉരുത്തിരിയുന്നു.

1. ഗതാഗതത്തിരക്കുള്ള റോഡുകളിൽ വളവുകൾ ഒട്ടേറെ അപകടങ്ങൾക്ക് കാരണമാവുന്നുണ്ട്. പരപ്പനങ്ങാടി – കടലുണ്ടി റോഡിൽ എം. വി. ഹൈസ്ക്കൂൾ പരിസരത്തുള്ള വളവ്, കൊക്കായിൽ വളവ്, എന്നിവയും ആനങ്ങാടി – കോട്ടക്കടവ് റോഡിൽ പണിക്കൽ പാറ ഭാഗത്തെ വളവും ഒട്ടേറെ അപകടങ്ങൾക്ക് വഴിവെച്ചിട്ടുണ്ട്. ഈ പ്രശ്നങ്ങൾ ഉടൻ പരിഹരിക്കപ്പെടേണ്ടതുണ്ട്.

2. റോഡ് പാർശ്വങ്ങളിലെ വീതി കുറവും അപടകങ്ങൾ വിളിച്ചുവരുത്തുന്നു. പണിക്കർ പാറ കയറ്റം, CBHSനു സമീപം ആനയാറങ്ങാടി ഭാഗം എന്നിവിടങ്ങളിൽ വീതി കുറവു മൂലം അപകടങ്ങൾ ഉണ്ടായിട്ടുണ്ട്.

3. ടാർ ചെയ്ത ഭാഗത്തിന്റെ വീതി വർദ്ധിപ്പിക്കുക, റോഡരികുകളിൽ ഉടനീളം നാലടി വീതിയെങ്കിലുമുള്ള നടപ്പാതകൾ നിർമ്മിക്കുക, കയ്യേറപ്പെട്ട റോഡ് പുറമ്പോക്ക് ഭൂമികൾ ഒഴിപ്പിക്കുക, റോഡ് സൈഡിലെ സ്ഥിരസ്വഭാവമുള്ള നിർമാണങ്ങൾ ഒഴിവാക്കുക, ടാർ ചെയ്ത ഭാഗത്തിനോട് ചേർന്നുള്ള ഇലക്ട്രിക് പോസ്റ്റുകൾ, ടെലഫോൺ പോസ്റ്റുകൾ, ബസ്സ് സ്റ്റോപ്പുകൾ എന്നിവ ചുരുങ്ങിയത് ആറടിയെങ്കിലും അകറ്റി സ്ഥാപിക്കുക തുടങ്ങിയ കാര്യങ്ങളിൽ സത്വര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

4. പുതിയ റോഡ് : **അരിയല്ലൂർ**, കൊടക്കാട് ഭാഗങ്ങളിലെ വികസനത്തിന്റെ കാര്യത്തിലെ ഏറ്റവും പ്രധാനമായ ചുവടുവെപ്പാണ് വള്ളിക്കുന്ന് റെയിൽവെ സ്റ്റേഷൻ – കൊടക്കാട് റോഡിന്റെ പൂർത്തീകരണം. വള്ളിക്കുന്ന് റെയിൽവെ സ്റ്റേഷനു സമീപം ലെവൽ ക്രോസ് നിർമിച്ച് ഈ റോഡ് അരിയല്ലൂർ ജംങ്ഷനുമായി ബന്ധപ്പെടുത്തേണ്ടതാണ്. കോഴിക്കോട് സർവകലാശാലയിലേക്ക് ഇവിടെ നിന്ന് 5 കി. മീറ്റർ ദൂരമേ ഉള്ളൂ എന്നതിനാൽ അവിടേയ്ക്കുള്ള യാത്രക്കാർ വള്ളിക്കുന്ന് റെയിൽവെ സ്റ്റേഷനിൽ ഇറങ്ങുന്നതാണ്. അരിയല്ലൂർ ജംങ്ഷൻ – വള്ളിക്കുന്ന് റെയിൽവെ സ്റ്റേഷൻ – കൊടക്കാട് – യൂനിവേഴ്സിറ്റി റൂട്ടിൽ ബസ്സുകൾ ആരംഭിക്കുന്നത് നന്നായിരിക്കും. ഈ റോഡ് റെയിൽവെ സ്റ്റേഷന്റെയും പരിസരത്തുള്ള മാർക്കറ്റിന്റെയും വികസനത്തിന് ശ്രദ്ധേയമായ സംഭാവനകൾ നൽകും.

5. കൂട്ടുമൂച്ചി – മാതാപുഴ – മുണ്ട്യൻകാവ് റോഡിന്റെ ടാർ ചെയ്യാൻ ബാക്കിയുള്ള ഭാഗം കൂടി ടാർ ചെയ്ത് അത്താണിക്കലിൽ നിന്ന് ആ റോഡിലൂടെ കൂട്ടുമൂച്ചി, ഉള്ളണം, പരപ്പനങ്ങാടി, ചെട്ടിപ്പടി, ആനങ്ങാടി വഴി അത്താണിക്കൽ വരെ മിനിബസുകളുടെ ഒരു റിംഗ് സർവീസ് ആരംഭിക്കുന്നത് ആളുകൾക്ക് ഗുണകരമായിരിക്കും.

6. ആനങ്ങാടി – കോട്ടക്കടവ് റോഡിലെ റെയിൽവെ ഗെയ്റ്റിനു പകരം ഒരു ഓവർ ബ്രിഡ്ജ് സ്ഥാപിക്കേണ്ടതാണ്. വളരെ ഗതാഗതത്തിരക്കുള്ള ഈ റോഡിൽ റെയിൽ ക്രോസിങ്ങിനായി നഷ്ടപ്പെടുത്തുന്ന സമയം ലാഭിക്കാൻ ഇതു സഹായിക്കും.

7. കോട്ടാശ്ശേരിക്കടവ് ബാലാതിരുത്തി പാലം നിർമ്മിക്കുക.

8. മാതാപുഴ കടവിൽ നടപ്പാലം നിർമിക്കുക.

9. ഒലിപ്രം കടവ് പാലത്തിന്റെ പണി പെട്ടെന്ന് പൂർത്തിയാക്കുക.

10. ബസ് സർവ്വീസ് ഉണ്ടായിരുന്നിട്ടും പിന്നീട് നിലച്ചുപോയ പ്രദേശങ്ങളായ പരുത്തിക്കാട്, ഒലിപ്രം കടവ്, കടലുണ്ടി നഗരം എന്നിവിടങ്ങളെ കൂടി ഉൾപെടുത്തി ബസ് റൂട്ടുകൾ അനുവദിപ്പിക്കേണ്ടതാണ്.

11. മുമ്പുണ്ടായിരുന്ന K.S.R.T.C. ബസ്സുകൾ പുനരാരംഭിക്കേണ്ടതാണ്. പുതിയതായി കോട്ടക്കടവ് – ചെമ്മാട് – മലപ്പുറം റൂട്ടിൽ K.S.R.T.C. ബസ്സുകൾ ഓടിക്കേണ്ടതാണ്.

12. പ്രധാന ബസ് സ്റ്റോപ്പുകളിൽ ബസ് വെയിറ്റിങ് ഷെഡുകൾ നിർമ്മിക്കുക.

## III മെറ്റൽ റോഡുകളും പ്രധാന മൺറോഡുകളും

1. ടാർ ചെയ്യേണ്ട മെറ്റൽ റോഡുകൾ

നിലവിലുള്ള ടാർ റോഡുകളുടെ ദൂരത്തോടൊപ്പം

ടാർ ചെയ്യേണ്ട മെറ്റൽ റോഡുകളുടെ ദൂരം (പട്ടിക– 3) കൂടി കൂട്ടുമ്പോൾ ആകെ ദൂരം 30.54 കി. മീറ്റർ മാത്രമേ വരുന്നുള്ളൂ എന്നുകാണാം. ഇത് ആവശ്യമായതിന്റെ ചെറിയൊരു ഭാഗം മാത്രമേ വരുന്നുള്ളൂ. ഇതിൽ നിന്നും പട്ടിക– 3ൽ കാണിച്ചിട്ടുള്ള റോഡുകൾ ടാർ ചെയ്യുന്ന തിന് അടിയന്തിര പ്രാധാന്യം കൊടുക്കേണ്ടതാണെന്ന് വ്യക്തമാകുന്നു.

പട്ടിക– 3

ടാർ ചെയ്യേണ്ട മെറ്റൽ റോഡുകൾ

| നം | കോഡ്* | വാർഡ് | റോഡിന്റെ പേര് | ടാർ ചെയ്യേണ്ട ദൂരം | വീതി. |
|---|---|---|---|---|---|
| 1 | 0502 | 5 | പി. എച്ച്. സി. - നേറ്റീവ് | 0.5 | 3.6 |
| 2 | 0511 | 5 | CBHS പള്ളി - വാട്ടർടാങ്ക് | 0.22 | 3.6 |
| 3 | 1303 | 13 | കല്പാലം-നെയ്തല്ലി (IInd Reach) | 0.9 | 4 |
| 4 | 1204 | 12 | ഒലിപ്രംകടവ് - മുക്കത്തെക്കടവ് | 1.5 | 3.6 |
| 5 | 1205 | 12 | ഒലിപ്രംകടവ് - ചെട്ടിയാർമാട് (PWD) | 0.2 | 6 |
| 6 | 1302 | 13 | പടിഞ്ഞാറെ അങ്ങാടി-കോരങ്കണ്ണായി | 0.65 | 3.6 |

*കോഡിലെ ആദ്യത്തെ രണ്ടക്കങ്ങൾ വാർഡി നെയും തുടർന്നുള്ള രണ്ടക്കങ്ങൾ വാർഡിൽ റോഡി നുള്ള മുൻഗണനയും സൂചിപ്പിക്കുന്നു. അനുബന്ധം A കാണുക

2. മറ്റ് പ്രധാന മൺറോഡുകൾ

ഇവയെ പോലെത്തന്നെ അടിയന്തിര പ്രാധാന്യ ത്തോടെ തന്നെ മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ട റോഡു കളുമുണ്ട്. ഓരോ വാർഡിൽ നിന്നും ഒരു റോഡ് എങ്കിലും തെരഞ്ഞെടുക്കാവുന്ന വിധത്തിൽ മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ട റോഡുകളുടെ പട്ടിത താഴെ കൊടുക്കുന്നു.

പട്ടിക– 4

മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ട റോഡുകൾ

| നമ്പർ | കോഡ് | വാർഡ് | റോഡിന്റെ പേര് | ദൂരം (കി.മീ.) | വീതി (മീ.) |
|---|---|---|---|---|---|
| 1 | 0102 | 1 | കോന്നംകുഴിപാടം - ഹരിജൻ കോളനി റോഡ് | 0.7 | 3.6 |
| 2 | 0202 | 2 | ഹിറോസ് നഗർ റോഡ് | 0.6 | 4 |
| 3 | 0302 | 3 | അമ്പലപ്പടി സ്റ്റോപ്പ് - നിറ കൈതക്കോട്ട | 1.5 | 3.6 |
| 4 | 0602 | 6 | കാഞ്ഞിരപ്പൊറ്റ റോഡ് | 0.88 | 3.6 |
| 5 | 0406 | 4 | ഉണ്ണീരിമാസ്റ്റർ റോഡ് | 1.25 | 3.6 |
| 6 | 0702 | 7 | റെയിൽവെ സ്റ്റേഷൻ - കൊടക്കാട് (PWD) | 1.1 | 6 |
| 7 | 0803 | 8 | ബംഗ്ലാവ് - തടിയൻ പറമ്പ് റോഡ് | 0.68 | 4 |
| 8 | 0902 | 9 | MVHS - റെയിൽവെ സ്റ്റേഷൻ റോഡ് | 1.1 | 4 |
| 9 | 1102 | 11 | കൂട്ടുമൂച്ചി - മാതാപുഴ | 1.5 | 8 |

## IV റോഡ് വികസനം

ലഭ്യമായ ഫണ്ടിന്റെ ഭൂരിഭാഗം ചെലവഴിക്കപ്പെ ടുകയും വിവാദങ്ങൾക്ക് വിഷയമായിത്തീരുകയും ചെയ്യാറുണ്ടെങ്കിലും റോഡുകളെ സംബന്ധിച്ച് കൃത്യ മായ വിവരങ്ങൾ നമുക്കില്ല. റോഡുകളെ സംബന്ധ സിച്ച ധാരണകൾ പലപ്പോഴും വസ്തുനിഷ്ഠവുമല്ല.

1. വിവിധതരം റോഡുകൾ

ചുരുങ്ങിയത് പത്തടി വീതിയെങ്കിലുമുള്ള വഴി കളെ റോഡുകൾ എന്നു വിളിക്കാം. ഇവ മൂന്നു തരത്തി ലുണ്ട്. ടാർ റോഡ്, മെറ്റൽ റോഡ്, മൺറോഡ് എന്നിവ. ഇവയുടെ ശൃംഖലയെ റോഡ് ശൃംഖല എന്നു വിളിക്കാം. മിക്ക പദ്ധതികളിലും റോഡുകൾക്ക് പണമ നുവദിക്കുന്നത് അവയുടെ വീതി കൂടി കണക്കിലെടു ത്തിട്ടാണെന്നതിനാൽ റോഡുകളെ വീതിയുടെ അടി സ്ഥാനത്തിൽ തരം തിരിച്ചു കാണുന്നത് നന്നായിരിക്കും. ഈ റിപ്പോർട്ടിൽ റോഡുകളെ സംബന്ധിച്ചുള്ള പട്ടിക കളിൽ വീതീ കൂടി കാണിച്ചിരിക്കുന്നത് ഈ ലക്ഷ്യം മുൻനിർത്തിയാണ്.

2. റോഡ് പട്ടികകൾ

പഞ്ചായത്തിൽ നിലവിലുള്ള റോഡ് രജിസ്റ്റർ അശാസ്ത്രീയമായ ഘടനയാലും കാര്യക്ഷമമായി സൂക്ഷിക്കാതിരുന്നതിനാലും റോഡുകളുടെ വികസന പ്രവർത്തനത്തിന് അടിസ്ഥാനമായി പരിഗണിച്ചു കൂടാ നാവാത്തതാണ്. പഞ്ചായത്തിൽ നിലവിലുള്ള PWD, പഞ്ചായത്ത് ടാർ റോഡുകൾ, മൺറോഡുകൾ എന്നിവ യുടെ ഒരു ആധികാരിക പട്ടിക (പട്ടിക A) സൂക്ഷിക്കേ ണ്ടതാണ്. ഈ പട്ടിക വാർഡടിസ്ഥാനത്തിൽ, റോഡു കൾക്ക് നൽകേണ്ട മുൻഗണനയനുസരിച്ചാണ് തയ്യാറാ ക്കേണ്ടത്. എല്ലാ റോഡുകൾക്കും കോഡ് നമ്പർ നൽകേ ണ്ടത് ആവശ്യമാണ്. മുമ്പ് പ്രസ്താവിച്ചതുപോലെ ഈ കോഡിന്റെ ആദ്യത്തെ രണ്ടക്കങ്ങൾ വാർഡ് നമ്പറി നെയും തുടർന്നുവരുന്ന രണ്ടക്കങ്ങൾ ഈ വാർഡിൽ റോഡിനുള്ള മുൻഗണനയെയും സൂചിപ്പിക്കുന്നു.

നിലവിലുള്ള റോഡുകളുടെ സമഗ്രമായ പട്ടിക തയ്യാറാക്കുമ്പോൾ താഴെ ചേർക്കുന്ന വിവരങ്ങൾ ആണ് രേഖപ്പെടുത്തേണ്ടത്.

**പട്ടിക A**

1. വാർഡ്
2. കോഡ്
3. പേര് (തുടക്കം, ഒടുക്കം, ജംങ്ഷനുകൾ എന്നിവ വ്യക്തമായി കാണിക്കേണ്ടതാണ്.)
4. ദൂരം
5. വീതി
6. ടാർ ചെയ്ത ദൂരം
7. മെറ്റൽ ചെയ്ത ദൂരം
8. മെറ്റൽ ചെയ്യേണ്ട ദൂരം
9. ഓവുചാൽ നിലവിലുള്ള ദൂരം
10. ഓവുചാൽ ആവശ്യമായ ദൂരം
11. പാർശ്വസംരക്ഷണ ഭിത്തി നിലവിലുള്ള ദൂരം
12. പാർശ്വസംരക്ഷണ ഭിത്തി ആവശ്യമായ ദൂരം
13. നിലവിലുള്ള കലുങ്കിന്റെ എണ്ണം
14. ആവശ്യമായ കലുങ്കിന്റെ എണ്ണം
15. തന്നാണ്ടിൽ ചെലവഴിച്ച പൊതുഫണ്ട്
16. സഞ്ചിത തുക (15+ മുൻവർഷത്തെ 16)

ഈ പട്ടിക വർഷം തോറും പുതുക്കേണ്ടതാണ്.

ഇതുപോലെ പുതുതായി നിർമിക്കേണ്ട മൺറോഡുകളുടെ പട്ടികയും (പട്ടിക B) തയ്യാറാക്കേണ്ടതാണ്. ഈ പട്ടികയിലും മുൻപറഞ്ഞ വിവരങ്ങൾ തന്നെയാണ് രേഖപ്പെടുത്തേണ്ടത്. ആവശ്യമായ എല്ലാ സമ്മത പത്രങ്ങളോടും കൂടെ മൺറോഡുകൾ നിർമിച്ചു കഴിഞ്ഞ ശേഷം ഇവ പട്ടിക A യിലേക്കു മാറ്റേണ്ടതാണ്.

## V പാരിസ്ഥിതിക പ്രശ്നങ്ങളും സാധ്യതകളും

മരനശീകരണത്തിനും അതുമൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾക്കും പരിഹാരമായി മൺറോഡുകളിൽ പഞ്ചായത്ത് ഫണ്ട് ചെലവഴിക്കപ്പെടുമ്പോൾ പുതുതായി നിർമ്മിക്കപ്പെട്ട റോഡിന്റെ പാർശ്വങ്ങളിൽ മരങ്ങൾ നട്ടതായി ബോധ്യപ്പെടണമെന്ന് പഞ്ചായത്തിന് നിഷ്കർഷിക്കാവുന്നതാണ്. മിക്കവാറും മൺറോഡുകളുടെ നിർമ്മാണത്തിനു പിന്നിൽ ജനകീയ സമിതികൾ ഉണ്ട് എന്നതിനാൽ ഇത്തരമൊരു നിഷ്കർഷ ഗുണകരമായിരിക്കും.

മണ്ണൊലിപ്പിനും നീർക്കെട്ടിനും പരിഹാരമായി ആവശ്യമായ സ്ഥലങ്ങളിൽ ഓടകളും കലുങ്കുകളും പാർശ്വസംരക്ഷണ ഭിത്തികളും നിർമ്മിക്കേണ്ടതാണ്. ഇവ സദാ പ്രവർത്തന സജ്ജമായി നിലനിറുത്തുന്നതിന് അയൽക്കൂട്ടങ്ങളെ ഉപയോഗപ്പെടുത്തേണ്ടതാണ്. ഓടകളോ പാർശ്വസംരക്ഷണഭിത്തികളോ ആവശ്യമായ സ്ഥലങ്ങളിൽ ചുരുങ്ങിയത് പന്ത്രണ്ട് അടി വീതിയെങ്കിലും മൺറോഡുകൾക്ക്/ മെറ്റൽറോഡുകൾക്ക് വേണമെന്ന് നിഷ്കർഷിക്കാവുന്നതാണ്.

### IV മണൽ പ്രദേശങ്ങളിൽ റോഡു നിർമ്മിക്കാനുള്ള പുതിയ നിർദ്ദേശം

സമതലത്തിലും താഴ്ന്ന പ്രദേശങ്ങളിലും റോഡു നിർമ്മിക്കുന്നതിന് ഇപ്പോൾ വളരെയേറെ പ്രയാസങ്ങൾ അനുഭവപ്പെടുന്നുണ്ട്. മണ്ണിട്ടുയർത്താനും ഓടകളും പാർശ്വസംരക്ഷണഭിത്തികളും നിർമിക്കാനും ടാറിങ്, മെറ്റലിങ് എന്നിവ നടത്താനും ഭീമമായ തുക ആവശ്യമാണ്. ഈ അവസ്ഥയിലാണ് താഴ്ന്നപ്രദേശങ്ങളിലെ റോഡ് നിർമാണത്തിന് പുതിയ നിർദ്ദേശം ഉയർന്നു വന്നിട്ടുള്ളത്.

സമനിരപ്പായ മൺറോഡ് തയ്യാറാക്കിയ ശേഷം ഒരടികനമുള്ള കരിങ്കൽ ഫലകങ്ങൾ പാകുക എന്നതാണ് നിർദ്ദേശത്തിന്റെ കാതൽ. ഇതുമൂലം ഓടകളുടെയും പാർശ്വസംരക്ഷണ ഭിത്തികളുടെയും ആവശ്യകത ഒഴിവാക്കുന്നു. ഇടയ്ക്കിടെയുള്ള അറ്റകുറ്റപണികൾ ഒഴിവാക്കാൻ കഴിയുന്നു.

താഴ്ന്ന പ്രദേശങ്ങളിലെ റോഡ് വികസനത്തിൽ നിർണായകവും പരിസ്ഥിതിയോട് ഇണങ്ങുന്ന റോഡുകൾ നിർമിക്കാനുള്ളതുമായ ഈ നിർദ്ദേശം വിദഗ്ധന്മാരുടെ പരിഗണനയ്ക്ക് വിധേയമാക്കേണ്ടതാണ്.

### VII മൺറോഡുകളുടെ വികസനവും നിർമാണവും

അനുബന്ധം A യിൽ അറ്റകുറ്റപ്പണികൾക്കായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള എല്ലാ റോഡുകളും എത്രയും പെട്ടെന്ന് ശരിയാക്കേണ്ടതാണ്. ആവശ്യമായ ഫണ്ട് ലഭിയ്ക്കുന്ന മുറയ്ക്ക് പട്ടിക- 3, പട്ടിക- 4 എന്നിവയിൽ കാണിച്ചിട്ടുള്ള റോഡുകൾ നിർമിക്കേണ്ടതാണ്. അവയ്ക്കു ശേഷം അനുബന്ധം A യിൽ കൂടുതൽ മുൻഗണന നൽകിയിട്ടുള്ള റോഡുകൾ തെരഞ്ഞെടുക്കാവുന്നതാണ്.

ഗ്രാമപഞ്ചായത്തിന്റെ തീരുമാനമനുസരിച്ച് പൊതുഫണ്ടുകളിൽ നിന്ന് വാർഡുകളിൽ ചെലവഴിയ്ക്കപ്പെടുന്ന തുക അവയിലെ ജനസംഖ്യയ്ക്ക് ആനുപാതികമായ തോതിൽ ആയിരിക്കേണ്ടതാണ്.

## VIII ജനകീയപദ്ധതിയും ജനശക്തിയും

റോഡുകളുടെ വികസനത്തിൽ നമുക്കു കൈമുതലായുള്ളത് ജനശക്തിയാണ്. ശ്രമദാനം മൂലം പുതിയ റോഡുകളുടെ നിർമാണം നടത്താൻ കഴിയണം. പഞ്ചായത്തിന്റെ പരിമിതമായ ധനശേഷിയും ഭീമമായ ഫണ്ടിന്റെ ആവശ്യകതയും സുലഭമായ ആൾബലവും ഒരുമിച്ച് പരിഗണിക്കുമ്പോൾ നമ്മുടെ മാർഗം വ്യക്തമാണ്. റോഡുകളുടെ നിർമാണത്തിന് ആകെ വരുന്ന ചെലവിന്റെ 1/3 ഭാഗമെങ്കിലും ശ്രമദാനദിനങ്ങളുടെ വിലയും പൊതുസംഭാവനയും ചേർന്നതാവണം.

കഴിഞ്ഞ ഒരു വർഷത്തിൽ പൊതുഫണ്ടിൽ നിന്ന് 2,54,800 രൂപ ചെലവഴിച്ചപ്പോൾ പൊതു ജനങ്ങളിൽ നിന്ന് മേല്പറഞ്ഞ വിധം സമാഹിക്കപ്പെട്ടത് 3,39,900 രൂപ (അനുബന്ധം A കാണുക) ആയിരുന്നു എന്നത് നമ്മുടെ പഞ്ചായത്തിൽ ജനകീയ വികസന പ്രവർത്തനങ്ങളുടെ സാധ്യത വ്യക്തമാക്കുന്നു. മിക്കവാറും എല്ലാ ഗ്രാമസഭകളും ഇക്കാര്യത്തിൽ ശ്രമദാനം സംഘടിപ്പിക്കാൻ സന്നദ്ധരാണെന്ന് അറിയിച്ചിരിക്കുന്നത് ശുഭകരമാണ്.

അനുബന്ധം A

**നിലവിലുള്ള റോഡുകൾ**

(ഗ്രാമസഭാ റിപ്പോർട്ടുകൾ, വാർഡിലെ മെമ്പർമാർ, പ്രധാന പ്രവർത്തകർ എന്നിവരിൽ നിന്നു ശേഖരിച്ച വിവരങ്ങൾ) കോഡിന്റെ ആദ്യത്തെ രണ്ടക്കം വാർഡിനെയും തുടർന്നുള്ള രണ്ടക്കങ്ങൾ വാർഡിലെ മുൻഗണനയെയും സൂചിപ്പിക്കുന്നു.

| വാർഡ് | കോഡ് | റോഡിന്റെ പേര് | ദൂരം കി.മീ. | വീതി മീ. | ഒരു വർഷത്തിൽ ചെലവഴിച്ച പൊതു ഫണ്ട് | മെറ്റൽ | | ഓട | | കലുങ്ക് | | | ഒരു വർഷത്തിൽ ശ്രമദാനം | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | ചെയ്തത് | ചെയ്യാനുള്ളത് | ഉള്ളത് | വേണ്ടത് | ഉള്ളത് | വേണ്ടത് | അറ്റകുറ്റപ്പണി | സംഭാവന രൂ | ശ്രമദാനം ദിനം | ആകെ രൂ |
| 1 | 0101 | PWD | 2 | 8 | | TAR | | | | | | | | | |
| | 0102 | ഫിഷറീസ് - നവജീവൻ | 0.8 | 3.6 | | | ✓ | | | | | | | | |
| | 0103 | കോന്നകുഴിപാടം - ഹരിജൻ കോളനി | 0.7 | 3.6 | 1,00,000 | | ✓ | | ✓ | | | | 12,000 | 250 | 37,000 |
| | 0104 | ടിപ്പുസുൽത്താൻ | 0.8 | 3.6 | | | ✓ | | | | | | | | |
| 2 | 0201 | കോന്നംകുഴി റോഡ് | 0.65 | 3.6 | | | | | ✓ | | | ✓ | | | |
| | 0202 | ഹിറോസ് നഗർ റോഡ് | 0.6 | 4 | | | ✓ | | ✓ | ✓ | | | | | |
| | 0203 | ടിപ്പുസുൽത്താൻ റോഡ് | 0.5 | 3.6 | | | ✓ | | | | | | | | |
| | 0204 | കോന്നംകുഴി - ഷെയ്ഖ് പള്ളി | 0.5 | 3.6 | | | ✓ | | ✓ | | | ✓ | | | |
| 3 | 0301 | PWD (കോട്ടക്കടവ് - MMLPS Stop) | 1.25 | 30 | | TAR | | | | | | | | | |
| | 0302 | അമ്പലപ്പടി - നിറനൈതക്കോട്ട | .75 | 3.6 | | | | | | | | | | | |
| | 0303 | MMLPS ബസ് സ്റ്റോപ്പ് - കീഴയിൽ | 1.5 | 3.6 | | | | | | | | | | | |
| | 0304 | ആനയാറങ്ങാടി - താലപ്പൊലിപറമ്പ് | 0.35 | 4 | | | | | | | | | | | |
| | 0305 | പള്ളിപ്പടി സ്റ്റോപ്പ് - കോട്ടശ്ശേരിക്കടവ് | 1.0 | 3.6 | | | | | | | | | 50,000 | 210 | 71,000 |
| | 0306 | കോട്ടപ്പടി റോഡ് - പൊറാഞ്ചേരി | 1.75 | 3.6 | 5,000 | ✓ | ✓ | | | | | | 30,000 | 415 | 71,500 |
| | 0307 | ചക്കുങ്ങൽ തൊട്ടിത്തൊട്ടി | 0.5 | 3.0 | | | | | | | | | | | |

| | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 4 | 0401 | PWD | 1.5 | 30 | TAR | | | | | | | | | | |
| | 0402 | (പഞ്ചാ) CBHS - ഹീറോസ് നഗർ | 1.25 | 3.6 | TAR | | | | | | | | | | |
| | 0403 | ,, അത്താണിക്കൽ - കുറിയപാടം | 2.5 | 4.8 | TAR | | | | | | | | | | |
| | 0404 | നവജീവൻ - കച്ചേരിക്കുന്ന് | 0.6 | 3.6 | | ✓ | | | | | | | | | |
| | 0405 | ഉണ്ണീരിമാസ്റ്റർ റോഡ് | 1.25 | 3.6 | | ✓ | | | | | | | | | |
| | 0406 | കുറിയപ്പാടം - ചാലിപ്പാടം - H C - ശ്മശാനം | 2.5 | 3.6 | | ✓ | | | | | | | 5,000 | 18 | 6,800 |
| | 0407 | പോത്തുങ്കുഴിക്കാട് - HC | 0.6 | 3.6 | - | ✓ | | | | | | | | 60 | 6,000 |
| | 0408 | ചാലിപ്പാടം - HC | 0.6 | 3.6 | | ✓ | | | | | | | 5,000 | 75 | 12,500 |
| | 0409 | സുന്നിപ്പള്ളി - ചെനപ്പറമ്പ് | - | - | | ✓ | | | | | | | 10,000 | 80 | 18,000 |
| | 0410 | പുത്താരത്തോട് - ശ്മശാനം | - | - | 5,000 | | | | | | | | - | 20 | 2,000 |
| | 0501 | PWD | | 30 | | | | | | | | | | | |
| 5 | 0502 | PHC - NAVPS (0.5 മെറ്റൽ) | 1.7 | 3.6 | | ✓ | ✓ | | | | | | | | |
| | 0503 | പണിക്കർപാറ - പള്ളിയാളി | 0.5 | 3.6 | | ✓ | ✓ | | | | | | | | |
| | 0504 | കളരിപറമ്പ് - ശാസ്താപുരം | 1.0 | 3.6 | | | | | | | | | | | |
| | 0505 | കളരിപറമ്പ് - പൊട്ടാൻകുഴി | 1.5 | 3.6 | | | | | | | | | | | |
| | 0506 | മുജാഹിദ് പള്ളി - തങ്ങൾ ഇടവഴി | 0.3 | 3.6 | | | | | | | | | | | |
| | 0507 | മുണ്ടക്കാട്ട് കുളം - കൃഷിഭവൻ | 1.5 | 3.6 | 4,800 | | | | | | | | | | |
| | 0508 | NAVPS - ലക്ഷംവീട് | 1.0 | 3.6 | | | | | | | | | 2,100 | - | 2,100 |
| | 0509 | തേക്കിൻ റോഡ് | 1.0 | 3.6 | | | | | | | | | | | |
| | 0510 | മുണ്ടക്കാട്ട് കുളം - തച്ചർ ഇടവഴി | 0.5 | 3.6 | | | | | | | | | | | |
| | 0511 | CBHS പള്ളി - വാട്ടർടാങ്ക് | 0.22 | 3.6 | | | | | | | | | | | |
| 6 | 0601 | PWD | 1.0 | | | | | | | | | | | | |
| | 0602 | കാഞ്ഞിരപ്പൊറ്റ റോഡ് | 0.88 | | | | | | | | | | 5,000 | 30 | 8,000 |
| | 0603 | ലക്ഷംവീട് - കിഴക്കെമല | 0.6 | | | | | | | | | | | | |
| | 0604 | തേക്കിൻ റോഡ് | 1.62 | | | | | | | | | | | | |
| | 0605 | ഇല്ലത്ത് ഇടവഴി റോഡ് | | | | | | | | | | | | | |
| | 0607 | ആനയാറങ്ങാടി റോഡ് | | | | | | | | | | | | | |
| | 0608 | മുണ്ടിയൻ കാവ് - കുമ്മനാട്ട് | 0.77 | | | | | | | | | | | | |
| | 0609 | അങ്കണവാടി - കാഞ്ഞിരപ്പൊറ്റ | | | | | | | | | | | | | |
| | 0610 | കാന്തോളി മഠം ഇടവഴി | 0.33 | | | | | | | | | | 10,000 | 150 | 25,000 |
| 7 | 0701 | PWD (AELPS - കുറിയപ്പാടം) | 2.5 | 6 | | | | | | | | | | | |

| | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | 0702 | റെയിൻവെ സ്റ്റേഷൻ - കൊടക്കാട് | 0.6 | 6 | | | | | | | | | | | |
| | 0703 | മടാമ്പാടം - റെയിൽവെ സ്റ്റേഷൻ | 2.1 | 3 | 5,000 | ✓ | ✓ | | ✓ | | ✓ | | 10,000 | 25 | 12,500 |
| | 0704 | കുയിലിയിൽ (Transformer) - തടിയൻപറമ്പ് | 1.2 | 3 | | | ✓ | | | | | | 8,000 | 60 | 14,000 |
| | 0705 | അംബേഡ്കർ റോഡ് | 0.8 | 3 | | | ✓ | | ✓ | | | | | | |
| | 0706 | AMLPS - അംബേഡ്കർ റോഡ് | 0.4 | 3 | | | ✓ | | ✓ | | ✓ | | | | |
| | 0707 | റെയിൽവെ സ്റ്റേഷൻ - കാവുക്കളം | 0.8 | 3 | 5,000 | | ✓ | | | | ✓ | | | | |
| | 0801 | PWD (ആനങ്ങാടി) - അ. ജംഗ്ഷൻ | 3 | 8 | | TAR | | | | | | | | | |
| 8 | 0802 | PWD (അരി ജംഗ്ഷൻ - റെയിൽവെ സ്റ്റേഷൻ) | 0.82 | 6 | | TAR | | | | | | | | | |
| | 0803 | ബംഗ്ലാവ് - തടിയൻ പറമ്പ് | 0.68 | 5 | | | ✓✓ | | ✓ | | ✓ | ✓ | | | |
| | 0804 | രവിമംഗലം അങ്കണവാടി - കുറ്റ്യാർച്ചയിൽ HC | 0.62 | 4.3 | | | ✓ | | | | ✓ | | | | |
| | 0805 | മഠത്തിൽ റോഡ് | 0.62 | 2.7 | 5,000 | | ✓ | | | | | | | | |
| | 0806 | രവിമംഗലം ക്ഷേത്രം - റെയിൽ | 0.8 | 4 | | | ✓ | | ✓ | | ✓ | | | | |
| | 0807 | നാദകുളം റോഡ് | 0.25 | 4 | | | ✓ | | ✓ | | ✓ | | | | |
| | 0808 | വിഷവൈദ്യശാല - നരിക്കുറ്റി | 0.4 | 4 | | | ✓ | | | | | | | | |
| | 0810 | GVPS - നരിക്കുറ്റി റോഡ് | 0.8 | 4 | | | ✓ | | ✓ | | ✓ | | | | |
| | 0811 | ടിപ്പുസുൽത്താൻ റോഡ് | 1.3 | 8 | | | ✓ | | | | | | | | |
| 9 | 0901 | PWD (ജംഗ്ഷൻ - നേതാജി റോഡ്) | 3 | 8 | | TAR | | | | | ✓ | | | | |
| | 0902 | MVHS - റെയിൽവെ സ്റ്റേഷൻ | 1.1 | 4 | | | ✓ | ✓ | ✓ | | | | | | |
| | 0903 | അരി. ജംഗ്ഷൻ - ബീച്ച് | 0.62 | 4 | | | ✓ | | | | | | | | |
| | 0904 | GUPS - Beach | 0.6 | 4 | | | ✓ | | ✓ | | | | | | |
| | 0905 | കടക്കാട്ട് - കാരകുളം | 1.8 | 4 | 1,00,000 | | ✓ | | | | | | | | |
| | 0906 | MVHS - Rail (സത്യസായി) | 1.2 | 4 | | | ✓ | | | | | | | | |
| | 0907 | പുവാലിക്കുളം - ചേര്യങ്ങാട്ട് | | | | | | | | | | | | 50 | 5,000 |
| | 0908 | PHC റോഡ് | 0,55 | 4 | | | ✓ | | | | | | | | |
| | 0909 | ശാന്തി - ബീച്ച് റോഡ് | 0.52 | 4 | | | ✓ | | | | | | 10,000 | 50 | 15,000 |
| | 0910 | നേതാജി റോഡ് | 0.8 | 4 | | | | | | | | | | | |
| 10 | 1001 | PWD | 1.5 | 8 | | TAR | | | | | | | | | |

| | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | 1002 | PWD വള്ളിക്കുന്ന് Rly - കൊടക്കാട് | 1.5 | 8 | | TAR | | | | | | | | | |
| | 1003 | കല്പാലം - കുന്നപ്പള്ളശി | 1.25 | 3.6 | | | ✓ | ✓ | ✓ | | | | | | |
| | 1004 | നാലുകണ്ടം - പുഞ്ചപ്പാടം | 0.6 | 3.6 | | | | ✓ | ✓ | | | | | | |
| | 1005 | കോട്ടേക്കുന്ന് - കാളാരം കുണ്ട് | 0.5 | 3.6 | | | | ✓ | | | | | | | |
| 10 | 1006 | കോട്ടേക്കുന്ന് - പുഞ്ചപ്പാടം | 0.4 | 3.6 | | | | ✓ | | | | | | | |
| | 1007 | കോട്ടേക്കുന്ന് - കറുത്തേടത്ത് പറമ്പ് | 0.65 | 3.6 | | | | ✓ | | | | | | | |
| | 1008 | കോട്ടേക്കുന്ന് - കമ്മളിൽ റോഡ് | 0.45 | 3.6 | | | | ✓ | | | | | | | |
| | 1009 | മാണിശ്ശേരി - പുഞ്ചപ്പാടം | 0.7 | 3.6 | | | | ✓ | | ✓ | | | | | |
| | 1010 | പടിഞ്ഞാറെ ബസാർ - പുഞ്ചപ്പാടം | 0.7 | 3.6 | | | | ✓ | | | | | | | |
| | 1011 | കൂട്ടുമൂച്ചി - മുണ്ട്യൻ കാവ് | 1.5 | 8 | | | | ✓ | | | | | | | |
| | 1012 | വലിയപറമ്പിൽ റോഡ് | 0.3 | 3.6 | | | | ✓ | | ✓ | | | | | |
| 11 | 1101 | PWD (കൂട്ടുമൂച്ചി - കല്ലിങ്ങൽ) | 1.5 | 8 | | | | ✓ | | ✓ | | | | | |
| | 1102 | കീട്ടുമൂച്ചി - മാതാപുഴ | 1.5 | 8 | | | | ✓ | | ✓ | | | | | |
| | 1103 | വട്ടോളി റോഡ് | 1 | 5.5 | | | | ✓ | | ✓ | | | | | |
| | 1104 | കിഴക്കെപ്പള്ളി - കണ്ണാടിക്കൽ | 0.4 | 3.6 | | | | | | | | | | | |
| 12 | 1201 | PWD (ചെട്ടിയാർ മാട്) | 1.0 | 8 | | | | | | | | | | | |
| | 1202 | PWD (മുണ്ട്യൻ കാവ് - മാതാപുഴ) | 1.6 | 8 | | | | | | | | | | | |
| | 1203 | മുണ്ട്യൻകാവ് - ചരക്കടവ് | 0.2 | 3.6 | | | | | | | | | | | |
| | 1204 | മുണ്ട്യൻ കാവ് - ശോഭന റോഡ് (300 TAR) | 1.3 | 3.6 | | ✓ | ✓ | | | | | | 3.000 | 25 | 5.500 |
| | 1205 | ഒലിപ്രംകടവ് - മുക്കത്തെ ക്കടവ് | 1.5 | 3.6 | 5,000 | | | | | | | | | | |
| | 1206 | ഒലിപ്രംകടവ്- ചെട്ടിയാർ മാട് (PWD) | 0.2 | 6 | | ✓ | | | | | | | | | |
| | 1207 | കല്ലാശ്ശേരി - ചരക്കടവ് | 0.3 | 3 | | | | | | | | | | | |
| | 1208 | തിരുത്തിപ്പാടം - കയർ സൊസൈറ്റി | 0.3 | 3 | | | | | | | | | | | |
| | 1209 | തേക്കോളി റോഡ് | 0.1 | 3 | 20,000 | | | | | | | | | | |
| 13 | 1301 | പടിഞ്ഞാറെ അങ്ങാടി - കോരങ്കാണ്ണായി | 0.65 | 3 | | | | | | | | | | | |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1302 | അറഞ്ഞിൽ - രൂപക്കടവത്ത് | 0.3 | 3 | | | | | | | | | 8,000 | 70 | 15,000 |
| 1303 | കോരങ്കണ്ണായി - മുണ്ട്യൻ കാവ് | 0.7 | 6 | | | | | | | | | | | |
| 1304 | കോരങ്കാണ്ണായി - Post Office | 0.65 | 3.6 | | | | | | | | | | | |
| 1305 | കല്പാലം - കുന്നപ്പള്ളി - നെയ്തല്ലി റോഡ് | 1.2 | 3.6 | | | | | | | | | | | |
| | | | | | | | | | | | | | | |

## അനുബന്ധം B

### പുതുതായി നിർമിക്കേണ്ട മൺറോഡുകൾ

| വാർഡ് | നിർദ്ദേശിക്കുന്ന പേര് | കോഡ് | ദൂരം |
|---|---|---|---|
| 1 | ആനങ്ങാടി ജംഗ്ഷൻ - ഫിഷ്ലാന്റിംഗ് സെന്റർ | 0105 | 0.4 |
| | ഫിഷറീസ് - ബീച്ച് റോഡ് | 0106 | 0.2 |
| 2 | പുതിയിൽ റോഡ് - കോന്നം കുഴി റോഡ് | 0205 | - |
| 3 | കോട്ടപ്പടി - വള്ളിക്കുന്ന് നോർത്ത് പോസ്റ്റ് ഓഫീസ് | 0308 | 0.5 |
| | തണ്ണീരിങ്ങൽ ഇടവഴി | 0309 | 0.1 |
| | തൊട്ടിതൊടി കോളനി - മണ്ണാർ ചോല | 0310 | 0.3 |
| | ഹീറോസ് നഗർ - കീഴയിൽ - കോട്ടക്കടവ് - പൊറാഞ്ചേരി - ഒലിപ്രംകടവ് | 0311 | 5.0 |
| | മണ്ണാർചോല - കണ്ണിപറമ്പ് | 0312 | 0.5 |
| | കീഴയിൽ റോഡ് - പള്ളിപ്പടി റോഡ് | 0313 | 0.25 |
| | കോട്ടയിൽ പാടം - നിറകൈതക്കോട്ട ക്ഷേത്രം | 0314 | 0.75 |
| | കിഴക്കെമല - ഒലിപ്രം | 0315 | 2.25 |
| | ബാലിതിരുത്തി - നടപ്പാത | 0316 | 0.25 |
| 4 | നവജീവൻ - Rly Line | 0412 | 0.4 |
| | പള്ളിയാളി - കളരിപറമ്പ് | 0413 | |
| | ചെനപ്പറമ്പ് പള്ളി - കുണ്ടനാരി കോളനി - കീഴയിൽ | 0414 | |
| | ഉണ്ണീരിമാസ്റ്റർ റോഡ് - ചീരങ്ങാട്ട് | 0415 | |
| | പ്ലാത്തോട്ടം - കുറിയപാടം | 0416 | |
| | മേലയിൽ ഇടവഴി | 0417 | |
| | തച്ചേരിയിൽ ഇടവഴി | 0418 | |
| | ചിനക്കൽ പള്ളി - കീഴയിൽ | 0419 | |
| | പപ്പയിൽ റോഡ് | 0411 | |
| 5 | അറമ്മൽ അങ്കൺവാടി | 0512 | |
| | അത്താണിക്കൽ - പള്ളിയാളി | 0513 | |
| | താഴെത്തെയിൽ ഇടവഴി | 0514 | |
| | പൂവത്തിങ്ങൽ ഇടവഴി | 0515 | |
| | നേറ്റീവ് സ്ക്കൂൾ - തച്ചരുകണ്ടി | 0516 | |
| | ചാലാരി പറമ്പ് | 0517 | |
| | പുലിയാങ്ങൽ ഇടവഴി | 0518 | |
| | അത്താണിക്കൽ - താഴെത്തെയിൽ - മുണ്ടക്കാട്ട് | 0519 | |
| 6 | കാഞ്ഞിരപ്പൊറ്റ - ഒലിപ്രം | 0611 | |
| | ആനയാറങ്ങാടി - താലപ്പൊലി പറമ്പ് | 0612 | |
| | താലപ്പൊലിപറമ്പ് - മാരാത്തയിൽ - കാഞ്ഞിരപ്പൊറ്റ റോഡ് | 0613 | |

| | | | |
|---|---|---|---|
| | കിഴക്കെമല - അങ്കണവാടി - കാഞ്ഞിരപ്പൊറ്റ റോഡ് | 0614 | |
| | താലപ്പൊലി പറമ്പ് - മദ്രസ - അങ്കണവാടി റോഡ് | 0615 | |
| 6 | കാന്തോളി റോഡ് - കാഞ്ഞിരപ്പൊറ്റ റോഡ് | 0616 | |
| 7 | എസ്റ്റേറ്റ് മുക്ക് - കപ്പേക്കാട് | 0708 | |
| | അംബേഡ്കർ റോഡ് - മടാമ്പാടം - Rly Station | 0709 | 0.5 |
| 8 | മുദിയം വടക്കെ 4 സെന്റ് കോളനി - മെയിൻ റോഡ് | 0812 | 0.6 |
| | ഉഷാ നഴ്സറി - മുദിയം | 0813 | 0.6 |
| 9 | നേതാജി റോഡ് - ബീച്ച് (വടക്കോട്ട്) | 0913 | |
| | മുണ്ടോളി ഇടവഴി | 0914 | |
| 10 | കോലക്കൽ - നാറ്റിനാഴി | 1013 | 0.2 |
| | മുണ്ടത്തോട് - കളത്തിങ്ങൽ | 1014 | 0.25 |
| | മുണ്ടത്തോട് - വൈദ്യര് കണ്ടി | 1015 | 0.3 |
| | കറുത്തേടത്ത് പറമ്പ് - നാറ്റിനാഴി | 1016 | 0.4 |
| | Post office - കൊല്ലത്ത് ഇടവഴി - പുഞ്ചപ്പാടം | 1017 | 0.3 |
| | തോട്ടത്തിൽ ഇടവഴി | 1018 | 0.3 |
| | കാവിൽ - നാറ്റിനാഴി | 1019 | 0.45 |
| | കിഴക്കെ - മാണിശ്ശേരി | 1020 | 0.3 |
| 11 | നാലുകണ്ടം - പാറക്കൽ | 1105 | 0.7 |
| | തയ്യിലക്കടവ് - മണ്ണട്ടാംപാറ | 1100 | 1.2 |
| | അയിനിക്കാട്ടിൽ കുളം - കണ്ണീരി | 1107 | 0.7 |
| | പാലശ്ശേരി ഇടവഴി | 1108 | 0.4 |
| | പുല്ലറ - ചിനമ്പുറം | 1109 | |
| | പതിയപറമ്പ് - പടിക്കലെക്കണ്ടി | 1110 | |
| 12 | ചേലക്കൽ - അറമ്മൽ | 1210 | 0.81 |
| | മുണ്ട്യൻ കാവ് - വിളക്കത്തറ | 1211 | 0.3 |
| | ചേലക്കൽ - തണ്ടാൻ കടവ് | 1212 | 0.4 |
| | ഒലിപ്രം AKG സെന്റർ - കണ്ണികുളങ്ങര | 1213 | 0.8 |
| | തറവട്ടം കണ്ണി കുളങ്ങര റോഡ് - കക്കാട് കുന്ന് - ഭഗവതിക്കാവ് | 1214 | 0.7 |
| | ചാലിപ്പാടം - കൊളക്കത്ത് | 1215 | 0.5 |
| | തൊടമ്പറം | 1216 | 0.25 |
| | പനോളി - ശോഭന റോഡ് | 1217 | 0.4 |
| 13 | ആശാരിക്കൽ - കുണ്ടമ്പാടം | 1308 | 0.9 |

# ഊർജ്ജം

1964–ൽ സപ്തംബറിലെ ഒരു സായംസന്ധ്യയിൽ കൊടയ്ക്കാട്ടെയും അരിയല്ലൂരിലെയും ചില വീടുകളിൽ ഏതാനും ബൾബുകൾ പ്രകാശിച്ചതോടു കൂടിയാണ് വള്ളിക്കുന്ന് പഞ്ചായത്തിലേയ്ക്ക് ആധുനിക പുരോഗതിയുടെ അടിസ്ഥാനശക്തിയായ വൈദ്യുതി കടന്നുവന്നത് . നീണ്ട ഇരുപത്തിരണ്ടു വർഷങ്ങൾ കഴിഞ്ഞെങ്കിലും പഞ്ചായത്തിലെ ഒരു വാർഡിലും മുഴുവൻ പ്രദേശത്തും ഇന്നും വൈദ്യുതി എത്തിയിട്ടില്ല. പഞ്ചായത്തിന്റെ ഭൂപ്രദേശത്ത് ഒരു ഇല: മേജർ സെക്ഷന് വേണ്ടതിലേറെ (4500–ൽ അധികം) ഉപഭോക്താക്കൾ ഉണ്ടായിട്ടും വൈദ്യുതി ബോർഡിന്റെ ഓഫീസുകൾ ഒന്നും തന്നെ ഈ പഞ്ചായത്തിൽ പ്രവർത്തിയ്ക്കുന്നില്ല എന്നതും ഈ പ്രദേശത്തിന്റെ ദുര്യോഗമാണ്.

കോഴിക്കോട് ജില്ലയിലെ 220 K.V. നല്ലളം സബ്ബ് സ്റ്റേഷനിൽ നിന്നും മലപ്പുറം ജില്ലയിലെ കിഴിശ്ശേരി 110 K. V. സബ്ബ് സ്റ്റേഷനിൽ നിന്നും ആണ് വള്ളിക്കുന്ന് പഞ്ചായത്തിലേയ്ക്ക് വൈദ്യുതി ലഭിക്കുന്നത്. പരപ്പനങ്ങാടി, കടലുണ്ടി, ചേളാരി എന്നീ മൂന്ന് സെക്ഷൻ ഓഫീസുകളിൽ നിന്നാണ് ഇവിടെ വൈദ്യുതി വിതരണം നടക്കുന്നത്. പഞ്ചായത്തിലെ ഉപഭോക്താക്കൾ കറന്റ് ചാർജ്ജ് അടയ്ക്കുന്നതിനുവേണ്ടി 2 മുതൽ 15 വരെ കിലോ – മീറ്റർ അകലങ്ങളിലായി സ്ഥിതി ചെയ്യുന്ന ഓഫീസുകളിൽ പോകേണ്ടിയിരിയ്ക്കുന്നു. അയ്യായിരത്തോളം ഉപഭോക്താക്കൾ ഉള്ളതിൽ 85 ശതമാനവും ഗാർഹിക ഉപഭോക്താക്കളാണ്. കാർഷിക ഉപഭോക്താക്കൾ 6%ലും വ്യവസായ ഉപഭോക്താക്കൾ 2%വും വ്യാപാര ഉപഭോക്താക്കൾ 7% വും വരും (അവലംബം KSEB കണക്കുകൾ)

അധികൃതരുടെ കണക്കുകൾ അനുസരിച്ച് പഞ്ചായത്തിൽ നിലവിലുള്ള 18 ട്രാൻസ്ഫോർമറുകളിൽ ഒന്നു പോലും അധികഭാരം വഹിയ്ക്കുന്നവയല്ല.

പക്ഷേ ഗാർഹിക ഉപഭോക്താക്കളിൽ ഭൂരിഭാഗവും വോൾടേജ് കുറവിനെ സംബന്ധിച്ച് പരാതിയുള്ളവരാണ്. അതുകൊണ്ടുതന്നെ മിക്ക ഗ്രാമസഭകളിലും പുതിയ ട്രാൻസ്ഫോർമറുകൾ വേണമെന്ന ആവശ്യം ഉയർന്നിട്ടുണ്ട്. നിലവിലുള്ള മീറ്ററുകളിൽ 50 ശതമാനവും കേടായവയാണെന്ന് അധികൃതർ തന്നെ സമ്മതിയ്ക്കുന്നുണ്ട്

പഞ്ചായത്ത് പ്രദേശത്തുള്ള ട്രാൻസ്ഫോർമറുകളും അവയുടെ കപ്പാസിറ്റിയും പട്ടികപ്പെടുത്തിയിരിയ്ക്കുന്നു.

| നമ്പർ | കപ്പാസിറ്റി | പേര് | നമ്പർ | കപ്പാസിറ്റി | പേര് |
|---|---|---|---|---|---|
| 1 | 66 KVA | കോട്ട | 10 | 100 KVA | വള്ളിക്കുന്ന് റെ. സ്റ്റേഷൻ |
| 2 | 100 KVA | കുണ്ടനാരി | 11 | 100 KVA M.V.H.S. | |
| 3 | 100 KVA | കുറിയപ്പാടം | 12 | 160 KVA | കൊടക്കാട് I |
| 4 | 160 KVA | കച്ചേരിക്കുന്ന് | 13 | 100 KVA | കൊടക്കാട് II |
| 5 | 100 KVA | കുന്നത്ത് ഐസ് ഫാക്ടറി | 14 | 100 KVA | പൂക്കാട്ടുകടവ് |
| 6 | 160KVA | ആനങ്ങാടി | 15 | 160 KVA | വള്ളിക്കുന്ന് I |
| 7 | 63 KVA | അരില്ലൂർ ശിവക്ഷേത്രം | 16 | 160 KVA | വള്ളിക്കുന്ന്II |
| 8 | 100 KVA | ഉഷാ നെഴ്സറി | 17 | 160 KVA | ഒലിപ്പുറം |
| 9 | 100 KVA | ശാന്തി തിയേറ്റർ | 18 | 100 KVA | കടലുണ്ടി |

*(അവലംബം ഗ. ട. ഋ. ആ. കണക്കുകൾ)*

പഞ്ചായത്ത് പ്രദേശത്ത് ആകെ 23 കി. മീറ്റർ 11 കെ. വി. ലൈനുകളും 130 കി. മീറ്റർ 3 ഫേസ് ലൈനുകളും 80 കി. മീറ്റർ സിംഗിൾ ഫേസ് ലൈനുകളും ഉണ്ട്. പഞ്ചായത്തിൽ 16 ട്യൂബുകൾ അടക്കം 148 സ്ട്രീറ്റ് ലൈറ്റുകൾ മാത്രമാണ് പ്രവർത്തനക്ഷമമായിട്ടുള്ളത്.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ ഒരു വാർഡിലും മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിയിട്ടില്ല.
2. വൈദ്യുതി ബോർഡിന്റെ പല ഓഫീസുകളുടെ പരിധിയിൽ സ്ഥിതിചെയ്യുന്ന പഞ്ചായത്ത് ആയതിനാൽ ഉപഭോക്താക്കൾക്ക് ഉണ്ടാകുന്ന വിഷമങ്ങൾക്ക് പുറമെ ജനപ്രതിനിധികൾക്കും സാമൂഹ്യപ്രവർത്തകർക്കും പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ വിഷമം അനുഭവപ്പെടുന്നു.
3. പ്രേഷണ വിതരണ രംഗങ്ങളിലെ ബോർഡിന്റെ ശ്രദ്ധക്കുറവ് – പ്രത്യേകിച്ച് മരച്ചില്ലകളും മറ്റും മുറിയ്ക്കാതിരിക്കുന്നത് ഒരു സ്ഥിരം പ്രശ്നമായി തുടരുന്നു.
4. പഞ്ചായത്തിൽ 12 ഹരിജൻ കോളനികൾ വൈദ്യുതീകരിക്കാൻ ബാക്കിയുണ്ട്.
5. ഒരു വാർഡിന് ശരാശരി 11 എന്ന നിലയിലേ സ്ട്രീറ്റ് ലൈറ്റുകൾ ഉള്ളു. ചില വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റുകൾ ഇല്ല.

6. KSEB രജിസ്ട്രറുകളിൽ കാണുന്നതിനേക്കാൾ എത്രയോ അധികം വൈദ്യുതി ഉപയോഗിയ്ക്കുന്നു.

7. സമ്പന്നകുടുംബങ്ങളിലെ സ്റ്റെപ്–അപ് ഉപയോഗം മറ്റുള്ളവർക്ക് ദോഷമാകുന്നു.

8 മത്സ്യത്തൊഴിലാളികൾ താമസിയ്ക്കുന്ന ഒന്നും രണ്ടും വാർഡുകളിൽ ഒരു സർച്ച് ലൈറ്റുപോലും ഇല്ല.

9. ബോർഡ് ജീവനക്കാരുടെ അനാസ്ഥ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള വിമുഖത, അഴിമതി എന്നിവയും ഉള്ള വിഷമങ്ങൾ കൂട്ടുന്നു.

## സാദ്ധ്യതകൾ

വൈദ്യുതി ഓഫീസുകളിലെ രജിസ്ടറിൽ ഉള്ളതിനേക്കാൾ എത്രയോ അധികമാണ് യഥാർത്ഥ വൈദ്യുതി ഉപഭോഗം. സമ്പന്ന കുടുംബങ്ങളിൽ സ്റ്റെപ്–അപ്പുകൾ നിയന്ത്രണമില്ലാതെ ഉപയോഗിക്കുന്നതു കാരണം മറ്റുവീടുകളിൽ വോൾട്ടേജ് കുറയുന്നുണ്ട്. പ്രേഷണ–വിതരണരംഗങ്ങളിൽ വരുന്ന തകരാറുകളും വൈദ്യുതി നഷ്ടത്തിന് കാരണമാകുന്നുണ്ട്. മരച്ചില്ലകളും മറ്റു ലൈനുകളിൽ തട്ടി ഉണ്ടാകുന്ന തടസ്സങ്ങളും ഇവിടെ വൈദ്യുതി വിതരണരംഗത്തെ സ്ഥിരം സംഭവങ്ങളാണ്. ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കുവാൻ മാത്രമായി പ്രത്യേക സംവിധാനം പ്രദേശിക തലങ്ങളിൽ ഉണ്ടാകേണ്ടതാണ്.

പഞ്ചായത്തിന്റെ മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിക്കാൻ ഏകദേശം 10 കിലോമീറ്റർ 11 കെ. വി. ലൈനുകളും 10 കി. മീറ്റർ 3 ഫേസ് ലൈനുകളും 15 കിലോ മീറ്ററോളം സിംഗിൾ ഫേസ് ലൈനുകളും വലിയ്ക്കേണ്ടതുണ്ട്.

മിക്ക ഗ്രാമസഭകളും സ്ട്രീറ്റ് ലൈറ്റുകൾക്കുവേണ്ടി നീണ്ട പട്ടികകൾ തന്നെ സമർപ്പിച്ചിരിയ്ക്കുന്നു. ആവശ്യങ്ങളുടെ തീവ്രതയും ഫണ്ടിന്റെ പരിമിതിയും കണക്കിലെടുത്ത് ഗ്രാമസഭകൾ തന്നെ അവയുടെ എണ്ണം നിജപ്പെടുത്തേണ്ടിയിരിയ്ക്കുന്നു.

മത്സ്യബന്ധനത്തിനുപോയാൽ കരകാണാൻ സഹായകമായ വിധത്തിൽ കടൽത്തീരത്ത് ഒരു സർച്ച് ലൈറ്റ് സ്ഥാപിയ്ക്കേണ്ടതാണ്.

ബോർഡ് ജീവനക്കാരിൽ പലരും സാമൂഹ്യ പ്രതിബന്ധത ഇല്ലാത്തവരും അഴിമതിക്കാരും ജോലിയിൽ അനാസ്ഥ കാണിയ്ക്കുന്നവരും ആണെന്ന അർത്ഥം വരുന്ന വിധം പല ഗ്രാമസഭകളും വിലയിരുത്തൽ നടത്തിയിരിയ്ക്കുന്നു.

വൈദ്യുതി ബോർഡിലെ അഴിമതി അവസാനിപ്പിക്കാനുള്ള നടപടികൾ കൈക്കൊള്ളുക, ബോർഡിന്റെ പ്രവർത്തനം ജനകീയ പരിശോധനയ്ക്ക് വിധേയമാക്കാനുള്ള സംവിധാനം ഉണ്ടാക്കുക, തദ്ദേശ സ്ഥാപനങ്ങൾക്ക് വൈദ്യുതി മേഖലയിൽ അതത് തലങ്ങളിൽ നിയന്ത്രണം ഉണ്ടായിരിയ്ക്കുക തുടങ്ങിയ നിർദ്ദേശങ്ങൾക്കും പരിഹാരം കാണുക അസാധ്യമാണ്.

പഞ്ചായത്തിന്റെ മുഴുവൻ ഭാഗങ്ങളും ഒന്നിച്ച് ചേർത്ത ഒരേ ഓഫീസിനുകീഴിൽ പ്രവർത്തനം നടത്തണമെന്ന ഈ പഞ്ചായത്തിലെ ഉപഭോക്താക്കളുടെ നിരവധി വർഷത്തെ ആവശ്യത്തിന്റെ ഒന്നാംഘട്ട പരിഹാരം എന്ന നിലയിൽ വള്ളിക്കുന്ന് ആസ്ഥാനമായി ഒരു സബ്ബ് എഞ്ചിനീയർ ഓഫീസിന് ഇല: ബോർഡ് തത്ത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത ഓഫീസ് പരിധിയിൽ ബോർഡ് തന്നെ പ്രഖ്യാപിച്ചിട്ടുള്ള ഉപഭോക്താക്കളുടെ എണ്ണം 5050 ആണ്. (പരപ്പനങ്ങാടി സെക്ഷനിൽ നിന്ന് 4200, ചേരാളി സെക്ഷനിൽ നിന്ന് 650, കടലുണ്ടി സെക്ഷനിൽ നിന്ന് 200) 4500 ഉപഭോക്താക്കളിൽ കൂടുതലുള്ള സെക്ഷൻ ഓഫീസുകൾ, മേജർ സെക്ഷൻ ഓഫീസുകളാക്കി ഉയർത്തേണ്ടതാണെന്നത് ബോർഡിന്റെ പ്രഖ്യാപിത നയമാണ്. ആ നിലയ്ക്ക് 5000–ൽ അധികം ഉപഭോക്താക്കളുള്ള നിർദ്ദിഷ്ട വള്ളിക്കുന്ന് സബ്ബ് എഞ്ചിനീയർ ഓഫീസ് ഉടനെ തന്നെ ഇലക്ട്രിക്കൽ മേജർ സെക്ഷൻ ആക്കി മാറ്റാനുള്ള നടപടികൾ ഉണ്ടാവേണ്ടതാണ്.

പഞ്ചായത്തിൽ അടിയന്തിരമായി വൈദ്യുതിയ്ക്ക് വേണ്ടി ചെയ്യേണ്ട ലൈൻ പ്രവർത്തനങ്ങൾ അവയോട് ബന്ധപ്പെട്ട ചെലവുകൾ, ജനവിഹിതം എന്നിവ സംബന്ധിച്ച വാർഡ് തിരിച്ചുള്ള വിവരങ്ങളാണ് പട്ടികപ്പെടുത്തിയിരിയ്ക്കുന്നത്.

ഈ കൊടുത്ത പട്ടികയിൽ നിന്നും പഞ്ചായത്തിൽ 12 ഹരിജൻ കോളനികൾ ഇനിയും വൈദ്യുതീകരിയ്ക്കാനുണ്ടെന്ന് മനസ്സിലാകുന്നതാണ്.

പഞ്ചായത്തിലെ മിക്ക വീടുകളിലും പാചകത്തിന് ഉപയോഗിക്കുന്നത് വിറകാണ്. പുകയില്ലാത്ത അടുപ്പുകളുടെ ഉപയോഗം കുറവാണ്. ഗ്യാസ്, മണ്ണെണ്ണ, വൈദ്യുതി തുടങ്ങിയവ ഉപയോഗിച്ച് പാചകം നടത്തുന്നവർ 5 ശതമാനത്തിൽ താഴെ മാത്രമേ വരൂ. പുകയില്ലാത്ത അടുപ്പുകളെപ്പററിയും സോളാർ വിളക്കുകളെപ്പറ്റിയും അറിയുന്ന വനിതകൾ അടക്കമുള്ള സാമൂഹ്യ പ്രവർത്തകർ ഉള്ള സ്ഥലമായതുകൊണ്ട് അനർട്ടിന്റെയും വൈദ്യുതി ബോർഡിന്റെയും സഹകരണത്തോടെ ഇവ രണ്ടിന്റെയും പ്രചാരണത്തിനുവേണ്ടി പഞ്ചായത്ത് മുൻകൈ എടുത്ത് വിപുലമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിയ്ക്കേണമെന്ന ആവശ്യം ഉയർന്നിട്ടുണ്ട്. കൂടാതെ വൈദ്യുതിയുടെ പ്രസരണനഷ്ടം ഒഴിവാക്കാനും വീടുകളിലെ ദുരുപയോഗം തടയാനും അപകടങ്ങൾ ഇല്ലാതാക്കാനും വൈദ്യുതി ബോർഡിന്റെ സഹകരണത്തോടെ ബോധ

വാർഡ് പുതിയ ലൈനുകൾ വലിയ്ക്കേണ്ട സ്ഥലങ്ങൾ ദൂരം ലൈനിന്റെ സ്വഭാവം ലൈനുകൾ ട്രാൻസ്ഫോർമറുകൾ പ്രതീക്ഷിക്കാവുന്ന ചെലവ് ജനവിഹിതം

| വാർഡ് | പുതിയ ലൈനുകൾ വലിയ്ക്കേണ്ട സ്ഥലങ്ങൾ | ദൂരം | ലൈനിന്റെ സ്വഭാവം | ലൈനുകൾ ട്രാൻസ്ഫോർമറുകൾ | പ്രതീക്ഷിക്കുന്ന ചെലവ് | ജനവിഹിതം | |
|---|---|---|---|---|---|---|---|
| | | | | | | രൂപം | സംഖ്യ |
| 1 | കോന്നം കുഴി ഹരിജൻ കോളനി<br>ഫിഷറീസ് - നവജീവൻ<br>കാക്കത്തോടി പ്രദേശം | $1^1/_2$ K.M. | 1 Phase | | 23,000 | 70 മനുഷ്യ പ്രയത്നം | 7,000 |
| 2 | ഫിറോസ് നഗറിൽ 60-70 വീടുകൾ<br>തീരദേശ A.M.U.P. സ്ക്കൂളിന് പടിഞ്ഞാറ്<br>കോന്നം കുഴിപ്പാടം | $1^1/_2$ K. M. | 1 Φ | | 23,000 | 70 മ.പ്ര. | 7,000 |
| 3 | ചാളക്കണ്ടി ഹരിജൻ കോളനി<br>പൊറാഞ്ചേരി<br>ബാലതിരുത്തി ചില ഭാഗങ്ങൾ<br>മണ്ണാർ ചോല ഭാഗം<br>തൊട്ടിത്തൊടി കോളനി<br>കോട്ടക്കുന്നിൽ കുണ്ടിൽ തൊടി ഭാഗം | $1^1/_2$<br>2 K. M. | 11 KV<br>1 Φ | 1 | 30,000 | 75 മ.പ്ര. | 7,500 |
| 4 | ഫിറോസ് നഗർ മുതൽ ചോപ്പൻ<br>കാവ് വരെ 70 ഓളം വീടുകൾ | $1/_2$ | | | | 7,500 | |
| 5 | വെള്ളേപ്പാടം ഹരിജൻ കോളനി<br>കാവുങ്ങർ ഹരിജൻ കോളനി<br>അറമ്മൻ കോളനി<br>പൊട്ടൻകുഴി ഹരിജൻ കോളനി | 1 K. M.<br>1 K. M. | 11KV Tr<br>1 1<br>1 Φ | | 3,00,000<br>15,000 | 60 മ. പ്ര. | 6,000 |
| 6 | പൊറാഞ്ചേരി<br>കാഞ്ഞിരപ്പറ്റയുടെ ചില ഭാഗം<br>കിഴക്കേ മലയുടെ ചില ഭാഗം<br>കണ്ടം പിലാക്കൽ ഭാഗം<br>ലക്ഷം വീട് ഭാഗം | $1^1/_2$ 11<br>$1^1/_2$ | K Tr1<br>1<br>1 Φ | | 4,50,000<br>15,000 | 50 മ. പ്ര. | 5,000 |
| 7 | തടിയം പറമ്പിൽ ഹരിജൻ കോളനി<br>ചില ഭാഗങ്ങൾ<br>ദേവിവിലാസം സ്ക്കൂൾ പരിസരം | 1/4 | K.M.1<br>1 Φ | | 4,000 | 10 മ. പ്ര. | 1,000 |
| 8 | കടപ്പുറം 4 സെന്റ് കോളനികൾ (2)<br>കുറ്റിയാർച്ചയിൽ ഹരജൻ കോളനി | 3/4 | 1 Φ | 19,000 | | 50 മ. പ്ര. | 5,000 |
| 9. | 4 സെന്റ് കോളനികൾ 3 എണ്ണം<br>സബ്ബ് സെന്റർ ഭാഗം | $1^1/_2$ | 1 Φ | 23,000 | | 75 മ.പ്ര. | 7,500 |
| 10 | കൂട്ടുമൂച്ചിക്കൽ - മാതാപ്പുഴ റോഡിന്റെ<br>പടിഞ്ഞാറു ഭാഗം കാളാരം കുണ്ട്<br>ഹരിജൻ കോളനി<br>കൊടക്കാട് - വള്ളിക്കുന്ന് റെ. | 1 K. M. | 1 Φ | 15,000 | | 50 മ. പ്ര. | 5,000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | സ്റ്റേഷന് വടക്ക് വശം 11 കൂട്ടുമൂച്ചി - മാതാപ്പുഴ വരെ 40 ഓളം വീടുകൾ മണ്ണട്ടം പാറ ഭാഗം | 2 K. M. 1 | 1 ϕ | Tr1 | 30,000 | 75 മ.പ്ര. | 7,500 |
| 12 | മുണ്ടിയൻ കാവ് - പൊകര ഭാഗം ഒലിപ്പുറ ഭാഗം | 2 K. M. | 11 K.v. | Tr 1 | 7,50,000 | 75 മ.പ്ര. | 7,500 |
| | തിരുത്തി ഹരിജൻ കോളനി 1/2 K. M. പരുത്തിക്കാട് ഹരിജൻ കോളനി | 1/2 K. M | 1 ϕ | | | | |
| 13 | പനച്ചിക്കൽ ഹരിജൻ കോളനി | 3/4 | K. M. | 19.000 | | 60 മ.പ്ര. | 6,000 |
| | ചെറം തണ്ടത്ത് ഹരിജൻ കോളനി | 3/4 | K. M. 1 | 19,000 | | 60 മ.പ്ര. | 6,000 |

വൽക്കരണ പരിപാടികൾ സംഘടിപ്പിയ്ക്കേണമെന്നും നിർദ്ദേശമുണ്ട്. വൈദ്യുതി രംഗത്ത് പ്രവർത്തിക്കുന്ന ജീവനക്കാരുടെ സഹകരണം ഉറപ്പാക്കുന്നതിനും ഓഫീസും ഫീൽഡുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും സുതാര്യമാക്കുന്നതിനും ഉള്ള നടപടി ക്രമങ്ങളും ഉണ്ടാകേണ്ടതാണ്.

പഞ്ചായത്തിന്റെ മുഴുവൻ പ്രദേശങ്ങളിലും നല്ല പോലെ സൂര്യ പ്രകാശം ലഭിക്കുന്നതിനാൽ ഗൃഹങ്ങളിലെ ഉപയോഗത്തിനും കവല വിളക്കുകൾക്കായും സോളാർ ലാമ്പുകളെ ആധാരമാക്കിയുള്ള ഒരു പഞ്ചായത്തു തല സംവിധാനം നടപ്പാക്കാവുന്നതാണ്.

## മാർക്കറ്റ്

വള്ളിക്കുന്ന് പഞ്ചായത്തിൽ 25 വർഷത്തിനു മുൻപ് സുലഭമായി വിപണനം നടക്കുകയും പുറം ദേശങ്ങളിലേയ്ക്ക് അയയ്ക്കുകയും ചെയ്തിരുന്ന ഇത്തിൾ, കശുവണ്ടി, ചകിരി ഉത്പന്നങ്ങൾ, ഓല എന്നിവ ഇന്ന് മിക്കവാറും നമ്മുടെ പഞ്ചായത്തിന്റെ മാർക്കറ്റിംഗ് മേപ്പിൽ നിന്ന് അപ്രത്യക്ഷമായിരിക്കുന്നു. വള്ളിക്കുന്ന് പഞ്ചായത്തിൽ കടലുണ്ടി പുഴയോട് ചേർന്ന് താമസിച്ചിരുന്നവരെ "ഇത്തിൾ ഊമ്പികൾ" എന്നും അരിയല്ലൂർ ഭാഗത്ത് സമൃദ്ധമായിരുന്ന കശുമാവിൻ തോട്ടങ്ങളിൽ താമസിച്ചിരുന്നവരെ "അണ്ടിക്കണ്ണ് കുത്തികൾ" എന്നും വിളിച്ചിരുന്നത് പ്രസ്തുത പ്രകൃതി വിഭവങ്ങളും ജനജീവിതവും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെയാണ് സൂചിപ്പിക്കുന്നത്. നഷ്ടപ്പെട്ടവ തിരിച്ചുകൊണ്ടുവരാൻ എളുപ്പമല്ലെന്നിരിക്കെ, നിലവിലുള്ള പ്രകൃതി വിഭവങ്ങളും കാർഷിക വിഭവങ്ങളും ജനജീവിതവുമായി കോർത്തിണക്കി, ഒരു 'ഗ്രാമീണ ചന്ത സംസ്ക്കാര'വും, പ്രസ്തുത ചന്തയോട് കഴിയാവുന്നത്ര ആശ്രയത്വവും വിധേയത്വവും കാണിക്കുന്ന ഗ്രാമീണ മനസ്സുകളും വാർത്തെടുക്കുവാൻ കഴിഞ്ഞാൽ നമ്മുടെ പഞ്ചായത്തിന് സ്വാശ്രയത്വത്തിന്റെ ചുവട് ഉറപ്പിക്കാനും സമ്പന്നതയുടെ തിരുമുറ്റത്തേക്ക് നടന്നു കയറാനും കഴിയും എന്ന ഉൾവിളി ഗ്രാമസഭകളിലെ ചർച്ചകളിൽ കേൾക്കാനുണ്ട്.

നാളികേരം, നേന്ത്രവാഴ, കശുവണ്ടി, അടയ്ക്ക, നെല്ല്, കിഴങ്ങ് വർഗങ്ങൾ തുടങ്ങിയവയാണ് പ്രധാനപ്പെട്ട കാർഷിക വിളകൾ. ഇവയിൽ പ്രധാന ഉല്പന്നമായ നാളികേരത്തിന് തന്നെ ഒരു പൊതു വിപണിയോ സഹകരണ വിപണിയോ വിശ്വസിക്കാവുന്ന വിപുലമായ ഒരു സ്വകാര്യ വിപണിയോ പഞ്ചായത്തിൽ ഇല്ലെന്നതാണ് പരിതാപകരമായ വസ്തുത.

കാർഷികോല്പന്നങ്ങളും അവയുടെ മാർക്കറ്റിംഗ് പ്രശ്നങ്ങളും നിവാരണ നിർദ്ദേശങ്ങളും അടങ്ങിയ വാർഡ് അടിസ്ഥാനത്തിലുള്ള പട്ടികയാണ് താഴെ കൊടുക്കുന്നത് (അവലംബം : ഗ്രാമസഭ റിപ്പോർട്ട്)

വാർഡ് പ്രധാന കാർഷികോല്പന്നങ്ങൾ പ്രശ്നങ്ങൾ പരിഹാര നിർദ്ദേശങ്ങൾ

1 നാളികേരം പൊതു മാർക്കറ്റോ ആഴ്ച ചന്തയോ ഇല്ല. മാർക്കറ്റ് വേണം

2 നാളികേരം പൊതു മാർക്കറ്റോ ആഴ്ച ചന്തയോ ഇല്ല മത്സ്യമാർക്കറ്റ് ഉണ്ടാകണം

3 നാളികേരം, നേന്ത്രക്കായ, അടയ്ക്ക, കശുവണ്ടി പൊതുമാർക്കറ്റോ ആഴ്ച ചന്തയോ ഇല്ല ആനയാർ അങ്ങാടി കേന്ദ്രീകരിച്ച് ആഴ്ച ചന്തയും പൊതുമാർക്കറ്റും വേണം.

5 നാളികേരം, നേന്ത്രക്കായ, പച്ചക്കറി ആഴ്ചചന്തയോ പൊതു മാർക്കറ്റോ ഇല്ല മാർക്കറ്റിലെ വിലനിലവാരം പരിശോധിക്കാൻ സംവിധാനം വേണം

സഹകരണ പൊതു വിതരണ മേഖല മെച്ചപ്പെടുത്തണം. ആഴ്ചചന്ത വേണം.

6 നാളികേരം, പച്ചക്കറി, നേന്ത്രക്കായ മാർക്കറ്റ് ഇല്ല വിപണന സൗകര്യം ഉണ്ടാക്കണം

7 നാളികേരം, മരച്ചീനി, എള്ള്, നെല്ല്, പച്ചക്കറി, നേന്ത്രക്കായ മാർക്കറ്റോ ആഴ്ച ചന്തയോ ഇല്ല റെ. സ്റ്റേഷൻ കേന്ദ്രീകരിച്ച് മാർക്കറ്റ് ഉണ്ടാവണം

8 നാളികേരം, കശുവണ്ടി, നേന്ത്രക്കായ, പച്ചക്കറി ആഴ്ച ചന്ത, മാർക്കറ്റ് എന്നിവ ഇല്ല അരിയല്ലൂർ ജംഗ്ഷൻ കേന്ദ്രീകരിച്ച് ആഴ്ച ചന്ത തുടങ്ങണം

9 നാളികേരം, അടയ്ക്ക, നേന്ത്രക്കായ, പച്ചക്കറി വിപണന സൗകര്യം ഇല്ല ആഴ്ച ചന്ത വേണം

10 നാളികേരം, കിഴങ്ങ് വർഗങ്ങൾ, പച്ചക്കറി വിപണന സൗകര്യം ഇല്ല പുതിയ മാർക്കറ്റ് തുടങ്ങണം

11 നാളികേരം, നേന്ത്രവാഴ മാർക്കറ്റോ ആഴ്ച ചന്തയോ ഇല്ല മാർക്കറ്റ് വേണം

12 നാളികേരം, നേന്ത്രവാഴ, കിഴങ്ങ് വർഗങ്ങൾ മാർക്കറ്റോ ആഴ്ച ചന്തയോ ഇല്ല മുണ്ടിയം കാവ് പറമ്പിൽ മത്സ്യ മാർക്കറ്റ് തുടങ്ങണം

സഹകരണ മേഖലയിൽ ഒരു പൊതുമാർക്കറ്റ് തുടങ്ങണം.

13 നെല്ല്, പച്ചക്കറി, നാളികേരം, നേന്ത്രക്കായ ആഴ്ച ചന്തയോ മാർക്കറ്റോ ഇല്ല വിപണന സൗകര്യം ഉണ്ടാകണം.

സഹകരണാടിസ്ഥാനത്തിൽ (സ്വകാര്യ വ്യക്തികൾ ഒന്നിച്ചു ചേർന്നോ, വിവിധ ഗ്രാമസഭകൾ പ്രാതിനിധ്യസ്വഭാവത്തിൽ സംഘടിച്ചോ) നാളികേരം ഉപയോഗിച്ചുള്ള ഉത്പന്നങ്ങൾ നിർമ്മിക്കുന്നതും വിപണനം നടത്തുന്നതുമായ സംരഭങ്ങൾക്ക് പഞ്ചായത്തിൽ നല്ല സാധ്യതയുണ്ട്. അതുപോലെ, മിക്ക വാർഡുകളിലും നടക്കുന്ന കൃഷിയാണ് നേന്ത്രവാഴ. ജനങ്ങളിൽ നല്ലൊരു ഭാഗം ഏത്തക്ക ഉപയോഗിച്ച് ഉണ്ടാക്കുന്ന വിഭവങ്ങളുട (ഉദാ: കായവറുത്തത് ശർക്കര ഉപ്പേരി etc) ഉപഭോക്താക്കളും ആണ്. നമ്മുടെ പഞ്ചായത്തിലെ വാഴയ്ക്ക മുഴുവൻ ഉപയോഗിച്ച് അതിനോട് ബന്ധപ്പെട്ട ഭക്ഷ്യോത്പന്നങ്ങളുടെ നിർമിതിയ്ക്കും വിപണനത്തിനും ഇവിടെ നല്ല സാധ്യതയുണ്ട്. മറ്റു കാർഷിക വിഭവങ്ങൾ ഉപയോഗിച്ചും ഇത്തരം ഒരു വിപണന ശൃംഖല പഞ്ചായത്തിൽ വികസിപ്പിച്ചെടുക്കേണ്ടതിനെപ്പറ്റി ഗൗരവമായി ആലോചിക്കേണ്ടതാണ്.

പഞ്ചായത്തിൽ നിലവിലുള്ള CBNP (Community Based Nutrition Programe) അയൽക്കൂട്ടങ്ങളെയും സാക്ഷരതാ പ്രവർത്തകരെയും കോർത്തിണക്കിയാൽ ചുരുങ്ങിയ ചെലവിൽ ഉത്സാഹമുള്ള മനുഷ്യവിഭവശേഷി ലഭ്യമാകുന്നതാണ്. CBNP കുടുംബങ്ങളിലെ തൊഴിലില്ലായ്മക്ക് പരിഹാരം കാണാനും പഞ്ചായത്തിലെ കർഷകർക്ക് അവരുടെ ഉത്പന്നങ്ങൾക്ക് കുറെ കൂടി മെച്ചപ്പെട്ട വില ലഭ്യമാക്കാനും ഈ ഉല്പന്ന - വിപണന ശൃംഖല വഴി ഒരുക്കുന്നതാണ്. ഇതേ സംവിധാനം ഉപയോഗിച്ച് തന്നെ കാർഷിക വ്യവസായ സഹകരണ രംഗങ്ങളിലെ ഉല്പന്നങ്ങൾക്കും വിപണി കണ്ടെത്താൻ കഴിയും. ഇപ്രകാരം നമ്മുടെ പഞ്ചായത്തിൽ ലഭ്യമായിട്ടുള്ള എല്ലാ വിഭവങ്ങളും കോർത്തിണക്കി, ഓരോന്നിന്റെയും അധിക ലഭ്യതയും ഇല്ലായ്മയും സമതുലനം ചെയ്യാനുള്ള കരുത്തുറ്റ വ്യവസ്ഥയോടുകൂടിയ ഒരു പഞ്ചായത്ത് വിപണന സംവിധാനം കരുപ്പിടിപ്പിക്കുന്നത് സ്വാശ്രയ ഗ്രാമത്തിലേയ്ക്കുള്ള നമ്മുടെ ഒന്നാമത്തെ കാൽവെപ്പായിരിക്കും എന്ന കാര്യത്തിൽ സംശയമില്ല. ■






# 5.7

# പാർപ്പിടവും സാമൂഹ്യക്ഷേമവും

## പാർപ്പിടം

വിദ്യാഭ്യാസപരമായും സാംസ്കാരികമായും ഏറെ മുൻപന്തിയിൽ നിൽക്കുന്ന ഈ പഞ്ചായത്ത് അരിയല്ലൂർ, വള്ളിക്കുന്ന് എന്നീ രണ്ടുവില്ലേജുകൾ ചേർന്നതാണ്.

ഗൾഫ് പണത്തിന്റെ സ്വാധീനം ഈ പഞ്ചായത്തിന്റെ സാമ്പത്തിക മേഖലയിലെ നിർണായക ഘടകമാണ്. എന്നാൽ ഈ പണം ക്രിയാത്മകമായ രീതിയിൽ ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഭവനനിർമാണ രംഗത്തെ കോൺക്രീറ്റ് സൗധങ്ങളിൽ ഒതുങ്ങി നിൽക്കുന്നു.

കൂലി പണിയെടുത്ത് ഉപജീവനം നടത്തുന്നവരാണ് പഞ്ചായത്തിൽ കൂടുതലും അതുകൊണ്ട് തന്നെ കുടിലുകളും ഇടത്തരം വീടുകളുമാണ് പഞ്ചായത്തിൽ ഭൂരിപക്ഷവും. ഇതിൽ കൂടുതലും മത്സ്യത്തൊഴിലാളികൾ തിങ്ങിപാർക്കുന്ന ഒന്ന്, രണ്ട് വാർഡുകളിലും ഭാഗികമായി മറ്റ് വാർഡുകളിലുമാണ്.

പഞ്ചായത്തിലെ 6943 വീടുകളിൽ 1958 വീടുകൾ ഭേദപ്പെട്ടതും 2200 വീടുകൾ ഇടത്തരവും ബാക്കി 2875 വീടുകൾ കുടിലുകളോ ഓലമേഞ്ഞതോ ആണ്. ഇതിൽ 1600 വീടുകൾ മൊസൈക്ക് കടപ്പ എന്നിവകൊണ്ടും 3647 സിമന്റ് കൊണ്ടും ബാക്കി 1696 വീടുകൾ ചാണകം കൊണ്ട് തീർത്ത തറകളുമാണ്.

**വീടുകളുടെ തരം തിരിവ് പട്ടിക വാർഡ് തലത്തിൽ**

**പട്ടിക NO. I**

| വാർഡ് | ഓട് | ടെറസ് | ഓല | ടെറസ്/ഓട് | ഇരുനില | കുടിൽ | ആകെ |
|---|---|---|---|---|---|---|---|
| 1 | 164 | 87 | 2 | 17 | 19 | 117 | 405 |
| 2 | 198 | 60 | 4 | 11 | 32 | 85 | 390 |
| 3 | 337 | 71 | 3 | 8 | 69 | 128 | 616 |
| 4 | 352 | 127 | 5 | 13 | 71 | 121 | 688 |
| 5 | 252 | 143 | 5 | 13 | 74 | 128 | 615 |
| 6 | 292 | 49 | 3 | 5 | 38 | 107 | 494 |
| 7 | 296 | 82 | 4 | 8 | 37 | 193 | 620 |
| 8 | 245 | 130 | 1 | 19 | 80 | 251 | 726 |
| 9 | 352 | 238 | 2 | 49 | 34 | 208 | 883 |
| 10 | 259 | 68 | 5 | 14 | 37 | 83 | 501 |
| 11 | 299 | 68 | 4 | 14 | 37 | 83 | 501 |
| 12 | 23 | 69 | 6 | 4 | 72 | 131 | 519 |
| | 3289 | 1202 | 44 | 173 | 583 | 1667 | 6948 |

91–92 വർഷം മുതൽ ഈ കാലയളവ് പഞ്ചായ

ത്തിലെ 13 വാർഡുകളിലായി നിർമ്മിച്ച വീടുകൾ ഏറെ കുറെ വിവിധ തരം വീടുകളിൽ തുല്യത പുലർത്തുണ്ടെങ്കിലും കോൺക്രീറ്റ് വീടുകളുടെ നിർമാണചിലവ് വളരെയധികം വർദ്ധിച്ചതായി കാണുന്നു ഇത് ആർഭാടമായ വലിയ വീടുകൾ ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്

PWD റോഡിന് സമീപമായിട്ടാണ് ലക്ഷങ്ങൾ മുടക്കി വലിയ വലിയ വീടുകൾ നിർമിക്കുന്നതെങ്കിലും വയൽ നികത്തി കെട്ടിടം പണിയുന്ന അവസ്ഥയും പഞ്ചായത്തിൽ ഇല്ലാതില്ല. കാർഷിക മേഖലയെ ദോഷകരമായി ബാധിക്കുന്ന ഈ പ്രവർത്തനത്തിൽ പഞ്ചായത്തിലെ ജനങ്ങൾ ആശങ്കാകുലരാണ്.

ഭവന നിർമ്മാണരംഗത്ത് പ്രവർത്തിക്കുന്ന തീരൂർ കാർഷിക വികസന ബാങ്കിന്റെ ചെമ്മാട് ശാഖാ, ജില്ലാ സഹകരണ ബാങ്കിന്റെ പരപ്പനങ്ങാടി എന്നിവയെ പഞ്ചായത്തിലെജനങ്ങൾ വീട് നിർമ്മാണത്തിന് ഉപയോഗപ്പെടുത്തുണ്ട്. എന്നാൽ അമിതമായ പലിശയും സങ്കീർണ്ണമായ ജാമ്യവ്യവസ്ഥയും യഥാസമയം വായ്പ ലഭിക്കായ്കയും കാരണം ഈ വായ്പ സാധാരണക്കാരന് ലഭിക്കാത്ത സ്ഥിതിയാണുള്ളത്.

ഈ ഭവനവായ്പകൾ സാധാരണക്കാരനും ലഭിക്കത്തക്ക രീതിയിൽ ഭവനവായ്പാ വ്യവസ്ഥകൾ ഉദാരമാകേണ്ടതുണ്ട്. അതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1 നിർമിക്കുന്ന വീട് ഈടായി സ്വീകരിച്ച് വായ്പ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക.

2 പലിശ നിരക്ക് 12 ശതമാനമാക്കി നിജപ്പെടുത്തുക.

3 പ്ലോട്ട് അടിസ്ഥാനത്തിൽ തവണ വ്യവസ്ഥയോട് കൂടി വീട് നിർമിച്ച് നൽകുക.

ഈ പഞ്ചായത്തിൽ 1732 കുടുംബങ്ങളും സ്വന്തമായി വീടില്ലാത്തവരാണെന്നിരിക്കെ സർക്കാർ ഏജൻസികൾ മുഖേന പഞ്ചായത്തിൽ ലഭ്യമായ വീടിന്റെ എണ്ണം വളരെ മോശപ്പെട്ടതാണെന്ന് കണക്കുകൾ കാണിക്കുന്നു.

സർക്കാർ ഭവനനിർമ്മാണ ബോർഡു വഴി ദുർബല ഇടത്തര വിഭാഗക്കാർക്ക് നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഭവന വായ്പ ദുർബല വിഭാഗക്കാർക്ക് മാത്രമായും അതു വിരലിലെണ്ണാവുന്നവർക്ക് മാത്രവുമാണ് ലഭിക്കുന്നത്.

ദുർബല വിഭാഗക്കാർക്ക് വീട് വെയ്ക്കാനും ഇടത്തരക്കാർക്ക് നിർമ്മാണത്തിനും പുതുക്കിപണിയാനുമുള്ള സഹായങ്ങളോ വായ്പകളോ ലഭ്യമാവാത്തതിനാൽ ഈ വിഭാഗക്കാർക്ക് പൊതുവെ പൊതു പ്രവർത്തനത്തിൽ ഉത്സാഹ കുറവ് കാണപ്പെടുന്നു. ജനകീയാവശ്യങ്ങളിൽ വലിയ സ്വാധീനം ചെലുത്തപ്പെടുന്ന പാർപ്പിട പ്രശ്നം അടിയന്തിര പ്രാധാന്യത്തോടെ പരിഹരിക്കപ്പെടേണ്ടതും അതുവഴി നാടിന്റെ പ്രത്യുത്പാദനം രംഗങ്ങളിൽ ആത്മാർത്ഥതയോടെയും ഉത്സാഹത്തോടെയും സമസ്ത ജനവിഭാഗങ്ങളേയും സജീവമാക്കാൻ കഴിയേണ്ടിയിരിക്കുന്നു.

പഞ്ചായത്തിൽ വിവിധ പദ്ധതികൾ പ്രകാരം നിർമിച്ച വീടുകളുടെ വിവരപട്ടിക താഴെ കൊടുക്കുന്നു.

**പട്ടിക NO : II**

**ഭവന ലഭ്യതാ പട്ടിക വള്ളിക്കുന്ന് പഞ്ചായത്ത്**

| വർഷം | RLEGP | NREP | IAY | MWS | JRY | ആകെ |
|---|---|---|---|---|---|---|
| 1984-85 | 17എണ്ണം | - | - | - | - | 17 എണ്ണം |
| 85-86 | - | 23 എണ്ണം | - | - | - | 23 എണ്ണം |
| 86-87 | - | - | - | - | - | - |
| 87-88 | 5എണ്ണം | 5 എണ്ണം | - | - | - | 10 എണ്ണം |
| 88-89 | 14 എണ്ണം | 15 എണ്ണം | 4 എണ്ണം | - | - | 33 എണ്ണം |
| 89-90 | - | - | - | - | - | - |
| 91-92 | - | - | 2 എണ്ണം | 3 എണ്ണം | 3 എണ്ണം | 8 എണ്ണം |
| 92-93 | - | - | 9 എണ്ണം | - | 3 എണ്ണം | 12 എണ്ണം |
| 93-94 | - | - | 2 എണ്ണം | - | 8 എണ്ണം | 10 എണ്ണം |
| 94-95 | - | - | 5 എണ്ണം | - | 2 എണ്ണം | 7 എണ്ണം |
| 95-96 | - | - | 13 എണ്ണം | 5 എണ്ണം | - | 18 എണ്ണം |
| 90-91 | - | - | 2 എണ്ണം | 10 എണ്ണം | - | 12 എണ്ണം |
| ആകെ | 36 എണ്ണം | 43 | 37 | 18 | 16 | 150 |

വിവിധ സ്കീം അനുസരിച്ച് നമ്മുടെ പഞ്ചായതത്തിൽ ലഭ്യമാക്കിയ വീടുകൾ 1984-85 കാലയളവ് മുതൽ 1995-96 വരെ 2 വില്ലേജുകളിലായുള്ള 13 വാർഡുകളിൽ 150 വീടുകളാണ് എന്ന് കണക്കുകൾ കണക്കുകൾ കാണിക്കുന്നു. ഭവനനിർമ്മാണ ബോർഡ് വഴി ദുർബല വിഭാഗങ്ങൾക്ക് നൽകുന്ന സഹായങ്ങളും വായ്പയും വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ഭവന നിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയറ്റം കാരണവും. കൂലിനിരക്കിലെ ക്രമാതീതമായ വർദ്ധനവ് നിമിത്തം പാവപ്പെട്ടവന്റെ സ്വന്തമായൊരു വീട് എന്ന ആഗ്രഹം വെറും ആഗ്രഹമായിതന്നെ ശേഷിക്കവെ കിട്ടിയ ആനുകൂല്യങ്ങൾകൊണ്ട് വീട് നിർമ്മിക്കാനും പണി പൂർത്തിയാക്കാനും കഴിയാത്ത അവസ്ഥയാണുള്ളത്.

72-73 വർഷങ്ങളിൽ വിദഗ്ദ്ധ തൊഴിലാളികൾക്ക്

8 രൂപ കൂലി ഉണ്ടാവുമ്പോൾ അവിദഗ്ദ്ധ തൊഴിലാളിക്ക് 5-6രൂപ ആയിരുന്നു കൂലി നിരക്ക്. 75-76 കാലയളവിൽ വിദഗ്ദ്ധ തൊളിലാളികൾക്ക് 10 രൂപ ആവുകയും അവി ദഗ്ദ്ധ തൊഴിലാളികൾക്ക് 7 രൂപയായും 92-93 വർഷ ങ്ങളിൽ യഥാക്രമം 80-90 രൂപയും 65-75 രൂപയും, 94 കാലയളവിൽ 100-110 വിദഗ്ദ്ധ തൊഴിലാളികൾക്കും 70-80 രൂപ അവിദഗ്ദ്ധ തൊഴിലാളികൾക്കും ഉണ്ടായി രുന്ന കൂലിനിരക്ക് 95-96 കാലയളവിൽ വിദഗ്ദ്ധ തൊഴി ലാളികൾക്ക് 90 രൂപ മുതൽ 130 വരെയും അവിദഗ്ദ്ധ തൊഴിലാളികൾക്ക് 90 രൂപ മുതൽ 100 രൂപവരെ എത്തി നിൽക്കുന്നതായും കണക്കാക്കപ്പെടുമ്പോൾ സ്ത്രീ തൊഴിലാളികൾ പഞ്ചായത്തിൽ വിദഗ്ദ്ധ തൊഴിലാളി കളായി അറിയപ്പെടുന്നില്ല. അവിദഗ്ദ്ധ തൊഴിലാളിക ളായി പഞ്ചായത്തിൽ സ്ത്രീകൾ കൂടുതൽ ഉള്ളതായും കണക്കാക്കപ്പെടുന്നു. പുരുഷ തൊഴിലാളികളെക്കാൾ കുറവാണ് സ്ത്രീ തൊഴിലാളികളുടെ കൂലി നിരക്കെന്ന് അറിയുന്നു. ഇപ്പൾ 95-96 കാലയളവിൽ 80-90 രൂപയാണ് സ്ത്രീ തൊഴിലാളികൾക്ക്.

കെട്ടിട നിർമ്മാണ സാമഗ്രികളായ സിമന്റ് 87-88 കാലയളവിൽ 70 രൂപയും 89-ൽ 100 രൂപയും 92-94 വർഷങ്ങളിൽ 150 രൂപയും 95-96 വർഷങ്ങളിൽ 180 രൂപ യിലും എത്തി നിർക്കുന്നു. 87-88 ൽ 100 കല്ലിന് 1200 രൂപ ആയിരുന്നത് 94ൽ 6000 രൂപയായും 95 ൽ 7000 ആയും 96 ൽ 8000 രൂപയായി വർദ്ധിച്ചതായി കാണാം. കല്ലിന്റെ ഗുണത്തിൽ വ്യത്യാസം ഉണ്ടായിട്ടില്ലെന്ന് കണ ക്കാക്കപ്പെടുന്നു. 87-88ൽ 1കി.ഗ്രാം കമ്പിക്ക് 13 രൂപ ആയിരുന്നത് 96 ൽ 16.50യിൽ എത്തി നിൽക്കുന്നതായി കാണാം. കോൺക്രീറ്റ് യൂണിറ്റിന് 87-88 ൽ 1800 കൂലി ഉണ്ടായിരുന്നിടത്ത് ഇപ്പോൾ 2500 ൽ എത്തിനിൽക്കുന്നു. 95 ൽ ഫസ്റ്റ് ക്ലാസ്സ് ഓടിന് 1000ത്തിന് 5000 രൂപ ഉണ്ടായി രുന്നത് 96 ൽ 1000ത്തിന് 5500 ൽ എത്തി നിൽക്കുന്നു.

കൂലി നിരക്കിലെയും അതിനെക്കാൾ വെല്ലുന്ന സാമഗ്രികളുടെ വിലക്കയറ്റവും കാരണം വീടിന് സർക്കാർ വിവിധ പദ്ധതികളിലൂടെ നൽകുന്ന സഹായ ങ്ങളും വായ്പകളുമായ ബ്ലോക്കു വഴി നൽകുന്ന RLEGP, NREP, IAY, JRY, MWS എന്നീ പദ്ധതികളുടെ വായ്പാ പരിധിയും രാജീവ് ദശലക്ഷപാർപ്പിട പദ്ധതിയുടെ വായ്പാ പരിധിയും വർദ്ധിപ്പിക്കാനും വായ്പയ്ക്കുള്ള സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഒഴി വാക്കപ്പെടേണ്ടതുണ്ട്.

റവന്യൂ വകുപ്പ് വഴി പ്രകൃതിക്ഷോഭത്താൽ വീട് നഷ്ടപ്പെട്ടവർക്കുള്ള പുനരധിവാസ പദ്ധതിയുടെ ആനു കൂല്യവും പഞ്ചായത്തിൽ ലഭിക്കുന്നുണ്ടെങ്കിലും വളരെ മോശപ്പെട്ട കണക്കുകളാണ് ഈ പഞ്ചായത്തിലുള്ളത്. പഞ്ചായത്തിലെ കടൽ തീരത്തുള്ള ഒന്ന്, രണ്ട്, എട്ട്, ഒൻപത് വാർഡുകളിൽ കൂടുതലായി അനുഭവപ്പെടുന്ന പ്രകൃതി ക്ഷോഭം തടയാനും അതുവഴി വീടിന്റെ സംര ക്ഷണം ഉറപ്പ് വരുത്താനും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. നഷ്ടപ്പെട്ട വീടുകൾ പുനർ നിർമിക്കാനോ നന്നാ ക്കാനോ ഈ വായ്പയും സഹോയവും കൊണ്ട് കഴി യാത്ത സ്ഥിതിയാണുള്ളത്.

പഞ്ചായത്തിലാകെ 24 ഹരിജൻ കോളനികളി ലായി 503 കുടുംബങ്ങളും 448 വീടുകളിലായി 22478 അംഗങ്ങളും താമസിക്കുന്നതായി കണക്കുകൾ കാണി ക്കുന്നു.

പാർപ്പിട രംഗത്ത് പുതിയ തീരദേശ സംരക്ഷണ നിയമം സങ്കീർണ്ണമായ പ്രശ്നങ്ങളാണ് പഞ്ചായത്തിൽ സൃഷ്ടിച്ചിരിക്കുന്നത്. രൂക്ഷമായ പാർപ്പിട പ്രശ്നം അനു ഭവിച്ച് കൊണ്ടിരിക്കുന്ന പഞ്ചായത്തിലെ ഒന്ന്, രണ്ട് വാർഡുകളിലും എട്ട്, ഒൻപത് വാർഡുകളിലുമാണ് പ്രസ്തുത നിയമം നേരിട്ട് ബാധിക്കുന്നതെങ്കിലും ഇത് പഞ്ചായത്തിനെയാകെ ബാധിച്ചിരിക്കയാണ്. പ്രസ്തുത നിയമംമൂലം നിർമാണ പ്രവർത്തനം തടസ്സപ്പെട്ടിരിക്കുന്ന ഈ വാർഡുകളിൽ ചെറിയ ചെറിയ കുടിലുകൾ കെട്ടു ന്നതും തടഞ്ഞിരിക്കയാണ്. ഇതുവഴി പുതിയ റേഷൻ കാർഡും ലഭിക്കുന്നില്ല. ഒരു വീട്ടിൽ തന്നെ രണ്ടും, മൂന്നും കുടുംബങ്ങൾ താമസിക്കുന്നതിനാൽ പല ആനു കൂല്യങ്ങളും ഇക്കൂട്ടർക്ക് ലഭിക്കാതെ പോവുന്നു. കുടി ലുകൾ പ്രസ്തുത നിയമം മൂലം പഞ്ചായത്തിന് അംഗീ കരിക്കാനും നമ്പർ നൽകാനും കഴിയാത്തതാണിതിന് കാരണം. പാർപ്പിട രംഗത്തെ ദോഷകരമായി ബാധി ക്കുന്ന ഈ നിയമം പഞ്ചായത്തിലാകെ ഇപ്പോൾ കണ്ടു കൊണ്ടിരിക്കുന്ന വയൽ നികത്തി വീട് നിർമിക്കുന്നതും ഈ പ്രശ്നത്തിന്റെ ഉപോൽബലകമായ സ്ഥലത്തിന്റെ അമിതമായ വിലകയറ്റവും രൂക്ഷമാക്കുന്ന ലക്ഷണം ഇപ്പഴേ കണ്ടുതുടങ്ങിയിരിക്കുന്നു.

പഞ്ചായത്തിലെ കുടിലുകൾ മാറ്റിയെടുക്കലും ഭവന രഹിതർക്ക് വീട് നിർമ്മിച്ച് നൽകാനും സർക്കാർ വിവിധ ഏജൻസികളിലൂടെ ഇപ്പോൾ ലഭ്യമാക്കുന്ന വായ്പകൾ കൊണ്ടും സഹായങ്ങൾ കൊണ്ടും കാര്യ മായി കഴിയില്ലെന്ന് അനുഭവം നമ്മെ അറിയിക്കുന്നു. വാർഡ് തലത്തിൽ ഒരു ബൃഹത്തായ പദ്ധതിക്കേ ഇത് മാറ്റിയെടുക്കാൻ കഴിയൂ എന്ന് നാം തിരിച്ചറിയുന്നു. ഇതി നായി വാർഡ് തലത്തിൽ ഗുണഭോക്താക്കളുടെയും സന്നദ്ധ സംഘടനകളെയും സംയുക്തമായി വിളിച്ച് ചേർത്ത് ഗുണഭോക്താക്കൾക്ക് എത്ര രൂപ സമാഹരി ക്കാൻ കഴിയുമെന്ന് മനസ്സിലാക്കി സർക്കാർ ഫണ്ടിന് പുറമെ സാധനങ്ങളും അദ്ധ്വാനവും സംഭാവന വഴി സ്വരൂപിച്ച ഇതിന് പരിഹാരം കാണാവുന്നതാണ്.

പാർപ്പിടരംഗത്തെ സങ്കീർണ്ണമായ പ്രശ്നങ്ങൾ പരിഹരിക്കാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗ

ണിക്കാവുന്നതാണ്.

1. പഞ്ചായത്ത് തലത്തിൽ ഭവനനിർമ്മാണ സഹകരണ സംഘം രൂപീകരിക്കുക. എഞ്ചിനീയർ മുതൽ ലേബർ വരെയുള്ളവരെ സംഘത്തിലൂടെ സപ്ലൈ ചെയ്യുക. സർക്കാർ പദ്ധതികൾ പഞ്ചായത്തിലേക്കെത്തിക്കുന്ന ഏജൻസിയായി (സന്നദ്ധ സംഘടന) ഈ സംഘത്തെ പ്രവർത്തിപ്പിക്കുക.

2. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിതരണത്തിൽ സിവിൽ സപ്ലൈസ് ഇടപെടുക. (സിമന്റ്-കമ്പി മുതലായവ)

3. നിർമ്മാണ ചിലവ് 2 ലക്ഷം രൂപക്ക് മുകളിൽ വരുന്ന വീടുകൾക്ക് കർശനമായി പരിധി ഏർപ്പെടുത്തുക.

4. സർക്കാർ ലഭ്യമാക്കുന്ന വായ്പക്കുള്ള സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഇല്ലാതാക്കുക.

a. അപേക്ഷകൾ ഗ്രാമപഞ്ചായത്ത് വഴി വിതരണം ചെയ്യുക.

b. റജിസ്ട്രാപ്പീസിലെ അമിതമായ ഫീസ് ഇല്ലാതാക്കുക.

c. കാലതാമസം ഒഴിവാക്കുക

d. സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകാനുള്ള അധികാരം ഗ്രാമ പഞ്ചായത്ത് മെമ്പർമാർക്ക് നൽകുക.

6. സർക്കാർ ഏജൻസികൾ വഴി വിതരണം ചെയ്യുന്ന വായ്പകളുടെ രേഖകൾ പഞ്ചായത്ത് തലത്തിൽ സൂക്ഷിക്കുക.

7. ചെലവ് കുറഞ്ഞ വീടുകൾക്ക് പ്രചാരം നൽകുക.

8. സർക്കാർ ലഭ്യമാക്കുന്ന ഭവന നിർമ്മാണ വായ്പകളുടെ സംഖ്യ വർദ്ധിപ്പിക്കുക.

a. IAY, MWS, JRY, RLEGP എന്നിവ 15,800 രൂപയിൽ നിന്ന് 30,000 രൂപയായി ഉയർത്തുക.

b. രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി 26,400 രൂപയിൽനിന്ന് 50,000 രൂപയായി ഉയർത്തുക.

c. പ്രകൃതി ക്ഷോഭ പുനരധിവാസ പദ്ധതി 15,000 രൂപയിൽനിന്ന് 25,000 രൂപയായി ഉയർത്തുക.

ഭവനരഹിതരുടെ പ്രശ്നം പരിഹരിക്കണമെങ്കിൽ അവർക്ക് പ്രാഥമികമായി ഭൂമി ലഭ്യമാകേണ്ടതുണ്ട്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മിച്ച ഭൂമിയും, സർക്കാർ പുറമ്പോക്ക് ഭൂമി, പഞ്ചായത്ത് ലീസ് ഭൂമി എന്നിവ ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്. ഭൂരഹിതർക്ക് 5 സെന്റ് ഭൂമി വീതം സൗജന്യമായി നൽകുകയും, അവിടങ്ങളിൽ എൽ.ഐ.സി.തുടങ്ങിയ കേന്ദ്ര പൊതു സ്ഥാപനങ്ങളിലൂടെ ഏറ്റവും ചുരുങ്ങിയ പലിശക്കുള്ള വായ്പ ലഭ്യമാക്കുകയും വീടിന്റെ നിർമ്മാണം നിർമ്മിതികേന്ദ്രം തുടങ്ങിയ ഏജൻസികളെ കൊണ്ട് നടത്തിക്കുകയും ചെയ്യുക. ഇതിനായി ഗുണഭോക്താക്കളുടെയും സന്നദ്ധ യുവജന സംഘടനകളുടെയും പരമാവധി മനുഷ്യാദ്ധ്വാനം ഉപയോഗപ്പെടുത്താനും കഴിയേണ്ടതുണ്ട്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്തിന് നൽകുകയും വേണം.

കോളനികളുടെ പാർപ്പിട പ്രശ്നം സങ്കീർണ്ണമായ മറ്റ് പ്രശ്നങ്ങളും സൃഷ്ടിക്കുന്നുണ്ട്. കൊച്ചു കൂരകളിലെ ജന ബാഹുല്യമാണ് ഇതിന് കാരണം. വീടുകൾ തൊട്ട് തൊട്ട് കിടക്കുന്നതും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. കോളനികളിൽ ഫ്ളാറ്റ് സിസ്റ്റം നടപ്പാക്കുന്നത് പരിശോധിക്കേണ്ടതുണ്ട്. ഡാനിഡ, ഇന്ദിര ആവാസ് യോജന രാജീവ് മെമ്മോറിയൽ ട്രസ്റ്റ് തുടങ്ങിയ വിദേശ-കേന്ദ്ര ഏജൻസികളെ ഇതിന് ഉപയോഗപ്പെടുത്താവുന്നതാണ്.

ഇതേപോലെ ഗൗരവമാണ് ഒന്ന് രണ്ട് വാർഡുകളിലെ പാർപ്പിടപ്രശ്നവും മത്സ്യത്തൊഴിലാളികൾ തിങ്ങി പാർക്കുന്ന മേഖലയായ ഇവിടെ തൊട്ട് തൊട്ട് കിടക്കുന്ന വളരെ ചെറിയ ചെറിയ കുടിലുകൾ പലപ്പോഴും ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഇവർക്കും വീട് നിർമ്മിക്കാനുള്ള സ്ഥലം ഇല്ലെന്നുള്ളതും മറ്റൊരു പ്രശ്നമാണ്. ജന സാന്ദ്രത വളരെ കൂടുതലായ ഈ മേഖലകളിൽ തീരദേശ സംരക്ഷണ നിയമം "കൂനിന്മേൽ കുരു" എന്നപോലെ അനുഭവപ്പെടുകയാണ്. കുറെ കുടുംബങ്ങളെയെങ്കിലും പഞ്ചായത്തിന്റെ ജന സാന്ദ്രത കുറഞ്ഞ മേഖലകളിൽ (വാർഡുകളിൽ) മാറ്റിപാർപ്പിക്കാവുന്നതാണ്. ഭവന നിർമ്മാണത്തിന് മുമ്പ് സൂചിപ്പിച്ച തരത്തിലുള്ള ഏജൻസികളുടെ സഹായം തേടേണ്ടതാണ്.

നമ്മുടെ ലക്ഷ്യം 5 വർഷം കൊണ്ട് പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പൂർണമായല്ലെങ്കിലും പരമാവധി പരിഹരിക്കലാവട്ടെ. അതിനുള്ള കൂട്ടായ്മക്കായി നമുക്ക് ഒന്നിക്കാം. ഒരുമിക്കൂ.

## സാമൂഹ്യ ക്ഷേമം

സാമൂഹ്യ ക്ഷേമ രംഗത്ത് ദാരിദ്ര്യ രേഖക്ക് താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും സംഘടിത- അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ക്ഷേമപദ്ധതികളുമാണ് നിലവിലുള്ളത്.

പൂർണ്ണമായും കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ വഹിക്കുന്ന ദാരിദ്ര്യ നിർമാർജ്ജന പദ്ധതിയും തൊഴിലാളി-തൊഴിലുടമാ സഹകരണത്തോടെ ക്ഷേമനിധി ബോർഡുകൾ വഴി നടപ്പാക്കപ്പെടുന്നവയുമായി ഇതിനെ രണ്ടായി തിരിക്കാം.

ഈ പദ്ധതികൾക്ക് പുറമെ പട്ടികജാതി വികസനത്തിനും ഉന്നമനത്തിനുമായി പട്ടികജാതി വികസന കോർപറേഷനും വനിതകളുടെ പുരോഗതിക്കായി വനിതാവികസന കോർപ്പറേഷനും പ്രവർത്തിക്കുന്നുണ്ട്.

ഈ പദ്ധതികളിൽ ദാരിദ്ര്യ നിർമ്മാർജ്ജനപദ്ധതികൾ മുഖേനയുള്ള സഹായങ്ങളാണ് വലിയതോതിലല്ലെങ്കിലും പഞ്ചായത്തിൽ ലഭ്യമാവുന്നത്. നാമമാത്രമായി മറ്റ് പദ്ധതികളും പഞ്ചായത്തിൽ ജനങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്.

നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത വളരെ പ്രകടമാണ്. പദ്ധതിയെ കുറിച്ചുള്ള അറിവില്ലായ്മ, അർഹതപ്പെട്ടവർക്ക് കിട്ടായ്ക, ഉദ്യോഗസ്ഥതലത്തിലുള്ള ബോധവൽക്കരണ കുറവ്, ആവശ്യത്തിനും സമയത്തിനും കിട്ടായ്ക, ഉപയോഗപ്പെടുത്തുമ്പോഴുള്ള സാങ്കേതിക നൂലാമാലകൾ എന്നിവ എടുത്ത് പറയേണ്ടത് തന്നെയാണ്.

തൊഴിലാളി-തൊഴിലുടമ സഹകരണത്തോടെയുള്ള ക്ഷേമനിധി ബോർഡുകൾ മുഖേനയുള്ള പ്രവർത്തനം തന്നെ കാര്യക്ഷമമായിട്ടില്ല. പഞ്ചായത്തിൽ കയർതൊഴിലാളികൾ, കെട്ടിടനിർമ്മാണ തൊഴിലാളികൾ, കർഷകത്തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ എന്നിവർ കൂടുതലുണ്ടെങ്കിലും എല്ലാ തൊഴിലാളികളും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല.

പട്ടികജാതി വികസന കോർപ്പറേഷൻ വഴിയുള്ള ആനുകൂല്യം ലഭിക്കുന്നുണ്ടെങ്കിലും ഇതിന്റെ ആഫീസ് പാലക്കാട്ടായതിനാൽ ലഭിക്കുന്നതിന് ഏറെ പ്രയാസമനുഭവിക്കുന്നുണ്ട്.

വനിതാ വികസന കോർപ്പറേഷൻ ആസ്ഥാനം തിരുവനന്തപുരത്തായതിനാൽ പഞ്ചായത്തിലെ സാധാരണ സ്ത്രീകൾക്ക് ഈ വഴിയുള്ള ആനുകൂല്യങ്ങൾ ലഭിക്കാറില്ല. സത്യത്തിൽ പൊതുപ്രവർത്തന രംഗത്ത് പ്രവർത്തിക്കുന്ന പല സ്ത്രീകൾക്കും ഇതേ കുറിച്ചറിയില്ലെന്നതാണ് യാഥാർത്ഥ്യം. വനിതകൾക്ക് അന്യമാണ് ഈ കോർപറേഷൻ എന്നാണ് പഞ്ചായത്തിനെ വിലയിരുത്തുമ്പോൾ അറിയാൻ കഴിയുക.

സാമൂഹ്യക്ഷേമ രംഗത്ത് കാര്യമായി പ്രവർത്തിച്ചുകൊണ്ട് പഞ്ചായത്തിൽ സഹായം ലഭ്യമാക്കിക്കൊണ്ടിരിക്കുന്നത് ബ്ലോക്ക് ഡവലപ്മെന്റ് ആപ്പിസിന് താഴെയുള്ള അരിയല്ലൂർ, വള്ളിക്കുന്ന് എന്നീ രണ്ട് വില്ലേജ് സർക്കിളുകൾ വഴിയാണ്. രണ്ട് സർക്കിളുകളിലൂടെ നടപ്പാക്കിയ പദ്ധതികളെ സംബന്ധിച്ച് ശരിയായി വിലയിരുത്തപ്പെടണമെങ്കിൽ ഗുണഭോക്താക്കളിൽനിന്നും ശരിയായി വിവരങ്ങൾ ശേഖരിക്കപ്പെടേണ്ടിയിരിക്കുന്നു.

രണ്ടു വി.ഇ.ഒ. സർക്കിളുകൾ വഴി പഞ്ചായത്തിൽ ലഭ്യമാക്കിയ പദ്ധതികളെ സംബന്ധിച്ച് വിശദമായി തന്നെ താഴെ പ്രതിപാദിക്കുന്നു. പ്രസ്തുത പദ്ധതികൾ കൂടുതൽ ഫലപ്രദമായി ഉപയോഗപ്പെടുത്താനാവശ്യമായ നിർദ്ദേശങ്ങൾ ഉൾപ്പെടെ

**പട്ടിക No. I**

**I R D P സർവെ സഹായ ലഭ്യതാ കണക്ക്**
**വള്ളിക്കുന്ന് വില്ലേജ്**

| വർഷം | എണ്ണം | സബ്സിഡി | വായ്പ |
|---|---|---|---|
| 92-93 | 34 | 73,769 രൂ | 1,04,223 രൂ |
| 93-94 | 32 | 60,049 ,, | 1,51,596 ,, |
| 94-95 | 20 | 88,439 ,, | 1,51,596 ,, |
| 95-96 | 27 | 1,15,584 ,, | 2,99,425 ,, |
| ആകെ | 113 | 3,37,835 ,, | 6,51,280 ,, |

അരിയല്ലൂർ വി.ഇ.ഒ സർക്കിളിൽ 92ലെ ഐ.ആർ.ഡി.പി. സർവെയിൽ 999 കുടുംബങ്ങളും 95ലെ അഡീഷണൽ സർവെയിൽ 33 കുടുംബങ്ങളും ഉൾപ്പെടെ 1032 കുടുംബങ്ങൾ ദാരിദ്ര്യരേഖയക്ക് താഴെയുള്ളവരായി കണ്ടെത്തി. 92-93 മുതൽ 95-96 വരെയുള്ള കാലയളവിൽ 103 കുടുംബങ്ങൾക്കായി സബ്സിഡിയും വായ്പയുമായി 10,13,837രൂപ വിതരണം ചെയ്തതായി കണക്കുകൾ വ്യക്തമാക്കുന്നു 95-96 കാലയളവിൽ സഹായം ലഭ്യമാക്കിയ കുടുംബങ്ങളുടെ എണ്ണത്തിൽ വലിയ കുറവും ഉണ്ടായി. പ്രസ്തുത കാലയളവിൽ ഈ സർക്കിളിന്റെ ഐ.ആർ.ഡി.പി.വായ്പ വിതരണം ചെയ്ത് കൊണ്ടിരിക്കുന്ന സൗത്ത് മലബാർ ഗ്രാമീണ ബാങ്കിന്റെ അരിയല്ലൂർ ശാഖയിലെ സമരം ഇതിന് കാരണമായി ചൂണ്ടിക്കാണിക്കുന്നു.

**പട്ടിക No II**

**IRDP സർവ്വെ സഹായ ലഭ്യതാ കണക്ക് (അരിയല്ലൂർ)**

| വർഷം | എണ്ണം | സബ്സിഡി | വായ്പ |
|---|---|---|---|
| 92-93 | 29 | 72,875 രൂ | 1,05,300 രൂ |
| 93-94 | 35 | 1,10,000 ,, | 1,98,120 ,, |
| 94-95 | 30 | 1,40,667 ,, | 2,46,759 ,, |
| 95-96 | 9 | 38,000 ,, | 1,01,456 ,, |
| ആകെ | 103 | 3,62,202 ,, | 6,51,635 ,, |

വള്ളിക്കുന്ന് വി.ഇ.ഒ സർക്കിളിൽ 92 ലെ സർവെയിൽ 955 കുടുംബങ്ങളും 95ലെ അഡീഷണൽ സർവെ

യിൽ 37 കുടുംബങ്ങളും ഉൾപ്പെടെ 992 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരായി കണ്ടെത്തുകയുണ്ടായി. പ്രസ്തുത ഐ.ആർ.ഡി.പി. സർവെകളിൽ കണ്ടെത്തിയ കുടുംബങ്ങളിൽ 113 കുടുംബങ്ങൾക്കായി 1992–93 മുതൽ 95–96 വരെ കാലയളവിൽ സബ്സിഡിയും വായ്പയുമായി 9,39,115 രൂപ വിതരണം ചെയ്തതായി കണക്കുകൾ വ്യക്തമാക്കുന്നു.

ഈ പദ്ധതിയെക്കുറിച്ചുള്ള സർക്കാരിന്റെ നിർവചനം കാലോചിതമായ മാറ്റത്തിന് വിധേയമാക്കേണ്ടതാണ്. ദാരിദ്ര്യരേഖയുടെ പരിധി 25,000 രൂപയെങ്കിലും ആക്കി ഉയർത്തണം.

ദേശസാൽകൃത ബാങ്കുകൾ ഈ സ്കീം അനുസരിച്ച് വായ്പ ലഭ്യമാക്കുന്നതിൽ ഗുരുതരമായ ഉദാസീനതയാണ് കാണിക്കുന്നത്. സഹകരണ മേഖലയ്ക്ക് പരമാവധി ഫണ്ട് അനുവദിച്ച് കൊണ്ട് സഹകരണ ബാങ്കുകൾക്ക് ഈ മേഖലയിൽ ഗുണഭോക്താക്കളെ പരമാവധി സഹായിക്കാൻ ജില്ലാ–സംസ്ഥാന സഹകരണ ബാങ്കുകൾ വഴി സർക്കാർ നടപടി സ്വീകരിക്കണം. അതോടൊപ്പം ദേശസാൽക്കൃത ബാങ്കുകളെ കൊണ്ട് ഗുണഭോക്താക്കളെ സഹായിക്കാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിക്കണം. ഗുണഭോക്താക്കളെ കണ്ടെത്താൻ വർഷം തോറും സർവെ നടത്തണം.

രണ്ടാം ലോകമഹായുദ്ധത്തിൽ പങ്കെടുത്ത വിമുക്ത ഭടന്മാരുടെ വിധവകൾക്ക് സാമൂഹ്യക്ഷേമ പദ്ധതിയിലുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കണം. അതിന് ഐ.ആർ.ഡി.പി. സർവെയിൽ ഇവരെ ഉൾപ്പെടുത്തണം.

## DWCRA സഹായ ലഭ്യത

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിന് വേണ്ടി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് DWCRA.

**പട്ടിക I**

**DWCRA സഹായ ലഭ്യത കണക്ക് (വള്ളിക്കുന്ന് വില്ലേജ്)**

| വർഷം | സ്കീമുകളുടെ എണ്ണം | സബ്സിഡി | വായ്പ |
|---|---|---|---|
| 89–90 | 16 | 22,608 രൂ | 45,248 രൂ |
| 91–92 | 10 | 40,500 ,, | 99,500 ,, |
| 92–93 | 6 | 12,000 ,, | 12,200 ,, |
| 93–94 | 11 | 44,000 ,, | 88,000 ,, |
| 95–96 | 7 | 28,967 ,, | 76,033 ,, |
| ആകെ | 50 | 1,48,075 ,, | 2,70,781 ,, |

4–ാം വാർഡിലെ 2 പശുവളർത്തൽ യൂണിറ്റുകളും (പോത്തുംകുഴിക്കാട്, നവജീവൻ) 5–ാം വാർഡിലെ തയ്യൽ യൂണിറ്റും 3–ാം വാർഡിലെ കയർ നിർമ്മാണ യൂണിറ്റും കാര്യക്ഷമമായി പ്രവർത്തിക്കുന്നു. 3–ാം വാർഡിലെ ലെതർ യൂണിറ്റിന്റെ പ്രവർത്തനം തൃപ്തികരമല്ല. പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ട്.

89–90 മുതൽ 95–96 വരെ കാലയളവിൽ 50 സ്ത്രീകൾക്കായി സബ്സിഡി ഉൾപ്പെടെ 4,18,856 രൂപ വിതരണം ചെയ്തതായി കണക്കുകൾ വ്യക്തമാക്കുന്നു.

**പട്ടിക No. II**

**DWCRA സഹായ ലഭ്യതാ കണക്ക് (അരിയല്ലൂർ വില്ലേജ്)**

| വർഷം | സ്ത്രീ എണ്ണം | സബ്സിഡി | വായ്പ |
|---|---|---|---|
| 1989–90 | 15 SC | 15,000 | 30,000 |
| | | ആട്വളർത്തൽ യൂണിറ്റ് പ്രവർത്തിക്കുന്നില്ല. | |

10–ാം വാർഡിലെ ഏക ആട്വളർത്തൽ യൂണിറ്റ് പ്രവർത്തിക്കുന്നില്ല. താത്പര്യമുള്ളവരെ കണ്ടെത്തി ഓരോ പ്രദേശത്തിനും അനുയോജ്യമായ യൂണിറ്റുകൾ ആരംഭിക്കാൻ ശ്രദ്ധിക്കണം. യൂണിറ്റുകളുടെ പ്രവർത്തനം വിലയിരുത്താനും ആവശ്യമായ സഹായം നൽകാനും അത്ത് പ്രദേശത്തെ സന്നദ്ധ സംഘടനാ പ്രവർത്തകരടങ്ങുന്ന ഒരു കമ്മറ്റി രൂപീകരിക്കണം. അയൽക്കൂട്ടക്കമ്മറ്റികളെയും ഇതിന് ഉപയോഗപ്പെടുത്താവുന്നതാണ്. ഈ സ്കീമിലൂടെ ഉല്പാദിപ്പിക്കപ്പെടുന്ന സാധനങ്ങൾക്ക് മാർക്കറ്റ് കണ്ടെത്താൻ സാധിക്കാത്ത സ്ഥിതിയുണ്ട്. ഇതിലൂടെയുള്ള ഉൽപന്നങ്ങൾ സർക്കാർ ഏജൻസികൾ മുഖേന വിറ്റഴിക്കാനുള്ള സംവിധാനം ഉണ്ടാക്കണം. ഉദാഹരണമായി DWCRA ക്ക് കീഴിലുള്ള ഒരു തയ്യൽ യൂണിറ്റ്. ICDSന്റെ കീഴിൽ പ്രവർത്തിക്കുന്ന അങ്കൺവാടികളിലൂടെ വർഷം തോറും അങ്കൺവാടികളിലെ കുട്ടികൾക്ക് ആവശ്യമായ കിറ്റുകൾ വിതരണം ചെയ്ത് വരുന്നുണ്ട്. ഈ ഉടുപ്പുകളും മറ്റും പ്രസ്തുത തയ്യൽ യൂണിററിലൂടെ നിർമിച്ച് വിതരണം ചെയ്താൽ യൂണിറ്റിനെ ലാഭകരമാക്കി നടത്തിക്കൊണ്ട് പോകാൻ സാധിക്കും. അതുവഴി പത്തോ അതിലധികമോ സ്ത്രീകൾക്ക് വരുമാനമാർഗ്ഗവുമാകും. ഇതുപോലെ മറ്റ് യൂണിറ്റുകളേയും കാര്യക്ഷമമാക്കാവുന്നതാണ്.

## ട്രൈസം

18 മുതൽ 35 വയസ്സുവരെയുള്ള യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്നതാണ് ട്രൈസം

### ട്രൈസം പരിശീലന ലഭ്യതാ പട്ടിക – 1

### അരിയല്ലൂർ VEO സർക്കിൾ

| വർഷം | എണ്ണം |
|---|---|
| 92–93 | 3 |
| 93–94 | 6 |
| 94–95 | 5 |
| 95–96 | 4 |
| ആകെ | 18 |

### ട്രൈസം പരിശീലത ലഭ്യതാ പട്ടിക III

### വള്ളിക്കുന്ന് സർക്കിൾ

| വർഷം | എണ്ണം |
|---|---|
| 92–93 | 7 |
| 93–94 | 2 |
| 94–95 | 6 |
| 95–96 | 6 |
| ആകെ | 21 |

92–93 വർഷം മുതൽ 95–96 വർഷം വരെ (അരിയല്ലൂർ VEO സർക്കിളിൽ 18പേർക്കും വള്ളിക്കുന്ന് VEO സർക്കിളിൽ 21പേർക്കും പരിശീലനം നൽകിയതായി കണക്കുകൾ വ്യക്തമാക്കുന്നു. (ഓരോ ഗ്രാമത്തിനും അനുയോജ്യമായ തൊഴിലിൽ പരിശീലനം നൽകാനും പരിശീലനം ലഭിച്ചാലവർക്ക് വായ്പ ലഭ്യമാക്കി തൊഴിൽ സംരംഭം ആരംഭിക്കാനും ശ്രദ്ധിക്കണം. ഇതുവഴി പരിശീലനം ലഭിക്കുന്നവർക്ക് തുടർന്ന് യോഗ്യത അടിസ്ഥാനത്തിൽ തൊഴിൽ ലഭിക്കുന്നില്ലയെന്നത് ഈ പദ്ധതിയുടെ പോരായ്മയാണ്. വളരെ ചുരുക്കം ചിലർക്കു മാത്രമേ ഈ പദ്ധതിയുടെ പരിശീലനം നൽകാൻ കഴിയുന്നുള്ളൂ. പരിശീലനം ലഭിക്കുന്നവരുടെ എണ്ണം പരമാവധി വർദ്ധിപ്പിക്കുകയും ഇവർക്ക് ഇപ്പോൾ ലഭിക്കുന്ന സ്റ്റൈപന്റ് തുക കൂട്ടുകയും വേണം. ഈ പദ്ധതിക്ക് ഗുണഭോക്താക്കളെ കിട്ടുന്നില്ലയെന്ന പരാതി ഉദ്യോഗസ്ഥരിൽ നിന്നുണ്ട്. അത് പരിഹരിക്കാൻ ഗുണഭോക്താക്കളെ കണ്ടെത്തി അവരെ ബോധവാൻമാരാക്കാനും യുവജന സംഘടനകൾക്ക് ഒട്ടേറെ കാര്യങ്ങൾ ചെയ്യാൻ സാധിക്കും. ഈ പദ്ധതിയിലൂടെ വള്ളിക്കുന്ന് സർക്കിളിൽ 21 പേർക്കും അരിയലൂർ വി.ഇ.ഒ സർക്കിളിൽ 92–93 മുതൽ 95–96 വരെ 18 പേർക്കുമായി പഞ്ചായത്തിൽ ആകെ 39 പേർക്ക് മാത്രമേ പരിശീലനം നൽകാൻ കഴിഞ്ഞിട്ടുള്ളൂ എന്നതും ശ്രദ്ധിക്കേണ്ടതാണ്.

## ടൂൾകിറ്റ്

ഗ്രാമീണ കൈത്തൊഴിലുകാർക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണ് ടൂൾകിറ്റ്

92–93 മുതൽ 94–95 വർഷംവരെ രണ്ട് വി.ഇ.ഒ സർക്കിളുകളിലായി 37 പേർക്ക് 74,000 രൂപ വിതരണം ചെയ്തതായി കണക്കുകൾ വ്യക്തമാക്കുന്നു. ആവശ്യക്കാർക്ക് കിട്ടുന്നില്ലയെന്ന പരാതി നിലനിൽക്കെ 95–96വർഷത്തെ ഗുണഭോക്താക്കൾക്ക് സാധനങ്ങൾ വിതരണം ചെയ്തിട്ടുമില്ല. സാധനങ്ങൾ യഥാ സമയം വിതരണം ചെയ്യപ്പെടേണ്ടതുണ്ട്. ഓരോ വി.ഇ.ഒസർക്കിളുകളിലേയും കണക്കുകൾ താഴെ കൊടുത്ത പട്ടിക പ്രകാരമാണ്. ഈ പദ്ധതിയെക്കുറിച്ച് ഈ മേഖലയിലെ തൊഴിലാളികൾ അജ്ഞരാണ്.

### ടൂൾകിറ്റ് അരിയല്ലൂർ വില്ലേജിൽ കൊടുത്തത്

| കൊല്ലം | എണ്ണം | തുക |
|---|---|---|
| 1992–93 | 8 | 16,000/– |
| 1993–94 | 6 | 12,000/– |
| 1994–95 | 5 | 10,000/– |
| ആകെ | 19 | 38,000/– |

### ടൂൾകിറ്റ് വള്ളിക്കുന്ന് വില്ലേജിൽ കൊടുത്തത്

| | | |
|---|---|---|
| 92–93 | 9 എണ്ണം | 18,000 രൂ |
| 93–94 | 6 എണ്ണം | 12,000 „ |
| 94–95 | 3 എണ്ണം | 6,000 „ |
| 95–96 | 7 എണ്ണം | സാധനം വിതരണം ചെയ്തിട്ടില്ല. |
| ആകെ | 25 എണ്ണം | 36,000 രൂപ. |

ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കാൻ ധനസഹായം നൽകുന്ന പദ്ധതിയാണ് CRSP. 91–92 മുതൽ 95–96 വരെ കാലയളവിൽ രണ്ടു വി.ഇ.ഒ സർക്കിളുകളിലായി നമ്മുടെ പഞ്ചായത്തിൽ 1,78, 200 രൂപ സഹായം അനുവദിച്ച് 92 കക്കൂസുകൾ മാത്രമാണ് നിർമ്മിച്ചിട്ടുള്ളത്: ഓരോ വർഷത്തിലായി ചുരുങ്ങിയ ആളുകൾക്ക് മാത്രമേ ഇതിന്റെ ഗുണം ലഭിക്കുന്നുള്ളൂ. കൂടുതൽ ആളുകൾക്ക് കക്കൂസുകൾ ലഭ്യമാക്കുകയും സംഖ്യ വർദ്ധിപ്പിക്കുകയും വേണം.

**CRSP കക്കൂസുകൾ**

| CRSP കക്കൂസുകൾ അനുവദിച്ചത് (അരിയല്ലൂർ വില്ലേജ്) | | | |
|---|---|---|---|
| 1992–93 | 10 എണ്ണം Sc | 19,000 | രൂ. |
| 93–94 | 10 എണ്ണം Sc | 28,000 | ,, |
| 94–95 | 11 എണ്ണം Sc | 22,000 | ,, |
| 95–96 | 6 എണ്ണം sc | 12,000 | ,, |
| ആകെ | 41 | 81,000 | ,, |

**CRSP കക്കൂസുകൾ അനുവദിച്ചത് വള്ളിക്കുന്ന് വില്ലേജ്**

| വർഷം | എണ്ണം | തുക |
|---|---|---|
| 91–92 | 10 | 16,000 രൂപ |
| 91–92 | 8 Sc | 15,200 ,, |
| 93– 94 | 14 | 28,000 ,, |
| 94–95 | 12 | 24,000 ,, |
| 95–96 | 7 | 14,000 ,, |
| ആകെ | 51 | 97,200 ,, |

**വില്ലേജ് ആപ്പീസുകൾ വഴിയുള്ള ക്ഷേമപദ്ധതികൾ**

സാമൂഹ്യക്ഷേമ രംഗത്ത് റവന്യൂ വകുപ്പ് കാര്യമായി പെൻഷനുകളും നിർധനരായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധന സഹായങ്ങളുമാണ് പഞ്ചായത്തിൽ ലഭ്യമാക്കുന്നത്.

അർഹരായ മുഴുവൻ പേർക്കും ആനുകൂല്യം കിട്ടുന്നില്ലെന്നതും അനർഹരായ കുറേ പേർ ആനുകൂല്യം കൈപറ്റുന്നതായും ഈ ക്ഷേമപദ്ധതികളെ സംബന്ധിച്ച് വിലയിരുത്തുമ്പോൾ ബോധ്യപ്പെടുന്നു.

നിത്യവൃത്തിക്ക് ബുദ്ധിമുട്ടുന്ന അവശർക്ക് നൽകുന്ന ഈ പദ്ധതികൾ കൃത്യമായി കിട്ടുന്നില്ലെന്നുള്ളത് വലിയ പ്രശ്നം തന്നെയായി അവശേഷിക്കുന്നു. തിരൂരങ്ങാടി താലൂക്ക് രൂപീകരിക്കുന്നതിനു മുമ്പെ അപേക്ഷ കൊടുത്തതും പാസായിട്ടുള്ളതുമായ ധന സഹായങ്ങൾ ഇന്നേവരെ വിതരണം ചെയ്തിട്ടില്ലയെന്നത് 13 ഗ്രാമസഭയിലും ഉയർന്ന് വന്ന ആവലാതിയും പരാതിയുമാണെന്ന് ഈ റിപ്പോർട്ടിൽ എടുത്ത് പറയേണ്ടിയിരിക്കുന്നു. പുതിയ താലൂക്കിന് ഫണ്ട് അനുവദിക്കാത്തതാണ് കാരണമായി ഉദ്യോഗസ്ഥർ പറയുന്നത്. ഇത് അടിയന്തിര പ്രാധാന്യത്തോടെ പരിഹരിക്കപ്പെടേണ്ടതാണ് ഈ പദ്ധതികളുടെ ചുമതല ഗ്രാമപഞ്ചായത്തിന് കൈമാറേണ്ടതും എത്രയും പെട്ടെന്ന് ഫണ്ട് ലഭ്യമാക്കേണ്ടതുമാണ്.

## പെൻഷനുകളെ സംബന്ധിച്ച്:

### വിധവാ പെൻഷൻ

പ്രായപൂർത്തിയായ ആൺകുട്ടികളുണ്ടെങ്കിൽ ഈ പെൻഷൻ ലഭിക്കില്ല. ഇതിൽ മാറ്റം വരുത്തി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. പഞ്ചായത്തിൽ 68 പേർക്ക് പെൻഷൻ ലഭിക്കുന്നു.

### വികലാംഗപെൻഷൻ

വികലാംഗത്വം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റിന് ബുദ്ധിമുട്ടുകയാണ്. ജില്ലാ ആശുപത്രിയായ മഞ്ചേരിയിൽ എത്തിപ്പെടാനുള്ള വിഷമവും. സർട്ടിഫിക്കറ്റ് കിട്ടാനുള്ള കാലതാമസവും വളരെയധികം പ്രയാസം ഉണ്ടാക്കുന്നുണ്ട്. വികലാംഗർ എന്നുള്ളത് കൊണ്ട് തന്നെ ദൂരയാത്രയും ഒഴിവാക്കിക്കൊടുക്കണം. ഇതിന് വികലാംഗത്വം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം താലൂക്കാശുപത്രിയിലെ പ്രധാന മെഡിക്കൽ ആപ്പീസർക്ക് നല്കണം.

### കർഷകതൊഴിലാളി പെൻഷൻ

അനർഹരായ ധാരാളം പേർക്ക് പെൻഷൻ ലഭിക്കുന്നുണ്ട്, അർഹരായ മുഴുവൻ പേർക്കും പെൻഷൻ ലഭിക്കുന്നുമില്ല. അർഹരായവരെ തിരഞ്ഞെടുക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്തിന് നൽകണം. അർഹരായവരെ തിരഞ്ഞെടുത്ത ലിസ്റ്റ് പ്രസിദ്ധപ്പെടുത്തണം.

### തൊഴിലില്ലായ്മാ വേതനം

നമ്മുടെ പഞ്ചായത്തിലും അനർഹമായി തൊഴിലില്ലായ്മ വേതനം കൈപറ്റുന്നവരുടെ കണക്ക് വളരെ കൂടുതലാണെന്ന് കണക്കുകൾ കാണിക്കുന്നു. അരിയല്ലൂർ വില്ലേജിൽ 260 പേരും വള്ളിക്കുന്ന് വില്ലേജിൽ 347 പേരും തൊഴിലില്ലായ്മാ വേതനം കൈപറ്റിക്കൊണ്ടിരിക്കുന്നു. അതായത് 347 പേർക്ക് 27,760 രൂപ വള്ളിക്കുന്ന് വില്ലേജിലും 260 പേർക്ക് 20,800 രൂപ അരിയല്ലൂർ വില്ലേജിലും വേതനം വിതരണം ചെയ്യുന്നു. പഞ്ചായത്തിൽ 607 പേർക്ക് 48,560 രൂപ മാസത്തിലും. 5,82,720രൂപ ഒരു വർഷത്തിലും വള്ളിക്കുന്ന് പഞ്ചായത്തിൽ മാത്രമായി

വിതരണം ചെയ്യപ്പെടുന്നതായി കണക്കുകൾ കാണിക്കുന്നു. ഈ തുക പ്രത്യുത്പാദന മേഖലകളിലേക്ക് തിരിച്ച് വിടുന്നതുമായി ബന്ധപ്പെട്ട് ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു.

വള്ളിക്കുന്ന് പഞ്ചായത്തിൽ പെൻഷൻ ലഭിച്ച് കൊണ്ടിരിക്കുന്നവരുടെ പട്ടിക താഴെ: വള്ളിക്കുന്ന്, അരിയല്ലൂർ എന്നിങ്ങനെ:

പഞ്ചായത്തിൽ 145 പേർക്ക് വാർദ്ധക്യകാല പെൻഷനും 36 പേർക്ക് മാതൃസഹായവും പാസ്സാക്കിയിട്ടുണ്ട്.

**പെൻഷൻ ഗുണഭോക്താക്കളുടെ വിവരം വള്ളിക്കുന്ന് വില്ലേജ്**

| വാർദ്ധക്യകാലപെൻഷൻ പഞ്ചായത്ത് | മാതൃസഹായം പഞ്ചായത്ത് | വർഷം | അഗതി പെൻഷൻ | വിധവ പെൻഷൻ | വികലാംഗപെൻഷൻ | വാർദ്ധക്യകാല പെൻഷൻ | അവശകലാകാരൻമാർക്കും സാഹിത്യകാരൻമാർക്കും നല്കുന്ന പെൻഷൻ | അവശ കായികതാരങ്ങൾക്കുള്ള പെൻഷൻ | ക്ഷയരോഗ പെൻഷൻ | കാൻസർരോഗി പെൻഷൻ | കർഷകത്തൊഴിലാളി പെൻഷൻ | തൊഴിലില്ലായ്മ വേതനം | കുടുംബസഹായം പഞ്ചായത്ത് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 145 (1996ൽ പാസ്സാക്കിയത്) | 36 (96ൽ പാസ്സാക്കിയത്) | 1991 | 15 | 15 | 7 | 0 | – | – | 51 | – | 17 | 220 | 4 (96ൽ പാസ്സാക്കിയത്) |
| | | 1992 | 10 | 8 | 7 | 2 | – | – | 39 | – | 8 | – | |
| | | 1993 | 5 | 3 | 2 | 2 | – | – | 53 | 1 | 4 | 80 | |
| | | 1994 | 4 | 2 | 7 | 2 | – | – | 76 | – | 20 | 30 | |
| | | 1995 | 6 | 4 | 5 | 2 | – | – | 13 | – | 93 | 17 | |
| | | ആകെ | 80 | 32 | 28 | 8 | – | – | 232 | – | 147 | 347 | |

**അരിയല്ലൂർ**

| വർഷം | അഗതി പെൻഷൻ | വിധവ പെൻഷൻ | വികലാംഗപെൻഷൻ | വാർദ്ധക്യകാലപെൻഷൻ പഞ്ചായത്ത് | അവശകലാകാരൻമാർക്കും സാഹിത്യകാരൻമാർക്കും പെൻഷൻ | അവശ കായികതാരങ്ങൾക്കുള്ള പെൻഷൻ | ക്ഷയരോഗ പെൻഷൻ | കാൻസർരോഗി പെൻഷൻ | കർഷകത്തൊഴിലാളി പെൻഷൻ | തൊഴിലില്ലായ്മ വേതനം |
|---|---|---|---|---|---|---|---|---|---|---|
| 1991 | 21 | 11 | 8 | 2 | – | – | – | – | 22 | 161 |
| 1992 | 15 | 9 | 2 | 4 | – | – | 2 | 2 | 7 | |
| 1993 | 17 | 5 | 6 | 6 | – | – | 1 | – | – | 63 |
| 1994 | 14 | 9 | 3 | 2 | – | – | 1 | – | – | 24 |
| 1995 | 9 | 2 | 3 | 4 | – | – | 2 | – | 14 | 12 |
| ആകെ | 76 | 36 | 22 | 18 | – | – | 6 | 2 | 43 | 260 |

## അങ്കൺവാടികൾ

സാമൂഹ്യക്ഷേമരംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം കാഴ്ചവെയ്ക്കുന്ന അങ്കൺവാടികൾ നമ്മുടെ പഞ്ചായത്തിൽ 13 വാർഡുകളിലായി 29 എണ്ണം പ്രവർത്തിക്കുന്നു. ആയിരം ജനങ്ങൾക്ക് ഒരു അങ്കൺവാടിയെന്നാതാണ് ഐ.സി.ഡി.എസിന്റെ ലക്ഷ്യമെങ്കിലും ഇത് പഞ്ചായത്തിൽ നിറവേറ്റപ്പെട്ടിട്ടില്ലെന്ന് കണക്കുകൾ കാണിക്കുന്നു. ആയതുകൊണ്ട് തന്നെ അങ്കൺവാടികളിൽ കുട്ടികളുടെ ബാഹുല്യം അനുഭവപ്പെടുകയും പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുകയും ചെയ്യുന്നുണ്ട്. പുത്തൻ വിദ്യാഭ്യാസ സംസ്കാരത്തിന്റെ കടന്നുകയറ്റം പഞ്ചായത്തിലും പ്രകടമാണ് നിലവിലുള്ള അങ്കൺവാടികളിലെ പ്രാഥമിക സൗകര്യത്തിന്റെ അഭാവം ജീവനക്കാരിൽ പ്രയാസവും കുട്ടികളിലും രക്ഷിതാക്കളിലും അസന്തുഷ്ടിയും ഉണ്ടാക്കുന്നു. പ്രവർത്തനത്തെ ഇത് ദോഷകരമായി ബാധിക്കുന്നു. സ്വന്തമായി കെട്ടിടമില്ലാത്തതും സ്ഥലമില്ലാത്തതും കെട്ടിടങ്ങളുടെ അറ്റകുറ്റപണി നടത്താത്തതും കളിപാട്ടങ്ങളില്ലാത്തതും വലിയ പ്രശ്നമായി അവശേഷിക്കുന്നു. വരും തലമുറയെ വാർത്തെടുക്കുന്ന അങ്ക കളരിയായി നാം കാണുന്ന അങ്കൺ വാടികളിലെ ജീവനക്കാരുടെ സ്ഥിതിയും ദയനീയം തന്നെയാണ്. വർക്കർ, ഹെൽപർ, എന്നീ രണ്ട് തസ്തികകളാണ് ഇതിലുള്ളത്. രാവിലെ 9 മുതൽ 3½ മണിവരെ ജോലിചെയ്യുന്ന ഇവർ ആരോഗ്യ മേഖലയിലെ ഗൃഹസന്ദർശനം ഉൾപ്പെടെ നടത്തേണ്ടതായും വരുന്നുണ്ട്. പ്രയാസം സഹിച്ചും നാടിന്റെ ഉന്നമനത്തിന് വേണ്ടി പ്രവർത്തിക്കുന്ന പ്രസ്തുത ജീവനക്കാരുടെ വേതനം വളരെ തുച്ഛമാണ്. ഈ അവസ്ഥക്ക് പരിഹാരം കാണേണ്ടിയിരിക്കുന്നു.

### അംഗൺ വാടികളുടെ വിവരം

| ക്രമ. നമ്പർ | വാർഡ് | എണ്ണം | അങ്കൺവാടി നമ്പർ | അങ്കൺവാടി നമ്പർ 2 | അങ്കൺവാടി നമ്പർ 3 | കുട്ടികളുടെ എണ്ണം | കുട്ടികളുടെ എണ്ണം 2 | കുട്ടികളുടെ എണ്ണം 3 | കെട്ടിടം ഉള്ളത് | കെട്ടിടം ഇല്ലാത്തത് | സ്ഥലം ഉള്ളത് | സ്ഥലം ഇല്ലാത്തത് | കളിപ്പാട്ടം ഉള്ളത് | കളിപ്പാട്ടം ഇല്ലാത്തത് | സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തത് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 1 | 2 | 86 | 89 | | 106 | 170 | | – | 2 | 1(89) | 1 | – | 2 | – |
| 2 | 2 | 3 | 81 | 87 | 68 | 70 | 59 | 50 | – | 3 | 2 | 1 | – | 3 | 2(8962) |
| 3 | 3 | 3 | 82 | 74 | 62 | 35 | 60 | 44 | 2 | (62) 1 | 2+1(62) | – | – | 3 | ward 1,3 |
| 4 | 4 | 3 | 67 | 69 | 80 | 71 | 65 | 45 | 3 | – | 3 | – | –2(67,80) | 1 | – |
| 5 | 5 | 1 | 77 | | | 50 | | | 1 | – | 1 | – | 1 | – | – |
| 6 | 6 | 3 | 83 | 84 | 79 | 65 | 39 | 50 | 3 | – | 3 | – | – | 3 | – |
| 7 | 7 | 3 | 66 | 75 | 72 | 35 | 50 | 51 | 2 | 66(1) | 2 | 1 | 1(75) | 2 | – |
| 8 | 8 | 2 | 73 | 76 | | 60 | 33 | | 1 | (76)1 | 1 | 1 | – | 2 | – |
| 9 | 9 | 3 | 71 | 85 | 65 | 50 | 55 | 66 | 2 | (65)1 | 2 | 1 | – | 3 | – |
| 10 | 10 | 2 | 88 | 63 | | 130 | 50 | | 2 | – | 2 | – | – | 2 | – |
| 11 | 11 | 1 | 64 | | | 96 | | | 1 | – | 1 | – | – | 1 | – |
| 12 | 12 | 2 | 78 | 70 | | 60 | 60 | | 1 | (78)1 | 1 | 1 | 1(70) | 1 | – |
| 13 | 13 | 1 | 90 | | | 60 | | | 1 | – | 1 | – | 1 | – | – |
| ആകെ 13 | | 29 | | | | 1835 | | | 19 | 10 | 22+1=23 | 6 | 6 | 23 | |

**നിർദേശങ്ങൾ**

1. ഏതെങ്കിലും സാമ്പത്തിക ഏജൻസികളെക്കൊണ്ടോ/ ജെ.ആർ.വൈ.ഫണ്ടോ ഉപയോഗിച്ച് അങ്കൺവാടി കൾക്ക് സ്വന്തമായി കെട്ടിടം ഉണ്ടാക്കുകയും ഉള്ള വയിൽ അറ്റകുറ്റപണി നടത്തിക്കുകയും ചെയ്യുക.
2. പഞ്ചായത്ത് ലീസ് ഭൂമിയോ മിച്ചഭൂമിയോ അങ്കൺവാ ടികൾക്ക് കെട്ടിം പണിയാൻ നല്കുക.
3. 1-ാം വാർഡിലെ മത്സ്യത്തൊഴിലാളികൾ തിങ്ങി പാർക്കുന്ന സ്ഥലത്തും 5-ാം വാർഡിലെ പൊട്ടൻകുഴി കോളനിയിലും ഓരോ അങ്കൺവാടി ഉടനെയും, മറ്റ് അങ്കൺവാടികളിലെ 40ൽ കൂടുതൽ കുട്ടികളുള്ള സ്ഥലങ്ങളിൽ പുതിയ അങ്കൺവാടി കളും ആരംഭിക്കുക.
4. DWCRA യൂണിറ്റുകൾക്ക് നൽകുന്ന ഫണ്ടിന്റെ നിശ്ചി തശതമാനം കളിപാട്ടങ്ങൾ വാങ്ങാൻ നല്കുക.
5. അങ്കൺവാടികളിലൂടെ കുട്ടികൾക്ക് പോഷകാഹാര ത്തിന് നൽകുന്ന സംഖയുടെ പരിധി വർദ്ധിപ്പിക്കുക.
6. അനെർട്ട് അടുപ്പുകൾ അങ്കൺവാടികളിൽ വ്യാപക മാക്കുക.
7. ശുചിത്വപരിപാലനത്തിന്റെ ഭാഗമായി മുഴുവൻ അങ്കൺ വാടികളിലും പാഴ്‌വസ്തുക്കളും മലിനവ സ്തുക്കളും നീക്കം ചെയ്യാൻ സംവിധാനമുണ്ടാക്കു ക.
8. അങ്കൺവാടി വർക്കർമാരെയും ഹെൽപ്പർമാരേയും സർക്കാർ ജീവനക്കാരായി അംഗീകരിക്കുകയും സേവന-വേതന വ്യവസ്ഥകൾ ഉയർത്തുകയും ചെയ്യുക.
9. താത്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുക.
10. പൊതുപ്രവർത്തനത്തിൽ വർക്കർമാരെയും ഹെൽപ്പർമാരെയും സജീവമാക്കാൻ ബോധവൽക്ക രണം നടത്തുക.

## ക്ഷേമനിധികളെ സംബന്ധിച്ച്:

### കയർതൊഴിലാളി ക്ഷേമനിധി

കയർതൊഴിലാളികൾ മുഴുവനും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല. തൊഴിലാളി യൂനിയനുകളും സൊസൈറ്റികളും മുൻകൈ എടുത്താണ് തൊഴിലാളി കളെ അംഗങ്ങളാക്കുന്നത്. ഈ പദ്ധതിക്ക് ധാരാളം അപാകതകൾ ഉണ്ട്. തൊഴിലാളി വിഹിതത്തോടൊപ്പം ഉടമാ വിഹിതം പിരിച്ചെടുക്കുന്നില്ല. ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് 60 വയസ്സ് പൂർത്തിയായാൽ മെമ്പർ പെൻഷൻ നൽകുന്നില്ല. അംഗങ്ങളായ പെൺകുട്ടിക ളുടെ വിവാഹത്തിന് ധനസഹായം നൽകുന്നില്ല. ക്ഷേമ നിധിയിൽ അംഗങ്ങളായവർ മരണപ്പെട്ടാൽ മരണാനന്തര ആനുകൂല്യം നൽകുന്നില്ല. ഇത് ഈ സ്ക്കീമിന്റെ വലിയ അപാകതയാണ്. കയർ തൊഴിലാളികളെ കിടത്തി ചികി ത്സിക്കാനുള്ള ഡിസ്പെൻസറിയിലെ വാർഡ് തുറന്നു ഉപയോഗപ്പെടുത്തണം.

### കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി

പഞ്ചായത്തിൽ കുറേപേർ കെട്ടിട നിർമാണ രംഗത്ത് തൊഴിലെടുക്കുന്നുണ്ട്. മുഴുവനാളുകളെയും ക്ഷേമനിധിയിൽ അംഗങ്ങളാക്കിയിട്ടില്ല. ഉടമാ വിഹിതം പിരിക്കുന്നില്ല. ഈ മേഖലയിലെ തൊഴിലാളികൾ കഠി നാദ്ധ്വാനം ചെയ്യുന്നവരാണ്. അതുകൊണ്ട് തന്നെ തൊഴിൽ മേഖലയിൽ നിന്ന് 55 വയസ്സാവുമ്പോഴേക്കും വിട്ടുനിൽക്കാൻ നിർബന്ധിക്കപ്പെടുകയാണ്. ആയതി നാൽ ഇവരുടെ പെൻഷൻ പ്രായം 55 വയസ്സാക്കി ചുരു ക്കണം. ഭവന നിർമ്മാണ പദ്ധതി കാര്യക്ഷമമായി നട ത്തുന്നില്ല.

### ആഭരണ തൊഴിലാളി ക്ഷേമനിധി

വളരെ ചുരുക്കം പേരെ ഈ പഞ്ചായത്തിൽ ആ ഭരണ മേഖലയിൽ തൊഴിൽ ചെയ്യുന്നുള്ളൂ. ഇവരെ ക്ഷേമനിധിയിൽ അംഗങ്ങളാക്കേണ്ടതുണ്ട്.

### കൈത്തൊഴിലാളി-വിദഗ്ദ്ധ തൊഴിലാളി ക്ഷേമനിധി

തയ്യൽ, ബാർബർ, കൊല്ലന്മാർ, മരം കയറ്റക്കാർ, ബീഡിത്തൊഴിലാളികൾ, വാച്ച്, സൈക്കിൾ റിപ്പിയർമാർ, തേങ്ങവെട്ടി ഉണക്കുന്നവർ, ഫോട്ടോഗ്രാഫർമാർ എന്നി വർക്ക് ക്ഷേമനിധി ഉണ്ടെങ്കിലും നമ്മുടെ പഞ്ചായ ത്തിലെ ഈ മേഖലയിലുള്ള തൊഴിലാളികളെ ഈ പദ്ധ തിയിൽ അംഗങ്ങളാക്കിയിട്ടില്ല.

സാമൂഹ്യ ക്ഷേമവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ജനങ്ങളിലേക്കെത്തിക്കാനും അർഹരായവർക്ക് ലഭ്യമാ ക്കാനും പഞ്ചായത്ത് തലത്തിൽ ഒരു സെൽ രൂപീകരി ക്കണം. അതത് ഗ്രാമസഭകൾ അതിന് കീഴെ 50 വീടു കൾ ഉൾക്കൊള്ളുന്ന അയൽകൂട്ട കമ്മറ്റികൾ എന്നിവ സജീവമാക്കി പദ്ധതികളെ സംബന്ധിച്ച ബോധവൽക്ക രണവും അർഹതപ്പെട്ടവർക്ക് ആനുകൂല്യങ്ങൾ ലഭ്യമാ ക്കുകയും ചെയ്യുക.

### പൊതു വിതരണം

പഞ്ചായത്തിലാകെ 12 റേഷൻ ഷാപ്പുകൾ പ്രവർത്തിക്കുന്നു. ഇതിൽ 6879-കാർഡുകളുണ്ട്. പൊതു വിതരണ രംഗത്ത് ഒരു മാവേലി സ്റ്റോർ ആണ് പഞ്ചായ ത്തിലുള്ളത്. അത് വള്ളിക്കുന്ന് വില്ലേജിലെ 40ാം

വാർഡിൽ പ്രവർത്തിക്കുന്നു. പ്രവർത്തനം മോശമായിരുന്ന മാവേലി സ്റ്റോർ പൊതുവിതരണത്തിൽ ശ്രദ്ധേയമായ പ്രവർത്തനം ഇപ്പോൾ കാഴ്ചവെക്കുന്നു. കഴിഞ്ഞ ഓണം കാലയളവിൽ അവശ്യസാധനങ്ങളുടെ വിലകയറ്റം പിടിച്ച് നിർത്താനും സാധാരണക്കാരന് സാധനങ്ങൾ നൽകാനും കഴിഞ്ഞിട്ടുണ്ടെന്ന് പ്രവർത്തനത്തെ വിലയിരുത്തുമ്പോൾ ബോദ്ധ്യമാവുന്നു. സഹകരണബാങ്കുകളിലൂടെ ഓണം, വിഷു,റംസാൻ തുടങ്ങിയ സമയങ്ങളിൽ നടത്തുന്ന ചന്തകളും എടുത്തു പറയത്തക്കതാണ്. സഞ്ചരിക്കുന്ന മാവേലിസ്റ്റോറും, ഇതിൽ ഉൾപെടുന്നു. ഉപഭോക്തൃ സഹകരണ സംഘം പ്രവർത്തനരഹിതമാണ്.

## റേഷൻ ഷാപ്പ് (പൊതുവിതരണ കേന്ദ്രം)

റേഷൻ ഷാപ്പ് പൊതുവിതരണ കേന്ദ്രമായതോട് കൂടി പ്രവർത്തനം അവതാളത്തിലാണ്. അനുദിനം സാധാരണക്കാരന് പരാതിയുള്ള മേഖലയായ പൊതുവിതരണ കേന്ദ്രത്തെ 1966 ലെ റേഷനിംങ് ആക്ട് പ്രകാരമുള്ള "റേഷൻ ഷാപ്പ്" എന്നാക്കിത്തന്നെ മാറ്റണം. പഞ്ചായത്തിലെ റേഷൻഷാപ്പുകളുടെ പൂർണ്ണമായ അധികാരം പഞ്ചായത്ത് ഏറ്റെടുത്ത് ഈ മേഖലയിലെ ആവലാതികൾക്ക് പരിഹാരം കാണേണ്ടതുണ്ട്.

റേഷൻ കാർഡുമായി ബന്ധപ്പെട്ട അപേക്ഷകൾ പഞ്ചായത്ത് തലത്തിൽ സ്വീകരിച്ച് പരിഹാരം കാണാൻ ഏർപാടുണ്ടാക്കണം.

താലൂക്ക് സപ്ലൈ ആപ്പിസിലേക്ക് ആവശ്യമായ ഫർണിച്ചറും മറ്റും അനുവദിച്ച് ആപ്പീസിന്റെ കുത്തഴിഞ്ഞ പ്രവർത്തനത്തിന് പരിഹാരം കാണേണ്ടതാണ്.

ലീസ് ഭൂമിയിൽ വീടെടുത്ത് താമസിക്കുന്നവർക്ക് നമ്പർ നൽകാൻ പഞ്ചായത്ത് നടപടി സ്വീകരിക്കുകയും റേഷൻകാർഡിനുള്ള വീട്ടുനമ്പർ സർട്ടിഫിക്കറ്റ് നൽകാനുള്ള കാല താമസം ഒഴിവാക്കുകയും ചെയ്യണം.

പഞ്ചായത്തിന്റെ വടക്കേ അറ്റത്തുള്ള ബാലാതിരുത്തി നിവാസികൾ റേഷൻഷോപ്പിനെ ആശ്രയിക്കുന്നത് കോഴിക്കോട് ജില്ലയെയാണ്. ഇവർക്ക് പഞ്ചായത്തിലെ ഫിറോസ് നഗറിൽ പുതിയ റേഷൻഷാപ്പ് അനുവദിച്ച് പരാതിക്ക് പരിഹാരം കാണണം. പഞ്ചായത്തിൽ നിന്നും ഒറ്റപ്പെട്ട് കിടക്കുന്ന ഒലിപ്രം തിരുത്തി നിവാസികൾക്കായി തിരുത്തിയിലും പുതിയ റേഷൻഷാപ്പ് അനുവദിക്കണം.

പഞ്ചായത്തിലെ അരിയല്ലൂർ വില്ലേജിൽ പുതിയ മാവേലി സ്റ്റോർ അനുവദിക്കണം.

ഉപഭോക്തൃ മേഖലയെ കാര്യക്ഷമമാക്കാനും കുറ്റമറ്റതാക്കാനും ജനങ്ങളെ ബോധവത്കരിക്കാനും പഞ്ചായത്തിൽ ഉപഭോക്തൃ സംരക്ഷണ സമിതി രൂപീകരിക്കണം. ■




## 5.8

# സംസ്കാരം

ഉത്കൃഷ്ടമായ ഒരു പാരമ്പര്യത്തിന് വേരോട്ടം നല്കിയ ചരിത്ര ഭൂമിക ഈ 'വല്ലിയാർ ചൂഴുന്ന കുന്നി'നുണ്ട്. പഴയ മലബാറിലുൾപ്പെടുന്ന ഈ ഗ്രാമം പണ്ട് സാമൂതിരിപ്പാടിന്റെ സാമന്തനായിരുന്ന പരപ്പനാട്ട് രാജാവിന്റെ അധീശത്വത്തിലായിരുന്നു. രാജഭരണത്തിന്റെയും ബ്രിട്ടീഷ് സാമ്രാജ്യവാഴ്ചയുടെയും ഫ്യൂഡൽ പ്രഭുവർഗ സർവാധിപത്യത്തിന്റെയും രുചി ഓരോരോ കാലങ്ങളിലായി അനുഭവിച്ചറിഞ്ഞവരാണ് ഈ നാട്ടിലെ അടിസ്ഥാന വർഗം. അനുസ്യൂതമായ കാലപ്രവാഹത്തിലൂടെ ഉരുവം കൊണ്ട ചരിത്ര ബോധം ഈ ഗ്രാമജനതയുടെ സാംസ്ക്കാരികാഭിവീക്ഷണത്തെ സമ്പന്നമാക്കിയിരിക്കുന്നു.

സവർണ-സമ്പന്ന-നാടുവാഴി പ്രഭുക്കളുടെ അധീശാധികാരത്തെ ചെറുത്തു നിന്ന പോരാട്ടത്തിന്റെ ചരിത്രം നിറഞ്ഞുനിൽക്കുന്ന ഐതിഹ്യങ്ങൾ ഗ്രാമപ്പഴമയായി ഇന്നും പ്രചാരത്തിലുണ്ട്. ഇന്നാട്ടിലെ സാംസ്ക്കാരിക പൈതൃകത്തെ ഈ ഐതിഹ്യങ്ങൾ പ്രദീപ്തമാക്കുന്നു. ബ്രിട്ടീഷ് സാമ്രാജ്യത്വ വാഴ്ചക്കെതിരെ ഭാരതത്തിൽ ചീറിയടിച്ച പ്രചണ്ഡവാതം ഈ കൊച്ചു ഗ്രാമത്തെയും കർമോന്മുഖമാക്കി. അപ്രതിഹതമായ സമരാവേശത്താൽ രണാങ്കണത്തിലിറങ്ങിയ ഒരു യുവനിര അന്നീ നാട്ടിലുണ്ടായിരുന്നു. എന്നാളുമില്ലാത്ത മട്ടിൽ ഐകാർത്ഥ്യമുള്ള ഒരു ജനതതിയെയാണ് അന്നീ ഗ്രാമം കണ്ടത്. ഒരു വേള അനിരുദ്ധമായ സ്വാതന്ത്ര്യാഭിവാഞ്ഛ ആത്മാവിലുൾക്കൊണ്ട ജന സംസ്കൃതി അതിനുൽപ്രേരകമായി വർത്തിച്ചിരിക്കണം. സ്വാതന്ത്ര്യപ്രസ്ഥാനത്തിന് പ്രേരകമായി വിദ്യാഭ്യാസ പ്രചാരണം നടത്തി നിരവധി പേരുടെ ഗുരുസ്ഥാനമാർജ്ജിച്ച ശ്രീ. പി.കുഞ്ഞിരാമൻ മാസ്റ്റർ, ശ്രീ. കുത്തിരേഴി അയ്യപ്പൻനായർ, ശ്രീ. യു. തെയ്യൻവൈദ്യർ, ശ്രീ. കെ. വി. ഗോവിന്ദൻകുട്ടിനായർ, ശ്രീ.കെ. ടി. മാധവൻനായർ, ശ്രീ. ഓച്ചോളി അപ്പുട്ടി തുടങ്ങി പല മഹാരഥന്മാരും മൺമറഞ്ഞുപോയെങ്കിലും ആ ത്യാഗധനരോടൊപ്പം നിന്ന ശ്രീ. ഇ.പുരുഷോത്തമൻ നമ്പൂതിരിയും ശ്രീ. പാന്നാട്ട് കുഞ്ഞിരാമൻ നായരും ശ്രീ. സി. എം. ഏച്ചുണ്ണിനായരും ഇന്ന് നമ്മോടൊപ്പമുണ്ട്. അവരുടെ വീരോജ്ജ്വല ജീവിത കഥ ഈ ഗ്രാമസംസ്കൃതിയുടെ പരിവേഷമാണ്.

സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന്റെ ഭാഗമായി രൂപംകൊണ്ട ഖിലാഫത്ത് പ്രസ്ഥാനം വർഗീയ കലാപമായി ഭീഷണ രൂപമാർജ്ജിച്ചപ്പോൾ, ഏറനാട് ചോരപ്പുഴയായി മാറിയപ്പോൾ, ഹിന്ദുക്കളും മുസ്ലിംങ്ങളും ഇടകലർന്നു ജീവിക്കുന്ന ഈ ഗ്രാമത്തിൽ വർഗീയ സംഘട്ടനം ഉണ്ടായതേയില്ല. എന്നു മാത്രമല്ല ഒലിപ്രം കടവ് കടന്ന് ഇക്കരെ കടക്കാൻ തുനിഞ്ഞ കലാപകാരികളെ തുരത്താൻ ഈ ഗ്രാമത്തിലെ മുഹമ്മദീയ സഹോദരന്മാർ മുൻനിരയിൽനിന്ന് ചെറുത്ത ഉദാത്ത ചരിത്രം ഈ ഗ്രാമത്തിന്റെ ഉജ്ജ്വല സംസ്കാരത്തിന്റെ നിദർശക ചിത്രമാണ്.

ഇന്ന് നാം എത്തിനില്ക്കുന്ന ദിശയിൽ നിന്ന് തിരിഞ്ഞുനോക്കുമ്പോൾ വിവിധങ്ങളായ സ്രോതസ്സുകൾ ഈ ഗ്രാമസംസ്കൃതിയുടെ പരിപോഷകങ്ങളായി പരിണമിച്ചത് കണ്ടെത്താനാകും. അവയിൽ പ്രഥമഗണനീയം വിദ്യാവിതരണം തന്നെ. ജനജാഗരണത്തിന് ഔപചാരിക –അനൗപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇന്നാട്ടിൽ ഉയർന്നുവന്നിട്ടുണ്ട്. ഇന്ന് നിലവിലുള്ള ജി. യു. പി. എസ്. അരിയല്ലൂർ, വള്ളിക്കുന്ന് നേറ്റീവ് എ. യു. പി. എസ്, വള്ളിക്കുന്ന് ജി. എൽ. പി. എസ് എന്നിവ അരനൂറ്റാണ്ടിനു മുൻപുതന്നെ സ്ഥാപിച്ച ഔപചാരിക സ്ഥാപനങ്ങളാണ്. ഇന്നീ ഗ്രാമ പഞ്ചായത്തിൽ നേഴ്സറി മുതൽ ഹൈസ്ക്കൂൾ തലം വരെയായി പതിനെട്ടോളം വിദ്യാലയങ്ങളുണ്ട്.

മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് വായനശാലകളും ഗ്രന്ഥാലയങ്ങളും 1949–ൽ വള്ളിക്കുന്ന് മുണ്ടിയൻകാവ് പറമ്പിൽ സ്ഥാപിച്ച 'സാധു സംരക്ഷണ വായനശാല ആന്റ് ലൈബ്രറി'യാണ് ഈ ഗ്രാമത്തിലെ ആദ്യത്തെ ഗ്രന്ഥാലയം. ഈ ഗ്രന്ഥാലയത്തിന്റെ കീഴിൽ ഒരു വായനശാലയും, വയോജന വിദ്യാഭ്യാസ ക്ലാസ്സും നടന്നിരുന്നു. ഈ വായനശാലയും ഗ്രന്ഥാലയവും ഇന്നില്ല. 1952–ൽ കൊടക്കാട് സ്ഥാപിച്ച 'ഗ്രാമോദ്ധാരണം വായനശാല ആന്റ് ലൈബ്രറി ഇന്ന് നിലനിൽക്കുന്നതിൽ ഏറ്റവും പഴയ വായനശാലയും ഗ്രന്ഥാലയവുമാണ്. ആനയാറങ്ങാടിയിലെ എസ്. എം. എം. ലൈബ്രറിയുടെ പ്രാക്തനരൂപം 1955ൽ ആണ് ഉണ്ടായത്. എസ്. മുഹമ്മദ് സ്മാരക ഗ്രന്ഥാലയം എന്ന പേർ സ്വീകരിക്കുന്നതിനുമുൻപ് ഇതിന്റെ പേർ 'സഹൃദയ ലൈബ്രറി ആന്റ് റീഡിംഗ് റൂം' എന്നതായിരുന്നു. പിന്നീട് ശോഭന, നവജീവൻ, ജ്വാല, വാസുസ്മാരക, ബ്ലെയ്സ്, ഉദയ യൂനിവേഴ്സൽ എന്നീ ഗ്രന്ഥാലയങ്ങൾ രൂപം കൊണ്ടു. ഗ്രന്ഥാലയങ്ങളും സാസ്ക്കാരിക പ്രവർത്തകരും അംഗങ്ങളായ പഞ്ചായത്ത് ഗ്രന്ഥാലയവും സ്ഥാപിക്കപ്പെട്ടു. ഇന്ന് ഗ്രാമദ്ധോരണ വായനശാല, ശോഭന ലൈബ്രറി, ജ്വാല ലൈബ്രറി, എസ്. എം. എം ഗ്രന്ഥാലയം നവജീവൻ എന്നിവയ്ക്ക് സ്വന്തം കെട്ടിടങ്ങളുണ്ടായിക്കഴിഞ്ഞിരിക്കുന്നു.

ഇതിന്റെ മറ്റ് വിവരങ്ങൾ സൂചിപ്പിക്കുന്ന പട്ടിക അന്യത്ര ചേർത്തിരിക്കുന്നു.

ഇത് പോലെ സാംസ്കാരിക നവോത്ഥാനത്തിന് വീഥിയൊരുക്കുന്ന പ്രസ്ഥാനങ്ങളാണ് ഇന്നാട്ടിലെ അമേചർ കലാസമിതികളും, കായിക സമിതികളും വനിതാ സംഘടനകളും. നിരവധി അമേചർ കലാസമിതികൾ ജന്മം കൊള്ളുകയും അകാല മൃത്യുവരിക്കുകയും ചെയ്ത ഊഷരഭൂമിയാണീ ഗ്രാമം. എന്നാൽ അവയിലിന്നും നിലനില്ക്കുന്നവയായി, ശോഭന കലാസമിതി, നവജീവൻ തിയറ്റേഴ്സ്, സ്വപ്ന ആർട്സ് എന്നിങ്ങനെ ചിലത് മാത്രമാണ്. ഇടക്കാലത്ത് ജന്മം കൊണ്ടവയടക്കം ഇന്ന് കലാ– സാംസ്കാരിക – കായികരംഗത്ത് സജീവ സാന്നിദ്ധ്യം നല്കുന്ന ഇരുപത്തിനാല് സംഘടനകളുണ്ട്. അവയുടെ വിവരം അന്യത്ര ചേർത്തിരിക്കുന്നു.

പഞ്ചായത്തിലിന്ന് സെന്റർ ഫോർ ആർട്സ് ആന്റ് കൾച്ചറൽ അസോസിയേഷൻസ്' (C. A. C. A.) എന്ന പേരിൽ ഒരു കലാസാംസ്കാരിക സംഘടന നിലവിൽ വന്നുകഴിഞ്ഞിട്ടുണ്ട്. കൂടാതെ ഒരു 'കേന്ദ്ര കായിക സമിതിയും പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. ഈ സംഘടനകൾ തികച്ചും അനൗദ്യോഗിക ഛായയിലുള്ളതാണെങ്കിലും ഗ്രാമ പഞ്ചായത്ത് വികസന സമിതിയുടെ പരിപൂർണ നിയന്ത്രണത്തിന് വിധേയമാണ്. സെന്റർ ഫോർ ആർട്സ് ആന്റ് കൾച്ചറൽ അസോസിയേഷനിൽ ഇതുവരെ പതിനാറ് സംഘടനകൾ അഫിലിയേറ്റ് ചെയ്തു കഴിഞ്ഞു. സാമൂഹിക മുന്നേറ്റം ഉന്നമാക്കി ചലനാത്മകവും ലക്ഷ്യാധിഷ്ഠിതവുമായ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് ഗുണപരമായ നേതൃത്വം നല്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

**CACA യുടെ പ്രവർത്തനങ്ങൾ താഴെ കാണിക്കുന്നു.**

1 അജ്ഞതക്കും അന്ധവിശ്വാസത്തിനുമെതിരായി മതേതരത്ത്വത്തിൽ വിശ്വസിക്കുന്ന നവീന ജനതതിയെ ഉണർത്തി പുരോഗതിയുടെ പാതയിലേക്കെത്തിക്കുവാൻ ഈ ഗ്രാമപഞ്ചായത്തിലെ, കലാ സാംസ്കാരിക വനിതാ സംഘടനകളുടെ ഐക്യനിര സൃഷ്ടിക്കുക.

2 പ്രാക്തന സംസ്കൃതിയുടെ നിദർശനങ്ങളായ പ്രാചീന കലാരൂപങ്ങളെ നിലനിർത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

3. ഗ്രന്ഥപാരായണോത്സുകതയുടെ പരിപോഷണത്തിനും സാഹിത്യ പുരോഗതിക്കും ജനവിദ്യാകേന്ദ്രങ്ങളിലെയും, ഗ്രന്ഥശാലകളിലെയും, വായനശാലകളിലെയും പ്രവർത്തകരുടെ കർമമേഖല ഏകോപിപ്പിച്ച് കാര്യക്ഷമത വളർത്തുന്നതിനാവശ്യമായ പ്രോത്സാഹനം നല്കുക.

4 CACAയുടെ ഘടക സംഘടനകളുടെ വർഷാദ്യത്തിലെ പ്രവർത്തന രൂപരേഖയും വർഷാന്ത്യത്തിലെ പ്രവർത്തന റിപ്പോർട്ടും ശാസ്ത്രീയമായി വിലയിരുത്തി വർഷം തോറും ഏറ്റവും നല്ല സംഘടനയ്ക്ക് അവാർഡ് നല്കുക.

5 അംഗസംഘടനകൾക്ക് പത്രങ്ങൾ, മറ്റ് ആനുകാലികങ്ങൾ എന്നിവ വരുത്തുവാനാവശ്യമായ സാമ്പത്തിക സഹായം നല്കുന്നതിന് ധനസമിതിയോട് ശുപാർശ ചെയ്യുക.

6 വായനശാലകളും ഗ്രന്ഥശാലകളും ഇല്ലാത്ത സ്ഥല ങ്ങളിൽ സർവ്വേ നടത്തി ആവശ്യമെങ്കിൽ അവ സംഘടിപ്പിക്കുവാനുള്ള ശ്രമം നടത്തുക.

7 ഓണാഘോഷം, കേരളോത്സവം എന്നിവ ഏറ്റെടുത്ത് ജനപങ്കാളിത്തത്തോടെ നടത്തുക.

8 വനിതകളുടെയും ദുർബല വിഭാഗങ്ങളുടെയും സാമൂഹിക പുരോഗതി ഉറപ്പുവരുത്തുവാനാവശ്യമായ പ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കുക.

9 പഞ്ചായത്ത് തലത്തിൽ സാഹിത്യ കലാമത്സരങ്ങൾ സംഘടിപ്പിച്ച് യുവജനങ്ങളുടെ സർഗവാസനയെ പ്രോത്സാഹിപ്പിക്കുക.

ഹിന്ദി, ഉറുദു, സംസ്കൃതം എന്നീ ഭാഷകളിൽ പോലും സർഗസൃഷ്ടി സാധ്യമായിരുന്ന ശ്രീ. പി. കുഞ്ഞിരാമൻ മാസ്റ്റർ കാളിദാസ കവിതകൾ ഭാഷയിലേക്കും, ആശാന്റെ ചിന്താവിഷ്ടയായ സീത ഹിന്ദിയിലേക്കും മൊഴിമാറ്റം നടത്തിയതിന്റെ കയ്യെഴുത്തു പ്രതികൾ അദ്ദേഹത്തിന്റെ ഗ്രന്ഥശേഖരത്തിനിടയിൽ നിന്ന് കണ്ടെത്തിയിട്ടുണ്ട്.

ദേശാന്തരങ്ങളിലറിയപ്പെട്ട ശ്രീ. കെ. മാധവനാർ നല്ല പ്രബന്ധ കർത്താവായിരുന്നു. അദ്ദേഹത്തിന്റെ ശ്രമഫലമായാണ്, മഹാത്മജിയുടെ ആത്മകഥ മലയാളത്തിൽ ഭാഷാന്തരം ചെയ്തു പ്രസിദ്ധീകരിക്കാനിടയായത്.

അറിയപ്പെടാത്ത ഇ. എം. എസി' ന്റെ കർത്താവായ ശ്രീ അപ്പുക്കുട്ടൻ വള്ളിക്കുന്ന് കഥാകൃത്തായ ശ്രീ സിദ്ധാർത്ഥൻ പരുത്തിക്കാട് എന്നിവർ അറിയപ്പെടുന്ന പത്രപ്രവർത്തകർ കൂടിയാണ്. ഹാസ്യകവി ശ്രീ രാവണ പ്രഭു നോവലിസ്റ്റും നിരൂപകനുമായ ശ്രീ വി. ബി. വള്ളിക്കുന്ന് എന്നിവരും അറിയപ്പെടുന്ന സാഹിത്യകാരന്മാരാണ്. പ്രസിദ്ധ വാഗ്മിയും യുക്തി ചിന്തകനുമായ ശ്രീ യു. കലാനാഥൻ കവിയും അറിയപ്പെടുന്ന ഒരെഴുത്തുകാരനും പത്രപ്രവർത്തകനുമാണ്.

പക്ഷെ അർഹമായ പരിഗണനയും പ്രോത്സാഹനവും ലഭിക്കാതെ കരിഞ്ഞുപോയ മൗലിക പ്രതിഭകൾ നിരവധിയാണ്. യശഃശരീരനായ ശ്രീ ഗുഹൻ അവരിലൊരാളാണ്. നിശിതമായ പ്രതിഭയുടെ ഉടമയായിരുന്ന ആ യുവകവി സാമൂഹികാവഗണനകളെ ചെറുത്തു തോല്പിക്കാനാവാതെ, ആളിപ്പടരുന്ന അന്തഃസംഘർഷത്തിന്റെ ജ്വാലയിൽ ആത്മാഹുതി ചെയ്ത ദുഃഖം നമ്മളിലിന്നും ആറാതെ നീറി നിൽക്കുന്നു.

ഈ ഗ്രാമത്തിലെ ജനസംഖ്യയിൽ ഭൂരിഭാഗം വരുന്നത് ഹിന്ദുക്കളാണ്. മുസ്ലിം മതത്തിൽപ്പെട്ടവരും നല്ലൊരു ശതമാനമുണ്ട് -നാമമാത്രമെങ്കിലും ക്രിസ്തു മതത്തിൽപ്പെട്ടവരും ഈ പഞ്ചായത്തിലുണ്ട്.

സ്വാതന്ത്ര്യത്തിന്നുമുമ്പ് ഈ ഗ്രാമത്തിലെ പ്രബല രാഷ്ട്രീയ കക്ഷി ഇന്ത്യൻ നാഷണൽ കോൺഗ്രസ്സായിരുന്നു. ഇന്ന് ഈ പാർട്ടിയെക്കൂടാതെ സി. പി. എം, മുസ്ലിംലീഗ് , സി. പി. ഐ ബി. ജെ. പി, ജനതാദൾ, നാഷണൻ ലീഗ്, എൻ. ഡി. പി, തിവാരി കോൺഗ്രസ് എന്നീ രാഷ്ട്രീയ പാർട്ടികളുണ്ട്. ഇവയുടെയൊക്കെ .യുവജനവിഭാഗവും ഇന്ന് നിലവിലുണ്ട്. എന്നാൽ മതപരമോ രാഷ്ട്രീയമോ ആയ സംഘട്ടനങ്ങളിൽ നിന്ന് ഈ ഗ്രാമം മോചിതമാണെന്നതിൽ നമുക്ക് അഭിമാനിക്കാം.

## കായികരംഗം

കായികരംഗങ്ങളിൽ നിർണ്ണായകമായ സ്ഥാനമുള്ള പഞ്ചായത്താണ് വള്ളിക്കുന്ന്. നിരവധി പ്രതിഭകളെ സംഭാവന നല്കുവാൻ ഈ ഗ്രാമത്തിനു കഴിഞ്ഞിട്ടുണ്ട്.

ഇന്ത്യൻ ടീമിൽ അംഗങ്ങളായവരെയും, അന്യസംസ്ഥാനങ്ങളെ പ്രതിനിധീകരിച്ചവരെയും, സംസ്ഥാന പരിശീലകരായിട്ടുള്ളവരെയും സംഭാവന ചെയ്യുവാൻ ഈ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. മലബാർ പ്രദേശത്തെ കളിക്കളങ്ങളിൽ നിറഞ്ഞുനിന്ന വോളിബോൾ താരങ്ങളുടെ കളിത്തൊട്ടിലായിരുന്നു വള്ളിക്കുന്ന്. അതിന് നിർണ്ണായകമായ പങ്കുവഹിച്ച ക്ലബ്ബായിരുന്നു ശോഭന വള്ളിക്കുന്ന്. പിന്നീട് ഒട്ടേറെ ക്ലബ്ബുകൾ ഈ രംഗത്തേയ്ക്ക് കടന്നുവന്നു. ഇപ്പോൾ സജീവമായി നില്ക്കുന്ന അപ്പോളോ വള്ളിക്കുന്ന്, ജില്ലാ, സംസ്ഥാന തലങ്ങളിലേക്ക് നിരവധി താരങ്ങളെ സംഭാവന നല്കുന്നുണ്ട്. മലപ്പുറം ജില്ലയിൽ ഇപ്പോഴും വോളിബോൾ സജീവമായി നില്ക്കുന്ന ചുരുക്കം ചില പഞ്ചായത്തുകളിലൊന്നാണ് വള്ളിക്കുന്ന്.

ജില്ലാ യൂണിവേഴ്സിറ്റി തലത്തിൽ മികച്ച കായികതാരങ്ങളെ വളർത്തിയെടുക്കാനും നമുക്ക് കഴിഞ്ഞിട്ടുണ്ട്. നിരവധി പേർക്ക് തൊഴിൽ ലഭിക്കുന്നതിന് വള്ളിക്കുന്നിൽ വളർത്തിയെടുത്ത കായിക സംസ്കാരം സഹായകരമായിട്ടുണ്ട്.

പുതിയ തലമുറയെ കായികരംഗത്തേക്ക് ആകർഷിക്കാൻ കഴിയാത്തതിന്റെ കാരണം വിദ്യാർത്ഥികളിൽ കായികാഭിരുചി വളർത്തിയെടുക്കുന്നതിനാവശ്യമായ പരിപാടികൾ സ്കൂൾ തലത്തിൽ നടപ്പാകുന്നില്ല എന്നതുതന്നെയാണ്. സർക്കാർ തലത്തിൽ നടപ്പാക്കുന്ന പദ്ധതികളിൽ പലതും വേണ്ട രീതിയിൽ വിനിയോഗിക്കുവാൻ നമ്മുടെ പഞ്ചായത്തിന് കഴിയാതെ പോകുന്നത്, ഈ രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകളുടെ താല്പര്യമില്ലായ്മയും ബന്ധപ്പെട്ടവരുടെ സ്വജനപക്ഷപാതവും മൂലമാണെന്ന് സംശയിക്കേണ്ടിരിക്കുന്നു.

കായിക മേഖലയിൽ നല്ല പാരമ്പര്യമുള്ള വള്ളിക്കുന്നിൽ ഒട്ടേറെ നേട്ടങ്ങൾ കൊയ്തെടുക്കാൻ സാധ്യതയുണ്ട്.

- ❐ അർപ്പണ ബോധമുള്ള വിദ്യാർത്ഥികളെ കണ്ടെത്തുവാൻ കാര്യമായ ശ്രമം നടത്തുക.
- ❐ പഞ്ചായത്തിൽ രൂപീകരിക്കപ്പെട്ട കേന്ദ്ര കായിക സമതിയുടെ നേതൃത്വത്തിൽ ജനകീയ പങ്കാളിത്തത്തോടെ കായികമേളകൾ സംഘടിപ്പിക്കുക
- ❐ അവധികാല സമയങ്ങളിൽ വിവിധ കോച്ചിംങ് കേമ്പുകൾ പ്രഗത്ഭരെ പങ്കെടുപ്പിച്ച് നടത്തുക.
- ❐ കേന്ദ്രകായിക സമിതിയുടെ ആഭിമുഖ്യത്തിൽ സ്ഥിരം കോച്ചിംങ് സെന്റർ സ്ഥാപിക്കുക
- ❐ ചുരുങ്ങിയത് 200 മീറ്റർ ട്രാക്ക് എങ്കിലും ഇടാവുന്ന സ്റ്റേഡിയം സ്ഥാപിക്കുക.
- ❐ കായികമേഖലയെ പോഷിപ്പിക്കുവാൻ ആവശ്യമായ സാമ്പത്തിക സഹായങ്ങൾ കായിക സംഘടനകൾക്ക് അനുവദിക്കുവാൻ ശ്രദ്ധിക്കുക.

## പ്രശ്നങ്ങൾ

ഇന്ന് സാംസ്കാരിക മണ്ഡലത്തിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം.

1 ഒന്ന്, രണ്ട്, ഏഴ്, ഒമ്പത്, പത്ത് വാർഡുകളിൽ ഗ്രന്ഥാലയങ്ങളോ വായനശാലകളോ ഇല്ല. നവജീവൻ ഗ്രന്ഥാലയത്തിൽ വൈദ്യുതിയില്ല. ആറാം വാർഡിലെ യൂത്ത് ബ്രദേർസിന് സ്വന്തം കെട്ടിടമുണ്ടായിട്ടും നിർജ്ജീവാവസ്ഥയിലാണ്.

2 രണ്ടാം ഘട്ട സാക്ഷരതാ പ്രവർത്തനം നിർജ്ജീവാവസ്ഥയിലാണ്. നവസാക്ഷരർക്കായി പ്രവർത്തിക്കുന്ന ജനവിദ്യാകേന്ദ്രങ്ങൾ പ്രവർത്തനരഹിതമായിരിക്കുന്നു.

3 കായിക രംഗത്ത് പ്രാചീനങ്ങളായ കളികൾ അന്യം നിന്നു പോയിരിക്കുന്നു. കാർഷിക സംസ്ക്കാരത്തിന്റെ ഭാഗമായ 'കാളപൂട്ട്', പ്രോത്സാഹനം ലഭിക്കാത്തതിനാൽ നാശോന്മുഖമായിരിക്കുന്നു.

4 കലാസാഹിത്യാഭിരുചിയുള്ള ദരിദ്രവിദ്യാർത്ഥികളുടെ മുന്നിൽ ഉന്നതങ്ങളിലേക്കുള്ള മാർഗ്ഗം അടഞ്ഞുകിടക്കുകയാണ്. സർഗ്ഗാത്മക ഭാവനകൾക്ക് വേണ്ട വിധം പ്രോത്സാഹനം ലഭിക്കുന്നില്ല.

5 ഇന്ന് ലോവർ പ്രൈമറി വിദ്യാലയങ്ങളിൽ പാഠ്യേതര ഗ്രന്ഥശേഖരങ്ങളില്ല. മിക്ക വിദ്യാലയങ്ങളിലും പാഠ്യേതര വായനക്ക് വേണ്ടത്ര പ്രോത്സാഹനമില്ല.

6 പഞ്ചായത്തിൽ ഒരു വിവര ഗ്രഹണ കേന്ദ്രം (Information Centre) ഇല്ലാത്തതിനാലുള്ള അസൗകര്യങ്ങളുണ്ട്.

## പരിഹാരങ്ങളും നിർദ്ദേശങ്ങളും

1 പഞ്ചായത്ത് ആസ്ഥാനത്ത് ആധുനിക സൗകര്യത്തോടെ ഒരു വിവരഗ്രഹണ കേന്ദ്രം (Information centre) ആരംഭിക്കുക.

2 ഒന്നാം വാർഡ്, രണ്ടാം വാർഡ്, ഏഴാം വാർഡ് ഒമ്പതാം വാർഡ് പത്താം വാർഡ് എന്നിവിടങ്ങളിൽ അവിടുത്തെ സന്നദ്ധ സംഘടനകളുടെ മേൽനോട്ടത്തിൽ വായനശാലകൾ തുടങ്ങുകയും ഈ ഗ്രാമത്തിലെ എല്ലാ ഗ്രന്ഥാലയങ്ങൾക്കും 3 വർത്തമാന പത്രമെങ്കിലും അനുവദിക്കുകയും ചെയ്യുക. ആറാം വാർഡിലെ യൂത്ത് ബ്രദേർസ് പുനരുജ്ജീവിപ്പിക്കുവാനാവശ്യമായ നടപടികൾ കൈക്കൊള്ളുക. വൈദ്യുതിയില്ലാത്ത വായനശാലകളിൽ വൈദ്യുതി എത്തിക്കാൻ സഹായിക്കുക.

3 മദ്ധ്യവേനലവധിയിൽ കലാസാഹിത്യാഭിരുചിയുള്ള വിദ്യാർത്ഥികളുടെ ഒത്തുചേരലിന് അവസരം സൃഷ്ടിക്കുക. അവർക്ക് കലാ സാഹിത്യങ്ങളിൽ പരിശീലന കളരികൾ ഏർപ്പെടുത്തുക.

4 സാക്ഷരതാ പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കുകയും ജനവിദ്യാകേന്ദ്രങ്ങൾ സജീവമാക്കുകയും ചെയ്യുക.

അത്യാധുനികമായ ഇലക്ടോണിക് മാധ്യമങ്ങളുടെ രംഗപ്രവേശം അന്യ രാഷ്ട്രങ്ങളിലെ ഗ്രാമങ്ങളും നമ്മളും തമ്മിലുള്ള അകലം നന്നെ കുറച്ചിരിക്കുകയാണ്. സംസ്ക്കാരങ്ങൾ തമ്മിൽ നടക്കേണ്ടുന്ന ആദാന പ്രദാന പ്രക്രിയകൾക്കു പകരം സാംസ്കാരികാധിനിവേശത്തിന് നാമിന്ന് മൂകസാക്ഷികളായിത്തീർന്നിരിക്കുന്നു. പരിവർത്തനത്തിന്റേതെന്ന് പ്രശംസിക്കപ്പെടുന്ന ഈ കാലവും ലോകവും മൂല്യാപചയത്തിന്റെ അഗാധ ഗർത്തത്തിലേക്ക് അനുപദം നീങ്ങുന്ന കാഴ്ച ഭീതിദമാണ്. വള്ളിക്കുന്ന് ഇതിൽ നിന്നും ഭിന്നമല്ല.

ജീവിതത്തിൽ നാനാമേഖലകളിലും ഗുണപരമായ മാറ്റം അഞ്ചുവർഷം കൊണ്ടുവരുത്താൻ സാംസ്കാരിക മണ്ഡലത്തിലെ ഉയിർത്തെഴുന്നേല്പു കൊണ്ടു നമുക്കു സാധിക്കും. അമൂല്യമെന്ന് അനുമാനിച്ചിരുന്ന നൈതിക മൂല്യങ്ങൾക്ക് അനുക്ഷണം സംഭവിച്ചുകൊണ്ടിരിക്കുന്ന അപചയങ്ങൾക്കെതിരെ ജാഗരൂകരാവുക. പ്രതിരോധ നിര പടുത്തുയർത്തി പ്രതിലോമ ശക്തികളെ ചെറുത്തു തോല്പിക്കുക ഇതാണ് നമ്മുടെ ചരിത്ര പരമായ കർത്തവ്യം. ■

## നിലവിലുള്ള കലാ സാംസ്ക്കാരിക സ്ഥാപനങ്ങൾ

| ക്രമ നമ്പർ | പേരും മേൽവിലാസവും | സ്ഥാപിച്ചവർഷം | മെമ്പർമാരുടെ എണ്ണം | കെട്ടിടത്തിന്റെ വിവരം | ധനസഹായത്തിന്റെ വിവരം | ഏതു സ്ഥാപനത്തോടു അഫിലിയേറ്റു ചെയ്തിരിക്കുന്നു | പ്രവർത്തനത്തിന്റെ ലഘുവിവരം |
|---|---|---|---|---|---|---|---|
| 1 | സംസ്കൃതി വള്ളിക്കുന്ന് അരിയല്ലൂർ | 1989 | 45 | വാടക | ഇല്ല | നെഹ്റുയുവക് കേന്ദ്ര സ്പോർട്സ് കൗൺസിൽ | CA CA കലാ കായിക സാഹിത്യ രംഗത്ത് കയ്യെഴുത്തു മാസിക പ്രസിദ്ധീകരിക്കുന്നു |
| 2 | വൈ. എസ്. എ. അരിയല്ലൂർ | 1987 | 55 | വാടക | ഇല്ല | നെഹ്റു യുവക് കേന്ദ്ര സ്പോർട്സ് കൗൺസിൽ CA CA | കലാകായിക രംഗം കളരിപ്പയറ്റ് |
| 3 | ന്യൂ ബ്രദേർസ് ആർട്സ് ആന്റ് സ്പോർട്സ് - വള്ളിക്കുന്ന് | 1994 | 40 | വാടക | ഇല്ല | CA CA കലാ-കായികരംഗം | |
| 5 | ജ്വാലാ ലൈബ്രറി ആർട്സ് ആന്റ് സ്പോർട്സ് - വള്ളിക്കുന്ന് | 1974 | 156 | സ്വന്തം | ഉണ്ട് | സംഗീതനാടക അക്കാദമി CACA | കലാ - സാക്ഷരതാരംഗം |
| 6 | നവജീവൻ ഗ്രന്ഥാലയം വള്ളിക്കുന്ന് | 1969 | 171 | സ്വന്തം | ഉണ്ട് | കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ - CACA ഗ്രന്ഥാലയം | സാമൂഹ്യ സാംസ്ക്കാരിക രംഗം |
| 7 | ബാലസംഘം വള്ളിക്കുന്ന് | 1982 | 400 | വാടക | ഇല്ല | CACA | കലാ സാമൂഹ്യ സാംസ്ക്കാരിക രംഗം |
| 8 | ഫാൽക്കൻസ് വള്ളിക്കുന്ന് | 1989 | 36 | വാടക | ഇല്ല | MDFA - CACA | കലാ കായികരംഗം |
| 9 | ബ്ലെയിസ് ആർട്സ് & സ്പോർട്സ് അരിയല്ലൂർ | 1986 | 35 | വാടക | ഇല്ല | CACA | കലാ പ്രവർത്തനം ഗ്രന്ഥാലയം |
| 10 | ജനനി വള്ളിക്കുന്നു കോട്ട | 1992 | 70 | വാടക | ഇല്ല | CACA | കലാപ്രവർത്തനം |
| 11 | നവജീവൻ തീയറ്റേർസ് | 1971 | 79 | സ്വന്തം | ഇല്ല | CACA സംഗീത നാടക അക്കാദമി | കലാരംഗം |
| 12 | അപ്പോളോ ആർട്സ് & സ്പോർട്സ് വള്ളിക്കുന്ന് | 1980 | 130 | വാടക | ഇല്ല | ജില്ലാ വേളിബോൾ CACA | കലാകായികരംഗം |
| 13 | ന്യൂ ബൂസ്റ്റർ ആർട്സ് & സ്പോർട്സ് വള്ളിക്കുന്ന് | 1989 | 38 | വാടക | ഇല്ല | CACA | കലാകായികം |
| 14 | സർഗ്ഗശക്തി P. O. കടലുണ്ടി നഗരം | 1996 | 30 | വാടക | ഇല്ല | CACA | കലാരംഗം |
| 15 | ജനാധിപത്യ വനിതാ വേദി വള്ളിക്കുന്ന് | 1996 | 20 | ഇല്ല | ഇല്ല | CACA | വനിതാക്ഷേമം |

| | | | | | | | |
|---|---|---|---|---|---|---|---|
| 16 | സോഷ്യൽ സർവ്വീസ് ട്രസ്റ്റ് വള്ളിക്കുന്ന് | 1995 | – | ഇല്ല | „ | CACA | സാഹിത്യവിദ്യാഭ്യാസ സാമൂഹ്യ രംഗം |
| 17 | ശോഭന ആർട്സ് & സ്പോർട്സ് വള്ളിക്കുന്ന് | 1957 | 84 | സ്വന്തം | ഇല്ല | നെഹ്റുയുവക് കേന്ദ്ര സ്പോർട്സ് കൗൺസിൽ വോളിബോൾ അസോസിയേഷൻ | കലാ സാംസ്ക്കാരിക കായിക രംഗം |
| 18 | എസ് മുഹമ്മദ് സ്മാരക കലാസമിതി വള്ളിക്കുന്ന് നോർത്ത് | 1965 | 176 | സ്വന്തം | ഇല്ല | കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ | കലാസാംസ്കാരികം |
| 19 | നവധാര അരിയല്ലൂർ | | | | | | കലാ കായിക സാംസ്കാരിക രംഗം |
| 20 | മാതൃകാലയം വനിതാ സമാജം കടലുണ്ടി നഗരം | | | | | | വനിതാക്ഷേമം |
| 21 | അക്ഷയ വള്ളിക്കുന്ന് | | | | | | കലാരംഗം |
| 22 | അനശ്വര ആർട്സ് കൊടക്കാട് | | | | | | കലാരംഗം |
| 23 | തനിമ സാംസ്കാരിക വേദി കടലുണ്ടി നഗരം | | | | | | കലാരംഗം |
| 24 | കൃഷ്ണ എഡ്യുക്കേഷൻ & കൾച്ചറൽ സൊസൈറ്റി, അരിയല്ലൂർ | 1985 | 19 | സ്വന്തം | | നെഹ്റു യുവക് കേന്ദ്ര സംഗീത നാടക അക്കാദമി | കലാവിദ്യാഭ്യാസ രംഗം. നെഴ്സറി വിദ്യാഭ്യാസം |
| 25 | ചിന്താ തിയറ്റേഴ്സ് തിരുത്തി | 1978 | | സ്വന്തം | ഇല്ല | | കലാസാംസ്കാരികം |
| 26 | സംഘം കലാവേദി – തിരുത്തി | 1988 | | വാടക | ഇല്ല | | കലാസാംസ്കാരികം |
| 27. | സ്വപ്ന ആർട്സ്, വള്ളിക്കുന്ന് നോർത്ത് | 1975 | 55 | വാടക | ഇല്ല | സംഗീതനാടക അക്കാദമി CACA | കലാസാംസ്കാരികം |

## നിലവിൽ പ്രവർത്തിക്കുന്ന ഗ്രന്ഥാലയങ്ങൾ

| ക്രമ നമ്പർ | പേരും മേൽവിലാസവും | സ്ഥാപിച്ച വർഷം | കെട്ടിടത്തിന്റെ വിവരം | നിലവിലുള്ള മെമ്പർമാരുടെ എണ്ണം | പുസ്തകങ്ങളുടെ എണ്ണം | പ്രതിമാസ പുസ്തക വിതരണം | കീഴിൽ പ്രവർത്തിക്കുന്നവയുടെ വിവരം | സർക്കാർ ഗ്രാന്റ് ലഭിക്കുന്നുണ്ടോ എന്ന് | മറ്റഭിപ്രായം |
|---|---|---|---|---|---|---|---|---|---|
| 1 | ഗ്രാമോദ്ധാരണ വായനശാല കൊടക്കാട് | 1952 | സ്വന്തം | 324 | 4595 | 750 | ഗ്രന്ഥാലയം | ഉണ്ട് | |
| 2 | എസ്. മുഹമ്മദ് സ്മാരക ഗ്രന്ഥാലയം ആനയാറങ്ങാടി. വള്ളിക്കുന്ന് നോർത്ത് | 1955 | സ്വന്തം | 176 | 2510 | 278 | വായനശാല | ഉണ്ട് | |
| 3 | ശോഭന ലൈബ്രറി വള്ളിക്കുന്ന് | 1957 | സ്വന്തം | 84 | 4252 | 300 | വായനശാല | ഉണ്ട് | |
| 4 | നവജീവൻ ഗ്രന്ഥാലയം വള്ളിക്കുന്ന് | 1969 | സ്വന്തം | 171 | 3911 | 325 | വായനശാല | ഉണ്ട് | |
| 5 | വാസുദേവ സ്മാരക വായനശാല അരിയല്ലൂർ | 1969 | വാടക | 438 | 3143 | 600 | ഗ്രന്ഥാലയം | ഉണ്ട് | 'ഗ്രാമിക', കയ്യെഴുത്തു ദിനപത്രം നടത്തുന്നു. |
| 6 | ജ്വാല ലൈബ്രറി വള്ളിക്കുന്ന് | 1974 | സ്വന്തം | 156 | | | വായനശാല | ഉണ്ട് | |
| 7 | ബ്ലെയ്സ് ലൈബ്രറി അരിയല്ലൂർ | 1992 | വാടക | 127 | 1016 | 300 | വായനശാല | ഇല്ല | |
| 8 | യങ്മെൻസ് മുസ്ലിം അസോസിയേഷൻ – കടലുണ്ടി നഗരം | 1964 | വാടക | 60 | | | വായനശാല | ഇല്ല | |
| 9 | ഉദയ – തിരുത്തി വള്ളിക്കുന്ന് | 1980 | സ്വന്തം | 40 | 2140 | 275 | വായനശാല | ഉണ്ട് | |
| 10 | യൂനിവേഴ്സൽ ആർട്സ് & ലൈബ്രറി ഒലിപ്രം | 1980 | വാടക | 55 | 1872 | 325 | വായനശാല | ഉണ്ട് | |
| 11 | പഞ്ചായത്ത് ഗ്രന്ഥാലയം | 1984 | സ്വന്തം | 1760 | 360 | | വായനശാല | ഇല്ല | |




# 5.൭

# വനിത

വനിതാവിമോചന പ്രസ്ഥാനങ്ങൾ നാടെങ്ങും സജീവമായി മുന്നേറുന്ന ഈ കാലഘട്ടത്തിൽ സ്ത്രീകൾ ഇതൊന്നുമറിയാതെ ഗ്രാമങ്ങളിൽ ഒതുങ്ങിക്കൂടുകയാണ്. വള്ളിക്കുന്നിലും ഈ പ്രവണത സജീവമായി നിൽക്കുന്നു.

സാമൂഹ്യ പ്രവർത്തനമേഖലകളിൽ പഴയകാലത്ത് സ്ത്രീ പങ്കാളിത്തം വളരെ കുറവായിരുന്നു. ആ കാലഘട്ടങ്ങളിൽ സ്കൂൾ വിദ്യാഭ്യാസം പെൺകുട്ടികൾക്ക് അപ്രാപ്യമായിരുന്നു. കുടിപ്പള്ളിക്കൂടത്തിലൂടെയായിരുന്നു പെൺകുട്ടികൾക്ക് എഴുതുവാനും വായിക്കുവാനുമുള്ള അറിവ് ലഭിച്ചത്. എന്നാൽ എല്ലാ ജാതിയിൽപെട്ടവർക്കും ഇവിടെ പ്രവേശനമില്ലായിരുന്നു. ആഘോഷങ്ങളിലും അതുപോലുള്ള പൊതുപരിപാടികളിലും പൊതുവെ സ്ത്രീ പങ്കാളിത്തം കുറവായിരുന്നു. 20–ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ പെൺകുട്ടികളുടെ "കെട്ടുകല്ല്യാണം" എന്ന ഏർപ്പാട് നിലവിലുണ്ടായിരുന്നു. 5–ാം വയസ്സിൽ തന്നെ പെൺകുട്ടികൾ വീട്ടുതടങ്കലിൽ ആവുകയാണ് പതിവ്. 1991ലെ സെൻസസ് പ്രകാരം വള്ളിക്കുന്നിലെ സ്ത്രീകളുടെ സംഖ്യ 18344 ആണ്. പുരുഷജനസംഖ്യയേക്കാൾ 1171 എണ്ണം കൂടുതലാണ് ഇത്. സ്ത്രീ ജനസംഖ്യയുടെ എണ്ണത്തിലുള്ള ഈ കൂടുതൽ സ്ത്രീകൾക്ക് സമൂഹത്തിൽ ഉയർന്ന സ്ഥാനം കിട്ടേണ്ടതിന്റെ ആവശ്യകത സൂചിപ്പിക്കുന്നു. വയസ്സിൽ താഴെയുള്ള ആൺകുട്ടികളുടെ എണ്ണം പെൺകുട്ടികളുടെ എണ്ണത്തേക്കാൾ കൂടുതലാണ്.

1920കളിൽ പ്രാഥമിക വിദ്യാഭ്യാസത്തിന് പെൺകുട്ടികൾക്ക് സൗകര്യം ലഭിച്ചിരുന്നെങ്കിലും ഉന്നത വിദ്യാഭ്യാസത്തിന് സൗകര്യം ഇല്ലായിരുന്നു. അതുകൊണ്ടുതന്നെ സ്ത്രീകളുടെ ജോലി അടുക്കള ജോലിയിലൊതുങ്ങി. വള്ളിക്കുന്നിലെ ആദ്യത്തെ ബിരുദധാരിണി വടക്കും താന്നി പാറുക്കുട്ടി അമ്മയാണ്. പെൺകുട്ടികളെ സ്കൂളിലെത്തിക്കാനുള്ള പ്രവർത്തനത്തിൽ മൂക്കം പറമ്പത്ത് കല്ല്യാണി എന്നവർ നേതൃത്വപരമായ പങ്കുവഹിച്ചു. ഇതിന്റെയെല്ലാം ഫലമായി വിദ്യാഭ്യാസരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം കൂടുകയും പരിമിതമായ തൊഴിൽ മേഖലകളിലെങ്കിലും സ്ത്രീകൾ എത്തിപ്പെടുകയും ചെയ്തു. ഉന്നത വിദ്യാഭ്യാസത്തിലും ഉയർന്ന ജോലികളിലും സ്ത്രീകളുടെ പങ്കാളിത്തം കുറവാണെങ്കിലും അദ്ധ്യാപനരംഗത്ത് പുരുഷൻമാരെക്കാൾ മുൻപന്തിയിലാണ് സ്ത്രീകൾ.

തൊഴിൽ മേഖലകളിലെ സ്ത്രീ പങ്കാളിത്തം സൂചിപ്പിക്കുന്ന 1991–ലെ സെൻസസ് പട്ടിക താഴെ കൊടുത്തിരിക്കുന്നു.

| തൊഴിൽമേഖല | സ്ത്രീകളുടെ എണ്ണം | പുരുഷൻമാരുടെ എണ്ണം |
|---|---|---|
| കർഷകൻ | 19 | 480 |
| കർഷക തൊഴിലാളി | 164 | 893 |
| മൃഗസംരക്ഷണം | 11 | 1096 |
| ചെറുകിട വ്യവസായം | 333 | 637 |
| കെട്ടിടനിർമ്മാണം | 100 | 617 |
| ഗതാഗതം, വാർത്താവിനിമയം | 6 | 675 |
| വ്യാപാരം | 41 | 1115 |
| മറ്റുള്ളവ | 403 | 1126 |

തൊഴിൽ മേഖലയിൽ സ്ത്രീകൾക്കെതിരായി ക്രൂരമായ അവഗണ നിലനില്ക്കുന്നു എന്നാണ് പട്ടിക വ്യക്തമാക്കുന്നത്. സ്ത്രീയെ എല്ലാ നിലയിലും ശക്തി പ്പെടുത്താതെ, അവൾക്കെതിരായി നിലനില്ക്കുന്ന സാമൂഹ്യ പ്രതിശക്തികളെ തടുക്കാനാവില്ല. ചെറുകിട വ്യവസായങ്ങൾ, സ്വയം തൊഴിൽ സംരംഭങ്ങൾ (കോഴി വളർത്തൽ, അടുക്കളത്തോട്ടം... എന്നിവ പ്രധാനം) എന്നിവയിൽ സ്ത്രീകളെ കേന്ദ്രീകരിക്കുവാനുള്ള തീവ്ര യത്നം അടിയന്തിരാവശ്യമാണ്.

സ്വാതന്ത്ര്യസമരകാലഘട്ടത്തിൽ പ്രക്ഷോഭങ്ങ ളിൽ സ്ത്രീ പങ്കാളിത്തം കുറവായിരുന്നു. എന്നാൽ 1940കളിൽ വടക്കും താന്നി പാറുക്കുട്ടിഅമ്മ, ജാനകി യമ്മ, വള്ളിക്കുന്നിലെ യശോദമ്മ എന്നിങ്ങനെ ചുരുക്കം പേരുടെ പൊതുരംഗത്തെ പ്രവർത്തനം സ്മരണീയ മാണ്. പൊതുരംഗത്തെ സ്ത്രീകളുടെ പങ്കാളിത്തക്കുറവ് ഇന്നും തുടരുകയാണ്. ഇപ്പോൾ ജനാധിപത്യ മഹിളാ അസോസിയേഷന്റെ രണ്ടു വില്ലേജ് കമ്മറ്റികൾ പ്രവർത്തിക്കുന്നുണ്ട്. ശാസ്ത്രസാഹിത്യ പരിഷത്തിന്റെ അരിയല്ലൂർ യൂണിറ്റ് പ്രസിഡന്റും സി. ബി. എൻ. പി. വള്ളിക്കുന്ന് യൂണിറ്റ് പ്രസിഡന്റും വനിതകളാണ്. 1970-കളിൽ വള്ളിക്കുന്നിലും അരിയല്ലൂരിലും സജീവ മായി പ്രവർത്തിച്ചിരുന്ന രണ്ടു മഹിളാ സമാജങ്ങൾ ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ അവ നിർജ്ജീവങ്ങ ളാണ്. എന്നാൽ ഈ അടുത്ത കാലത്തായി പൊതുരം ഗത്തും സന്നദ്ധ പ്രവർത്തന മേഖലകളിലും സവിശേ ഷമായ പങ്കുവഹിച്ച ചില ഉദാത്ത മാതൃകകൾ ഉയർത്തി ക്കാട്ടേണ്ടതുണ്ട്. പഞ്ചായത്തിൽ നടത്തിയ വിഭവ ഭൂപട സർവ്വെ, സാമൂഹ്യ സാമ്പത്തിക സർവ്വേ, നീരൊഴുക്കു സർവ്വേ, ദ്വിദീയ വിവര ശേഖരണം, വിദ്യാഭ്യാസ സർവ്വെ തുടങ്ങിയ പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ ഉയർന്നതാണ്.

വനിതകളുടേത് മാത്രമായി അഞ്ച് തൊഴിൽ സ്ഥാപനങ്ങളും ആറ് D.W.C.R.A യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. 450ഓളം വീടുകളിൽ പഞ്ചായ ത്തിൽ സ്ത്രീകളാണ് കുടുംബനാഥകൾ. സ്കൂൾ വിദ്യാർത്ഥികളിൽ എണ്ണത്തിലും പഠന പരിശീലന ത്തിലും പെൺകുട്ടികളാണ് മുൻപന്തിയിൽ. പ്രീഡിഗ്രി തലംവരെ ഈ നില തുടരുന്നു. എന്നാൽ ഉന്നത വിദ്യാ ഭ്യാസ രംഗത്ത് ആൺകുട്ടികളെ അപേക്ഷിച്ച് പെൺകു ട്ടികൾ കുറവായികാണുന്നു. ഉള്ളവരുടെ വിദ്യാഭ്യാസം BEd വരെ മാത്രമാണ്.

സ്ത്രീകൾക്ക് നേരെയുള്ള അക്രമങ്ങൾ പൊതുവെ നമ്മുടെ പഞ്ചായത്തിൽ കുറവാണ്. എന്നാൽ ഈ കാലയളവിൽ സ്ത്രീ പീഢനകേസുകൾ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്. സ്ത്രീകൾക്കിടയിലുള്ള നിരക്ഷത ഇല്ലായ്മ ചെയ്യുന്നതിൽ 1990-ലെ സാക്ഷരതാ പ്രവർത്തനം വളരെ സഹായകരമായിട്ടുണ്ട്.

## പ്രശ്നങ്ങൾ

രൂക്ഷമായ തൊഴിലില്ലായ്മ സ്ത്രീകൾക്കിടയിലെ പ്രധാന പ്രശ്നമാണ്. ഉള്ള തൊഴിൽ മേഖലയിൽതന്നെ കൂലി നിരക്കിലുള്ള വിവേചനം നിലനിൽക്കുന്നു.

പട്ടിക ശ്രദ്ധിക്കുക.

| തൊഴിൽമേഖല | സ്ത്രീകൾ | പുരുഷൻമാർ |
|---|---|---|
| കർഷകതൊഴിലാളി | 60-75 | 100 |
| നിർമ്മാണ തൊഴിലാളി | 75 | 100-110 |
| കയർ തൊഴിലാളി | 20-25 | 50-60 |

സ്ത്രീകൾ മാത്രം തൊഴിലെടുക്കുന്ന മേഖലക ളിൽ കൂലി നിരക്ക് വളരെ കുറവാണ്. ഉദാഹരണമായി കയർ, നൂൽനൂൽപ്പ് മേഖലയിൽ.

സാമൂഹ്യരംഗത്ത് വളരെ കാലമായി പിന്നിലായി രുന്ന സ്ത്രീകളെ ബോധപൂർവ്വമായ ഇടപെടലിലൂടെ മുന്നോട്ട് കൊണ്ടുവന്നാലെ പൊതുജീവിതത്തിലും തൊഴിൽമേഖലയിലും അർഹമായ പങ്കുവഹിക്കാൻ കഴി യുകയുള്ളൂ. ഏറ്റെടുത്ത ജോലികൾ ഭംഗിയായും ഉത്ത രവാദിത്തത്തോടെയും നിറവേറ്റുവാൻ സ്ത്രീകൾക്ക് കഴിയുമെങ്കിലും, പൊതുവെ ജോലികൾ ഏറ്റെടുക്കാ നുള്ള വിമുഖത സ്ത്രീകളുടെ ഭാഗത്തും, ഉത്തരവാദിത്വം ഏൽപിക്കാനുള്ള താല്പര്യക്കുറവ് പുരുഷൻമാരുടെ ഭാഗത്തുമുണ്ട്! സ്ത്രീകൾക്കിടയിൽ ആത്മവിശ്വാസമി ല്ലായ്മ പ്രധാന പ്രശ്നമാണ്. മനുഷ്യകുലത്തിലെ പകു തിയോളം വരുന്ന വിഭാഗമാണ് തങ്ങളെന്നും പുരു ഷൻമാർക്കുള്ള അധികാരാവകാശങ്ങളും തങ്ങൾക്കും ലഭിക്കണമെന്നും സ്ത്രീകൾക്ക് സ്വയം തോന്നേണ്ടിയി രിക്കുന്നു. ജീവിതത്തിന്റെ സമസ്ത മേഖലകളിലും പുരു

ഷനോടൊപ്പം നിൽക്കാനുള്ള ബുദ്ധിയും കഴിവും സ്ത്രീകൾ ആർജ്ജിച്ചിട്ടുണ്ടെങ്കിലും അത് പ്രകടിപ്പിക്കാനുള്ള തന്റേടം സ്ത്രീകൾ കാണിക്കേണ്ടിയിരിക്കുന്നു.

അവകാശങ്ങൾ തിരിച്ചറിയുകയും അത് നേടിയെടുക്കാനുള്ള സമര പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തുകൊണ്ടാണ് ഏതു രംഗത്തും ജന വിഭാഗങ്ങൾ നേട്ടമുണ്ടാക്കിയത്. സ്ത്രീകൾ ഈ മാർഗ്ഗം തന്നെയാണ് വിമോചനത്തിനുള്ള പാത എന്ന് തിരിച്ചറിയേണ്ടതുണ്ട്.

**സാദ്ധ്യതകൾ:**

സാമൂഹ്യരംഗത്തും പൊതുരംഗത്തും സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ അവർക്കായി പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്. കഴിയുന്നത്ര സ്ത്രീകളെ തങ്ങളുടെ നേതൃനിരയിൽ കൊണ്ടുവരുന്നതിന് രാഷ്ട്രീയ സാംസ്കാരിക സംഘടനകൾ ശ്രമിക്കണം. പൊതു പ്രവർത്തന രംഗത്ത് മുൻപരിചയമുള്ള സ്ത്രീകൾ തങ്ങളുടെ അനുഭവങ്ങൾ പുതിയ തലമുറയുമായി പങ്കുവെയ്ക്കുകയും അങ്ങനെ അവരിൽ ആത്മവിശ്വാസം ഉണ്ടാക്കുകയും വേണം. വനിതകളുടെത് മാത്രമായ സംഘടനകൾക്ക് നേതൃത്വം കൊടുക്കുകയും അവരെ സ്വയം പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിപ്പിക്കാനുള്ള സഹായം ചെയ്യുകയും വേണം. പഞ്ചായത്തിൽ നടന്ന വനിതാ സെമിനാർ സ്ത്രീകൾ തന്നെയാണ് ഏറ്റെടുത്ത് നടത്തിയത്. ഇത് ഒരു വമ്പിച്ച വിജയമായിരുന്നു. പഞ്ചായത്ത് തലത്തിൽ ഒരു കേന്ദ്രീയ വനിതാ സമിതി പ്രവർത്തിക്കുന്നുണ്ട്. അയൽക്കൂട്ടങ്ങളിലും മാതൃസംഗമങ്ങളിലും വനിതകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുവാൻ ശ്രദ്ധിക്കണം.

സ്ത്രീകളുടെ ഇടയിലുള്ള തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സ്ത്രീകളുടേതായ തൊഴിൽ യൂണിറ്റുകളും സഹകരണം സംരംഭങ്ങളും തുടങ്ങേണ്ടിയിരിക്കുന്നു. അതിനുള്ള സാദ്ധ്യത പഞ്ചായത്തിലേറെയാണ്. കയർ രംഗത്ത് സ്ത്രകളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കാൻ ഈ മേഖലയിൽ വൈവിദ്യ വൽക്കരണം കൊണ്ടുവരണം. നമ്മുടെ പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന നാളികേരം ഉപയോഗിച്ച് സ്ത്രീകൾക്കായി നടത്താവുന്ന ചെറുകിട യൂണിറ്റുകൾക്ക് സാദ്ധ്യതകളുണ്ട്. റെഡിമെയ്ഡ് വസ്ത്രമഖലയിലും സ്ത്രീകൾക്ക് തൊഴിൽസാദ്ധ്യത ഏറെയുള്ള മേഖലയാണ്. ചിരട്ട ഉപയോഗിച്ചുള്ള കരകൗസല വസ്തു നിർമ്മാണവും പുരയിടങ്ങളിലുള്ള പച്ചക്കറി അടുക്കളത്തോട്ടങ്ങളും സ്ത്രീകളുടെ നേതൃത്വത്തിൽ നടത്താവുന്നതാണ്.

നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ള DWCRA യൂണിറ്റുകളിൽ പലതും പ്രവർത്തിക്കുന്നില്ല. സ്ഥാപനങ്ങളുടെ ഫലപ്രദമായ നേതൃത്വം സ്ത്രീകളുടെകയ്യിലല്ല. നേതൃത്വത്തിലുള്ള സ്ത്രീകൾക്ക് അതിന് വേണ്ട പരിശീലനമോ, അവരുൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾക്ക് മാർക്കറ്റിംഗ് സൗകര്യമോ ലഭിക്കുന്നില്ല.

## വനിതാ മേഖല നേരിടുന്ന പ്രശ്നങ്ങൾ

1. തൊഴിൽ മേഖലയിൽ വിദ്യാലയങ്ങളിലൊഴികെ സ്ത്രീകൾ അവഗണന നേരിടുന്നു.
2. സാമൂഹ്യ സേവന രംഗത്ത് സ്ത്രീകൾ ധീരമായി പ്രവർത്തന സജ്ജരായി പുറത്തു വരുന്നില്ല.
3. സ്വയം തൊഴിൽ സംരംഭങ്ങളിൽ സ്ത്രീകൾ വേണ്ടത്ര താല്പര്യം കാട്ടുകയോ, സംരംഭങ്ങൾ ആരംഭിക്കുകയോ ചെയ്യുന്നില്ല.
4. തൊഴിൽ രംഗത്ത്, ജീവിക്കാനാവശ്യമായ വിദ്യാഭ്യാസം സ്ത്രീകൾക്ക് ലഭിക്കുന്നില്ല.
5. തുല്യജോലിക്ക് തുല്യ വേതനം, ഏട്ടിലെ പശുവാണ് നീചമായ വിവേചനം ഗ്രാമത്തിലെങ്ങും കാണാം.
6. തൊഴിൽ നിയമങ്ങളിൽ സ്ത്രീകൾക്ക് വേണ്ടത്ര പരിജ്ഞാനമില്ല; പരിശീലനത്തിന് സൗകര്യങ്ങൾ ലഭിക്കുന്നില്ല.
7. സാമ്പത്തിക ഞെരുക്കം സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനെതിരായ സ്ഥായിയായ തടസ്സമാണ്.
8. സർക്കാർ സഹായ പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമായ അറിവില്ലായ്മ സ്ത്രീകളെ വിഷമിപ്പിക്കുന്നു.
9. അംഗനവാടി അധ്യാപികമാർ ന്യായമായ കൂലി കിട്ടാതെ വിഷമിക്കുന്നു.

അംഗനവാടികൾക്ക് പലതിലും സൗകര്യങ്ങളില്ല.

10. വിദ്യാലയങ്ങളിലെ പാഠ്യേതര മേഖലകളിൽ പെൺകുട്ടികളുടെ പങ്കാളിത്തം കുറവാണ്.
11. സ്വയം ശക്തിയാർജ്ജിച്ച് ധീരമായി രംഗത്തിറങ്ങാനുള്ള മനോധാർഢ്യം സ്ത്രീകളിൽ കുറവാണ്.
12. സാമാന്യ വിദ്യാഭ്യാസമുണ്ടെങ്കിലും ശാസ്ത്രീയ ബോധ നിലവാരം സ്ത്രീകളിൽ കുറവാണ്. ഫലം അന്ധവിശ്വാസങ്ങളും അനാചാരങ്ങളും സ്ത്രീകൾക്കിടയിൽ ധാരാളമുണ്ട്.

സ്ത്രീകൾക്ക് ഇടയിലെ പ്രശ്ന പരിഹാരങ്ങൾക്ക് താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധക്കേണ്ടതാണ്.

1. ഉൽപാദനപരമായ സ്വയംതൊഴിൽ പ്രവർത്തനങ്ങൾ സ്ത്രീകൽക്ക് ഇടയിൽ സംഘടിപ്പിക്കുവാൻ മുൻകൈ എടുക്കുക.

2. വിഭവസാധ്യത കണക്കിലെടുത്ത് തൊഴിൽ യൂണിറ്റുകൾ തുടങ്ങുകയും അവക്കുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുക.

3. തുല്യ ജോലിക്കു തുല്യ വേദനം നടപ്പിലാക്കുവാൻ ശ്രദ്ധിക്കുക.

4. തൊഴിലവസരങ്ങൾ, തൊഴിൽ നിയമങ്ങൾ എന്നിവയെ കുറിച്ചുള്ള വിവരങ്ങൾ നൽകുക.

5. തൊഴിൽ യൂണിറ്റുകൾ തുടങ്ങുന്നതിനാവശ്യമായ സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുക.

6. വിധവാ പെൻഷൻ, അഗതി പെൻഷൻ, മാതൃ സഹായ പദ്ധതിയിലെ ആനുകൂല്യങ്ങൾ അർഹരായ മുഴുവൻ സ്ത്രീകൾക്കും ലഭ്യമാക്കുക.

7. അംഗനവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം. കുട്ടികളുടെ വിനോദത്തിനും വിശ്രമത്തിനും ആരോഗ്യത്തിനും വേണ്ട സംവിധാനം വികസിപ്പിക്കുക.

8. സ്കൂളുകളിലെ പാഠ്യേതര മേഖലകളിൽ പെൺകുട്ടികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുവാൻ ആവശ്യമായ സഹായം ചെയ്യുക. ■




# 5.10

# സഹകരണം

"സഹകരണം പരാജയപ്പെട്ടു.
പക്ഷേ അത് വിജയിക്കുക തന്നെ വേണം"
–എ. ഡി. ഗോർവാലെ

ഋണബാദ്ധ്യതയിൽ നിന്നും കർഷക സമൂഹത്തെ രക്ഷിക്കുന്നതിനായി 1904–ലെ സഹകരണ നിയമത്തിന്റെ (കോ–ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് X ഓഫ് 1904) അടിസ്ഥാനത്തിൽ രൂപീകൃതമായ കാർഷികവായ്പ സംഘങ്ങളുടെ ആവിർഭാവത്തോടെയാണ് ഭാരതത്തിൽ സഹകരണ പ്രസ്ഥാനം തുടക്കം കുറിക്കുന്നത്. വള്ളിക്കുന്ന് പഞ്ചായത്തിൽ, വള്ളിക്കുന്ന് വില്ലേജിൽ 1917–ൽ ടി. എൻ. നാരായണൻ മൂസത് എന്നിവരുടെ നേതൃത്വത്തിൽ 37 അംഗങ്ങളുടെ 'തിരുത്തിക്കളത്തിൽ' വെച്ച് രൂപീകൃതമായ വള്ളിക്കുന്ന് അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണസംഘം എന്ന വായ്പേതര സംഘമാണ് ഈ പ്രദേശത്ത് സഹകരണ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത്. ചേലക്കോട് ശങ്കുണ്ണിക്കുറുപ്പ്, വെട്ടിയാട്ടിൽ കുട്ടികൃഷ്ണൻ നായർ, മൂക്കം പറമ്പത്ത് ചോയി മാസ്റ്റർ, മേലെ വീട്ടിൽ അബൂബക്കർകുട്ടി നഹാ സാഹിബ് , കുത്തിരേഴി അയ്യപ്പൻനായർ തുടങ്ങിയവർ ആണ് സംഘത്തിന്റെ ആദ്യകാല പ്രവർത്തകന്മാർ. വള്ളിക്കുന്ന് പഞ്ചായത്തിന്റെ പ്രഥമ പ്രസിഡന്റ് ആയിരുന്ന ടി. എൻ. ദാമോദരൻ മൂസത് പ്രസിഡന്റ് ആയി. 1923–ൽ രൂപീകൃതമായ തിരുത്തി വിവിധോദ്ദേശ ഐക്യനാണയ സഹകരണ സംഘമാണ് വള്ളിക്കുന്ന് വില്ലേജിലെ ആദ്യ വായ്പ സഹകരണ സംഘം. ശ്രീ പാന്നാട്ട് കുഞ്ഞിരാമൻ നായർ, ഇ. പുരുഷോത്തമൻ നമ്പൂതിരി കെ. ഇമ്പിച്ചു സാഹിബ്, കാദർ സാഹിബ്, സി. എം. ഗോപമാസ്റ്റർ, വി. കെ. രാമചന്ദ്രൻ മാസ്റ്റർ, എം. വി. കോയക്കുട്ടി സാഹിബ് എന്നിവരും മുൻകടലുണ്ടി അർബൻ സഹകരണബാങ്ക് , വൈസ് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ച പി. ഐ. ജി. മേനോൻ എന്നിവരും വള്ളിക്കുന്ന് വില്ലേജിലെ ആദ്യകാല സഹകാരികളായിരുന്നു.

വെളിമുക്ക് അംശത്തിന്റെ ഭാഗമായിരുന്ന അരിയല്ലൂർ വില്ലേജിൽ 23 അംഗങ്ങളുമായി 1912–ലെ സഹകരണസംഘം ആക്ട് II ന്റെ അടിസ്ഥാനത്തിൽ ആട്ടയൂർ ഇല്ലത്ത് കേശവൻ നമ്പൂതിരിയുടെ അദ്ധ്യക്ഷതയിൽ രൂപം കൊണ്ട "അരിയല്ലൂർ പരസ്പര ധനസഹായിക സംഘം" ആണ് പഞ്ചായത്തിലെ ആദ്യത്തെ വായ്പാ സംഘം. മുള്ളങ്കിൽകളത്തിൽ കുഞ്ഞൻ മേനോൻ, കറുത്തേടത്ത് കണ്ണൻ നായർ, അമ്മട്ട് അയ്യപ്പൻ, കൊടക്കാട്ടകത്ത് കോയകുട്ടി എന്നിവർ ആദ്യ ഭരണസമിതി അംഗങ്ങളും ആയിരുന്നു.

വിവിധ മേഖലകളിലായി 23 സഹകരണസംഘങ്ങൾ ഈ പഞ്ചായത്തിൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിരുന്നു. ആദ്യ സഹകരണസ്ഥാപനമായ വള്ളിക്കുന്ന് അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘം ഭരണത്തിന്റെ കെടുകാര്യസ്ഥത കാരണം

പ്രവർത്തനരഹിതമാകുകയും 1976ൽ ആയതിന്റെ പ്രവർത്തനം സമാപ്തീകരിക്കുകയും ചെയ്തു. ഇപ്പോൾ നിലവിലുള്ള 22 സഹകരണ സംഘങ്ങളിൽ ഭൂരിപക്ഷവും പ്രവർത്തനരഹിതവും സമാപീകരണത്തിൽ വക്കത്തും ആണ്. സഹകരണമേഖലയിൽ പഞ്ചായത്തിൽ പ്രത്യക്ഷമായി 253 പേരും പരോക്ഷമായി 150 ഓളം പേരും ജോലി ചെയ്തു വരുന്നു. താലൂക്ക് തലത്തിൽ പ്രവർത്തിക്കുന്ന പല സംഘങ്ങളുടെയും പ്രവർത്തന പരിധി ഈ പഞ്ചായത്ത് കൂടി ഉൾപ്പെട്ടതാണ്. പഞ്ചായത്തിൽ പ്രവർത്തിയ്ക്കുന്ന സഹകരണ സംഘങ്ങളുടെ പട്ടിക തരം തിരിച്ച് അന്യത്ര ചേർക്കുന്നു.

## സഹകരണ സംഘങ്ങളുടെ ഇന്നത്തെ അവസ്ഥ

കാർഷിക മേഖലയിൽ വള്ളിക്കുന്ന് സർവ്വീസ് സഹകരണ ബാങ്കും അരിയല്ലൂർ സർവ്വീസ് സഹകരണ ബാങ്കും സാമാന്യം ഭേദപ്പെട്ട നിലയിൽ നിലയിൽ പ്രവർത്തിയ്ക്കുന്നു. കൺസ്യൂമർ വിഭാഗത്തിൽ സ്ഥാപിതമായ വള്ളിക്കുന്ന് പഞ്ചായത്ത് കൺസ്യൂമർ സഹകരണ സ്റ്റോർ പ്രവർത്തന രഹിതമാണ്. സ്ക്കൂൾ സഹകരണ സംഘങ്ങൾ നാലെണ്ണം പഞ്ചായത്തിന്റെ പരിധിയിൽ പുസ്തക വിതരണം മാത്രം നടത്തിവരുന്നു. ഈ പഞ്ചായത്തിൽ ആകെ മൂന്ന് ക്ഷീരോൽപാദക സഹകരണസംഘങ്ങളാണ് ഉള്ളത്. ഇവയുടെ പരിധി 2, 4, 5, 7, 9, 12 വാർഡുകൾ മാത്രമാണ്. നിലവിലുള്ള ഈ സംഘങ്ങളിൽ കാഞ്ഞിരക്കുഴി ക്ഷീരോൽപാദക സഹകരണ സംഘം മാത്രമാണ് സാമാന്യം ഭേദപ്പെട്ടനിലയിൽ പ്രവർത്തിക്കുന്നത്. മറ്റ് രണ്ട് സംഘങ്ങളും ഇപ്പോൾ പ്രവർത്തനരഹിതമാണ്. വള്ളിക്കുന്ന് പഞ്ചായത്തിന്റെ കടലോര പ്രദേശം മുഴുവൻ ഉൾപ്പെടുത്തികൊണ്ട് കടലുണ്ടി ബീച്ച് മത്സ്യത്തൊഴിലാളി വികസന ക്ഷേമസഹകരണ സംഘം പ്രവർത്തിച്ചുവരുന്നുണ്ട്. ഖാദി ഗ്രാമ വ്യവസായ വകുപ്പിന്റെ കീഴിൽ വള്ളിക്കുന്ന് ഗ്രാമവ്യവസായ സഹകരണ സംഘം, അരിയല്ലൂർ ചക്കര നിർമ്മാണ വ്യവസായ സഹകരണ സംഘം വള്ളിക്കുന്ന് ടൈൽ വർക്കേഴ്സ് വ്യവസായ സഹകരണസംഘം കൊടക്കാട്ട് എണ്ണയാട്ട് വ്യവസായ സഹകരണ സംഘം എന്നിവയാണ് ഉള്ളത്. ഇവ നാലും ഇന്ന് പ്രവർത്തനരഹിതമാണ്. കയർവ്യവസായ മേഖലയിൽ വള്ളിക്കുന്ന് കയർ വ്യവസായ സഹകരണ സംഘം കടലുണ്ടിനഗരം കയർ വ്യവസായ സഹകരണ സംഘം എന്നിവയാണ് ഉള്ളത്. കീഴയിൽ കയർ വ്യവസായ സഹകരണസംഘം ഇവ മൂന്നും സാമാന്യം നന്നായി പ്രവർത്തിച്ചുവരുന്നു. വള്ളിക്കുന്ന് പഞ്ചായത്ത് പ്രവർത്തന പരിധിയായി 1995ൽ രൂപീകരിച്ച വള്ളിക്കുന്നു പഞ്ചായത്ത് വനിതാ സഹകരണ സംഘം പ്രവർത്തനം പൂർണ്ണമായ രീതിയിൽ ആരംഭിച്ചിട്ടില്ല. കൂടാതെ വള്ളിക്കുന്ന് ന്യൂമിൽ വർക്കേഴ്സ് സഹകരണ സംഘം, വള്ളിക്കുന്ന് പഞ്ചായത്ത് മൾബറി സഹകരണ സംഘം എന്നിവ രജിസ്ട്രർ ചെയ്തിട്ടുണ്ടെങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടില്ല. 1922ൽ രജിസ്ട്രർ ചെയ്ത് പ്രവർത്തനം ആരംഭിയ്ക്കുകയും പഞ്ചായത്തിലെ 12– ാം വാർഡിൽ പ്രവർത്തിയ്ക്കുകയും ചെയ്തിരുന്ന തിരുത്തി വിവിധോദ്ദേശ്യ ഐക്യനാണയ സഹകരണ സംഘം വർഷങ്ങളായി നിർജ്ജീവാവസ്ഥയിലാണ് പ്രസ്തുത സംഘത്തിന്റെ പ്രവർത്തന പരിധി ഭൂമി ശാസ്ത്രപരമായി അയൽ പഞ്ചായത്തായ തേഞ്ഞിപ്പലം പഞ്ചായത്തിനോട് അടുത്ത് കിടക്കുന്നതിനാൽ തേഞ്ഞിപ്പലം സർവ്വീസസ് സഹകരണ ബാങ്കുമായി കൂട്ടി ചേർക്കുന്നതിന് നിർദ്ദേശമുണ്ടെങ്കിലും ആയത് ഇതുവരെയും നടപ്പിലാക്കിയിട്ടില്ല.

## കാർഷികമേഖല

**a. ഹൃസ്വകാല വായ്പ**

ഏകദേശം 4000 ത്തോളം കർഷകകുടുംബങ്ങളുള്ള ഒരു പഞ്ചായത്താണ് വള്ളിക്കുന്ന്. ഹൃസ്വകാല കാർഷിക കാർഷികേതര വായ്പയാണ് പഞ്ചായത്തിലെ രണ്ട് സഹകരണബാങ്കും മുഖ്യമായും വിതരണം ചെയ്യുന്നതെങ്കിലും മുഴുവൻ കർഷകർക്കും അർഹമായ വായ്പ നല്കാൻ ഈ സംഘങ്ങൾക്ക് സാധിയ്ക്കുന്നില്ല.

**i. വള്ളിക്കുന്ന് സർവ്വീസ് സഹകരണ ബാങ്ക് :–** 2,500 ഓളം കർഷകകുടുംബങ്ങൾ ഈ ബാങ്കിന്റെ പ്രവർത്തന പരിധിയിൽ ഉണ്ട് എന്നാൽ ഈ ബാങ്കിൽ മുഴുവൻ കർഷകരും ഇന്ന് അംഗങ്ങളല്ല. മുൻകാലത്ത് നടന്ന ധനാപഹരണം കാരണം ലക്ഷക്കണക്കിന് രൂപയുടെ നഷ്ടത്തിലാണ് ഈ ബാങ്ക് പ്രവർത്തിച്ചു വരുന്നത്. കർഷകാംഗങ്ങളുടെ സാമ്പത്തികാവശ്യങ്ങൾ പരിമിതമായി നിർവ്വഹിക്കുവാൻ ഒരു കോടി ഉറുപ്പിക വർഷം തോറും ആവശ്യമാണ്. എന്നാൽ 1995 – 96 വർഷത്തിൽ 17 ലക്ഷം ഉറുപ്പിക മാത്രമാണ് ബാങ്കിന് കാർഷികാവശ്യത്തിന് വിതരണം ചെയ്യുവാൻ സാധിച്ചത്. നബാർഡ് നിലവിലുള്ള കാർഷിക വായ്പാ വിതരണ സംവിധാനത്തിൽ മാറ്റം വരുത്തിയെങ്കിൽ മാത്രമേ ഉദ്ദേശിച്ച രൂപത്തിൽ വായ്പാ വിതരണം ചെയ്യുവാൻ സാധിയ്ക്കുകയുള്ളൂ. കൃത്യസമയത്ത് വായ്പ തിരിച്ചടവ് വരാത്തതും ബാങ്ക് പ്രവർത്തനത്തിന് തടസ്സം നിൽക്കുന്നുണ്ട്. വളം വിതരണം, കാർഷികോത്പന്നങ്ങളുടെ വിതരണം, സംഭരണം എന്നിവ ചിട്ടയോടുകൂടി ഇന്ന് നടക്കുന്നില്ല.

**ii. അരിയല്ലൂർ സർവ്വീസ് സഹകരണബാങ്ക്:–** വള്ളിക്കുന്ന് പഞ്ചായത്തിൽ വായ്പാ സഹകരണ പ്രസ്ഥാനത്തിന് ആരംഭം കുറിച്ചത് അരിയല്ലൂർ വില്ലേജ് പ്രവർത്തന പരിധിയായി പ്രവർത്തിയ്ക്കുന്ന ഈ സഹകരണബാങ്കാണ്. ബാങ്കിന്റെ പ്രവർത്തന പരിധിയിൽ 1500 ഓളം കർഷകകുടുംബങ്ങളുണ്ട്. ഒരു വർഷത്തിൽ

കാർഷിക വായ്പാ വിതരണത്തിന്നായി 75 ലക്ഷത്തോളം രൂപ ആവശ്യമാണെങ്കിലും 95–96 വർഷത്തിൽ 9 ലക്ഷം രൂപ മാത്രമാണ്. വിതരണം നടത്താനായി ബാങ്കിന് സാധിച്ചത്. മുൻകാലത്ത് നടന്ന ധനാപഹരണം കാരണവും വായ്പാവിതരണത്തിൽ നേരിടുന്ന കുറവും കാരണം ബാങ്ക് കനത്തനഷ്ടത്തിലാണ് പ്രവർത്തിയ്ക്കുന്നത് . വളം വില്പന, കൊപ്ര സംഭരണം എന്നിവ ഈ ബാങ്ക് നടത്തിവരുന്നു.

ഈ രണ്ട് ബാങ്കുകളും ലാന്റ് രജിസ്ട്ര് പ്രകാരം "ക്രഡിറ്റ് ലിമിറ്റ്" സ്റ്റേറ്റ്മെന്റ് തയ്യാറാക്കി വർഷം തോറും ജില്ലാ ബാങ്കിൽ നിന്നും അംഗീകാരം വാങ്ങുന്നുണ്ടെങ്കിലും അർഹരായ എല്ലാവർക്കും വായ്പാ നല്കുവാനുള്ള സംവിധാനം ഇന്ന് നിലവിലില്ല.

**പട്ടിക – 1**

**കാർഷിക വായ്പാ സംഘങ്ങൾ**

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗത്വം | ഓഹരി മൂലധനം | കടം ('000) | നിക്ഷേപം ('000) | വായ്പകൾ | | പ്രവർത്തന മൂലധനം | ലാഭമോ നഷ്ടമോ | | ജീവനക്കാർ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | കാർഷികം | കാർഷികേതരം | | ലാഭം തുക (ടറ000) | നഷ്ടം തുക ടറ000) | സ്ഥിരം | മറ്റുള്ളവർ |
| 1. | വള്ളിക്കുന്ന് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എം. 4. | 1972 | തിരുത്തി ബാലാ തിരുത്തി ഒഴികെയുള്ള വള്ളിക്കുന്ന് വില്ലേജ് | 5347 | 568 | 5097 | 8205 | 1702 | 7052 | 10523 | - | 4670 | 08 | 02 |
| 2. | അരിയല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ് 7730 | 1922 | അരിയനല്ലൂർ | 3917 | 518 | 2616 | 4514 | 1275 | 4221 | 7581 | - | 093 | 04 | 05 |
| 3. | തിരുത്തി വിവധോദ്ദേശ്യ ഐക്യ നാണയ സഹകരണ സംഘം ക്ലിപ്തം നമ്പർ 8351 | 1923 | വള്ളിക്കുന്ന് പഞ്ചായത്തിലെ തിരുത്തി പ്രദേശം | 170 | 003 | - | 004 | 001 | - | 0011 | 0014 | - | - | - |

**പട്ടിക – 2 കയർ വ്യവസായ സഹകരണ സംഘങ്ങൾ**

| ക്രമനമ്പർ | സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗത്വം | ഓഹരി മൂലധനം (000) | കടം (000) | നിക്ഷേപം (000) | പവർത്തന മൂലധനം(000) | വ്യാപാര ഇടപാടുകൾ | ലാഭമോ നഷ്ടമോ | | ജീവനക്കാർ | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | ലാഭം (തുക) | നഷ്ടം (തുക) | സ്ഥിരം | മറ്റുള്ളവർ |
| 1. | വള്ളിക്കുന്ന് കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 225 | 1958 | വള്ളിക്കുന്ന് പഞ്ചായത്തിലെ 12-ാം വാർഡ് | 457 | 268 | 115 | 145 | 283 | 136 | - | 146 | 01 | 75 |
| 2. | കീഴയിൽ കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 682 | 1984 | പഞ്ചായത്തിലെ 3, 4 വാർഡുകൾ | 351 | 134 | 224 | 003 | 227 | 186 | - | 023 | 01 | 65 |
| 3. | കടലുണ്ടിനഗരം കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 599 | 1977 | വാർഡ് നമ്പർ 1, 2 | 385 | 135 | 064 | 016 | 223 | 156 | - | 138 | 01 | 85 |

### പട്ടിക – 3

### ഖാദി ഗ്രാമവ്യവസായ സഹകരണ സംഘങ്ങൾ

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗത്വം | ഓഹരി മൂലധനം ('000) | കടം ('000) | നിക്ഷേപം ('000) | പ്രവർത്തന മൂലധനം | ലാഭമോ നഷ്ടമോ | | ജീവനക്കാർ | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | ലാഭം (തുക) | നഷ്ടം (തുക) | സ്ഥിരം | മറ്റുള്ളവർ |
| 1. | കൊടക്കാട്ട് എണ്ണയാട്ട് വ്യവസായസഹകരണ സംഘം ക്ലിപ്തം ന. സി. (ഐ.എൽ.ഡി.) 219 | 1969 | വള്ളിക്കുന്ന് പഞ്ചായത്തിലെ കൊടക്കാട്ട് പ്രദേശം | 12 | 02 | 06 | 001 | 10 | - | 09 | - | - |
| 2. | വള്ളിക്കുന്ന് ടൈലൽ വർക്കേർസ് വ്യവസായ സഹകരണസംഘം ക്ലിപ്തം നമ്പർ കെ.വി. (ഐ. എൽ ഡി.) 48 | 1984 | വള്ളിക്കക്കുന്ന് പഞ്ചായത്ത് | 105 | 213 | 865 | – | - | - | - | - | - |
| 3. | വള്ളിക്കുന്ന് പഞ്ചായത്ത ഗ്രാമ വ്യവസായ സഹകരണ സംഘം | റിക്കാർഡുകൾ ലഭ്യമല്ല. | | | | | | | | | | |
| 4. | അരിയല്ലൂർ ചക്കര നിർമാണ സഹകരണ സംഘം | റിക്കാർഡുകൾ ലഭ്യമല്ല. | | | | | | | | | | |
| 5. | വള്ളിക്കുന്ന് പഞ്ചായത്ത് ന്യൂമിൽ വർക്കേർസ് സഹകരംസംഘം | റിക്കാർഡുകൾ ലഭ്യമല്ല. | | | | | | | | | | |
| 6. | വള്ളിക്കുന്ന് പഞ്ചായത്ത് മൾബറി സഹകരണസംഘം | റിക്കാർഡുകൾ ലഭ്യമല്ല. | | | | | | | | | | |

**b. ദീർഘകാല കാർഷികവായ്പ**

തിരൂർ തിരൂരങ്ങാടി താലൂക്ക് പ്രവർത്തന പരിധിയായുള്ള തിരൂർ സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് ആണ് ഈ പഞ്ചായത്തിലെ കർഷകർക്കാവശ്യമായ ദീർഘകാല കാർഷിക വായ്പ നല്കിവരുന്നത്. കാർഷിക മേഖലയുടെ ആവശ്യത്തിനായി വേണ്ടത്ര ഫണ്ട് ഈ സ്ഥാപനത്തിൽ ലഭ്യമാണെങ്കിലും വായ്പ ലഭിയ്ക്കുന്നിതിനുള്ള സാങ്കേതിക ബുദ്ധിമുട്ട് കാരണം കർഷകർ വായ്പാ വിനിയോഗിക്കാത്ത അവസ്ഥയാണ് ഇന്ന് നിലവിലുള്ളത്.

## കയർ വ്യവസായ സഹകരണസംഘങ്ങൾ

നിലവിലുള്ള മൂന്ന് കയർ വ്യവസായ സഹകരണസംഘങ്ങളുടെ പ്രവർത്തനപരിധി വള്ളിക്കുന്ന് വില്ലേജ് മാത്രമാണ്. ഈ മേഖലയിലെ സംഘങ്ങളിൽ വള്ളിക്കുന്ന് കയർവ്യവസായ സഹകരണസംഘത്തിന് 2,16,180 രൂപ ഓഹരി മൂലധനമായും, 50,000 രൂപ പ്രവർത്തന മൂലധനമായും സർക്കാരിൽ നിന്നും സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്. യന്ത്രവൽകൃത കയർ നിർമ്മാണത്തിന് 18 ലക്ഷം രൂപയുടെ മുതൽ മുടക്ക് വരുന്ന ഒരു പദ്ധതി സർക്കാരിൽ നിന്നും ഈ സംഘത്തിന് അനുവദിച്ചു കിട്ടിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുക വഴി പ്രത്യക്ഷമായി 110 പേർക്കും പരോക്ഷമായി 20 പേർക്കും തൊഴിൽ ലഭിയ്ക്കുന്നതാണ്. കീഴെയിൽ കയർ വ്യവസായ സഹകരണസംഘ മോശമല്ലാത്ത നിലയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. പ്രവർത്തിയ്ക്കുന്നുണ്ട്. സ്വന്തമായ സ്ഥലവും ഗോഡൗണും ഉണ്ടെങ്കിലും പ്രവർത്തനത്തിന് കൂടുതൽ വിഭവം ആവശ്യമാണ്.

## ഖാദി ഗ്രാമവ്യവസായ സഹകരണസംഘങ്ങൾ

പ്രാരംഭത്തിൽ നന്നായി പ്രവർത്തിച്ചിരുന്ന വള്ളിക്കുന്ന് ഖാദി ഗ്രാമ വ്യവസായ സഹകരണ സംഘം ഇന്ന് പ്രവർത്തനരഹിതമാണ്. കക്ക ലഭിക്കാത്തതും നടത്തിപ്പിൽ വന്ന പോരായ്മകളും കാരണം സർക്കാറിൽ നിന്നും അനുവദിച്ചുകിട്ടിയ വായ്പ തിരിച്ചടയ്ക്കാൻ സാധിയ്ക്കാത്ത ഒരു സാഹചര്യമാണ് നിലവിൽ ഉള്ളത്. വള്ളിക്കുന്ന് ടൈൽ വർക്കേഴ്സ് സഹകരണ സംഘം ഉത്പാദനം ആരംഭിച്ചിട്ടില്ല. ഏകദേശം 50 ഓളം പേർക്ക്

തൊഴിൽ കൊടുക്കാൻ സാധിയ്ക്കുന്ന ഈ സ്ഥാപനം ഇന്ന് ഖാദി ബോർഡിൽ നിന്ന് അനുവദിച്ചു കിട്ടിയ തുക ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടം ചോർന്നൊലിച്ച് നാശോന്മുഖ സ്ഥിതിയിലാണ് ഉള്ളത്. അരിയല്ലൂർ ചക്കര നിർമ്മാണ വ്യവസായ സഹകരണ സംഘവും കൊടക്കാട് എണ്ണയാട്ട് വ്യവസായ സഹകരണ സംഘവും വർഷങ്ങളായി പ്രവർത്തനരഹിതമാണ്. (പട്ടിക 3 നോക്കുക)

**പാർപ്പിട പ്രശ്നം** :– പഞ്ചായത്തിലെ പാർപ്പിട പ്രശ്നം ഗുരുതരമാണ് സഹകരണമേഖലയിലെ വിവിധസംഘങ്ങൾ വഴി വിവിധ ഏജൻസികളിൽ നിന്നും ലഭിയ്ക്കുന്ന വായ്പയാണ് പഞ്ചായത്തിൽ ഭൂരിഭാഗവും ഉപയോഗിയ്ക്കുന്നത്. ഭവനനിർമ്മാണ വായ്പകൾ പ്രധാനമായും വിതരണം ചെയ്ത് വരുന്നത് തിരൂർ താലൂക്ക് റൂറൽ ഹൗസിംഗ് സഹകരണ സംഘമാണ് കൂടാതെ വള്ളിക്കുന്ന് സർവ്വീസ് സഹകരണ ബാങ്ക്, തിരൂർ സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, മലപ്പുറം ജില്ലാ സഹകരണ ബാങ്ക് എന്നിവയും ഈ രംഗത്ത് വായ്പകൾ നല്കിവരുന്നു. എന്നാൽ ഫണ്ടുകളുടെ അപര്യാപ്തത മൂലം ഈ സംഘങ്ങൾക്ക് വർദ്ധിച്ചുവരുന്ന ആവശ്യം നിറവേറ്റാൻ സാധിയ്ക്കുന്നില്ല.

## വിവിധ മേഖലയിൽ നടപ്പിലാക്കേണ്ട പദ്ധതികൾ

**കാർഷികമേഖല**

1 വള്ളിക്കുന്ന് സർവ്വീസ് സഹകരണ ബാങ്ക് 30–06–96 ന്റെ കടധനപ്പട്ടിക പ്രകാരം 47 ലക്ഷത്തോളം രൂപയും അരിയല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് 93,000 ത്തോളം രൂപയും നഷ്ടത്തിലാണ് പ്രവർത്തിയ്ക്കുന്നത്. ഈ നഷ്ടം നികത്താതെ വികസന പ്രവർത്തനങ്ങൾ ഒന്നും തന്നെ ഈ ബാങ്കുകൾ വഴി നടത്തുവാൻ സാധിക്കുകയില്ല. അതിനാൽ ബാങ്കുകളുടെ നഷ്ടം നികത്തുന്നതിനായി നഷ്ടത്തിനു തുല്യമായ തുക പലിശരഹിത ദീർഘകാല വായ്പയായോ ഓഹരി മൂലധനമായോ അനുവദിക്കുക.

2. ധനാപഹരണത്തിൽപ്പെട്ട തുക വസൂലാക്കുന്നതിന് ഭരണ സമിതി അടിയന്തിര നടപടി കൈക്കൊള്ളുക.

3. എല്ലാ കർഷകരേയും അംഗങ്ങളാക്കി ഓഹരി മൂലധനം വർദ്ധിപ്പിക്കുക.

4. നിക്ഷേപ സമാഹരണം നടത്തി പ്രവർത്തന മൂലധനം വർദ്ധിപ്പിച്ച് ടി തുക ലാഭകരമായ വിധത്തിൽ വിനിയോഗിക്കുക–കൺസ്യൂമർ വായ്പ, സ്വർണ്ണ പണ്ടപണയ വായ്പ, ഭവനനിർമ്മാണ വായ്പ.

5. സ്വകാര്യ ചിട്ടി ഇടപാടുകൾ ഇന്ന് നിലവില്ലാത്ത സാഹചര്യത്തിൽ ബാങ്കുകൾ കൂടുതൽ ചിട്ടികൾ നടത്തുകയും ആയതിനാവശ്യമായി ചിട്ടിനിയമ വ്യവസ്ഥകൾ ലഘൂകരിക്കേണ്ടതുമാണ്. കൂടാതെ ഇന്ന് കണ്ണൂർ ജില്ലയിൽ നടത്തി വരുന്ന 'ഗ്രൂപ്പ് ഡെപ്പോസിറ്റ് സ്കീം" എന്ന നിക്ഷേപ പദ്ധതി ഇവിടെയും പ്രാവർത്തികമാക്കുക.

6. സഹകരണ ബാങ്കുകൾ കർഷകരെ സംബന്ധിച്ച പൂർണ്ണ വിവരങ്ങളോടുകൂടിയ ലാന്റ് രജിസ്റ്റര് തയ്യാറ്ക്കി സൂക്ഷിക്കേണ്ടതും അതനുസരിച്ച് ഓരോ വർഷത്തിലേക്കും ആവശ്യമായ വായ്പാതുക തിട്ടപ്പെടുത്തുകയും ചെയ്യുക.

7. ഓരോ കർഷകനും ഒരു വർഷത്തേക്ക് ആവശ്യമായ കാർഷിക വായ്പ വർഷാരംഭത്തിന് മുമ്പ് തന്നെ പാസാക്കി കർഷകർക്ക് ക്രഡിറ്റ് കാർഡ് സമ്പ്രദായം നടപ്പിലാക്കുക.

8. കാർഷിക ആവശ്യത്തിനായി നബാർഡിൽ നിന്നും "കൺസഷണൽ ഫിനാൻസ്" കൃത്യമായി അനുവദിച്ചുകിട്ടുന്നതിന് നടപടി എടുക്കുക.

9. സർക്കാരിൽനിന്ന് അനുവദിച്ചുകിട്ടുന്ന പലിശ സബ്സിഡി യഥാകാലം വായ്പക്കാർക്ക് ലഭിക്കുന്നില്ല. അത് ലഭിക്കുന്നതിനുള്ള അടിയന്തര നടപടികൾ സർക്കാർ തലത്തിലും ബാങ്ക് തലത്തിലും ചെയ്യേണ്ടതാണ്.

10) വ്യക്തികൾക്ക് അനുവദിക്കുന്ന കാർഷിക വായ്പയുടെ പരിധി ആവശ്യം കണക്കിലെടുത്ത് ഉയർത്തേണ്ടതാണ്–ഇന്ന് വള്ളിക്കുന്ന് സർവ്വീസ് സഹകരണ ബാങ്കിൽ ആൾ ജാമ്യത്തിൽ 5000 രൂപയും അരിയല്ലൂർ സർവ്വീസ് സഹകരണ ബാങ്കിൽ 3000 രൂപയുമാണ് നല്കിവരുന്നത്.

11) വളവും കാർഷികോപകരണങ്ങളും വിതരണം ചെയ്യുവാനും കാർഷിക ഉത്പന്നങ്ങൾ സംഭരിക്കുവാനും ഈ ബാങ്കുകളിൽ സംവിധാനം ഉണ്ടാകണം.

12) കൃഷിക്കാരുടെ ഉത്പന്നങ്ങൾക്ക് വിലയിടിവ് വരുമ്പോൾ അവ സെക്യൂരിറ്റിയായി വാങ്ങിക്കൊണ്ട് "കീലോൺ" അനുവദിച്ചുകൊടുക്കാൻ സംവിധാനം ഉണ്ടാകണം. കൂടാതെ ഉത്പന്ന സംഭരണത്തിനായി ആവശ്യമായ ഗോഡൗൺ നിർമ്മിയ്ക്കുവാൻ വായ്പയും സബ്സിഡിയും എൽ.സി.ഡി.സി. സ്കീമിൽ ഉൾപ്പെടുത്തി ഈ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കണം.

13) അർഹതപ്പെട്ട വ്യക്തികൾക്ക് അംഗത്വം ലഭിയ്ക്കുന്നില്ല എന്ന ആരോപണം ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നതിന്റെ അടിസ്ഥാനത്തിൽ അർഹരായ

എല്ലാവർക്കും അംഗത്വം ഉറപ്പുവരുത്തണം.

14) വള്ളിക്കുന്ന് സർവ്വീസ് സഹകരണ ബാങ്കിന് ആനയാറങ്ങാടിയിലും കടലുണ്ടി നഗരത്തിലും അരിയല്ലൂർ സർവ്വീസ് സഹകരണ ബാങ്കിന് കൊടക്കാട്ടും ബ്രാഞ്ചുകൾ തുറക്കുന്നതിന് ആവശ്യമായ നടപടികൾ ആരംഭിയ്ക്കേണ്ടതാണ്.

15) കേര വികസനത്തിന് ഒരു "കോക്കനട്ട് ഗ്രോവേർസ് സഹകരണ സംഘം" രൂപീകരിക്കുന്നതിന് നിർദേശം ഉണ്ടെങ്കിലും അതുവരെ കൊപ്ര സംഭരണത്തിന് വള്ളിക്കുന്ന് സർവ്വീസ് സഹകരണ ബാങ്കിൽ സംവിധാനം ഏർപ്പെടുത്തുക.

16) നെൽകൃഷി ലാഭകരമല്ലാത്തതിനാൽ വള്ളിക്കുന്ന് പഞ്ചായത്തിലെ പാടശേഖരങ്ങൾ തോട്ടങ്ങളായി മാറുന്ന ഒരവസ്ഥയാണ് നിലവിലുള്ളത്. നെൽകൃഷിയ്ക്ക് സർക്കാരിൽനിന്നും നല്കിവരുന്ന സബ്സിഡി നാമമാത്രമാണ്. ഒരു ഹെക്ടറിന് ചുരുങ്ങിയത് 1500/-രൂപയെങ്കിലും സബ്സിഡിയായും, മേത്തരം വിത്ത്, വളം, കീടനാശിനി, ട്രാക്ടർ, ട്രില്ലർ, കൊയ്ത്ത്-മെതിയന്ത്രങ്ങൾ എന്നിവയും ലഭ്യമാക്കണം. ഇതിനായി വിവധ പാടശേഖരങ്ങൾ കേന്ദ്രീകരിച്ച് ഗ്രൂപ്പ് ഫാമിംഗ് സഹകരണ സംഘങ്ങൾ രൂപീകരിക്കേണ്ടതാണ്. അത്തരം ഏഴോളം സംഘങ്ങൾ പഞ്ചായത്തിൽ രൂപീകരിയ്ക്കാവുന്നതാണ്.

17) ദീർഘകാല വായ്പനല്കിവരുന്ന കാർഷിക ഗ്രാമ വികസന ബാങ്കുകളുടെ വായ്പാ വിതരണ സംവിധാനം ലളിതവത്കരിയ്ക്കണം. കൂടാതെ പഞ്ചായത്തുകൾ തോറും ഈ ബാങ്കുകളുടെ നേതൃത്വത്തിൽ വായ്പാ മേളകൾ നടത്തി ബാങ്കിന്റെ പ്രവർത്തനം കൂടുതൽ ജനകീയവത്കരിക്കണം.

## ക്ഷീരവ്യവസായ സഹകരണ സംഘങ്ങൾ

നിലവിലുള്ള കാഞ്ഞിരകുഴി ക്ഷീരോത്പാദക സഹകരണ സംഘത്തിന്റെ പരിധി വള്ളിക്കുന്ന് പഞ്ചായത്തിലെ 2,4 വാർഡുകളാണ്. ഇന്ന് ഒരു ദിവസം ശേഖരിയ്ക്കുന്ന പാൽ 100 ലിറ്റർ മാത്രമാണ്. കൂടുതൽ കറവ മാടുകളെ സംഘം മുഖേന വിതരണം ചെയ്യാനും ഉത്പാദനം വരുന്ന അഞ്ച് കൊല്ലത്തിനുള്ളിൽ പ്രതിദിനം 1000 ലിറ്ററായി വർധിപ്പിക്കുവാനും നടപടി എടുക്കണം.

ഒലിപ്രം ക്ഷീരോത്പാദക സഹകരണ സംഘത്തിന്റെ പരിധി 5,12 വാർഡുകളാണ്. ഭരണത്തിലെ കെടുകാര്യസ്ഥത കാരണം സംഘം ഇപ്പോൾ പ്രവർത്തനരഹിതമാണ്. ശക്തമായ ഒരു ഭരണ സമിതിയെ തെരഞ്ഞെടുത്ത് മെമ്പർമാർക്ക് നല്ലയിനം പശുക്കളെ വിതരണം ചെയ്തു ഉത്പാദനം വരുന്ന അഞ്ചുവർഷത്തിനുള്ളിൽ പ്രതിദിനം 1000 ലിറ്ററായി ഉയർത്തണ്ടതുമാണ്.

അരിയല്ലൂർ ക്ഷീരോത്പാദക സഹകരണ സംഘത്തിന്റെ പ്രവർത്തന പരിധി 7,9 വാർഡുകളാണ്. ഇപ്പോൾ ഇത് പ്രവർത്തനരഹിതമാണ്. നിലവിലുള്ള മെമ്പർമാർക്ക് നല്ലയിനം പശുക്കളെ വിതരണം ചെയ്തും പുതിയ മെമ്പർമാരെ ചേർത്തും ഉത്പാദനം വരുന്ന അഞ്ച് വർഷത്തിനുള്ളിൽ പ്രതിദിനം 1000 ലിറ്ററായി വർദ്ധിപ്പിയ്ക്കേണ്ടതാണ്.

വള്ളിക്കുന്ന് പഞ്ചായത്തിലെ 3, 6 വാർഡുകളെ ഉൾപ്പെടുത്തി വള്ളിക്കുന്ന് നോർത്ത് ക്ഷീരോത്പാദക

പട്ടിക – 4

ക്ഷീര സഹകരണ സംഘങ്ങൾ

| സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗങ്ങൾ | ഓഹരി മൂലധനം (000) | കടം | നിക്ഷേപം (000) | പ്രവർത്തന മൂലധനം (000) | വ്യാപാര ഇടപാടുകൾ (000) | ലാഭമോ നഷ്ടമോ: ലാഭം (തുക) | ലാഭമോ നഷ്ടമോ: നഷ്ടം (തുക) | ജീവനക്കാർ: സ്ഥിരം | ജീവനക്കാർ: മറ്റുള്ളവ. |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 കാഞ്ഞിര കുഴി ക്ഷീരോത്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ 9 ഡി. | 1978 | പഞ്ചായത്തിലെ 2, 4 വാർഡുകൾ | 329 | 03 | - | 17 | (-) 5 | 257 | 02 - | | 01 | 03 |
| 2 ഒലിപ്രം ക്ഷീരോത്പാദക സഹകരണ സംഘം | | പഞ്ചായത്തിലെ 5, 12 വാർഡുകൾ | | | - | - | | | റിക്കാർഡുകൾ ലഭ്യമല്ല. | | | |
| 3 അരിയല്ലൂർ ക്ഷീരോത്പാദക സഹകരണ സംഘം | 1979 | 8, 9 വാർഡുകൾ | 178 | 02 | - | | 01 | | | 01 | | |

സഹകരണ സംഘവും 10, 11, 13 വാർഡുകളെ ഉൾപ്പെടുത്തി കൊടക്കാട്ട് ക്ഷീരോല്പാദന സഹകരണസംഘവും പുതുതായി രൂപീകരിയ്ക്കേണ്ടതും ഒന്നാം വാർഡ് കാഞ്ഞിരക്കുഴി ക്ഷീരോത്പാദക സഹകരണ സംഘത്തിന്റെ പാരധിയിലും 8-ാം വാർഡ് അരിയല്ലൂർ ക്ഷീരോത്പാദക സഹകരണ സംഘത്തിന്റെ പരിധിയിലും ഉൾപ്പെടുത്തി പ്രവർത്തനം വിപുലപ്പെടുത്തേണ്ടതാണ്.

## മറ്റ് നിർദ്ദേശങ്ങൾ

1) സംഘങ്ങൾ അടുത്ത അഞ്ച് വർഷത്തിനുള്ളിൽ പ്രതിദിനം സംഭരിയ്ക്കാൻ ഉദ്ദേശിക്കുന്ന പാലിൽ വള്ളിക്കുന്ന് പഞ്ചായത്തിലെ ഉപഭോഗം കഴിച്ച് ബാക്കി കേടുകൂടാതെ സംഭരിച്ച് സൂക്ഷിക്കുവാനും സംസ്കരിക്കാനും വേണ്ട സൗകര്യങ്ങൾ ഏതെങ്കിലും ഒരു സംഘത്തിൽ ഉണ്ടാക്കണം. അതിന് ആവശ്യമായ മൂലധനം അനുവദിയ്ക്കേണ്ടതാണ്.
2) കാലിത്തീറ്റ വിതരണത്തിനായി ഒരേ സംഘത്തിലും സംവിധാനം ഉണ്ടാക്കണം.
3) നല്ലിയനം കറവമാടുകളെ അംഗങ്ങൾക്ക് ലഭിക്കുന്നതിനുള്ള സംവിധാനം സംഘങ്ങൾ ചെയ്ത് കൊടുക്കണം.
4) കന്നുകാലികളുടെ സംരക്ഷണത്തിനായി മൃഗസംരക്ഷണ ഉദ്യോഗസ്ഥരുടെ സേവനം തക്ക സമയത്ത് ലഭ്യമാക്കണം.
5) പഞ്ചായത്ത് തലത്തിലും ധനകാര്യസ്ഥാപനങ്ങളിൽനിന്നും ക്ഷീര വികസനത്തിന് ലഭ്യമാക്കുന്ന ആനുകൂല്യങ്ങൾ ക്ഷീര സംഘങ്ങൾ മുഖേനെ വിതരണം ചെയ്യേണ്ടതാണ്.

മത്സ്യതൊഴിലാളി സഹകരണ സംഘങ്ങൾ

1) നിലവിലുള്ള മത്സ്യതൊഴിലാളി വികസന ക്ഷേമ സഹകരണ സംഘത്തിൽ മത്സ്യ തൊഴിലാളി മേഖലയിൽ ജോലി ചെയ്യുന്നുമുഴുവൻ മത്സ്യ തൊഴിലാളികളെയും അംഗങ്ങളാക്കി പ്രവർത്തന മേഖല വിപുലീകരിക്കണം.
2) ഉത്പാദിപ്പിക്കുന്ന മത്സ്യം കേടുകൂടാതെ സംഭരിയ്ക്കുന്നതിനും, സംസ്കരിക്കുന്നതിനും വിപണനം നടത്തുന്നതിനും സംഘം നടപടി എടുക്കണം. അതിന്നാവശ്യമായ ഫ്രീസിംഗ് പ്ലാന്റ്, ഐസ് പ്ലാന്റ്, വാൻ എന്നിവ സംഘത്തിന്റെ കീഴിൽ ഉണ്ടായിരിക്കേണ്ടതാണ്.
3) ബോട്ടുകൾ പ്രവർത്തിപ്പിക്കാൻ ആവശ്യമായ ഇന്ധനം, വല, മറ്റ് മത്സ്യ ബന്ധനോപകരണങ്ങൾ എന്നിവ സംഘം സംഭരിച്ച് വിതരണം ചെയ്യേണ്ടതാണ്.
4) ഈ സംഘത്തിന്റെ കീഴിൽ ഒരു മത്സ്യ വളനിർമ്മാണ ശാലയും ഒരു മത്സ്യ ബന്ധനോപകരണ നിർമ്മാണ ഫാക്ടറിയും സ്ഥാപിക്കണം. ഈ ഫാക്ടറിക്ക് ഒരു കോടിയോളം രൂപ മൂലധന മുടക്ക് വരുന്നതാണ്. ഇതിനുള്ള സാമ്പത്തിക സഹായം എൽ.സി.ഡി.സിയിൽ നിന്നും ലഭ്യമാക്കണം. വള്ളിക്കുന്നിലെ കടൽ മത്സ്യബന്ധനത്തിനായി ഒരു കോടി രൂപ വിലമതിക്കുന്ന വല മുതലായ ഉപകരണങ്ങൾ ഒരു വർഷം ആവശ്യമാണ്. അവ മാത്രം വിതരണം ചെയ്താൽ തന്നെ മേൽ സൂചിപ്പിച്ച വല നിർമ്മാണ യുണിറ്റ് ലാഭകരമായി പ്രവർത്തിപ്പിക്കാൻ സാധിയ്ക്കും.
5) വളരെ അധികം വികസന സാധ്യതയുള്ളതാണ് ഉൾനാടൻ മത്സ്യബന്ധനം. പഞ്ചായത്തിലെ മുദിയം കോട്ടാചാലി എന്നീ പ്രദേശങ്ങൾ ചെമ്മീൻ വളർത്താൻ പറ്റിയ സ്ഥലങ്ങളാണ്. ആയതിനാൽ

**പട്ടിക – 5 മത്സ്യതൊഴിലാളി വിസകന ക്ഷേമ സഹകരണ സംഘം**

| സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗങ്ങൾ | ഓഹരി മൂലധനം (000) | വായ്പകൾ | പ്രവർത്തന മൂലധനം (000) | വ്യാപാര ഇടപാടുകൾ (000) | ലാഭമോ നഷ്ടമോ | | ജീവനക്കാർ |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | | ലാഭം (തുക) | നഷ്ടം (തുക) | |
| 1 കടലുണ്ടി ബീച്ച് മത്സ്യ തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം ക്ലിപ്തം നംബർ ഡി. എഫ് (എം.) 156/93 | 1993 | പഞ്ചായത്തിലെ 1,2 വാർഡുകൾ | 334 | 046 | 027 | 046 | | | 04 | 01 |

താഴെ പറയുന്ന സ്ഥലങ്ങളിൽ ഉൾനാടൻ മത്സ്യവികസന സംഘങ്ങൾ സ്ഥാപിയ്ക്കേണ്ടതാണ്.

ഏകദേശം 3 കിലോമീർ നീളത്തിൽ കിടക്കുന്ന കോട്ടചാലി പ്രദേശം മാത്രം ഉൾക്കൊണ്ട് ഒരു മത്സ്യോത്പാദക സംഘം രൂപീകരിയ്ക്കണം. ഇപ്പോൾ ഇവിടെ നിന്ന് മത്സ്യം പിടിച്ച് ഉപജീവനം നടത്തുന്നവരെയും ഇതുമായി സഹകരിയ്ക്കാൻ തെയ്യാറുള്ളവരെയും ഉൾപ്പെടുത്തി വേണം സംഘം രൂപീകരിക്കാൻ. ഗവൺമെന്റിൽ നിന്നും ലഭിക്കുന്ന ഉൾനാടൻ മത്സ്യവികസനത്തിനുള്ള ഫണ്ട് ഈ ആവശ്യത്തിന് ലഭ്യമാക്കണം. ഏകദേശം ഒരുകോടി രൂപ ബണ്ട് കെട്ടുന്നതിനും ചെമ്മീൻ കൃഷി തുടങ്ങുന്നതിനും ആവശ്യമായി വരുന്നതാണ്. മേൽ പറഞ്ഞ മാതൃകയിൽ 8-ാം വാർഡിൽ മുദിയം കേന്ദ്രമാക്കി ഒരു മത്സ്യ ഉത്പാദക സഹകരണ സംഘം കൂടി രൂപീകരിയ്ക്കേണ്ടതാണ്. ഈ രണ്ട് സംഘങ്ങളുടെ രൂപീകരണത്തോടെ 50 ലക്ഷത്തോളം രൂപയുടെ ചെമ്മീൻ മാത്രം ലഭിയ്ക്കുന്നതാണ്.

## കയർ സഹകരണ സംഘങ്ങൾ

1) കീഴയിൽ കടലുണ്ടി നഗരം എന്നീ കയർ വ്യവസായ സഹകരണ സംഘങ്ങളിൽ യന്ത്രവത്കരണം നടപ്പിലാക്കേണ്ടതാണ്.
2) വള്ളിക്കുന്ന് പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ ''തുപ്പ്'' ഉത്പാദിപ്പിക്കുന്നതിന് ഒരു ഡീ-ഫൈബറിംഗ് യൂണിറ്റ് ആരംഭിയ്ക്കേണ്ടതാണ്.
3) നിലവിലുള്ള സംഘങ്ങളിൽ മാറ്റ്സ് ആന്റ് മാറ്റിംഗ് യൂണിറ്റുകൾ ആരംഭിയ്ക്കേണ്ടതാണ്.
4) സ്ത്രീ തൊഴിലാളികൾ കൂടുതൽ ജോലി ചെയ്യുന്ന ഈ മേഖലയിൽ തൊഴിൽശാലയോടനുബന്ധമായി 'ക്രോഷേ' ആരംഭിയ്ക്കുന്നതിനാവശ്യമായ ധനസഹായം സംഘങ്ങൾക്ക് ലഭ്യമാക്കേണ്ടതാണ്.
5) ഈ പരമ്പരാഗത തൊഴിൽ മേഖലാ പരിപോഷിപ്പിക്കുന്നതിന് വേണ്ടി കുറഞ്ഞ പലിശനിരക്കിൽ സാമ്പത്തിക സഹായം ഈ സംഘങ്ങൾക്ക് ലഭ്യമാക്കേണ്ടതാണ്.
6) സംഘങ്ങളുടെ പ്രവർത്തന പരിധിയിൽ സബ്സെന്റർ തുടങ്ങുന്നതിനും ഉല്പന്നങ്ങൾ സൂക്ഷിക്കുന്നതിനും വേണ്ടി ഗോഡൗൺ നിർമ്മിയ്ക്കുന്നതിനും ആവശ്യമായ ധനസഹായം സംഘങ്ങൾക്ക് നല്കേണ്ടതാണ്.
7) യന്ത്രവത്കൃത കയർ പിരി സംഘങ്ങൾക്ക് പച്ചതൊണ്ട് പാകം ചെയ്യുന്നതിന് "കയർ റട്ട്" ടാങ്ക് നിർമ്മിയ്ക്കുന്നതിന് ധനസഹായം ലഭ്യമാക്കേണ്ടതാണ്.

## കൺസ്യൂമർ മേഖല

1) നിലവിലുള്ള വള്ളിക്കുന്ന് സഹകരണ കൺസ്യൂമർ സ്റ്റോർ പുനഃരുജ്ജീവിപ്പിച്ച് നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യണം. കൺസ്യൂമർ സംഘങ്ങൾക്ക് വരുന്ന നഷ്ടം സിവിൽ സപ്ലൈസ് കോർപറേഷന് വരുന്ന നഷ്ടം മാതിരികണക്കാക്കി സർക്കാരിൽ നിന്നും സബ്സിഡി അനുവദിച്ച് നഷ്ടം നികത്തി വരേണ്ടതാണ്. കൂടാതെ ഈ സംഘത്തിലുണ്ടായ സാമ്പത്തിക ക്രമക്കേടു മൂലം സംഘത്തിന് ലഭിയ്ക്കുവാനുള്ള തുക ലഭിയ്ക്കുന്നതിന്

**പട്ടിക -6 ഉപഭോക്തൃ സഹകരണ സംഘങ്ങൾ**

| സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗങ്ങൾ | ഓഹരി മൂലധനം (000) | പ്രവർത്തന മൂലധനം (000) | വ്യാപാര ഇടപാടുകൾ (000) | ലാഭമോ നഷ്ടമോ | | ജീവനക്കാർ |
|---|---|---|---|---|---|---|---|---|---|
| | | | | | | | ലാഭം (തുക) | നഷ്ടം (തുക) | |
| 1. വള്ളിക്കുന്ന് പഞ്ചായത്ത് സഹ. കൺസ്യൂമർ സ്റ്റോർ ക്ലി. നമ്പർ എം. 309 | 1983 | വള്ളിക്കുന്ന് വില്ലേജ് | 105 | 41 | 36 | - | - | 039 | - |
| 2.അരിയല്ലൂർ എം.വി.ഹൈസ്കൂൾ സഹകരണസംഘം ക്ലി. നമ്പർ എം.46 | 1975 | എം.വി.ഹൈസ്കൂൾ | 6234 | 007 | 008 | 105 | 25 | - | - |
| 3. വള്ളിക്കുന്ന് സി.ബി.ഹൈസ്കൂൾ സഹകരണസംഘം ക്ലി.നമ്പർ എം. 267 | 1978 | സി.ബി.ഹൈസ്കൂൾ | 5646 | 009 | 004 | 077 | 09 | - | - |
| 4. അരിയല്ലൂർ ജി.യു.പി. സ്കൂൾ കോംപ്ലക്സ് സഹകരണസംഘം ക്ലി. നമ്പർ എം.82 | 1976 | അരിയല്ലൂർ യു.പി.എസ്, അരിയല്ലൂർ ഈസ്റ്റ് എൽ.പി.എസ്, അരിയല്ലൂർ, ദേവിവിലാസം യു.പി.എസ്, കൊടക്കാട് യു.പി.എസ് കെ.എ ച്ച്.എം. എൽപി.എസ്, കൊടക്കാട് | 399 | 001 | 002 | 072 | 01 | - | - |
| 5. വള്ളിക്കുന്ന് എൻ. എ. യു.പി. എസ്. കോംപ്ലക്സ് സഹകരണസംഘം ക്ലിപ്തം നമ്പർ എം.93 | 1976 | നേറ്റീവ് യു.പി.എസ്, എം.എം. എൽ.പി.എസ്, പരുത്തിക്കാട് എൽ.പി.എസ്, വള്ളിക്കുന്ന് ജി.യു.പി.എസ് | 2274 | 008 | 005 | 050 | - | 03 | - |

സത്വര നടപടി കൈക്കൊള്ളേണ്ടതാണ്

2) അരിയല്ലൂർ വില്ലേജ് പരിധിയായി ഒരു കൺസ്യൂമർ സഹകരണ സംഘം രൂപീകരിക്കേണ്ടതാണ്.

3) ഓരോ വീട്ടിലും നിത്യോപയോഗ സാധനങ്ങൾ എത്തിയ്ക്കുവാൻ ഉപഭോക്താക്കളിൽ നിന്ന് "ട്രേഡ് ഡെപ്പോസിറ്റ്" സ്വീകരിച്ച് ഡോർ ഡെലിവറി സിസ്റ്റം ഈ രണ്ട് സംഘങ്ങളിലും നടപ്പിലാക്കുക.

(b) സി.ബി. ഹൈസ്കൂൾ സഹകരണസംഘം എം.വി. ഹൈസ്കൂൾ സഹകരണ സംഘം എന്നിവ വഴി ഇപ്പോൾ പാഠകപുസ്തകം മാത്രമേ വിതരണം ചെയ്യുന്നുള്ളൂ. വിദ്യാർത്ഥികൾക്കാവശ്യമായ യൂണിഫോമുകൾ അതുപോലെ കോസ്മെറ്റിക്, സ്റ്റേഷനറി സാധനങ്ങൾ എന്നിവയും ഈ സംഘങ്ങൾ മുഖേനേ വിതരണം ചെയ്യണം. ഇതിന്നായി ഒരു വില്പനക്കാരനെ നിയമിക്കുകുയും അപ്രകാരം ഒരാൾക്ക് ജോലി നല്കുവാൻ സാധിയ്ക്കുന്നതമാണ്.

2) പ്രൈമറി സ്കൂൾ കോംപ്ലെക്സ് സഹകരണ സംഘങ്ങൾ രണ്ടെണ്ണമാണ് നിലവിലുള്ളത്. രണ്ടും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. പ്രവർത്തനം സുഗമമാക്കാൻ നിവിലുള്ള ജി.യു.പി സ്കൂൾ കോംപ്ലെക്സ് സംഘവും നേറ്റീവ് എ.യു.പി. സ്കൂൾ യൂണിറ്റ് സഹകരണ സംഘവും വിഭജിച്ച് കൊടക്കാട് എ.യു.പി.സ്കൂൾ, കടലുണ്ടി നഗരം എ.എം.യു.പി.സ്കൂൾ എന്നിവ ആസ്ഥാനമാക്കി രണ്ട് സംഘങ്ങൾക്കൂടി രൂപീകരിക്കുകയും എല്ലാ പഠനോപകരണങ്ങളും കൃത്യസമയത്ത് ലഭ്യമാക്കുവാനുള്ള സംവിധാനം ഉണ്ടാക്കുകയും വേണം.

3) എല്ലാ വിദ്യാർത്ഥികളെയും അധ്യാപകരെയും നിർബന്ധമായും ഈ സംഘങ്ങളിൽ അംഗങ്ങളാക്കേണ്ടതും സെക്രട്ടറി എന്ന നിലയ്ക്ക് കൂടുതൽ ജോലി ചെയ്ത് വരുന്ന അധ്യാപകന് പ്രത്യേക അലവൻസും അധ്യപക ജോലിയിൽ ഇളവും അനുവദിയ്ക്കേണ്ടതാണ്.

## ഹരിജൻ സഹകരണ സംഘം

പഞ്ചായത്ത് അടിസ്ഥാമാക്കി പട്ടിക ജാതിക്കാരുടെ ക്ഷേമത്തിനും ഇവർക്ക് തൊഴിൽ നല്കുന്നതിനുംവേണ്ടി ഒരു പട്ടികജാതി സഹകരണസംഘം രൂപീകരിയ്ക്കേണ്ടതാണ്.

## ലേബർ കോൺട്രാക്ട് സഹകരണം സംഘം

അസംഘടിത തൊഴിൽ മേഖലയിൽ തൊഴിൽ ചെയ്യുന്ന ധാരാളം തൊഴിലാളികൾ വള്ളിക്കുന്ന് പഞ്ചായത്തിലുണ്ട്. ഇവർക്ക് സ്ഥിരം തൊഴിൽ ലഭ്യമാക്കുന്നതിന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒര് ലേബർ കോൺട്രാക്ട് സഹകരണ സംഘം രൂപീകരിക്കേണ്ടതും പഞ്ചായത്തുകൽ നേരിട്ട് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഈ സംഘം മുഖേനെ നടത്താവുന്നതും കൂടാതെ പഞ്ചായത്തിലെ മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ ഈ സംഘത്തിന് ഏറ്റെടുത്ത് നടത്താവുന്നതുമാണ്.

## കോഴി വളർത്തൽ സഹകരണ സംഘം

കേരളത്തിന്റെ വരുമാനത്തന്റെ വലിയൊരു ഭാഗം ഇറച്ചി കോഴി, കോഴിമുട്ട എന്നിവയുടെ ഉപഭോഗം വഴി അന്യസംസ്ഥാനങ്ങളിലേയ്ക്ക് ഒഴുകുന്നുണ്ട്. ഒരു കോഴി വളർത്തൽ സഹകരണ സംഘം പഞ്ചായത്ത് തലത്തിൽ രൂപീകരിച്ച് കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കേണ്ടതും ഈ സംഘം മുഖേനെ പഞ്ചായത്തിലെ വീടുകളിൽ ചെറിയ ചെറിയ യൂണിറ്റുകളായി കോഴിവളർത്തുകയും അതിനാവശ്യമായ മൃഗസംരക്ഷണ ഉദ്യോഗസ്ഥന്റെ സേവനവും സമ്പത്തിക സഹായവും ലഭ്യമാക്കേണ്ടതുമാണ്.

## ഖാദി വ്യവസായ സഹകരണസംഘങ്ങൾ

ഖാദി ഗ്രാമവ്യവസായ രംഗത്ത് പ്രവർത്തിക്കുന്ന വള്ളിക്കുന്ന് ഗ്രാമവ്യവസായ സഹകരണ സംഘം, കക്ക സംഭരണത്തിന് പുറമെ അതിന്റെ ഉദ്യേശ്യലക്ഷ്യങ്ങളിൽ പറഞ്ഞ ഓലമൊടച്ചിൽ, പായനെയ്ത്ത് എന്നിവ വിപുലമായി എറ്റെടുത്തു നടത്തേണ്ടതും ബിസിനസ് വർദ്ധിപ്പിയ്ക്കേണ്ടതുമാണ്. കൂടാതെ കാർഷികാവശ്യത്തിന് നീറ്റ് കക്ക വിതരണ സംവിധാനവും ഉണ്ടാകേണ്ടതാണ്.

വള്ളിക്കുന്ന് ടൈൽ വർക്കേഴ്സ് സഹകരണ സംഘം ഭരണത്തിലുള്ള ന്യൂനതകൾ പരിഹരിച്ച് പ്രവർത്തനക്ഷമമാക്കണം.

സമ്പൂർണ്ണ ചാരായനിരോധനത്തിന്റെ പാശ്ചാത്തലത്തിൽ കള്ളു വ്യവസായത്തിനുള്ള സാധ്യതയെ മുന്നിൽകണ്ടുകൊണ്ട് അരിയല്ലൂർ കേന്ദ്രമായി പ്രവർത്തിച്ചിരുന്ന "അരിയല്ലൂർ ചക്കര നിർമ്മാണ വ്യവസായ സഹകരണ സംഘം പുനഃരുജ്ജീവിപ്പിക്കേണ്ടതാണ്. ചാരായനിരോധനം മൂലം തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളെയും കള്ള് ചെത്ത് മേഖലയിൽ ഇപ്പോൾ പ്രവർത്തിയെടക്കുന്നവരേയും ഉൾപ്പെടുത്തിക്കൊണ്ട് ആയത് പുനഃരുദ്ധരിച്ച് പ്രവർത്തനം വിപുലമാക്കേണ്ടതുമാണ്. പഞ്ചായത്തിൽ തെങ്ങ്, പന എന്നിവ ചെത്തുന്നതിനുള്ള അവകാശം ഈ സംഘത്തിന് മാത്രം നല്കേണ്ടതും ചെത്തിയെടുക്കുന്ന കള്ള് വ്യവസായികാടിസ്ഥാനത്തിൽ ശീതളപാനീയമായും മറ്റ് ഉപോത്പന്നങ്ങളായും മാറ്റി ഈ മേഖലയെ പരിപോഷിപ്പിക്കാവുന്നതാണ്.

വള്ളിക്കുന്ന് പഞ്ചായത്തിലെ മുഖ്യകാർഷികോ

ത്പന്നമായ നാളികേരത്തിന്റെ വികസനത്തിന്നായി നാളികേരവും അനുബന്ധ ഉത്പന്നങ്ങളും സംസ്കരണ വിപണന വിതരണത്തിനായി ഒരു കോക്കനട്ട് ഗ്രോവേഴ്സ് സഹകരണ സംഘം വള്ളിക്കുന്ന് പഞ്ചായത്ത് പ്രവർത്തന പരിധിയിലായി രൂപീകരിക്കാവുന്നതാണ്.

## തൊഴിൽ സാധ്യതകൾ

വള്ളിക്കുന്ന് പഞ്ചായത്ത് വനിതാ സഹകരണസംഘത്തിന്റെ കീഴിൽ റെഡി മെയ്ഡ് വസ്ത്രനിർമ്മാണം നോട്ട് ബുക്ക് നിർമ്മാണം, അച്ചാർ, കറിപൗഡർ നിർമ്മാണം എന്നിവ ആരംഭിയ്ക്കേണ്ടതാണ്.

**പട്ടിക 7 വനിതാ സഹകരണസംഘങ്ങൾ**

| സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗങ്ങൾ | ഓഹരി മൂലധനം (000) | ജീവനക്കാർ | ലാഭമോ നഷ്ടമോ | |
|---|---|---|---|---|---|---|---|
| | | | | | | ലാഭം (തുക) | നഷ്ടം (തുക) |
| വള്ളിക്കുന്ന് പഞ്ചായത്ത് വനിതാ സഹകരണസംഘം | 1995 | വള്ളിക്കുന്ന് പഞ്ചായത്ത് | 133 | 28 | 01 | | |

രണ്ട് സഹകരണ ബാങ്കുകളിലായി ആറോളം പുതിയ തസ്തികകൾ അഞ്ചുവർഷത്തിനുള്ളിൽ ഉണ്ടാകുന്നതാണ്.

കൺസ്യൂമർ വിഭാഗത്തിൽ പ്രത്യക്ഷമായി 4 പേർക്കെങ്കിലും ജോലി ലഭിയ്ക്കും. ഗ്രൂപ്പ് ഫാമിഗ് സഹകരണ സംഘം പ്രവർത്തനം തുടങ്ങുകവഴി പതിനഞ്ചോളം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിയ്ക്കുവാൻ കഴിയും. കയർ മേഖലയിൽ പ്രത്യക്ഷമായി 300 ഓളം പേർക്കും പരോക്ഷമായി 100 ഓളം പേർക്കും തൊഴിൽ ലഭിയ്ക്കുന്നതാണ്.

ഖാദി വ്യാവസായിക മേഖലയിൽ ടൈൽ വർക്കേഴ്സ് സഹകരണസംഘം വഴി അമ്പത് പേർക്കും വള്ളിക്കുന്ന് ഗ്രാമവ്യാവസായ സംഘംവഴി 15 പേർക്കും ചക്കര നിർമ്മാണ വ്യവസായ സഹകരണ സംഘംവഴി 25 പേർക്കും, എണ്ണയാട്ട് സഹകരണ സംഘംവഴി അഞ്ച് പേർക്കും നേരിട്ടും അമ്പതോളം പേർക്ക് പരോക്ഷമായും പുതുതായി തൊഴിൽ ലാഭിയ്ക്കുന്നതാണ്. കോഴി വളർത്തൽ സഹകരണസംഘം വഴി 5 പേർക്ക് നേരിട്ടും 25 ഓളം പേർക്ക് പരോക്ഷമായും തൊഴിൽ ലഭിയ്ക്കും.

നിലവിലുള്ള മൂന്ന് ക്ഷീരോത്പാതന സംഹകരണസംഘം വഴിയും പുതുതായി രൂപീകരിക്കാൻ നിർദ്ദേശിച്ച രണ്ട് സംഘങ്ങളും പ്രവർത്തന സജ്ജമാക്കുക വഴി 12 പേർക്ക് പ്രത്യക്ഷമായി തൊഴിൽ ലഭിയ്ക്കും. കൂടാതെ അനുബന്ധ പ്രവർത്തികൾ ഏറ്റെടുക്കുന്നതോടെ 20 പേർക്ക് പ്രത്യേകമായും തൊഴിൽ ലഭിയ്ക്കുന്നതാണ്. കൂടുതിൽ കറവമാടുകളെ സംഘം വഴി വിതരണം ചെയ്ത് സംഘത്തിന്റെയും ഉപരിയായി സംഘാംഗങ്ങളുടേയും വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാവുന്നതാണ്.

കടലോര പ്രദേശത്തെ മുഴുവൻ മത്സ്യതൊഴിലാളികളെയും സഹകരണ മേഖലയിൽ കൊണ്ടുവരുന്നതു വഴി മത്സ്യോത്പാദനം ഗണ്യമായി വർദ്ധിപ്പിക്കുവാനും അവരുടെ ജീവിത നിലവാരം ഉയർത്തികൊണ്ടുവരാനും സാധ്യമാവുന്നതാണ്. നിർദ്ദേശിച്ചുകഴിഞ്ഞ രൂപത്തിൽ വല നിർമ്മാണ യൂണിറ്റ്, വളം നിർമ്മാണ യൂണിറ്റ് സഹകരണ മേഖലയിൽ ആരംഭിയ്ക്കുകവഴി 100 ഓളം പേർക്ക് തൊഴിൽ സാധ്യത കൈവരുന്നതാണ്. ഉൾനാടൻ മത്സ്യ ഉത്പാദന സഹകരണ സംഘംങ്ങൾ വഴി ഏകദേശം 200 പേർക്ക് ഉപതൊഴിൽ ലഭിയ്ക്കുന്നതും കേരള സംസ്ഥാനത്തിന് വിദേശ നാണ്യം നേടിയെടുക്കാൻ കഴിയുന്നതുമാണ്.

നിർദ്ദേശിച്ച പട്ടികജാതി സഹകരണ സംഘവും ലേബർ കോൺട്രാക്ടർ സഹകരണസംഘവും രൂപീകരിക്കുകയാണെങ്കിൽ ഏറ്റവും ചുരുങ്ങിയത് 35 പേർക്കെങ്കിലും പ്രത്യക്ഷമായി ജോലി നൽകുവാൻ സാധിക്കുന്നതാണ്.

സഹകരണ രംഗത്തെ വളർച്ചക്കായി പഞ്ചായത്തിലെ സഹകാരികളെ ഉൾക്കൊള്ളിച്ച് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു "സഹകരണ സെൽ" രൂപീകരിക്കാവുന്നതും സഹകരണ സംഘങ്ങൾക്കാവശ്യമായ വിദഗദ്ധോപദേശങ്ങളും നിർദേശങ്ങളും ഈ സെൽ മുഖേനെ നൽകാവുന്നതും സംഘങ്ങളുടെ പ്രവർത്തനത്തെ അവലോകനം ചെയ്യാവുന്നതുമാണ്.

സഹകരണ രംഗത്തെ വിവിധ മേഖലകളിലെ വളർച്ചയ്ക്ക് ആവശ്യമായി ഈ പഞ്ചായത്തിൽ മൊത്തം 617 ലക്ഷം രൂപയുടെ മുതൽ മുടക്ക് പ്രതീക്ഷിക്കുന്നുണ്ട്. ഇത്രയും തുക മുതൽമുടക്കുക വഴി 592 പേർക്ക് പ്രത്യക്ഷമായും 600 പേർക്ക് പരോക്ഷമായും ജോലിയും വള്ളിക്കുന്നിലെ 6000ത്തോളം കുടുംബങ്ങൾക്ക് സാമ്പത്തികാഭിവൃദ്ധിയും ഉണ്ടാകുന്നതുമാണ്. മഹ്തമാഗാന്ധി വിഭാവനം ചെയ്ത് ഗ്രാമസ്വാരാജ് എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് ഒര് വലിയ പങ്ക് സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ച വഴി സാധിയ്ക്കുന്നതാണ്.

ജനകീയസൂത്രണ പദ്ധതിയുടെ ഭാഗമായി വള്ളി

ക്കുന്നിലെ 13 ഗ്രാമസഭകൾ ചർച്ച ചെയ്ത് സമർപ്പിച്ച ഗ്രാമസഭാ റിപ്പോർട്ട് കോർ ഗ്രൂപ്പ് സ്ഥലത്തെ സഹകാരികളുമായി ചർച്ച ചെയ്ത് ക്രോഡീകരിച്ച നിർദ്ദേശങ്ങളോടെ തയ്യാറാക്കിയിട്ടുള്ളതാണ്.

സഹകരണ സ്ഥാനപങ്ങളുടെ പ്രവർത്തനം മുകളിൽ നിർദ്ദേശിച്ച രൂപത്തിലും ഭാവത്തിലും നടപ്പിലാക്കുക വഴി വള്ളിക്കുന്ന് പഞ്ചായത്തിലെ കാർഷിക രംഗത്തും തൊഴിൽ രംഗത്തും സമൂലമായ മാറ്റം വരുത്താൻ സാധിയ്ക്കുന്നതും സാമ്പത്തിക മേഖലയിൽ ഒരു കുതിച്ചുചാട്ടത്തിന് ഈ പഞ്ചായ.ത്തിനെ സജ്ജമാക്കാൻ കഴിയുന്നതുമാണ്.

ഗ്രാമങ്ങളുടെ സാമ്പത്തിക-സാമൂഹിക-സാംസ്കാരിക വികസനത്തിന് നിർണ്ണായകമായ പങ്ക് വഹിക്കാൻ കഴിയുന്ന പ്രസ്ഥാനം എന്ന നിലയിൽ വള്ളിക്കുന്ന് പഞ്ചായത്തിൽ സഹകരണ രംഗത്ത് ഇതിന്റെ ഭാഗമായി നടപ്പിലാക്കേണ്ട പദ്ധതികളെ സംബന്ധിച്ചുള്ള ഈ വികസന റിപ്പോർട്ട് ചർച്ചകൾക്കും മുൻഗണന നിശ്ചയിക്കുന്നതിനുമായി സമർപ്പിച്ചുകൊള്ളുന്നു. ■






# 5.11

# പട്ടികജാതി-പട്ടിക വർഗ്ഗ ക്ഷേമം

പഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ 10.48% പട്ടികജാതി വിഭാഗമാണ്. 595 പട്ടികജാതി കുടുംബങ്ങളും ഒരു പട്ടിക വർഗ്ഗ കുടുംബവും ഇവിടെ താമസിച്ചു വരുന്നു. 20 അംഗീകൃത കോളനിയിലും 4 അംഗീകാരത്തിന് സമർപ്പിച്ച കോളനികളിലുമായി 448 കുടുംബങ്ങളും, 147 കുടുംബങ്ങൾ ഇടകലർന്നുമാണ് ജീവിച്ചു വരുന്നത്. ആകെ 4335 പട്ടികജാതി അംഗങ്ങൾ ഉണ്ട്.

വിദ്യാഭ്യാസ സാമൂഹിക മേഖലകളിൽ ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തിക രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കുന്നതിന് ഈ വിഭാഗത്തിന് കഴിഞ്ഞിട്ടില്ല. സാമൂഹ്യ സാമ്പത്തിക രംഗത്ത് നിരവധി കാലം ചൂഷണത്തിന് വിധേയരായിരുന്ന ഈ വിഭാഗത്തിന് കുടികിടപ്പവകാശവും, മിച്ചഭൂമിയുടെ ലഭ്യതയും ഒരു പരിധിവരെ സാമൂഹിക പുരോഗതി കൈവരിക്കാൻ സഹായകമായിട്ടുണ്ട്. മുൻകാലങ്ങളിൽ അനുഭവിച്ചിരുന്ന ഉച്ചനീചത്വങ്ങളിൽ നിന്നും പൂർണ്ണമായും മോചനം നേടാൻ ഇന്ന് കഴിഞ്ഞിട്ടുണ്ട്. എല്ലാ ജാതി മതസ്ഥരുടെയും എല്ലാതരം ചടങ്ങളുകളിലും പങ്കെടുപ്പിക്കുകയും എല്ലാ പൊതുപരിപാടികളിലും മോശമല്ലാത്ത പരിഗണന ലഭിക്കുകയും ചെയ്തു വരുന്നുണ്ട്.

ഈ വിഭാഗത്തിന്റെ ഉയർച്ചയ്ക്കു വേണ്ടി സർക്കാർ നടപ്പിലാക്കി വരുന്ന പല പദ്ധതികളെ സംബന്ധിച്ചും വേണ്ടത്ര അറിവില്ലാത്തതുകൊണ്ടും പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകൾകൊണ്ടും പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടില്ല. എന്നാൽ സർക്കാർ നല്കുന്ന നിരവധി സൗജന്യങ്ങൾ ഈ വിഭാഗത്തിന് ഭാഗികമായ നേട്ടങ്ങൾ കൈവരിക്കുന്നതിന് സഹായകമായിട്ടുണ്ട്. ഇതിൽ കൂടുതൽ നേട്ടം കൈവരിക്കുന്നതിന് കഴിഞ്ഞിട്ടുള്ളത് കോളനി നിവാസികൾക്കാണ്. എന്നാൽ നിരവധി പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ നിലനിൽക്കുന്നുണ്ട്. കോളനികളുടെ വിവരം 1-ാം പട്ടികയിൽ ചേർക്കുന്നു.

ലഭ്യമായ കണക്കുപ്രകാരം കോളനിയിലടക്കം ജനസംഖ്യ 4335 ആണ്. അംഗീകാരത്തിന് സമർപ്പിച്ച കോളനികൾ അംഗീകരിച്ചു കിട്ടുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

## വിദ്യാഭ്യാസം

പൊതുവെ നിരക്ഷരർ കുറവാണെങ്കിലും വിദ്യാഭ്യാസ രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. എസ്. എസ്. എൽ. സിക്കുശേഷം തുടർന്ന് പഠിക്കുന്നതിന് പല കുട്ടികളും താല്പര്യം കാണിക്കുന്നില്ല. രക്ഷിതാക്കൾ ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധചെലുത്തുന്നില്ല. കുടുംബ ബാധ്യത ഏറ്റെടുക്കേണ്ടിവന്നതിനാൽ പഠനം നർത്തേണ്ടിവന്ന നിരവധി കുട്ടികൾ ഉണ്ട്. വിദ്യഭ്യാസത്തിന്റെ ആവശ്യകത ബധ്യപ്പെടുത്തുന്നതിന് വിദ്യാസമ്പന്നരായ ആളുകളെ ഉപയോഗപ്പെ

പട്ടിക - 1

| ക്രമ നമ്പർ വാർഡ് | കോളനിയുടെ പേര്. | വീടു കളുടെ എണ്ണം | അംഗങ്ങ ളുടെ എണ്ണം |
|---|---|---|---|
| 1 I | കോന്ദം കുഴി പാടം | 26 | 115 |
| 2 IV | കുറിയപ്പാടം | 10 | 52 |
| 3 ,, | പോത്തുംകുഴിക്കാട് | 37 | 238 |
| 4 | ,, ചാലിപ്പാടം | 22 | 112 |
| 5 V | കുണ്ടനാരി | 11 | 70 |
| 6 V | പൊട്ടംകുഴി | 10 | 56 |
| 7 ,, | കാവുങ്ങര | 10 | 48 |
| 8 ,, | പാണാട്ടയിൽ | 10 | 55 |
| 9 ,, | വെള്ളേപ്പാടം | 11 | 43 |
| 10 VII | തടിയംപറമ്പ് | 29 | 151 |
| 11 ,, | മടവംപാടം-പൂക്കോ- | | |
| | ട്ടുംകാട് (IHDP) | 62 | 264 |
| 12 VIII | കുറ്റ്യാർച്ചയിൽ | 33 | 187 |
| 13 X | കാളാരംകുണ്ട് | 15 | 61 |
| 14 X III | കല്പാലം | | |
| | (ചിറതിണ്ടത്ത്) | 11 | 64 |
| 15 XII | തിരുത്തി | | |
| | (ഒലിപ്രം കടവ്) | 17 | 81 |
| 16 ,, | രാമംകുന്നത്ത് | 14 | 64 |
| 17 | പരുത്തിക്കാട് | 27 | 112 |
| 18 XIII | പനച്ചിക്കൽ | 15 | 90 |
| 19 XI | പുതിയപറമ്പ് | 15 | 84 |
| 20 III | കുറ്റുപുറം | 12 | 70 |
| | **അംഗീകാരത്തിനു സമർപ്പിച്ചത്** | | |
| 1 VI | വലിയ ചാളക്കൽ | 11 | 48 |
| 2 ,, | കോലക്കാട്ട് | 14 | 62 |
| 3 XII | ഒലിപ്രം | 14 | 67 |
| 4 III | ആനയാറങ്ങാടി | 12 | 43 |
| | | 448 | 2247 |
| | (അവലംബം: സെക്കന്ററി ഡാറ്റാ) | | |

ടുത്തി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്. 96-97 അധ്യയന വർഷത്തിൽ 667 പട്ടികജാതി വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്. 95-96 വർഷത്തിൽ യു. പിയിലും ഹൈസ്കൂളിലുമായി 8 കുട്ടികൾ പഠനം നിർത്തി. എസ്. എസ്. എൽ. സിക്ക് പരാജയപ്പെട്ടാൽ തുടർന്ന് പഠിക്കുന്നതിന് തയ്യാറാവുന്നില്ല. നിലവിൽ 28 കുട്ടികൾ മാത്രമാണ് തുടർന്ന് പഠിക്കാൻ താല്പര്യം കാണിച്ചിട്ടുള്ളത്. പൊതുവെ എസ്. എസ്. എൽ. സിക്ക് ഉപരിയായി വിദ്യാഭ്യാസമുള്ളവരുടെ എണ്ണം വളരെ കുറവാണ്. ഈ അവസ്ഥ ഉടനെ മാറ്റി എടുക്കേണ്ടതാണ്.

**തൊഴിൽ:** പട്ടികജാതി കുടുംബങ്ങളിൽ ഭൂരിപക്ഷവും കാർഷിക മേഖലയിൽ തൊഴിലെടുത്ത് ഉപജീവനം കഴിച്ചുവന്നിരുന്നവരാണ്. എന്നാൽ അടുത്ത കാലത്തായി കാർഷിക മേഖലയിൽ വന്ന തകർച്ച ഈ വിഭാഗത്തിന്റെ തൊഴിൽ നഷ്ടപ്പെടുത്തുകയും ജീവിക്കാനുള്ള തൊഴിലിനുവേണ്ടി മറ്റു മേഖലകളിലേക്ക് പോവാൻ നിർബ്ബന്ധിതരാക്കുകയും ചെയ്തു. ഇതിൽ ഭൂരിഭാഗവും നിർമ്മാണരംഗത്താണ് എത്തിച്ചേർന്നിട്ടുള്ളത്. ഈ മേഖലയിൽ സ്ത്രീക്ക് 90രൂപയും പുരുഷന് 125 രൂപയും കൂലി ലഭിക്കുന്നുണ്ട്. തൃപ്തികരമായ കൂലി ലഭിക്കുന്നതിനാൽ പുതിയ തലമുറ പൂർണ്ണമായും കാർഷിക മേഖലയിൽനിന്നും മാറി. സ്ത്രീകൾ മാത്രം ചെയ്തിരുന്ന 'നടീൽ' തുടങ്ങിയ പ്രവൃത്തികൾക്ക് തൊഴിലാളികളെ കിട്ടാൻതന്നെ വളരെ പ്രയാസമാണ്. തൊഴിൽ എന്നതിലുപരി ഭക്ഷ്യധാന്യ ഉല്പാദന വർദ്ധനവിന്റെ ആവശ്യകത കണക്കിലെടുത്തു ഈ മേഖലകളിലേക്ക് കൂടുതൽ തൊഴിലാളികളെ ആകർഷിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്.

കാർഷിക മേഖലയിൽ സീസണുകളിലാണ് തൊഴിൽ എന്നതുകൊണ്ട് മിക്ക കർഷക തൊഴിലാളികളുടെയും പ്രധാന കൈതൊഴിലായിരുന്ന പായ നെയ്ത് അസംസ്കൃത സാധനമായ കൈതോല സംരക്ഷിക്കപ്പെടാൻ കഴിയാത്തതിനാൽ പൂർണ്ണമായും തടസ്സപ്പെട്ടിരിക്കുകയാണ്. കൂലിവേല ചെയ്ത് മാത്രം ഉപജീവനം കഴിച്ചുവരുന്ന ഈ വിഭാഗത്തിന് തൊഴിൽ ഉറപ്പുവരുത്തുകയും പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്യേണ്ടതുണ്ട്.

**പാർപ്പിടം:** പാർപ്പിട പ്രശ്നം പൂർണ്ണമായും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഒരു പരിധി വരെ സർക്കാർ ഏജൻസികൾ നടപ്പാക്കിവരുന്ന പദ്ധതികൾ സഹായകമായിട്ടുണ്ട്. ഇന്ന് മിക്ക ഹരിജൻ കോളനികളിലും പരിമിതമായ സൗകര്യങ്ങളാണെങ്കിലും ചെറ്റകുടിലുകളിൽനിന്നും മോചനമായിട്ടുണ്ട്. ഒറ്റപ്പെട്ട കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം വേണ്ടത്ര ലഭിച്ചിട്ടില്ല. ഇവരിൽ പലരും വിവിധ ഏജൻസികൾ നടപ്പാക്കിവരുന്ന

വായ്പയെടുത്ത് വലിയ കടക്കെണിയിൽ അകപ്പെട്ടുപോയിട്ടുണ്ട്. ഭൂമിയുടെ രേഖ ഓഫീസുകളിൽ പെട്ടുപോയതിനാൽ മറ്റ് ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്ന അവസ്ഥയിലാണ്. വീട് നിർമ്മാണത്തിന് അനുവദിക്കുന്ന തുകയുടെ അപര്യാപ്തത കാരണം പലവീടുകളും പൂർത്തീകരിക്കാതെ കിടക്കുന്നുണ്ട്. വീടുവെക്കാൻ സ്ഥലമില്ലാത്ത കുടുംബങ്ങൾക്ക് വീടുവെക്കാനാവശ്യമായ സ്ഥലവും വീടിനുള്ള ധനസഹായവും പുനരധിവാസ പദ്ധതി പ്രകാരം അനുവദിച്ചുകൊടുത്തെങ്കിൽ മാത്രമെ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയുള്ളൂ. രണ്ട് കുടുംബങ്ങൾ ഒന്നിച്ച് താമസിക്കുന്ന ഗിരിജൻ കുടുംബങ്ങൾക്ക് പുതിയ പദ്ധതി ആവിഷ്കരിച്ച് പ്രത്യേക വീടുകൾ നിർമ്മിച്ചുകൊടുക്കേണ്ടതാണ്.

പല കോളനികളിലും കക്കൂസ് നിലവിലില്ല. ഓരോ വീടിനും ഓരോ കക്കൂസ് നിർബന്ധമായും അനുവദിച്ചുകൊടുത്ത് ഈ പ്രശ്നം പരിഹരിക്കപ്പെടേണ്ടതാണ്. ലക്ഷം വീട് കോളനികളിൽ ഒരു പൊതു കക്കൂസാണ് നിലവിലുള്ളത്. ഇത് വളരെയേറെ പ്രയാസങ്ങളുണ്ടാക്കുന്നതാണ്. മേൽ സൗകര്യങ്ങളെ സംബന്ധിച്ച വിവരം 2–ാം പട്ടികയിൽ ചേർക്കുന്നു.

പട്ടിക – 2

| ക്രമ നം. | കോളനിയുടെ പേര് | വീടിന്റെ സ്വഭാവം | | | ആവശ്യമുള്ള വീടുകളുടെ എണ്ണം | കക്കൂസ് ആവശ്യമില്ലാത്തവർ | ആവശ്യമുള്ള കക്കൂസുകളുടെ എണ്ണം |
|---|---|---|---|---|---|---|---|
| | | കോൺക്രീറ്റ് | ഓട് | ഓല | | | |
| 1 | കോന്നംകുഴിപ്പാടം | 2 | 10 | 1 | 1 | 7 | 7 |
| 2 | കുരിയപ്പാടം | – | 15 | 3 | 3 | 16 | 16 |
| 3 | പോത്തും കുഴിക്കാട് | – | 18 | 3 | 5 | 13 | 13 |
| 4 | ചാലിപ്പാടം | 3 | 15 | 8 | 6 | 24 | 24 |
| 5 | കുണ്ടനാരി | 3 | 7 | 1 | 4 | 2 | 2 |
| 6 | പൊട്ടംകുഴി | – | 4 | 6 | 9 | 8 | 8 |
| 7 | കാവുങ്ങര | – | 7 | 2 | 6 | 7 | 7 |
| 8 | പാണാട്ടയിൽ (ലക്ഷംവീട്) | – | 10 | – | – | 10 | 10 |
| 9 | വെള്ളേപ്പാടം | 1 | 9 | 2 | 7 | 10 | 10 |
| 10 | നടിയംപറമ്പ് | 3 | – | – | – | – | – |
| 11 | മടവംപാടം – പൂക്കോട്ടുകാട് | – | – | – | – | – | |
| 12 | കുറച്ചാർച്ചയിൽ | – | – | – | – | – | – |
| 13 | കാളാരംകുണ്ട് | – | – | – | – | – | – |
| 14 | കല്പാലം | – | 7 | 6 | 6 | 9 | 9 |
| 15 | തിരുത്തി | 6 | 9 | 2 | 4 | 2 | 2 |
| 16 | രാമംകുന്നത്ത് | 1 | 10 | 3 | 9 | 2 | 2 |
| 17 | പരുത്തിക്കാട് | 1 | 22 | 4 | 8 | 8 | 8 |
| 18 | പനച്ചിക്കൽ | – | 7 | 6 | 6 | 8 | 8 |
| 19 | പുതിയപറമ്പ് | – | 1 | 9 | 9 | 9 | 9 |
| 20 | കുറ്റുപുറം | 2 | 9 | 1 | 1 | 2 | 2 |
| 21 | വലിയ ചാളക്കൽ | 1 | 4 | 6 | 6 | 9 | 9 |
| 22 | കോലക്കാട്ട് | – | 12 | 2 | 5 | 7 | 7 |
| 23 | ഒലിപ്രം | 1 | 8 | 5 | 7 | 10 | 10 |
| 24 | ആനയാറങ്ങാടി | 7 | 4 | 1 | 8 | 8 | 8 |

കോളനികളിൽ ഉൾപ്പെടാത്ത ഒറ്റപ്പെട്ട കുടുംബങ്ങളുടെ കൃത്യമായ വിവരം ലഭ്യമല്ലാത്തതിനാൽ ഉൾപ്പെടുത്തിയിട്ടില്ല – ഗ്രാമസഭാ റിപ്പോർട്ടുകൾ പ്രകാരം 79 വീടും 181 കക്കൂസും അനുവദിക്കേണ്ടതായുണ്ട്.

## പ്രശ്നങ്ങൾ

1 വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല, കോളനികളിൽ നിരക്ഷരത നിലനിൽക്കുന്നു, വിദ്യാർത്ഥികൾ 'കൊഴിഞ്ഞു'പോവുന്നു.

2. കാർഷിക മേഖലയിൽ തൊഴിൽ കുറഞ്ഞുവരുന്നു. കാർഷിക മേഖലകളിൽനിന്ന് തൊഴിലാളികൾ ഒഴിഞ്ഞുപോവുന്നു. തൊഴിൽ സാധ്യത കുറഞ്ഞുവരുന്നു.

ജീവിതം കൂടതൽ പ്രതിസന്ധിയിലേക്ക് നീങ്ങുന്നു.

3. എല്ലാവർക്കും സ്വന്തമായി വീടില്ല.

വീടുവെക്കാൻ സ്ഥലമില്ല.

വീടു നിർമ്മിക്കാൻ നൽകുന്ന ധനസഹായം കൊണ്ട് നിർമ്മാണം. പൂർത്തിയാക്കാൻ കഴിയാതെ കിട്ടുന്ന സഹായം ദുർവിനിയോഗം ചെയ്യുന്നു.

പ്രാഥമിക സൗകര്യങ്ങൾ ഇല്ല.

4. കോളനികളിൽ കുടിവെള്ളം ആവശ്യത്തിനില്ല; വൈദ്യുതി ഇല്ല.

5. പൊതുശ്മശാനം ഇല്ല.

6. കൈവശ ഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല.

7. ആരോഗ്യ സംരക്ഷണ സംവിധാനം മെച്ചപ്പെട്ടതല്ല.

8. നിർദ്ധന കുടുംബത്തിലെ അംഗങ്ങളുടെ ചികിത്സക്കും പെൺമക്കളുടെ വിവാഹത്തിനും ധനസഹായം ലഭിക്കുന്നില്ല.

9. ഐ. ആർ. ഡി. പി സദ്ധതിയും മറ്റ് പദ്ധതികളും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.

10. പട്ടികജാതി വികസന കോർപ്പറേഷനും, ഹരിജന ക്ഷേമവകുപ്പും അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് നൽകുന്ന വായ്പകളും ധനസഹായവും ലക്ഷ്യം നേടുന്നില്ല.

11. പട്ടികജാതി വർഗ്ഗത്തിന്റെ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിച്ച അറിവ് വേണ്ടത്രയില്ല.

12. കടക്കെണിയിൽ പെട്ടുപോകുന്നു.

## സാദ്ധ്യതകൾ

വൈദ്യുതി – പഞ്ചായത്തിലെ കുണ്ടനാരി, കുറിയപ്പാടം, തടിയംപറമ്പ്, പൂക്കോട്ടുംപാടം എന്നീ കോളനികളിലായി 114 വീടുകളാണ് വൈദ്യുതീകരിച്ചിട്ടുള്ളത്. ഇതിൽ 11എണ്ണം സൗജന്യ പരിധിയിലാണ്. പൊട്ടംകുഴി കോളനിയിൽ വൈദ്യുതീകരണം നടന്നുവരുന്നുണ്ട്. മറ്റ് കോളനികൾ വൈദ്യുതീകരിക്കാൻ ആവശ്യമായ പദ്ധതികൾക്ക് രൂപം നൽകണം.

കുടിവെള്ളം – കോളനികളിൽ കുടിവെള്ള പ്രശ്നം അതിരൂക്ഷമാണ്. ഇത് പരിഹരിക്കുന്നതിന് വേണ്ടി പഞ്ചായത്ത്, ബ്ലോക്ക് എന്നീ ഏജൻസികൾ കിണറുകളും കുഴൽകിണറുകളും സ്ഥാപിച്ചിട്ടുണ്ടെങ്കിലും പലതും ഉപയോഗശൂന്യമാണ്. ടാപ്പുകൾ സ്ഥാപിച്ചിട്ടുള്ള കോളനികളിൽ ജല ദൗർലഭ്യം കാരണം പ്രവർത്തിക്കുന്നില്ല. ഇതിന് പരിഹാരം കാണാൻ പുതിയ പദ്ധതികൾ കണ്ടെത്തണം. ചില സാദ്ധ്യതകൾ 3–ാം പട്ടികയിൽ ചേർക്കുന്നു.

### പട്ടിക – 3

| വാർഡ് | ടാപ്പുകൾ സ്ഥാപിക്കാവുന്ന കോളനി | വാർഡ് | ജനപങ്കാളിത്തത്തോടെ മിനി ജലസേചന പദ്ധതികൾ നടപ്പിലാക്കാവുന്ന കോളനികൾ |
|---|---|---|---|
| 1 | കോന്ദംകുഴിപ്പാടം | 6 | വലിയചാളക്കൽ |
| 4 | ചാലിപ്പാടം | 12 | പോകര |
| 5 | പൊട്ടംകുഴി | 10 | കാളാരംകുണ്ട് |
| | കാവുങ്ങര | 7 | തടിയം പറമ്പ് |
| | പാണാട്ടയിൽ | 8 | കുറ്റ്യാർച്ചയിൽ |
| 12 | പരുത്തിക്കാട് | | |

തിരുത്തി; രാമംകുന്നത്ത് കോളി, ചോലമ്പ്ര പദ്ധതിയുമായി സംയോജിപ്പിക്കുക.

വിവിധ കോളനികളിലെ റോഡുകൾ, വൈദ്യുതി, കുടിവെള്ളം, പൊതു കക്കൂസ് എന്നിവയുടെ സ്ഥിതി വിവര കണക്കുകൾ 4–ാം പട്ടികയിൽ കൊടുക്കുന്നു.

| ക്രമനമ്പർ കോളനിയുടെ പേര് | റോഡുകൾ: ഗതാഗതയോഗ്യമായത് | റോഡുകൾ: ഗതാഗതയോഗ്യമല്ലാത്തത് | വൈദ്യുതി: ഇല്ലാത്തവ | വൈദ്യുതി: വൈദ്യുതീകരണം തുടങ്ങിയത് ഉള്ളത് | കുടിവെള്ളം: കിണർ | കുടിവെള്ളം: ടാപ്പ് | പൊതു കക്കൂസ് |
|---|---|---|---|---|---|---|---|
| 1 കോന്ദംകുഴി പാടം | ഉണ്ട് | - | ഇല്ല | - | - | ഉണ്ട് | ഇല്ല |
| 2 കുറിയപ്പാടം | ഇല്ല | ഉണ്ട് | - | ഉണ്ട് | | | |
| 3 പോത്തുംകുഴിക്കാട് | ഇല്ല | ഉണ്ട് | - | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 4 ചാലിപ്പാടം | ഇല്ല | ഉണ്ട് | - | ഉണ്ട് | ഉണ്ട് | ഇല്ല | |
| 5 കുണ്ടനാരി | ഉണ്ട് | - | - | ഉണ്ട് | | | |
| 6 പൊട്ടംകുഴി | ഇല്ല | ഉണ്ട് | ഉണ്ട് | | | | |
| 7 കാവുങ്ങര | ഇല്ല | - | ഇല്ല | | | | |
| 8 പാണാട്ടയിൽ | ഉണ്ട് | - | ഇല്ല | - | ഉണ്ട് | - | ഇല്ല |
| 9 വെള്ളേപ്പാടം | ഇല്ല | ഇല്ല | ഇല്ല | | | | |
| 10 തടിയംപറമ്പ് | ഇല്ല | ഉണ്ട് | - | ഉണ്ട് | ഉണ്ട് | ഇല്ല | |
| 11 മടവം പാടം - പൂക്കോട്ടുംകാട് | ഇല്ല | ഉണ്ട് | - | ഉണ്ട് | ഉണ്ട് | ഇല്ല. | |
| 12 കുറ്റ്യാർച്ചയിൽ | ഇല്ല | ഉണ്ട് | - | ഇല്ല | ഉണ്ട് | - | ഇല്ല |
| 13 കാമ്മാരം കുണ്ട് | ഇല്ല | - | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | |
| 14 കല്പാലം | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | - | ഇല്ല | |
| 15 തിരുത്തി | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| 16 രാമംകുന്നത് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| 17 പരുത്തിക്കാട് | ഇല്ല | ഉണ്ട് | ,, | ,, | ,, | ഇല്ല | ഇല്ല |
| 18 പനച്ചിക്കൽ | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | | |
| 19 പതിയപറമ്പ് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | | |
| 1 വലിയ ചാളക്കൽ (അംഗീകരിക്കാത്തത്) | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 2 കോലക്കാട്ട് | ഇല്ല | - | ഇല്ല | ഇല്ല | | | |
| 3 ഒലിപ്രം | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 4 ആനയാറങ്ങാടയി | ഇല്ല | ഉണ്ട് | - | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |

7, 10, 11, 13 വാർഡുകൾക്ക് ഉപകാരപ്രദമാവുന്ന കൊടക്കാട് ആയുർവേദ ഡിസ്പെൻസറി കിടത്തി ചികിത്സിക്കുന്ന ആശുപത്രിയാക്കിയാൽ മേൽ വാർഡുകളിലെ കോളനി നിവാസികൾക്ക് വളരെ ഉപകാരപ്രദമായിരിക്കും.

കാളാരംകുണ്ട് കോളനിക്ക് സമീപമുള്ള ശ്മശാനം പൊതുവാക്കി മാറ്റുവാനും, തിരുത്തി, രാമംകുന്നത്ത് കോളനി നിവാസികളുടെ അന്യാധീനപ്പെട്ടുപോയ ശ്മശാനം നിലനിർത്തിക്കിട്ടാനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ക്ഷേമ പദ്ധതികളെക്കുറിച്ച് അറിവുണ്ടാക്കുന്നതിന് ആവശ്യമായ ബോധവൽക്കരണ പരിപാടികൾ അത്യാവശ്യമാണ്. ക്ഷേമ പദ്ധതികൾ അർഹതപ്പെട്ടവർക്ക് കൃത്യസമയത്ത് ലഭ്യമാവുന്നതിന് സഹായകമായ രീതിയിൽ നിബന്ധനകൾ ലളിതമാക്കേണ്ടതുണ്ട്. പട്ടികജാതി ക്ഷേമത്തിനായി പ്രവർത്തിച്ചുവരുന്ന ഹരിജന ക്ഷേമവകുപ്പും – പട്ടികജാതി കോർപ്പറേഷനും നടപ്പാക്കിവരുന്ന പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയണമെങ്കിൽ ഇതിന്റെ മാനദണ്ഡങ്ങളിൽ കാര്യമായ മാറ്റം വരുത്തിയേ കഴിയൂ. ലളിതമായ വ്യവസ്ഥയിലൂടെ മാത്രമേ ഈ വിഭാഗത്തിന് വായ്പകളും ധനസഹായങ്ങളും ഉപയോഗപ്പെടുത്തി തൊഴിൽ സംരംഭങ്ങളും മറ്റും ആരംഭിക്കാൻ കഴിയൂ. ഇത്തരം പദ്ധതികൾ ഗ്രാമപഞ്ചായത്ത് മുഖേനയാണെങ്കിൽ കൂടുതൽ ഫലപ്രദമാക്കുന്നതിന് കഴിയും.

പട്ടികജാതി – പട്ടികവർഗ്ഗ ക്ഷേമം മുൻനിർത്തി സത്വര ശ്രദ്ധ പതിയേണ്ട ചില നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

☐ കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക.

☐ പായനെയ്ത്, കൊട്ട, പരമ്പ് എന്നിവയുടെ നിർമ്മാണം വ്യവസായികാടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.

☐ പഞ്ചായത്ത് കോളനികളിലെ പെൺകുട്ടികൾക്ക് കൈതൊഴിൽ പരിശീലിപ്പിക്കുകയും – അവരുടെ സഹകരണസംഘങ്ങൾ രൂപീകരിക്കുകയും ചെയ്യുക. ഇതിന് എല്ലാവിധ സഹായവും നൽകുക.

☐ കുടിവെള്ള പ്രശ്നം പരിഹരിക്കുക.

☐ സഹകരണ മേഖലയിൽ ഹോളോ ബ്രിക്സ് നിർമ്മാണ യൂണിറ്റ് ആരംഭിക്കുക.

☐ അഭ്യസ്ഥ വിദ്യർക്ക് ഇന്ന് സർക്കാർ ഏജൻസികൾ നൽകിവരുന്ന (പട്ടികജാതി വികസന വകുപ്പ് – ഹരിജൻ കോർപ്പറേഷൻ) വായ്പകളും സഹായധനങ്ങളും ഏകോപിപ്പിച്ച് പഞ്ചായത്ത് മുഖേന വിതരണം ചെയ്യുകയും–വായ്പയുടെ മാനദണ്ഡങ്ങൾ ലഘൂകരിച്ച് മേൽനോട്ടം ഗ്രാമപഞ്ചായത്തിനെ ഏല്പിക്കുകയും ചെയ്യുക.

☐ വ്യവസായ പരിശീലനം നൽകുകയും പരിശീലനം ലഭ്യമായവർക്ക് വ്യവസായം തുടങ്ങാൻ ആവശ്യമായ വായ്പ പൂർണ്ണമായും അനുവദിക്കുകയും ചെയ്യുക. വായ്പകൾ ഉദ്ദേശിച്ച കാര്യത്തിനുതന്നെ ഉപയോഗിക്കുന്നുണ്ടോ എന്ന പരിശോധനയ്ക്കും – വായ്പകൾ ദുരുപയോഗം ചെയ്യുന്നതു തടയുകയും ചെയ്യുന്നതിനുള്ള അധികാരം ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമാക്കുക.

☐ സ്ത്രീകൾക്ക് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിന് സഹകരണ മേഖലയിൽ പായനെയ്ത്, റെഡിമെയ്ഡ്, കയറുല്പന്നങ്ങളുടെ നിർമ്മാണം എന്നിവ ആരംഭിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുക.

☐ പട്ടികജാതി സർവ്വീസ് സഹകരണ സംഘം ആരംഭിക്കുക.

☐ പഞ്ചായത്തിൽ പട്ടികജാതി സ്ത്രീകളെ ഉൾപ്പെടുത്തി പാട്ടവ്യവസ്ഥയിൽ കൃഷിഭൂമി പഞ്ചായത്ത് വാങ്ങി പച്ചക്കറി തോട്ടങ്ങൾ ഉണ്ടാക്കുകയും അത് വിറ്റഴിക്കുന്നതിന് ചന്തകൾക്ക് രൂപം കൊടുക്കുകയും ചെയ്യുക. കോളനികൾക്ക് കൃഷിഭവൻ മുഖേന നൽകിവരുന്ന സഹായങ്ങൾ പച്ചക്കറി ഉല്പാദനത്തിനായി വിനിയോഗിച്ചുകൊണ്ട് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക – കൃഷിഭവൻ നൽകിവരുന്ന ഉപകരണങ്ങൾ അടക്കം ഇതിന് ഉപയോഗപ്പെടുത്താൻ കഴിയും.

☐ വീടുനിർമ്മാണ ധനസഹായം വർദ്ധിപ്പിക്കുക, വീടുവെക്കുന്നതോടൊപ്പം കക്കൂസ് നിർമ്മിക്കുന്നതിനും ധനസഹായം അനുവിദിക്കുക. വീടന്റെ സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഉപഭോക്താക്കൾക്ക് അനുവാദം കൊടുക്കുക.

☐ എല്ലാ പദ്ധതികൾക്കും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് പഞ്ചായത്ത് സമിതികളെ ചുമതലപ്പെടുത്തുകയും മേൽ നോട്ടത്തിന് സംവിധാനം ഉണ്ടാക്കുകയും ചെയ്യുക.

☐ ലക്ഷം വീടുകോളനിയിലെ കൂട്ടായ വീടുകൾ വിഭജിച്ച് ഒറ്റവീടാക്കി മാറ്റുക.

☐ വീട് പുതുക്കിപ്പണിയുന്നതിനും, അറ്റകുറ്റ പണികൾക്കും പലിശ രഹിത വായ്പകൾ ലളിതമായ വ്യവസ്ഥയിൽ നടപ്പിലാക്കുക.

☐ പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പാക്കിവരുന്ന ഭൂരഹിത, ഭവനരഹിത പുനരധിവാസ പദ്ധതി

പഞ്ചായത്തിൽ നടപ്പിലാക്കി നിലവിൽ സ്ഥലവും വീടും ഇല്ലാത്ത കുടുംബങ്ങളെ സഹായിക്കണം.

☐ 1-ാംവാർഡിലെ കോന്ദംകുഴിപ്പാടം ഹരിജൻ കോളനിയിൽ മഴക്കാലം വീടുകൾക്ക് ചുറ്റും തളം കെട്ടി നിൽക്കുന്ന വെള്ളം തോടുകീറി ഒഴിവാക്കുന്നതിന് നട പടികൾ സ്വീകരിക്കണം.

☐ കോളനികളിലെ പുരയിടത്തിലെ മണ്ണൊലിപ്പ് തടയുന്നതിന് ആവശ്യമായ നടപടികൾക്ക് രൂപം നൽകുക.

☐ നാലുസെന്റ് കോളനികളിലും ലക്ഷംവീട് കോളനിയിലും വീട് പുതുക്കി പണിയുന്നതിനും ഓടു മേയുന്നതിനും ധനസഹായം അനുവദിക്കുക.

☐ ശ്മശാനം നിർമ്മിക്കുക

☐ പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കി വരുന്ന 3മുതൽ 5വരെ പ്രായമുള്ള കുട്ടികൾക്ക് ബാല വാടികളും നഴ്സറികളും രണ്ടോ മൂന്നോ കോളനി കൾക്ക് സംയുക്തമായി ഏർപ്പെടുത്തുക.

☐ 5 മുതൽ 10 വരെ സ്റ്റാന്റേർഡിൽ പ്രീ മെട്രിക് ഹോസ്റ്റൽ സ്ഥാപിക്കുക.

☐ ബോർഡിങ്ങ് സ്കൂൾ സ്ഥാപിക്കുക.

☐ കോളനികളിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

☐ വായനശാലകൾ സ്ഥാപിക്കുക

☐ കുടുംബ ബാധ്യത ഏറ്റെടുത്ത് പഠനം അവസാ നിപ്പിക്കേണ്ടിവരുന്ന കുട്ടികളെ കണ്ടെത്തി പഠനം തുട രുന്നതിന് ആവശ്യമായ സംവിധാനമേർപ്പെടുത്താൻ പഞ്ചായത്ത് ശ്രദ്ധിക്കുക.

☐ അഭ്യസ്തവിദ്യരായവരുടെ സേവനം കോളനി കളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ പ്രയോജ നപ്പെടുത്തുക.

☐ എസ്. എസ്. എൽ. സിവരെയും തുടർന്നും പഠനം നടത്തുന്നതിന് പ്രോത്സാഹനം നൽകുന്നതിന് ആവശ്യമായ പദ്ധതികൾ ഗ്രാമ പഞ്ചായത്ത് ആസൂത്രണം ചെയ്യുക. (സ്കോളർഷിപ്പ് നടപ്പാക്കുക)

☐ ബോധവൽക്കരണത്തിന്റെ ഭാഗമായി കോളനി കളിൽ ടി. വി. സെറ്റുകൾ സ്ഥാപിക്കുക.

☐ തിരുത്തി രാമംകുന്ന് കോളനിയിലെ ഒലിപ്രം കടവ് മുക്കത്തുകടവ് റോഡ് തീരെ ഗതാഗതയോഗ്യമല്ല. പ്രസ്തുത റോഡ് ഈ രണ്ട് കോളനിയിലൂടെയും കട ന്നുപോവുന്നതാണ്. മഴ പെയ്താൽ റോഡിലൂടെ നട ക്കാൻ പോലും കഴിയാറില്ല. പ്രസ്തുത റോഡ് ഗതാഗത യോഗ്യമാക്കണം.

☐ കുറിയപാടം - ചാലിപ്പാടം ഹരിജൻ കോളനി പൊതുശ്മശാന റോഡ് ഗതാഗതയോഗ്യമാക്കണം.

☐ 6ാം വാർഡ് വലിയചാളക്കൽ റോഡ് നിർമ്മി ക്കുക.

☐ കോന്ദം കുഴിപ്പാടം ഹരിജൻ കോളനി നിവാ സികൾക്ക് ഉപകാരപ്രദമായ റോഡ് ടാർ ചെയ്ത് ഗതാ ഗത യോഗ്യമാക്കണം.

☐ കുറ്റ്യാർച്ചയിൽ ഹരിജൻ കോളനിയിൽനിന്നും പ്രധാന റോഡുകളിലേക്ക് ഒരു റോഡ് നിർമ്മിക്കുക.

☐ രാമൻ കുന്നത്തും, തിരുത്തി കോളനി യിൽനിന്നും ഭഗവതീക്ഷേത്രം വരെ ഒരു റോഡ് നിർമ്മി ക്കണം.

☐ ചരക്കടവ് (ഒലിപ്രം) റോഡ് ഗതാഗതയോഗ്യ മാക്കണം.

☐ പരുത്തിക്കാട് ഹരിജൻ കോളനി റോഡ് ഗതാ ഗതയോഗ്യമാക്കൽ.

☐ പൊട്ടംകുഴി റോഡ് ഗതാഗതയോഗ്യമാക്കണം.

കല്പാലം നെയ്തല്ലി റോഡ് ഗതാഗതയോഗ്യമാക്കുക.

കാളാരംകുണ്ട് കോളിനി റോഡ് നിർമ്മിക്കുക. ■




## 5.12

# വിഭവസമാഹരണം

നമ്മുടെ ഗ്രാമം ഇന്ന് നേരിടുന്ന പ്രതിസന്ധികളിൽ ഒന്ന് വ്യവസായിക മേഖലയിലെ നിശ്ചലതയാണ്. കാര്യമായ ഒരു വലിയ വ്യവസായസ്ഥാപനവും വള്ളിക്കുന്നിലില്ല. ചെറുകിട വ്യവസായങ്ങൾ പേരിനുണ്ട്. ഈ രണ്ടുരംഗത്തും മുന്നേറ്റം നടത്തിക്കൊണ്ട്, വിഭവസമാഹരണത്തിന് പുതിയ മാർഗ്ഗങ്ങൾ വെട്ടിത്തുറക്കാനാകണം.

1995 ഒക്ടോബർ 25 ന് പഞ്ചായത്തിൽ ഒരു വ്യവസായ സെമിനാർ നടത്തി. 60 ഓളം വ്യവസായ കുതുകികൾ അതിൽ താല്പര്യപൂർവ്വം പങ്കെടുത്തു. ബാങ്ക് മാനേജർമാർ സന്തോഷപൂർവ്വം ലോണുകൾ നൽകാൻ സന്നദ്ധത കാട്ടി. പക്ഷേ, വൈദ്യുതി കണക്ഷൻ കിട്ടാനും കിട്ടിയാൽ ലോഡ് ഷെഡിങ്ങ് ഒഴിവാക്കാനും വിഷമം ഉണ്ടെന്ന തിരിച്ചറിവ്, വ്യവസായികളെ ഈ രംഗം ശൂന്യമാക്കാനാണ് പ്രേരിപ്പിച്ചത്. ഇതാണ് ഇന്ന് വ്യവസായ രംഗം നേരിടുന്ന പ്രതിസന്ധിയുടെ പ്രധാന കാരണം. ഇത് പരിഹരിക്കാതെ ഈ രംഗത്ത് നിന്ന് പുതിയ വിഭവ സമാഹരണത്തിനുള്ള സാദ്ധ്യത വളരെ കുറവാണ്.

കാർഷിക രംഗം ഇന്ന് മുരടിക്കുകയാണ്. കൃഷിനിലങ്ങൾ: താമസപ്പറമ്പുകളായി അനുദിനം മാറുകയാണ്. ഉല്പാപദന ക്ഷമത അനുദിനം ഇടിയുന്നു. കർഷകർ കാർഷികത്തൊഴിലാളികളായി മാറുന്നു. രാസവള ഉപഭോഗം ഉണ്ടാക്കുന്ന ദോഷഫലങ്ങൾ ഒഴിവാക്കി ജൈവവള പ്രയോഗത്തിന് പ്രാധാന്യം നൽകണം. അതിനുള്ള മനോഭാവം കൃഷിക്കാരിൽ വളർത്തിയെടുക്കണം. ഈ പ്രശ്നങ്ങൾ പരിഹരിക്കാതെ വിഭവ സമാഹരണം ഈ രംഗത്ത് വർദ്ധിപ്പിക്കാനാവില്ല.

ഈ രണ്ടു മണ്ഡസങ്ങളിലും ഫലപ്രദമായി ഇടപെടാനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയാൽ, ഗുണഫലങ്ങൾ താമസമെന്യേ നേടാനാവും.

സർക്കാർ ഗ്രാന്റുകൾക്ക് ഭരണാധികാരികളെ സ്വാധീനിക്കേണ്ട നില ഇന്നും മാറിയിട്ടില്ല. ഒരു തരത്തിലുള്ള വിവേചനവും നിലനിർത്താതെ, ഗ്രാന്റുകൾ പിരിക്കുന്ന മേഖലയിൽ വെച്ച് തന്നെ പഞ്ചായത്തുകൾക്ക് കൈമാറാൻ നിയമനിർമ്മാണം നടത്തണം. സ്റ്റാമ്പ് ഡ്യൂട്ടി ഗ്രാന്റുകൾ, വെഹിക്കിൾ ടാക്സ് തുടങ്ങിയവ ഉദാഹരണമായെടുക്കണം. ഒന്നും രണ്ടും വർഷം കഴിഞ്ഞാണ് ഈ ഗ്രാന്റുകൾ പഞ്ചായത്തിലെത്തുന്നത്. ഇത് ഫണ്ടിന്റെ ദുരുപയോഗത്തിന് കാരണമാകുന്നു. ജനസംഖ്യ, ദാരിദ്ര്യരേഖക്കടിയിലെ ജനസംഖ്യ, പട്ടികജാതി ജനസംഖ്യ, സ്ത്രീകളുടെ എണ്ണം എന്നിങ്ങനെ ജനസംഖ്യാനുപാതികമായി മാത്രമേ ഗ്രാന്റുകൾ വിതരണം ചെയ്യാൻ പാടുള്ളൂ. ഗ്രാന്റുകളുടെ നീതിപൂർവ്വകമായ വിതരണത്തിന് ഇതാവശ്യമാണ്.

പട്ടിക– 1 വരുമാനത്തിലെ വ്യതിയാനം

| | ഇനം | 1991–92 | 1995–95 | വ്യത്യാസം | % |
|---|---|---|---|---|---|
| | തനത് വരുമാനം | 4,55,000/– | 7,04,000/– | +24,900 | 54.73 |
| (a) | കെട്ടിടനികുതി | 1,27,444/– | 2,91,119/– | +1,63, 675 | 128.4 |
| (b) | വിനോദനികുതി | 1,06,489/– | 1,49,566/– | +43,075/– | 40.45 |
| (c) | തൊഴിൽ നികുതി | 77,526/– | 1,48,485/– | +70,959/– | 91.53 |
| 2. | ഉപാധിരഹിത നികുതി | 2,00,437/– | 2,00,500/– | +63 0 | .01 |
| | ,, എസ്.സി.പി. | 1,42,502/– | 1,14,500/– | –28,002/– | 13.68 |
| 3. | ജെ. ആർ. വൈ. | 3,98,700/– | 4,53,256/– | 54,556/– | 13.68 |
| 4. | ഗ്രാന്റുകൾ, സംഭാവനകൾ | 1,39,761/– | 3,39,149/– | 1,99,388/– | 142.66 |
| 5. | ആകെ വരവ് | 10,59,78,369 | 19,04,210.30 | 8444267 | 79.68 |
| | ചെലവ് എസ്റ്റാബ്ലിഷ്മെന്റ് | 3,63,333/– | 4,94,819//– | 1,31,486 | 36.8 |

ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്നവരുടെ പട്ടിക വാർഡ് ക്രമത്തിൽ താഴെ കൊടുക്കുന്നു. ഇവരിൽ പക്ഷെ ഉയർന്ന സാമ്പത്തിക നില കൈവരിച്ചവർ വളരെ കുറവാണ്.

**ഗൾഫ് ജോലിക്കാർ**
**വാർഡ് തിരിച്ച കണക്ക്.**

| Ward | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | 124 | 68 | 62 | 11 | 53 | 35 | 23 | 39 | 33 | 46 | 47 | 48 | 38 |

*(അവലംബം: സാമൂഹ്യ സാമ്പത്തിക സർവ്വെ – 96)*

നമ്മുടെ പഞ്ചായത്തിൽ കച്ചവട സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസായി കഴിഞ്ഞ വർഷം 10321രൂ. 50പൈസ വസൂലാക്കിയിട്ടുണ്ട്. പക്ഷേ മുഴുവൻ കച്ചവടക്കാരേയും നികുതി കൊടുക്കുന്നവരാക്കാൻ കഴിഞ്ഞിട്ടില്ല. ലോൺ വാങ്ങേണ്ട ആവശ്യമുള്ളപ്പോഴോ, എന്തെങ്കിലും ആവശ്യങ്ങൾക്കായി പഞ്ചായത്തിൽ വരുമ്പോഴോ നികുതികൊടുക്കുന്ന ഒരു സമ്പ്രദായമാണിപ്പോഴുള്ളത്.

കാർഷികവും അല്ലാത്തതുമായ കൂലിപ്പണികളിൽ ഏർപ്പെടുന്നവരാണ് നമ്മുടെ ജനങ്ങളിൽ മറ്റൊരു വിഭാഗം.

നിലവിലുള്ള നികുതികൾ യുക്തിസഹമാക്കുകയും, പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ തങ്ങളുടേതായ പങ്ക് നിർവ്വഹിക്കലാണ് നികുതി കൊടുക്കൽ വഴി ചെയ്യുന്നതെന്ന് ജനങ്ങൾ മനസ്സിലാക്കുകയും ചെയ്താൽ പഞ്ചായത്തിന്റെ വരുമാനം കൂട്ടാൻ കഴിയും. പഞ്ചായത്തിൽ നിലവിൽ വന്നിരിക്കുന്ന വാർഡ് വികസന സമിതികളും, വാർഡ് പ്രതിനിധികളും കൂട്ടായി പരിശ്രമിച്ചുകൊണ്ട് നികുതികൊടുക്കേണ്ടവരെല്ലാം നികുതി കൊടുക്കുന്ന ആദ്യത്തെ പഞ്ചായത്താകാൻ വള്ളിക്കുന്നിനു കഴിഞ്ഞാൽ നമ്മുടെ വികസന പ്രവർത്തനങ്ങൾ വളരെ മെച്ചപ്പെട്ട രീതിയിൽ മുന്നേറും.

ഇങ്ങനെ നികുതിയായി തങ്ങളുടെ വരുമാനത്തിന്റെ ഒരു ചെറിയ ഭാഗം പഞ്ചായത്തിനു കൊടുക്കാൻ സാധ്യമാക്കുന്ന നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. വിലക്കയറ്റം ദുസ്സഹമായിക്കുന്ന ഈ കാലഘട്ടത്തിൽ നികുതി മറ്റൊരു ഭാരമാവരുത്. വരുമാനത്തിന്റെ ഒരു ചെറിയ ശതമാനമേ നികുതിയായി പാടുള്ളു. അങ്ങനെയാവുമ്പോൾ എല്ലാവരും അതു കൊടുക്കാൻ താല്പര്യമുള്ളവരാകും.
2. വരുമാനമുള്ള മുഴുവൻ ആളുകളിൽനിന്നും നികുതി വസൂലാക്കാൻ കഴിയണം.
3. നികുതികൊടുക്കുന്നത് വഴി, തങ്ങളും പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്ക് ചേരുകയാണെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തണം. അതുകൊണ്ട് തന്നെ ചിലവിന്റെ കണക്കിൽ സുതാര്യത ഉണ്ടായിരിക്കണം.
4. നികുതി പിരിക്കാൻ നേതൃത്വം കൊടുക്കാൻ വാർഡ് പ്രിതിനിധികളും വാർഡ് വികസന സമിതിയും തയ്യാറാവണം. ഇതും ഒരു വികസന പ്രവർത്തനമാണെന്ന ധാരണ പഞ്ചായത്തിലെ ബഹുജന നേതാക്കൾക്കു

ണ്ടാവണം.

5. കണക്കുകൾ കൃത്യമായി സൂക്ഷിക്കാനും അതു ജന ങ്ങളെ ബോധ്യപ്പെടുത്താനുള്ള സംവിധാനം പഞ്ചാ യത്ത് ആഫീസിൽ ഉണ്ടാകണം.

## കെട്ടിട നികുതി

ഇപ്പോൾ കെട്ടിട നികുതി കണക്കാക്കുന്നത് ശാസ്ത്രീയമായല്ല. നികുതി ചുമത്തുമ്പോൾ കെട്ടിടങ്ങ ളുടെ തറ വിസ്ത്രീർണ്ണം മാത്രമല്ല, ആഢംബരത്വവും വിലക്കൂടുതലുള്ള സാമഗ്രികളുടെ ഉപയോഗവും മാന ദണ്ഡമാക്കണം. സ്ഥിരമായ ചുമരുകളുള്ള എല്ലാ കെട്ടി ടങ്ങൾക്കും നികുതി ഏർപ്പെടുത്തണം. വീട് നിർമ്മാണ ത്തിലെ അനാവശ്യധൂർത്ത് ഒഴിവാക്കാൻ നികുതി ഏർപ്പെടുത്തുമ്പോൾ സ്ലാബ് സമ്പ്രദായം ആവിഷ്കരി ക്കാവുന്നതാണ്. വീട് അസ്സെസ്സ് ചെയ്തത് എങ്ങ നെയാണെന്ന് ഓരോ വീട്ടുടമസ്ഥനെയും ബോധ്യപ്പെ ടുത്താൻ ഉദ്യോഗസ്ഥൻമാർ തയ്യാറാവണം. അഴിമതി കുറക്കാൻ ഒരു അസ്സസ്സ്മെന്റ് കമ്മിറ്റി ഉചിതമായിരിക്കും. കാലപ്പഴക്കത്തിന്റെ അടിസ്ഥാനത്തിൽ നികുതി കുറയ്ക്ക ണമെന്ന നിർദ്ദേശം വരുമാനതോത് കുറയ്ക്കുമെന്നതി നാൽ ഇപ്പോൾ പ്രായോഗികമല്ല.

വീടുകളല്ലാത്ത കെട്ടിടങ്ങൾക്ക് വാടകയുടെ അടി സ്ഥാനത്തിൽ നികുതി ചുമത്തേണ്ടതാണ്.

നികുതി പിരിച്ചെടുക്കാനുള്ള സംവിധാനം ഒന്നു കൂടി ശക്തമാക്കേണ്ടതുണ്ട്. ഓരോ വാർഡിലും നികുതി പരിക്കുന്ന ദിവസവും സ്ഥലവും സമയവും മുൻകൂട്ടി അവിടെയുള്ള അയൽക്കൂട്ട സമിതികളെ അറിയിക്കുക. അവരുടെ ഇടപെടലോടെയും, സഹകരണത്തോടെയും നികുതി പിരിച്ചെടുക്കുന്നത് കുടിശ്ശിക ഇല്ലാതാക്കാൻ സഹായിക്കും.

## തൊഴിൽ നികുതി

പഞ്ചായത്തിലെ ഏതെങ്കിലും സർക്കാർ സ്ഥാപ നങ്ങളിലും, എയിഡഡ് സ്ക്കൂളുകളിലും മറ്റും ജോലി ചെയ്യുന്നവരിൽ നിന്നു മാത്രമേ തൊഴിൽ നികുതി ലഭി ക്കുന്നുള്ളൂ. ഇങ്ങനെ യുള്ളവരല്ലാതെ തൊഴിൽ ചെയ്യുന്ന മുഴുവൻ പേരും തൊഴിൽ നികുതി നൽകേ ണ്ടതാണ്. തൊഴിലാളികളെ മുഴുവനും പഞ്ചായത്തടി സ്ഥാനത്തിൽ ഗ്രൂപ്പ് ഇൻഷ്വുറൻസ് സ്ക്കീമിന്റെ കീഴിൽ കൊണ്ടുവരികയും അംഗത്വ മുള്ളവരിൽ നിന്ന് തൊഴിൽ നികുതി വസൂലാക്കുകയും ചെയ്യാം. ഇത് കച്ചവട ക്കാർക്കും, നിർമ്മാണ തൊഴിലാളികൾക്കും മറ്റു തൊഴി ലാളികൾക്കും ബാധകമാക്കാവുന്നതാണ്.

## വിനോദനികുതി

അത്താണിക്കാലിൽ ഒരു സിനിമ തിയേറ്റർ സ്ഥാപിക്കാനുള്ള ശ്രമത്തെ പ്രോൽസാഹിപ്പിക്കേണ്ട താണ്.

അരിയല്ലൂരിൽ ഗാലറിയുള്ള ഒരു സ്റ്റേഡിയം സ്ഥാപിച്ച് അതിൽ നടത്തുന്ന പരിപാടികൾക്ക് നികുതി ഏർപ്പെടുത്താവുന്നതാണ്.

## മറ്റു ധനാഗമ മാർഗ്ഗങ്ങൾ

ലീസ് ഭൂമി– നമ്മുടെ പഞ്ചായത്തിൽ പുഴ പുറ മ്പോക്കായി ധാരാളം ഭൂമിയുണ്ട്. ഇതു കൃത്യമായി അളന്ന് തിട്ടപ്പെടുത്തുവാനുള്ള പ്രവർത്തി അടിയന്തിര മായി നടത്തണം. ഇപ്പോൾ ലീസിന് കൊടുത്തിരിക്കുന്ന ഭൂമി തന്നെ 460 ഏക്കറോളം വരും. ലീസിന് ഭൂമി ഇന ത്തിൽ കഴിഞ്ഞവർഷം പഞ്ചായത്തിന് 4800/– കയാണ് വരുമാനം. ഇതു വളരെ കുറവാണ്. പ്രകൃതി ഒരുക്കി ക്കൊടുത്ത നല്ലൊരു വരുമാനമാർഗ്ഗം പാഴാക്കുകയാണ് ഇതുവരെ ചെയ്തത്.

ലീസ് ഭൂമിയിൽ നല്ലൊരു ഭാഗം തെങ്ങ് കൃഷിയി ടമായി മാറിക്കഴിഞ്ഞു. ഇങ്ങനെയുള്ള ഭൂമി കൈവശ ക്കാർക്ക് തന്നെ മാർക്കറ്റ് വിലയുടെ 50% വാങ്ങിക്കൊണ്ട് കൈമാറ്റം ചെയ്യണമെന്നാണ് ഒരു നിർദ്ദേശം. ഇങ്ങനെ ലഭിക്കുന്ന പണം ഒരു പ്രത്യേക ഹെഢിൽ അക്കൗണ്ട് ചെയ്യപ്പെടേണ്ടതുണ്ട്. അത് പ്രത്യുൽപ്പാദന മേഖലയിൽ മുതൽ മുടക്കുകയും ചെയ്യണം. കൃഷിചെയ്യാത്ത ഭൂമി നിർബന്ധമായും ലീസിൽ പറഞ്ഞിരിക്കുന്ന കാര്യ ങ്ങൾക്ക് മാത്രമാണ് ഉപയോഗിക്കുന്നതെന്ന് ഉറപ്പ് വരു ത്തണം. ഇതിനുള്ള ലീസ് നിരക്ക് കൂട്ടണം. ചകരി അഴു ക്കാനാണ് കൂടുതലും ലീസ് ഭൂമി ഉപയോഗിക്കുന്നത്. ഇതിനുള്ള നിരക്ക് അടിയന്തിരമായും ഉയർത്തണം. ഇങ്ങ നെയുള്ള നിരക്ക് അടിയന്തിരമായും ഉയർത്തണം. ഇങ്ങ നെയുള്ള പ്രത്യേക കാരണങ്ങൾക്കല്ലാതെ ഉപയോഗി ക്കുന്നതും വെറുതെ ഇട്ടിരിക്കുന്നതും ആയ ലീസ് ഭൂമി പഞ്ചായത്ത് തിരിച്ച് വാങ്ങേണ്ടതും ആവശ്യക്കാർക്ക് ലീസിന് കൊടുക്കേണ്ടതുമാണ്. ലീസ് ഭൂമിയിൽ ഞണ്ടു കൃഷിയുടെ സാധ്യത ഗൗരവമായി പരിഗണിക്കേണ്ട താണ്.

ചില ലീസ് ഭൂമി പാതാറായി ഉപയോഗിക്കുന്നുണ്ട്. ഇങ്ങനെയുള്ള പാതാറിൽനിന്നു പഞ്ചായത്ത് ചുങ്കമായി ഒരു ഫീസ് ചുമത്തേണ്ടതാണ്.

പുഴയോരങ്ങളിൽ തങ്ങളുടെ ഭൂമിയിൽ നിന്നു പുഴയിലേക്ക് ഇറക്കി മതിൽ കെട്ടി വ്യാപകമായ തോതിൽ കൈയേറ്റം നടക്കുന്നുണ്ട്. പഞ്ചായത്ത് ലീസ് ഭൂമി അളന്ന് തിട്ടപ്പെടുത്തി സംരക്ഷിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

## ഖനനം

നമ്മുടെ പഞ്ചായത്തിലെ പുഴയിൽ നിന്നും പുഴ

യോരങ്ങളിൽനിന്നും പ്രകൃതി വിഭവങ്ങൾ യാതൊരു നിയന്ത്രണവുമില്ലാതെ ചൂഷണം ചെയ്തുകൊണ്ടിരിക്കുന്നുണ്ട്.

1. ഇത്തിൾ: വളരെക്കാലമായി നമ്മുടെ പഞ്ചായത്തിൽ നിന്നും ഖനനം ചെയ്തുകൊണ്ടിരിക്കുന്ന പ്രകൃതി വിഭവമാണ് ഇത്തിൾ. വളരെക്കാലം മുമ്പ് ഭൂമിക്കടിയിലുണ്ടായിരുന്ന ഇത്തിൾ ഇപ്പോൾ ഏതാണ്ട് തീർന്നുകൊണ്ടിരിക്കുകയാണ്. ഇനി ഖനന സാധ്യതയുള്ള ലീസ് ഭൂമികളും ബാലാതിരുത്തി, ഹിറോസ്നഗർ പ്രദേശങ്ങളും പഞ്ചായത്തിന്റേതായി പ്രഖ്യാപിച്ച് ഇത്തിൾ ഖനനത്തിന് ഫീസ് ചുമത്തുകയും വേണം. ഇപ്പോൾ ഖനനം ചെയ്യുന്ന ഇത്തിളിൽനിന്നും പഞ്ചായത്തിന് യാതൊരു വരുമാനവും ലഭിക്കുന്നില്ല.

2. മണൽ: കഴിഞ്ഞ വർഷം നമ്മുടെ മണൽ ലേലത്തിൽ പോയത് കേവലം 905 രൂപയ്ക്കാണ്. ഇപ്രാവശ്യം ലേലതുക അല്പമെങ്കിലും വർദ്ധിച്ചിട്ടുണ്ട്.

യാതൊരു തത്വദീക്ഷയുമില്ലാതെ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ട് മണൽ വാരുകയാണ് ചെയ്യുന്നത്. എടുക്കുന്ന മണലിന്റെ അളവിന്നു മേൽ പഞ്ചായത്തിന് യാതൊരു നിയന്ത്രണവുമില്ല. മണലെടുക്കുന്നത് നിശ്ചിത സമയത്തല്ലാത്തതിനാലും പല വഴിക്കും മണൽ കടത്തുന്നതുകൊണ്ടും ഇതിന്റെ അളവ് നിയന്ത്രിക്കുക സാധ്യമല്ല. പുഴയിൽനിന്നും മണ്ണ് വാരുന്നതിനുള്ള കുത്തകാവകാശം മണൽ തൊഴിലാളികളുടെ സഹകരണ സംഘങ്ങളുണ്ടാക്കി, അവർക്ക് കൊടുക്കുക മാത്രമേ, ഇതിന് നിയന്ത്രണം കൊണ്ടുവരുന്നതിന് വഴിയുള്ളൂ. പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുവാനും ഇടത്തട്ടുകാരെ ഒഴിവാക്കുവാനും ഇതുകൊണ്ട് സാധ്യമാവും. പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ടുള്ള നിയന്ത്രണ രഹിതമായ ചൂഷണം അവസാനിപ്പിച്ച് തൊഴിൽ സാധ്യത വർദ്ധിപ്പിയ്ക്കാം.

## ബാങ്ക് ഫൈനാൻസിയേഴ്സ്

നമ്മുടെ പഞ്ചായത്തിൽ രണ്ട് സഹകരണ ബാങ്കുകളും, കനറാബാങ്ക്, സൗത്ത് മലബാർ ഗ്രാമീണ ബാങ്ക് എന്നിവയുടെ ഓരോ ശാഖയുമുണ്ട്. സ്വകാര്യ ഫൈനാൻസിയേഴ്സ് ഓരോ വാർഡിലും ഒന്നെന്ന രീതിയിൽ പ്രവർത്തിക്കുന്നു. നിക്ഷേപങ്ങളെ അപേക്ഷിച്ചു നോക്കുമ്പോൾ വായ്പകൾ വളരെ കുറവാണ്. നമ്മുടെ പഞ്ചായത്തിൽ നിന്നും സമാഹരിക്കുന്ന നിക്ഷേപങ്ങളുടെ 80-90 ശതമാനമെങ്കിലും പഞ്ചായത്തിൽ തന്നെ വായ്പയായി കൊടുക്കേണ്ടതാണ്. പഞ്ചായത്തുകൾക്ക് വായ്പ എടുക്കുവാനുല്ള സാധ്യത പുതിയ പഞ്ചായത്ത് ആക്ടിലുണ്ട്. ഗ്രാമസഭകളോ, പഞ്ചായത്തോ അംഗീകരിക്കുന്ന പദ്ധതികൾക്ക് വായ്പ കൊടുക്കാൻ ബാങ്കുകൾ ബാധ്യസ്ഥരാവുന്ന നിയമം ഈ രംഗത്ത് ഉണ്ടാവേണ്ടിയിരിക്കുന്നു.

## ചെലവുകൾ

വളരെ ദരിദ്രമായ നമ്മുടെ പഞ്ചായത്തിലെ വിഭവങ്ങൾ ചെലവഴിക്കുന്നത് ഇതുവരെ തീരെ പ്രത്യുൽപ്പാദനപരമല്ലാത്ത രീതിയിലായിരുന്നു.

പൊതുമരാമത്തിനു 55%ഉം ഭരണച്ചിലവുകൾക്ക് 28%ഉം വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം എന്നിവക്ക് 2%വും വീതമാണ് പഞ്ചായത്ത് ഫണ്ട് ചിലവഴിച്ചത് ഇതിൽ പൊതുമരാമത്തിന് ചെലവഴിച്ചത് പഞ്ചായത്ത് റോഡുകളുടെ റിപ്പയർ ജോലികൾക്കായിരുന്നു. 5000ക. വീതം ചിലവഴിച്ചു കൊണ്ടുള്ള റിപ്പയർ വർക്കുകൾ ഏതാണ്ട് എല്ലാ വാർഡുകളിലും നടത്തിയിട്ടുണ്ട്. പഴയ റോഡിനു ഇട്ട മണ്ണ് മുഴുവൻ മഴക്കാലത്ത് ഒലിച്ചുപോയി, റോഡ് വീണ്ടും പഴയ സ്ഥിതിയിലാവുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള താല്കാലിക റിപ്പയർ വർക്കുകൾ ഒരു ഗുണവും ചെയ്യുന്നില്ല എന്നു മാത്രമല്ല പഞ്ചായത്തിന്റെ ഫണ്ട് പാഴായിപ്പോവുന്നതിന് കാരണമാവുകയും ചെയ്യുന്നു. പഞ്ചായത്തിന്റെ വിഭവ ചോർച്ച തടയുന്നതിന് റോഡ് സംരക്ഷണം അനിവാര്യമാണെന്ന് കാണാം. പഞ്ചായത്തിലെ മണ്ണ് റോഡുകൾ സംരക്ഷിക്കേണ്ടതിന്റെ ഉത്തരവാദിത്വം ആ റോഡുകൾക്കിരുവശവുമുള്ള അയൽക്കൂട്ടങ്ങൾക്കായിരിക്കണം. മഴക്കാലം തുടങ്ങുന്നതിനു മുമ്പേ റോഡുകളിലുള്ള കാവച്ചാലുകൾ സന്നദ്ധ പ്രവർത്തനം വഴി ഉണ്ടാക്കണം. വെള്ളം ഒലിച്ചു പോവാൻ ചാലുകളില്ലാത്തതുകൊണ്ടാണ് റോഡുകൾ തോടുകളായി മാറുന്നത്.

നമ്മുടെ പഞ്ചായത്തിലെ ഭരണച്ചിലവുകളിൽ കാര്യമായ മാറ്റമൊന്നും വരുത്താൻ കഴിയുകയില്ല.

**ഭൂനികുതി**: ഭൂനികുതി ചില തത്വങ്ങൾ അടിസ്ഥാനമാക്കി നിർണയിക്കുന്നതിനും, അത് പിരിച്ചെടുക്കുന്നതിനും പഞ്ചായത്തുകളെ ഏൽപിക്കാം. ഇപ്പോൾ നിലവിലുള്ള നിരക്ക് വളരെ കുറവാണ്. ഏക്കറിന് 20ക/- ഇത് ഉയർത്തുന്നതിനോടൊപ്പം ഭൂമിയുടെ തരമനുസരിച്ച് നിരക്കിൽ വ്യത്യാസം വരുത്തേണ്ടതാണ്. തരിശിട്ടിരിക്കുന്ന കൃഷിയോഗ്യമായ ഭൂമിക്കും, വയൽ നികത്തിയുണ്ടാക്കുന്ന പുരയിടത്തിനും പരമാവധി നിരക്കും, വയലുകൾക്ക് ഏറ്റവും കുറവുമാവണം. ഇത് പിരിച്ചെടുക്കുന്നതിന് നേരത്തെ കെട്ടിട നികുതിയുടെ കാര്യത്തിൽ പറഞ്ഞ സമീപനം സ്വീകരിക്കാവുന്നതാണ്. ഒരു വർഷത്തിൽ തന്നെ വ്യത്യസ്ത സമയങ്ങളിലാവണം നികുതി പിരിക്കേണ്ടത്. ജനങ്ങൾക്ക് ബുദ്ധിമുട്ട് പരമാവധി കുറയ്ക്കാൻ ഇത് സഹായകമാകും.

**ഷോപ്പിങ്ങ് കോംപ്ലക്സ്** – ഒലിപ്രം കടവ് പാലം കൂടി പൂർത്തിയാവുമ്പോൾ അത്താണിക്കൽ ഒരു നല്ല ജംഗ്ഷൻ ആവാൻ സാധ്യതയുണ്ട്. അത്താണിക്കലിൽ

ഒരു ബസ് സ്റ്റാന്റ്, ഷോപ്പിങ്ങ് കോംപ്ലക്സ് ഉണ്ടാക്കിയാൽ പഞ്ചായത്തിന് നല്ല വരുമാനമാവുകയും, ഇപ്പോൾ റോഡ് സൈഡിൽ പാർക്ക് ചെയ്യുന്ന വാഹനങ്ങൾക്ക് ഒരു പാർക്കിങ്ങ് സ്ഥലമുണ്ടാവുകയും ചെയ്യും. ഇപ്പോൾ ശ്രമിച്ചാൽ അത്താണിക്കലിൽ തന്നെ പറ്റിയ സ്ഥലം ലഭ്യമാക്കാവുന്നതാണ്.

ഗ്രമാചന്ത, മത്സ്യമാർക്കറ്റ്: അത്താണിക്കലും, അരിയല്ലൂരും ഓരോ ഗ്രാമചന്ത്രയും മത്സ്യമാർക്കറ്റും തുടങ്ങുന്നതിനുള്ള നിർദ്ദേശങ്ങൾ ഗ്രാമസഭാ റിപ്പോർട്ടുകളിലുണ്ട്. ഇവയും പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കും. കൃഷി പ്രത്യേകിച്ചും പച്ചക്കറി കൃഷി അഭിവൃദ്ധിപ്പെടുകയാണെങ്കിൽ ഒരു ആഴ്ച ചന്ത അത്താണിക്കലും അരിയല്ലൂരിലും ആരംഭിക്കാവുന്നതാണ്. ഗ്രാമീണർക്ക് ഇടത്തട്ടുകാരുടെ സഹായമില്ലാതെ അവരുടെ ഉല്പന്നങ്ങൾ വില്ക്കാനും അത്യാവശ്യം വേണ്ട സാധനങ്ങൾ വാങ്ങാനും ഇതുകൊണ്ട് കഴിയും.

**കച്ചവട ലൈസൻസ്**: കച്ചവടം തുടങ്ങുന്നതിനുള്ള ലൈസൻസ് ഫീസ് വർദ്ധിപ്പിച്ചിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിൽ ഇതു ശരിയാം വിധം പിരിച്ചെടുക്കുന്നില്ല. ഇതു കൃത്യമായി പിരിച്ചെടുക്കുന്നതിന് വാർഡ് തോറും കച്ചവടക്കാരുടെ കണക്ക് ശേഖരിക്കുകയും, ലൈസൻസ് ഫീസ് പിരിച്ചെടുക്കുകയും വേണം.

**ടൂറിസം:** നമ്മുടെ പഞ്ചായത്തിൽ ടൂറിസത്തിനു വൻ സാദ്ധ്യതകളുണ്ട്. കോഴിക്കോട് നഗരത്തിനടുത്തായതുകൊണ്ട് നഗരവാസികളെ ആകർഷിക്കാൻ കഴിയും. ദേശാടന പക്ഷികളെത്തുന്ന കടലുണ്ടി അഴിമുഖവും, കോട്ടക്കുന്നും, അരിയല്ലൂരിലെ മുദിയവും അവിടെയുള്ള ചെടി നഴ്സറികളും ടൂറിസ്റ്റുകളെ ആകർഷിക്കുന്ന പ്രദേശങ്ങളാണ്. കടലുണ്ടി അഴിമുഖം കണ്ടൽച്ചെടികൾ വെച്ച്പിടിപ്പിച്ച് പക്ഷികളെ ആകർഷിക്കുന്ന ഒരു വൻ സങ്കേതമായി മാറ്റാൻ സാധ്യതയുണ്ട്.

**നാഷണൽ സേവിങ്ങ്സ് സ്കീം**: ഓരോ പഞ്ചായത്തിൽ നിന്ന് പിരിച്ചെടുക്കുന്ന ഇന്ദിരാ വികാസ് പത്രയുടെ 15 മുതൽ 25% വരെ ആ പഞ്ചായത്തിനുതന്നെ കിട്ടുന്ന ഒരു വ്യവസ്ഥ ഇപ്പോഴുണ്ട്. അതുകൊണ്ട് പഞ്ചായത്ത് ഭരണസമിതിയും, അയൽകൂട്ടങ്ങളും ഇടപെട്ടുകൊണ്ട് പഞ്ചായത്തിൽനിന്നും പരമാവധി സമ്പാദ്യനിക്ഷേപം (മഹിളാ പ്രധാൻ ഏജന്റ്സ് മുഖേന) ഉണ്ടാക്കിയാൽ പഞ്ചായത്തിന് ഒരു വരുമാനമായി.

**മനുഷ്യാധ്വാനം**: നമ്മുടെ പഞ്ചായത്തിലെ ഏറ്റവും പ്രധാനമായ വിഭവം മനുഷ്യവിഭവം തന്നെയാണ്. എല്ലാ ഗ്രാമ സഭാ റിപ്പോർട്ടുകളിലും മനുഷ്യാധ്വാനം വികസന പ്രവർത്തനങ്ങൾക്ക് സംഭാവന ചെയ്യാനുള്ള പ്രഖ്യാപനങ്ങൾ ഉണ്ടായിട്ടുണ്ട്. ജാതി, മത, കക്ഷി ചിന്തകൾക്കതീതമായി സ്വന്തം നാടിന്റെ വികസനത്തിന് തന്റെ അദ്ധ്വാനം കൊണ്ട് സംഭാവന നൽകുക എന്നത് വളരെ മഹത്തരമായ ഒരാശയമാണ്.

പഞ്ചായത്തിലെ ചെറിയ റോഡുകൾ മഴക്കാലം വരുന്നതിനു മുമ്പ് കാവച്ചാലുകൾ ഉണ്ടാക്കി മഴക്കാലത്ത് റോഡ് ചീത്തയാവാതെ സൂക്ഷിക്കാൻ ആ റോഡ് ഉപയോഗിക്കുന്നവരും, ആ റോഡിന് ഇരുവശവും താമസിക്കുന്നവരും മനസ്സ് വച്ചാൽ മതി. പഞ്ചായത്തിന്റെ സഹായം വേണ്ടിടത്ത് അത് സ്വീകരിക്കുകയുമാവാം.

പഞ്ചായത്തിലെ സ്കൂളുകളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ അയൽക്കൂട്ട സമിതികൾ വിചാരിച്ചാൽ കഴിയും. പൂർണ്ണ സാക്ഷരമായ നമ്മുടെ പഞ്ചായത്തിൽ എല്ലാ അയൽകൂട്ടങ്ങളിലും എസ്. എസ്. എൽ. സി. പാസ്സായവരും അതിനു മുകളിൽ യോഗ്യതയുള്ളവരും ധാരാളമായുണ്ട്. തങ്ങളുടെ അയൽകൂട്ടങ്ങളിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ ഇവർ വിചാരിച്ചാൽ മതി.

എല്ലാ ബഹുജന സംഘടനകൾക്കും സ്വാധീനമുള്ള പഞ്ചായത്താണ് നമ്മുടേത്. അതുകൊണ്ട് തന്നെ ബഹുജന സംഘടനകളുടെ ഇടപെടൽ ഈ മേഖലയിൽ വമ്പിച്ച മാറ്റങ്ങൾ ഉണ്ടാകും.

മുകളിൽ എഴുതിയത് മനുഷ്യാദ്ധ്വാനം, വികസന പ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടാവുന്ന ചില മേഖലകൾ മാത്രമാണ്. ഗ്രാമസഭകളിലെ റിപ്പോർട്ടുകളിൽ, റോഡുണ്ടാക്കുന്നതിനും, റോഡുകൾ സംരക്ഷിക്കുന്നതിനും, തോടുകൾ വെട്ടുന്നതിനും, പരിസര മാലിന്യം ഇല്ലാതാക്കുന്നതിനും, വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും, ആരോഗ്യ കേന്ദ്രങ്ങൾ മെച്ചപ്പെടുത്തുന്നതിനുമൊക്കെയുള്ള നിർദ്ദേശങ്ങൾ ഉണ്ട്. ■



## 5.12
# ടൂറിസം

വള്ളിക്കുന്ന് പഞ്ചായത്തിനെ കടലുണ്ടി പഞ്ചായത്തും കോഴിക്കോട് ജില്ലയുമായി വേർതിരിക്കുന്ന കടലുണ്ടിപുഴ, നീലഗിരി - സൈലന്റ് വാലി വനങ്ങളിൽ നിന്നു ഉത്ഭവിച്ച് 130 കി. മീറ്ററോളം സഞ്ചരിച്ച് കടലുണ്ടി പാലത്തിനു കിഴക്കുഭാഗത്ത് വെച്ച് രണ്ടായി പിരിഞ്ഞ് പരന്നൊഴുകി അഴിമുഖത്ത് വെച്ച് വീണ്ടും ഒന്നിക്കുന്നു. തീരപ്രദേശങ്ങളെ ഫലഭൂയിഷ്ടമാക്കാനും തുരുത്തുകൾ സമ്മാനിച്ച് വള്ളിക്കുന്നിനെ മനോഹരമാക്കാനും പ്രകൃതിയുടെ വരദാനമായ കടലുണ്ടി പുഴയ്ക്കാവുന്നു.

കടലുണ്ടി പുഴയുടെ 60 ഏക്കറോളം സ്ഥലം ചളി പ്രദേശമാണ്. ഇവിടെ വർണ്ണ മനോഹരമായ വിവിധ ഇനം പക്ഷികളുടെ വിഹാര കേന്ദ്രമാണ്. ആയിരക്കണക്കിനുവരുന്ന ദേശാടന പക്ഷികളുടെ സംഗമഭൂമിയായ പ്രസ്തുത പ്രദേശം അധികൃതരുടെ അനാസ്ഥ നേരിടുന്നു. അറുപത് ഇനത്തോളം വിദേശ പക്ഷികളും നൂറ് ഇനത്തോളം വരുന്ന ദേശീയ പക്ഷികളും ഇവിടെ വിരുന്നുകാരായി വരുന്നു. വർഷങ്ങൾക്കുമുമ്പ് തന്നെ ഇവിടെ പക്ഷികളുടെ സങ്കേതമായിരുന്നുവെന്ന് ജനങ്ങൾ അഭിപ്രായപ്പെടുന്നുണ്ട്. വൻതോതിലുള്ള ചകിരി പൂഴ്ത്തൽ കാരണം കണ്ടൽച്ചെടികൾ നഷ്ടമായത് പക്ഷികൾ ഇവിടംവിട്ടകലാൻ കാരണമായി. പിന്നീട് ദീപ, കുമാർ നാരായണകുറുപ്പ്, ആർ നമശിവായം, പ്രോഫ. കെ. കെ. നീലകണ്ഠൻ, വി. കെ. ഉത്തമൻ തുടങ്ങിയ ശാസ്ത്രജ്ഞരുടെയും പക്ഷി സ്നേഹികളുടെയും ഗവേഷണ പ്രവർത്തനങ്ങളുടെ ഫലമായി ഈ പ്രദേശങ്ങളിൽ പക്ഷിവേട്ട നിരോധിക്കാനും പക്ഷി സങ്കേതമായി മാറ്റുവാനും വള്ളിക്കുന്ന് - കടലുണ്ടി പഞ്ചായത്തു ഭരണ സമിതി പാസ്സാക്കിയ പ്രമേയങ്ങൾ സഹായിച്ചു. വള്ളിക്കുന്നിൽ ഒരു നേചർ ക്ലബ്ബും കടലുണ്ടിയിൽ പക്ഷി സങ്കേതവികസനസമിതിയും (Regd) നിലവിലുണ്ട്. കാലിക്കറ്റ് യൂണിവേഴ്സിറ്റി കടലുണ്ടി അഴിമുഖത്തെ പക്ഷി നിരീക്ഷണ കേന്ദ്രമായി പ്രഖ്യാപിച്ചു.

### ഇവിടം സന്ദർശിക്കുന്ന വിവിധം ഇനം പക്ഷികൾ

ഗ്രേറ്റ് നോട്ട് (കാർഡ്രിസ് ടിനുയുറിസ്ട്രസ്)

സലിംഅലിയും റിപ്പലിയും തെക്ക് പടിഞ്ഞാറൻ കത്യാവറിൽ കണ്ടെത്തിയതിനുശേഷം കടലുണ്ടി പ്രദേശത്താണ് ഇതിനെ വീണ്ടും കാണുന്നത്.

കാമ്പ് പ്ലോവർ (ഡ്രോമാസ് അർഡിയാല)

ഡൺലിൻ (കൽഡ്രീസ് അൽമ്മിന)

ബാർ-ടെയിൽഡ് ഗോഡ്വിറ്റ് (ലിമോസ ലപ്പേനിക)

ബ്ലേക്ക് ടെയിൽസ് ഗോഡ്വിറ്റ് (ലിമോസ ലിമോസ)

ഗ്രേ പ്ലോവർ (ഫ്ളുവിലിസ് സ്കോട്ടേലോറ)

അവോസറ്റ് (റികുറിറോസ്ട്ര അഖോസറ്റ)

സാന്റ്‌വിച്ച് ട്രേൺ (സ്ട്രേനാ സാന്റ്‌വൈസൻസ്)

ടെമിംങ്ങസ് സിന്റ് (കാലിഡ്രസ് ടെമ്മിംങ്ങൽ)

സാന്റർലിംങ്ങ് (കാലിഡ്രിസ് അൽബ)

മണൽകോഴി ട്രീക്ക് സാന്റ് പൈപ്പർ
(ക്ലിനസ് സിനോറസ്)

ബ്ലാക്ക് വിങ്ങ്ഡ് സ്റ്റിൽറ്റ്

ഓസ്പ്രേ - താലിപരുന്ത്

ദേശാടന പക്ഷികൾ കടലുണ്ടി അഴിമുഖത്തെ ആശ്രയിക്കുന്നതിനു പ്രധാനകാരണം ഇഷ്ടഭോജനമായ ഞണ്ടുകൾ, കക്കകൾ, മത്സ്യക്കുഞ്ഞുങ്ങൾ എന്നിവ സുലഭമായി ഇവിടെ ലഭിക്കുന്നുണ്ട് എന്നതാണ്.

കണ്ടൽ ചെടികളുടെ വേരുകൾക്കിടയിൽ മത്സ്യക്കുഞ്ഞുങ്ങൾ സുരക്ഷിതരാകയാൽ ഈ മേഖല പക്ഷികളെ ആകർഷിക്കുകയാണ്. കടലുണ്ടി അഴിമുഖം പോലെ പക്ഷികൾ എത്തുന്ന വേറൊരു മേഖല കേരളത്തിലില്ലെന്ന് ഓർക്കുക. ഓരോ സീസണിലും ഓരോ പുതിയ ഇനം പക്ഷികൾ ഇവിടം സന്ദർശിക്കാറുണ്ട്.

പക്ഷി സങ്കേതം സംരക്ഷിക്കാനും വികസിപ്പിക്കാനും ആവശ്യമായ ചില നിർദ്ദേശങ്ങൾ:

1. പക്ഷികൾക്ക് സ്വൈരമായി വിഹരിക്കാനാവശ്യമായ കണ്ടൽചെടികൾ നട്ടുവളർത്തുക. ഈ പ്രദേശത്തെ ചെകരി പൂഴ്ത്തൽ മറ്റു മേഖലകളിലേയ്ക്ക് മാറ്റുക.
2 പക്ഷി വളർത്തു കേന്ദ്രം സംരക്ഷിക്കുകയും, ഒരു ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിക്കുകയും ചെയ്യുക. എക്കോ ടൂറിസം (പരിസ്ഥിതി പ്രശ്നം ഉടലെടുക്കാത്ത സ്വാഭാവിക ടൂറിസം) വളർത്തിയെടുക്കുക. അതോടൊപ്പം വിദ്യാഭ്യാസ ടൂറിസമായി ഇതിനെ പരിവർത്തിക്കണം.
3. പക്ഷി സങ്കേതത്തോടനുബന്ധിച്ച് ഒരു പക്ഷിനിരീക്ഷണ കേന്ദ്രം സ്ഥാപിക്കുക. ആധുനിക നിരീക്ഷണോപകരണങ്ങൾ (ബൈനോകുലർ, ടെലിസ്കോപ്പ് തുടങ്ങിയവ) സ്ഥാപിക്കുക.
4. പഞ്ചായത്ത് അതിർത്തിക്കുള്ളിലും പക്ഷിസങ്കേതത്തിന് അകലെയുമല്ലാതെ ഒരു ഇൻഫൊർമേഷൻ കേന്ദ്രം സ്ഥാപിക്കുക. അവിടെ ഒരു ഗൈഡിനെ നിയമിക്കണം.
5. പുഴയിൽ വിനോദസഞ്ചാരികളെയും പക്ഷിനിരീക്ഷകരേയും സഹായിക്കാൻ മോട്ടോർ പിടിപ്പിച്ച ടൂറിസ്റ്റ് ബോട്ടുകൾ ഏർപ്പെടുത്തുക.
6. ഇൻഫൊർമേഷൻ സെന്ററിൽ ഒരു പ്രോജക്ടർ സ്ഥാപിച്ച് സന്ദർശകർക്ക് അപൂർവ്വ പക്ഷികളെയും മറ്റു ജനവിഭാഗങ്ങളെയും ഫിലിം വഴി കാണാൻ സംവിധാനം ഉണ്ടാക്കുക.
7. ഒരു പക്ഷി മ്യൂസിയം സ്ഥാപിക്കുക.
8 മലബാർ പ്രദേശത്തെ കോളേജ് - സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രത്യേകിച്ചും ആകർഷകമായ താഴെ പറയുന്ന കേന്ദ്രങ്ങൾ സ്ഥാപിക്കുക.
   1. സയൻസ് മ്യൂസിയം 2. സ്നേക്ക് പാർക്ക് 3 എമ്യൂസ്മെന്റ് പാർക്ക് 4. ഏവിയേറിയം
9. കോട്ടക്കടവിൽ നിന്ന് ബലാതിരുത്തിയിലേക്ക് 10 അടി വീതിയിൽ ഒരു നടപ്പാലം നിർമ്മിക്കുക. 3 ദ്വീപുകളെ ബന്ധിപ്പിക്കുന്ന നടപ്പാലം നിലവിലുള്ളതിനാൽ ഈ പുതിയ നടപ്പാലത്തോടെ ടൂറിസ്റ്റുകൾക്ക് പക്ഷി സംരക്ഷണകേന്ദ്രത്തിൽ എല്ലാ ഭാഗത്തും എത്തിപ്പെടാൻ കഴിയും.

ഇവയെല്ലാം ബഹുജനപങ്കാളിത്തത്തോടെ നടപ്പിലാക്കാവുന്നതാണ്.

വിനോദത്തോടൊപ്പം വിജ്ഞാനവിതരണവും ഫലപ്രദമാക്കാൻ സഹായിക്കുന്നതാണ് ഈ നിർദ്ദേശങ്ങൾ. ■






# 5.12

# ഉപസംഹാരം

നിലവിലുള്ള വികസന സമീപനം അശാസ്ത്രീയവും ജനവിരുദ്ധവുമാണ്. റോഡും പാലവും കുടിവെള്ളവുമായാൽ വികസനമായി എന്ന മനോഭാവം എവിടെയും നിറഞ്ഞുനില്ക്കുന്നു. ഉല്പാദന പ്രക്രിയ വികസന വീക്ഷണത്തിൽ നിന്ന് അന്യം നില്ക്കുകയാണ്. കാർഷിക- വ്യവസായിക മേഖലകളുടെ വളർച്ചയിലൂടെ സേവനമേഖല വികസിപ്പിക്കുന്ന വികസിത തന്ത്രമാണ് ഇന്നാവശ്യം.

വികസനം, ഡിപ്പാർട്ടുമെന്റുകളുടെ വികസനേതര താല്പര്യങ്ങളിൽ കുരുങ്ങിക്കിടക്കുന്ന ഇന്നത്തെ നില മാറിയേ തീരൂ. സാർവ്വത്രികമായ അഴിമതിയിൽ നിന്ന് വികസനരംഗം വിമോചിപ്പിക്കപ്പെടണം. ജനപങ്കാളിത്തവും ജനജാഗ്രതയും ഊട്ടിവളർത്തി, വികസന പ്രക്രിയ ഊർജ്ജസ്വലമാക്കുകയാണ് അതിനുള്ള മാർഗ്ഗം.

ഫണ്ടില്ലാതെ വികസനം സാദ്ധ്യമല്ല. ഫണ്ട് സമാഹരണത്തിന് പുതിയ പാതകൾ വെട്ടിത്തുറക്കാൻ ഗ്രാമ പഞ്ചായത്തുകൾക്കാവണം. സർക്കാറേതര ഏജൻസികളെ കണ്ടെത്തി, പറ്റിയ പദ്ധതികൾ സമർപ്പിച്ച് ഫണ്ട് ശേഖരിക്കാൻ വിഷമമില്ല.

പദ്ധതികൾ നടപ്പാക്കുമ്പോൾ, വസ്തുനിഷ്ഠ സമീപനം പ്രായോഗികമാക്കണം.

സാമൂഹിക-രാഷ്ട്രീയരംഗത്തുള്ള എല്ലാ തർക്കങ്ങൾക്കും കാരണം, പ്രശ്നങ്ങളെ മനോനിഷ്ഠമായി വിലയിരുത്തുന്നതാണ്.. വസ്തുനിഷ്ഠമായി, തെളിവിന്റെ അടിസ്ഥാനത്തിൽ പ്രശ്നങ്ങൾ വിശകലനം ചെയ്യുന്നതോടെ തർക്കവിതർക്കങ്ങൾ ഇല്ലാതാവും, ഐക്യം വളർന്നുവരുകയും ചെയ്യും. വിഭവ ഭൂപടങ്ങൾ, സർവ്വെ റിപ്പോർട്ടുകൾ എന്നിവ എല്ലാ വികസന പ്രക്രിയകൾക്കും വസ്തുനിഷ്ഠമായ അടിത്തറയാണ് നൽകുന്നത്.

ആസൂത്രണം അർത്ഥവത്താവുന്നത്, വികസന ഉപാധികളെ ഫലപ്രദമായി ഉപയോഗപ്പെടുത്തുമ്പോഴാണ്.

ജനകീയവും കാര്യക്ഷമവുമായ മാനദണ്ഡങ്ങളെ ആധാരമാക്കി വേണം മുൻഗണനകൾ നിർണ്ണയിക്കാൻ. മുൻഗണനാ ക്രമത്തിൽ പദ്ധതികൾ നടപ്പിലാക്കാനുള്ള പ്രതിബന്ധത പഞ്ചായത്തുകൾക്കുണ്ടാവണം.

പ്രകൃതി വിഭവങ്ങൾ, ജനവിഭവങ്ങൾ എന്നിവ പ്രയോജനപ്പെടുത്തി, ചരിത്രപരമായ സാഹചര്യ ബന്ധങ്ങളെ വിശകലനം ചെയ്ത്, പ്രായോഗിക ബുദ്ധിയോടെ നമ്മുടെ പദ്ധതികൾ രൂപപ്പെടുത്താൻ കഴിയണം. ഗ്രൂപ്പ് ചർച്ചകൾ നടത്തിയ എല്ലാ വിഷയങ്ങളിലും നിർദ്ദേശങ്ങളെ സ്കീമുകളായും പദ്ധതികളായും രൂപപ്പെടുത്തുന്നതിന് വിദഗ്ദസമിതികൾക്ക് കഴിയും. സർക്കാരേ

തര ഏജൻസികളിൽ നിന്ന് പരമാവധി ഫണ്ട് സമാഹരിക്കാനുള്ള ജാഗ്രത പാലിക്കണം. അവരുടെ നിബന്ധനകൾ പഠിച്ച്, പ്രൊജക്ടുകൾ സമർപ്പിക്കുന്നതിന് അതാത് വിഷയങ്ങളിൽ വിദഗ്ധ സംഘം സ്ഥിരമായി പ്രവർത്തിച്ചേ തീരൂ.

സർക്കാർ നൽകുന്ന 40% പദ്ധതിവിഹിതം തന്നെ, കഴിഞ്ഞകാലങ്ങളിലെ സാമ്പത്തിക നിലയെക്കാൾ വലിയ നേട്ടങ്ങൾക്ക് കാരണമാണ്. അഞ്ചാം പദ്ധതിക്കുള്ള ആകെ തുക 14,800 കോടി രൂപയാണ്. ഇതിന്റെ 40% എന്നാൽ 5,920 കോടി രൂപയാണ്. ഇതിന്റെ പകുതി 2,960 കോടി ഗ്രാമപഞ്ചായത്തുകൾക്ക് കിട്ടാനിടയുണ്ട്. ചുരുങ്ങിയത് 25% ജനവിഹിതം ലഭിക്കാനിടയാവും എന്ന് പ്രതീക്ഷിക്കണം. എങ്കിൽ പ്രതിവർഷം പഞ്ചായത്തിന് ലഭിക്കാനിടയുള്ള തുക 72.9 ലക്ഷമാണ്. വികസനരംഗത്ത് ഇതൊരു കുതിച്ചു ചാട്ടത്തിന് കാരണമാവും എന്നുറപ്പാണല്ലോ.

ആസൂത്രണം അടിത്തട്ടിൽ നിന്ന് മേല്പോട്ടാവുന്നതു മൂലമുള്ള ജനാധിപത്യപരമായ നേട്ടങ്ങൾക്കൊപ്പമാണ് ഈ വികസന മുന്നേറ്റം നേടാനാവുന്നത്. ജനകീയാസൂത്രണം, ജനങ്ങളുടെ പ്രത്യാശകളെ ഉത്തേജിപ്പിക്കുന്ന ഒരു വിനോദവേലയല്ല, മറിച്ച് ജനോപകാരപ്രദമായ ജനകീയ പദ്ധതികൾ ശീഘ്രഗതിയിൽ, ഫലപ്രദമായി നടപ്പാക്കാനുള്ള സാമൂഹ്യായുധമാണ്.

അതുകൊണ്ടുതന്നെ നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ "സമഗ്രവികസന രേഖ" സമ്പുഷ്ടമാക്കി, കാര്യം സമ്പൂർണ്ണമായി നടപ്പിലാക്കാനുള്ള പ്രതിബന്ധത നാം നിലനിർത്തിയേ തീരൂ. കക്ഷി രാഷ്ട്രീയത്തിന്നതീതമായി ജനത, ഒറ്റക്കെട്ടായി വികസനത്തിന്റെ രാഷ്ട്രീയത്തിൽ മുഴുകിയാൽ, യഥാർത്ഥ ജനകീയ രാഷ്ട്രീയം അതിൽ നിന്ന്, പാലാഴി മഥനത്തിൽ നിന്ന് അമൃതകുംഭം എന്നതുപോലെ, ഉയർന്നുവരുമെന്നത് സ്വാഭാവികം മാത്രമാണ്. അയൽക്കൂട്ടങ്ങളുടെ – ഗ്രാമസഭകളുടെയും – ജനകീയ ശക്തിയിൽ, ഗ്രാമവികസനത്തിന്നൊരു് വേലിയേറ്റം സൃഷ്ടിക്കുവാൻ നമുക്ക് കഴിയും, കഴിയണം.

മഹത്തായ ഈ പ്രതീക്ഷ നിറവേറ്റാൻ സമീപകാലത്തുതന്നെ നമുക്ക് കഴിയുമെന്ന പ്രത്യാശയോടെ ഈ 'സമഗ്രവികസന രേഖ' വള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത് വികസന സെമിനാറിന് മുമ്പാകെ സമർപ്പിക്കുന്നു; വിശദമായ വിശകലനത്തിനും ചർച്ചക്കും പരിഷ്കരണത്തിനും വേണ്ടി. ■

"ഗ്രാമത്തിന്റെ തുടിപ്പുക
ളെല്ലാം നാമറിയുന്നൊ
രു നേരം നമ്മുടെ കാ
ര്യം നമ്മുടെ കയ്യിൽ
സുഭദ്രമാകും കാലം"




# വള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത് പ്രവർത്തന രേഖ

**1995** ഒക്ടോബർ 2നാണ് വള്ളിക്കുന്നു ഗ്രാമ പഞ്ചായത്ത് ഭരണസമിതി അധികാരമേറ്റത് എല്ലാ രാഷ്ട്രീയപ്പാർട്ടി പ്രവർത്തകരേയും ക്ഷണിച്ചുകൊണ്ട്, സാംസ്കാരിക നിലയത്തിന്റെ മുറ്റത്ത് പ്രത്യേകം കെട്ടിയുണ്ടാക്കിയ പന്തലിൽവെച്ച് നടന്ന സത്യപ്രതിജ്ഞാ ചടങ്ങിൽ വമ്പിച്ച ബഹുജന പങ്കാളിത്തമുണ്ടായി. കക്ഷി രാഷ്ട്രീയത്തിന്നതീതമായി അഴിമതിരഹിത ഭരണം കാഴ്ചവെക്കുമെന്നും വികസന രംഗത്ത് ജനകീയ പങ്കാളിത്തം ഉറപ്പാക്കാമെന്നും പ്രസ്തുത ചടങ്ങിൽ പഞ്ചായത്തംഗങ്ങൾക്ക് വേണ്ടി യു. കലാനാഥൻ പ്രഖ്യാപിക്കുകയുണ്ടായി. ഈ പ്രഖ്യാപനം യാഥാർത്ഥ്യമാക്കാനുള്ള പ്രവർത്തനങ്ങളാണ് പിന്നീട് നിരന്തരമായി നടത്തിയത്.

വ്യവസായികമായി പിന്നോക്കം നില്ക്കുന്ന മലപ്പുറം ജില്ലയിലെ ഒരു പഞ്ചായത്താണെന്ന തിരിച്ചറിവോടുകൂടി ആദ്യമായി ഒക്ടോബർ 25ന് തന്നെ ഒരു വ്യവസായിക സെമിനാറാണ് സംഘടിപ്പിച്ചത്. വ്യവസായ കുതുകികളായ 60-ൽപരം പേർ ഈ സെമിനാറിൽ പങ്കെടുക്കുകയുണ്ടായി അതിൽ പലരും പിന്നീട് വ്യവസായം ആരംഭിക്കാനുള്ള ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. വൈദ്യുതി മേഖലയിലെ പ്രതിസന്ധി മൂലം പലരും പിന്തിരിയുകയാണ് ചെയ്തത്.

15.1.95ന് പഞ്ചായത്തുതല കാർഷികവികസന സമിതി സംഘടിപ്പിക്കുകയുണ്ടായി. അടിയന്തിരമായി ചെയ്യേണ്ട കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു വാർഷിക കർമ്മ പരിപാടിക്ക് രൂപം കൊടുത്തു. വിപുലമായ ഒരു കാർഷിക സെമിനാർ 15.1.95ന് സംഘടിപ്പിച്ചു. കൃഷി ഡെപ്യൂട്ടി ഡയറക്ടറടക്കമുള്ള സങ്കേതിക വിദഗ്ദർ അതിൽ പങ്കെടുക്കുകയുണ്ടായി. കൃഷി ഭവന്റെ നേതൃത്വത്തിൽ ചിങ്ങം 1ന് മറ്റൊരു കാർഷിക സെമിനാർ നടത്തി. 18-07-96ന് കാർഷിക വിദഗ്ദരെ ക്ഷണിച്ച് കാർഷിക സ്കീമുകളെക്കുറിച്ചു ചർച്ച നടത്തി.

പഞ്ചായത്തുതല സാംസ്കാരിക സമിതിയാണ് പിന്നീട് സംഘടിപ്പിച്ചത് (06- 05-96) പഞ്ചായത്തിലെ 23 ആർട്സ് ക്ലബ്ബ് പ്രതിനിധികളും പൊതു സാംസ്കാരിക പ്രവർത്തകരും സംഘാടകയോഗത്തിൽ പങ്കെടുക്കുകയുണ്ടായി. ഈ സമിതി ഒരു നയപ്രഖ്യാപന രേഖ ചർച്ച ചെയ്തംഗീകരിച്ചു. ഒരു ഭരണഘടനയ്ക്ക് രൂപം കൊടുത്തു. വാർഷിക പ്രവർത്തന പരിപാടി തയ്യാറാക്കുകയും അംഗീകരിക്കുകയും ചെയ്തു. കേരളോത്സവം ഭംഗിയായി സംഘടിപ്പിക്കുകയും കലാതല്പരരെ അതിൽ വ്യാപകമായി പങ്കെടുപ്പിക്കുകയും ചെയ്തു.

ഓണഘോഷം വിജയകരമായി നടത്തിയതും, കേരളോത്സവത്തിനോടനുബന്ധിച്ചുള്ള കായിക മത്സരങ്ങൾ വിജയിപ്പിച്ചതും പഞ്ചായത്തു തല കായിക സമിതിയാണ്. കായിക സമിതിയും സാസ്കാരിക സമിതിയും രൂപീകരിച്ചത് 31-01-96 ന്നാണ്. കായിക വിനോദങ്ങളിൽ നിരന്തരമായി മിനീ സ്റ്റേഡിയത്തിൽ പരിശീലനം നടത്തുന്നുണ്ട്.

വരൾച്ചയുടെ കെടുതിയും ഒപ്പം ഉപ്പുവെള്ളത്തിന്റെ കയറ്റവും കൊണ്ട് വിഷമിക്കുന്നു പ്രദേശമാക

യാൽ ഒരു മണ്ണ്–ജല സംരക്ഷണസമിതി 20– 07–96 ന് രൂപീകരിക്കുകയുണ്ടായി. ജില്ലാ തല വിദഗ്ദർ ഈ രൂപീകരണ യോഗത്തിൽ പങ്കെടുത്ത് വിശദീകരണം നല്കി. 1 ഏക്ര ഭൂമിയിൽ 10 നീർക്കുണ്ടുകൾ നിർമ്മിക്കാനും പറമ്പുകളിൽ വരമ്പുകളിട്ട്, നീരൊഴുക്ക് തടയാനും വാർഡ്തല യോഗങ്ങൾ വിളിച്ച് പ്രവർത്തനം ആസൂത്രണം ചെയ്തു. ഈ പ്രവൃത്തി ഏറ്റെടുക്കാൻ പറമ്പുടമകൾക്ക് നിർദ്ദേശം നല്കി. ഭൂമിക്കടിയിലെ ജലവിതാനം ഉയർത്തി വരൾച്ച നേരിടാനാണ് ഈ പരിപാടി ലക്ഷ്യമിട്ടത്.

ജാപ്പാനീസ് പനിയുടെ ഭീഷണി നേരിടാനുള്ള ശ്രമത്തിന്റെ ഭാഗമായി ഒരു പഞ്ചായത്തുതല ആരോഗ്യ സമിതി 28–02–96 ന് രൂപീകരിച്ചു. സമിതിയുടെ നേതൃത്വത്തിൽ പ്രതിരോധമരുന്നുകൾ സൗജന്യമായി വിതരണം ചെയ്തു. രണ്ട് ഹോമിയോ മെഡിക്കൽ കേമ്പുകൾ സംഘടിപ്പിച്ചു. ഒരു വർഷത്തേയ്ക്കുള്ള ഒരു പ്രവർത്തന പരിപാടിക്ക് രൂപം കൊടുത്തു. ഡോ. അബ്ദുള്ള, ഡോ. വി. പി. ശശിധരൻ എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. കൊതുക് നശീകരണത്തിന് കിണർജലം ക്ലോറിനേറ്റ് ചെയ്തു. പഞ്ചായത്തിലെ എല്ലാ ലാട്രിൻ ഔട്ട് ലൈറ്റ് പൈപ്പുകളിലും ജീർണ്ണിച്ച വലകൾ മാറ്റി സ്ഥാപിച്ചു; ഫ്രഷ് ഔട്ടുവഴി ടാങ്കുകളിൽ മണ്ണെണ്ണപ്പാടങ്ങൾ സൃഷ്ടിച്ചു. കൊതുക് നിയന്ത്രണം ഫലപ്രദമാക്കാനായി. കോളറ നേരിടാൻ വീണ്ടും ക്ലോറിനേഷൻ നടത്തി. ഒരു പ്രതിരോധ ഹോമിയോ കേമ്പും സംഘടിപ്പിച്ചു. ഒരു കേൻസർ ഡിറ്റക്ഷൻ കേമ്പ് അടുത്തു തന്നെ നടത്താൻ തീരുമാനമായിട്ടുണ്ട്.

04–06–96ന് പഞ്ചായത്ത് തല വിദ്യാഭ്യാസസമിതി രൂപീകരിച്ചു. വിദ്യാഭ്യാസ രംഗത്ത് ചെയ്യേണ്ട നടപടികൾ ചർച്ച ചെയ്ത് ഒരു സമഗ്രവിദ്യാഭ്യാസ പദ്ധതിക്ക് രൂപം കൊടുത്തു. 260–ൽപരം അധ്യാപകർ പങ്കെടുത്ത വിപുലമായ ഏകദിന കൺവൻഷൻ 25–06–96ന് സംഘടിപ്പിച്ചു. കൊടക്കാട് ശ്രീധരൻ മുഖ്യഭാഷണം നടത്തി. എൽ. പി, യു. പി, എച്ച്. എസ്. വിദ്യാർത്ഥികളിൽ അക്ഷരജ്ഞാനവും അക്കജ്ഞാനവും കണ്ടുപിടിക്കുവാൻ ടെസ്റ്റ് നടത്തി. 10 ദിവസത്തോളം പരിഹാര ബോധനം നടത്താൻ പരിപാടിയിട്ട് എൽ. പി, യു. പി. അദ്ധ്യാപകർക്ക് വേണ്ടി ഒരു പരിഹാര ബോധനം സംബന്ധിച്ച് ഒരു ക്ലാസ് 06–07–96ന് സംഘടിപ്പിച്ചു. എസ്. എസ്. എൽ. സി. വിദ്യാർത്ഥികളുടെ അടക്കം എല്ലാ ക്ലാസ്സിലും വിജയശതമാനം കൂട്ടാനും പഠന നിലവാരം ഉയർത്താനും ഹെഡ് മാസ്റ്റർമാരുടെ അംഗീകാരത്തോടെ പരിപാടിയിട്ട് ശരാശരിയിൽ താഴെ മാർക്കുള്ള കുട്ടികളെ തിരഞ്ഞുപിടിച്ച് പ്രത്യേക ബോധനം നൽകാനും തീരുമാനിച്ചിട്ടുണ്ട്. ഈ പരിപാടി വിജയിപ്പിക്കാൻ PTA കളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

പഞ്ചായത്ത് ലവൽ വനിതാസമിതിയാണ് അവസാനമായി സംഘടിപ്പിച്ചത്. 17–09–96 ന് ചേർന്ന രൂപീകരണയോഗത്തിൽ 138 വനിതകൾ പങ്കെടുത്തു. അപ്രതീക്ഷിത വിജയമാണ് ഈ കൺവൺഷന്റെ കാര്യത്തിലുണ്ടായിട്ടുള്ളത്. വനിതാ മേഖല നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് ശ്രീമതി സുദർശനാബായ് , ശ്രീമതി ബീന്ദു, ശ്രീമതി രശ്മി, ശ്രീമതി സിസിലി, ശ്രീമതി വിലാസിനി എന്നിവർ വിശദീകരിച്ചു. വനിതാരംഗം പഠിക്കുവാൻ ഒരു സർവ്വേ സംഘടിപ്പിക്കുവാൻ വനിതാസമിതി തീരുമാനിച്ചിട്ടുണ്ട്.

മേൽപറഞ്ഞ ബഹുജനസംഘടനകൾ വഴി പൊതുജനങ്ങളെ പഞ്ചായത്തു പ്രവർത്തനവുമായി ഫലപ്രദമായി യോജിപ്പിച്ചു നിർത്താൻ കഴിഞ്ഞിട്ടുണ്ട്. ഈ ജനകീയ പങ്കാളിത്തം അടിത്തട്ടിലോളം എത്തിക്കുവാനാണ് പഞ്ചായത്ത് വികസന സമിതി രൂപീകരിച്ചത്. നേരത്തെ പ്രവർത്തനമാരംഭിച്ചെങ്കിലും 26–06–96 ന്നാണ് ഈ സംഘടന ചാരിട്ടബിൾ സൊസൈറ്റീസ് ഏക്ട് പ്രകാരം റജിസ്റ്റർ ചെയ്തത്. “വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്ത് വികസന” സമിതി 112 അയൽക്കൂട്ടങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. വാർഡ് തല സമിതികളും രൂപീകരിച്ചു കഴിഞ്ഞു. തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ ചേർന്ന് പഞ്ചായത്ത് വികസന സമിതി പുനഃസംഘടിപ്പിച്ചു. എല്ലാ പഞ്ചായത്ത് മെമ്പർമാരും അംഗങ്ങളായിട്ടുള്ള വികസന സമിതി, സമാന്തര ജനകീയ പ്രവർത്തനത്തിന് ഔദ്യോഗിക അംഗീകാരം നൽകി. വികസന പ്രക്രിയകൾ ഊർജ്ജസ്വലവും വ്യാപകവുമാക്കാനുള്ള ശക്തമായ ഉപകരണമാണ് . തെരഞ്ഞെടുക്കപ്പെട്ടവരെ അവഗണിക്കുകയല്ല, അവരെ ശക്തിപ്പെടുത്തുകയാണ് ഈ സംവിധാനം ചെയ്യുന്നത്. പഞ്ചായത്ത് എടുക്കുന്ന ഒരു തീരുമാനം രണ്ട് ദിവസം കൊണ്ട് തന്നെ എല്ലാ വീടുകളിലും എത്തിക്കാനുള്ള ഒരു കുരിയർ സംവിധാനം കൂടിയാണ് വികസന സമിതി എന്നത് ശ്രദ്ധേയമാണ്.

a. ബഹുജനസംഘടനാ രൂപീകരണം

| ന. | ബഹുജനസംഘടനകൾ രൂപീകരണം | തിയ്യതി | അംഗങ്ങൾ |
|---|---|---|---|
| 1 | പഞ്ചായത്ത്തല കാർഷിക വികസന സമിതി | 15-01-96 | 76 |
| 2 | പഞ്ചായത്ത്തല സാംസ്കാരിക സമിതി | 30-01-96 | 37 |
| 3 | പഞ്ചായത്ത്തല കായിക സമിതി | 30-01-96 | 78 |
| 4 | പഞ്ചായത്ത്തല വിദ്യാഭ്യാസ സമിതി | 26-06-96 | 37 |
| 5 | പഞ്ചായത്ത്തല വികസന സമിതി (റെജിസ്ടേഷൻ) | 26-06-96 | 37 |
| 6 | പഞ്ചായത്ത്തല മണ്ണ്-ജല സംരക്ഷണ സമിതി | 20-07-96 | 30 |
| 7 | പഞ്ചായത്ത്തല ആരോഗ്യ സംരക്ഷണ സമിതി | 20-07-96 | 35 |
| 8 | പഞ്ചായത്ത്തല വനിതാ സമിതി | 17-09-96 | 138 |

b. 14–04–96 നേച്ചർ ക്ലബ്ബ് സംഘടിച്ചിട്ടുണ്ട്

കടലുണ്ടി പുഴയുടെ അഴിമുഖം ഭാഗത്തുള്ള പക്ഷി സംരക്ഷണകേന്ദ്രം വികസിപ്പിക്കുന്നതിനും കണ്ടൽ ചെടികൾ സംരക്ഷിക്കുന്നതിന് പ്രകൃതി സംരക്ഷണ ബോധം വളർത്തുന്നതിനും നേച്ചർ ക്ലബ്ബ് പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്.

## ജനകീയ സർവ്വെ പരിപാടികൾ

ഗ്രാമവികസനത്തിന് ശാസ്ത്രീയവും വസ്തുനിഷ്ഠവുമായ ഒരടിത്തറ പാകി, വികസനരംഗത്ത് നിലനില്ക്കുന്ന വിവേചനം ഒഴിവാക്കേണ്ടതും വിവേകരാഹിത്യം നിക്കേണ്ടതും അനിവാര്യമായ ഒരാവശ്യമാണ്. കക്ഷിരാഷ്ട്രീയ പക്ഷപാതങ്ങൾ ദൂരീകരിക്കാനുള്ള ഇച്ഛാശക്തി പ്രായോഗികമാക്കേണ്ടതും അത്യവശ്യമാണ്. അതിന് ഏറ്റവും ഉചിതമായ ഉപാധിയാണ്, പഞ്ചായത്തിലെ ഭൗതിക വിഭവങ്ങളെ സംബന്ധിച്ച സമഗ്രമായ പഠനം.

ആദ്യമായി വിഭവഭൂപടനിർമ്മാണ സർവ്വെയാണ് വള്ളിക്കുന്നിൽ ഏറ്റെടുത്തത്. അതോടൊപ്പം സാമൂഹിക-സാമ്പത്തിക സർവ്വേയും നടത്താൻ പരിപാടിയിട്ടു. 1996 മെയ് 13, 14 തിയ്യതികളിലായി സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിലെ ശാസ്ത്രജ്ഞന്മാരുടെയും കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെയും നേതൃത്വത്തിൽ പരശീലന കേമ്പ് സംഘടിപ്പിച്ചു. തുടർന്ന് മെയ് 15 മുതൽ 23 വരെയുള്ള ഒമ്പത് ദിവസം കൊണ്ട് 135 വളണ്ടിയർമാർ അതിൽ എൺപത് പേരും പെൺകുട്ടികളായിരുന്നു – മേൽപറഞ്ഞ 2 സർവ്വേകളും ഫലപ്രദമായി പൂർത്തീകരിച്ചു. ഇതിനു മുമ്പ്, ഇത്ര ബഹുജന പങ്കാളിത്തമുള്ള ഒരു ജനകീയ പ്രവർത്തനം വള്ളിക്കുന്നിൽ നടന്നിട്ടില്ല. 351 വീട്ടുകാർ സർവ്വേ വളണ്ടിയർമാർക്ക് ഭക്ഷണം നൽകി സഹായിച്ചപ്പോൾ, അത്രയും കുടുംബങ്ങൾ സർവ്വെ കർമ്മത്തിൽ അഹ്ലാദപൂർവ്വം പങ്കാളികളാവുകയായിരുന്നു.

മൂന്നാമതായി നീരൊഴുക്ക് സർവ്വെയാണ് നടത്തിയത്. 1996 ജൂലായ് 28ന് പരിശീലനം നൽകി. തുടർച്ചയായി ഞാറ്റുവേലയിൽ സർവ്വേ പൂർത്തീകരിക്കാൻ പരിപാടിയിട്ടുണ്ടെങ്കിലും മഴ തിരിഞ്ഞുനോക്കാത്തതുമൂലം ആഗസ്ത് 5ന് പൂർത്തിയാക്കാനേ കഴിഞ്ഞുള്ളൂ. 52 വളണ്ടിയർമാരും 117 വീട്ടുകാരും ഈ സർവ്വേയിൽ ഭാഗഭാക്കുകളായി. ശാസ്ത്രസാഹിത്യ പരിഷത്തിന്റെ നേതൃത്വവും സഹകരണവും സർവ്വെ വിജയത്തിന്റെ ഘടകമാണ്..

നാലാമതായി, പൊതു വിവരശേഖരണ സർവ്വെയാണ് സംഘടിപ്പിച്ചത്. 1996 ആഗസ്ത് 30നും സപ്തംബർ 8നുമിടയിൽ 39 വളണ്ടിയർമാർ ഈ സർവ്വെ പൂർത്തിയാക്കി. ബന്ധപ്പെട്ട എല്ലാ ഓഫീസുകളിൽ നിന്നും പ്രതീക്ഷയിൽ കവിഞ്ഞ സഹകരണവും ലഭിച്ചു എന്നത് ശ്രദ്ധേയമാണ്. വില്ലേജ് ഓഫീസ്, എതാനും സ്ക്കൂളുകൾ, ബാങ്കുകൾ, വിദ്യുച്ഛക്തി ഓഫീസ്, കൃഷിഭവൻ തുടങ്ങിയ സ്ഥാപനമേധാവികൾ തന്നെ സർവ്വെ പ്രവർത്തനം നടത്താനും കൂടി തയ്യാറായത് നന്ദിപൂർവ്വം സ്മരിക്കുകയാണ്.

കേരള പ്ലാനിങ്ങ് ബോർഡിന്റെ പരിശീലകർക്കുള്ള കൈപ്പുസ്തകത്തിൽ ഈ നാല് സർവ്വേകൾ നടത്താൻ രണ്ട് വർഷത്തോളം വേണം എന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. 1996 മെയ് 13നും സപ്തംബർ 8നും ഇടയിൽ കേവലം മൂന്ന് മാസവും 25 ദിവസവുമെടുത്തു കൊണ്ടാണ് വള്ളിക്കുന്നിൽ നാല് സർവ്വേകളും പൂർത്തിയാക്കിയിട്ടുള്ളത്. കാര്യക്ഷമമായി, അതിവേഗതയിൽ ഫലപ്രദമായി തന്നെയാണ് സർവ്വേകൾ നടത്തിയിട്ടുള്ളത്.

**സർവ്വേ : ഒറ്റ നോട്ടത്തിൽ**

| | സർവ്വെ | നടത്തിയകാലം | പങ്കെടുത്ത വളണ്ടിയർമാർ |
|---|---|---|---|
| 1 | വിഭവ ഭൂപട സർവ്വെ | 1996 മെയ് 13 മുതൽ 23 വരെ | 80 പെൺകുട്ടികൾ 55 ആൺകുട്ടികൾ |
| 2 | സാമൂഹിക-സാമ്പത്തിക സർവ്വെ | 1996 മെയ് 13 മുതൽ 23 വരെ | 135 പേർ |
| 3 | നീരൊഴുക്ക് സർവ്വെ | 1996 ജൂലായ് 28 മുതൽ ആഗസ്റ്റ് 5വരെ | 52 |
| 4 | പൊതുവിവരശേഖരണ സർവ്വെ | 1996 ആഗസ്ത് 30 മു തൽ സപ്റ്റംമ്പർ 8 വരെ | 39 |

*ആകെ 29 ദിവസങ്ങൾ. 226 വളണ്ടിയേഴ്സ്.* 2291 മനുഷ്യദിനങ്ങൾ

1996 മെയ് 23ന് നടത്തിയ സർവ്വെ സമാപന സമ്മേളനം ഗവൺമെന്റ് ചീഫ് വിപ്പ് ശ്രീ. ടി. കെ. ഹംസ ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ യാക്കൂബ് കെ. ആലുങ്കൽ വളണ്ടിയർമാർക്ക് പാരിതോഷികങ്ങൾ സമ്മാനിച്ചു.

1996 ജൂലായ് 27 ന് CESS ന്റെ ഡയറക്ടർ ഡോ. എം. കെ. നായർ, അവർ തയ്യാറാക്കിയ 8 ഭൂപടങ്ങൾ പൊതുയോഗത്തിൽ വെച്ച് പഞ്ചായത്തിന് സമർപ്പിക്കുകയുണ്ടായി. മേപ്പ് റീഡിംങ്ങ് സംബന്ധിച്ച് അദ്ദേഹവും ശാസ്ത്രജ്ഞരായ ശശിലാൽ, ജഗദീശ് ബാബു, വിനയൻ എന്നിവരും വളണ്ടിയർമാർക്കും പഞ്ചായത്തംഗങ്ങൾക്കും പരിശീലനം നൽകി.

ലഭിച്ച ഭൂപടങ്ങൾ 1 എൻവിറോൺമെന്റൽ അപ്രൈസൽ മേപ്പ് 2. സർഫസ് മെറ്റീരിയൽ മേപ്പ് 3 ലേന്റ് ഫോം മേപ്പ് 4. റിലീഫ് & ഡ്രെയ്നേജ് മേപ്പ് 5 അസ്സെറ്റ് & ലാന്റ് യൂസ് മേപ്പ് 6. അഡ്മിനിസ്ട്രേറ്റീവ് മേപ്പ് 7. ഡ്രെയ്നേജ് മേപ്പ് 8 വാർഡ് ഔട്ട്ലൈൻ മേപ്പ് ഈ മേപ്പുകൾ ലാമിനേഷൻ നടത്തി സുരക്ഷിതമായി സൂക്ഷിച്ചിട്ടുണ്ട്.

പഞ്ചായത്ത് വികസന സമിതി റജിസ്റ്റർ ചെയ്യുന്നതിന് മുമ്പും പിമ്പുമായി നടത്തിയ നിർമ്മാണ

പ്രവർത്തനങ്ങൾ (1995 oct 2ന് ശേഷം) ധാരാളമുണ്ട്. വികസന സമിതിയുമായി ബന്ധപ്പെട്ടു നടത്തിയ പ്രവത്തികൾക്ക് ഉപയോഗിച്ച പഞ്ചായത്ത് ഫണ്ട് 24218 രൂപ 50 പൈസ മാത്രമാണ്. ഈ പ്രവൃത്തികൾ നടത്താൻ സമ്പാദിച്ച സംഭാവന 55,690 രൂപയാണ് – സുമാർ ഇരട്ടിയിലധികം തുക ജനകീയ വിഹിതമാണ്. കൂടാതെ 1,69,320 രൂപ സന്നദ്ധ സേവകരുടെ അധ്വാനം വഴിയും ഉപയോഗപ്പെടുത്താൻ കഴിഞ്ഞു. ആകെ ജനകീയ വിഹിതം 2,25,010 രൂപയാണ്. അതായത് പഞ്ചായത്ത് ഫണ്ടിന്റെ 9 1/4 ഇരട്ടി തുക, ജനകീയ വിഹിതമായി ലഭിച്ചു എന്നർത്ഥം

പഞ്ചായത്ത് നേരിട്ട് നടത്തിയ പ്രവൃത്തികൾ വേറെയുണ്ട്. 8,13,112 രൂപ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് 43ഓളം പ്രവൃത്തികൾ നടത്തിയതിൽ രണ്ട് ലക്ഷത്തോളം രൂപ പൊതു സംഭാവനയായും സന്നദ്ധസേവകരുടെ അധ്വാനം വഴിയും സമാഹരിച്ചിട്ടുണ്ട്.

കൂടാതെ 5,19,921 രൂപയുടെ ജവഹർ റോസ്ഗാർ യോജനാ സ്കീമിൽ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

1996 ഒക്ടോബർ 2 ന് ഗാന്ധി ജയന്തി ദിനത്തിൽ പഞ്ചായത്ത് മേഖലയിൽ 27 പരസ്യ ബോർഡുകൾ 13 ഗ്രാമവാർത്താബോർഡുകളടക്കം – സ്ഥാപിച്ചു. 55,000 രൂപയോളം ചെലവ് വന്ന ഈ പ്രവൃത്തിയുടെ ചെലവ് സംഭാവനയായി സമാഹരിച്ചതാണ് ഈ ബോർഡ് സ്ഥാപന ഉൽഘാടനം അന്ന് നടത്തുകയുണ്ടായി. പൊതുമരാമത്ത് റോഡുകളിൽ, ടാറിട്ട ഭാഗത്തിന് പുറമെ പുല്ല് വളർന്ന് നടപ്പാതകൾ ഇല്ലാതായ സ്ഥിതിയുണ്ടായിരുന്നു. വള്ളിക്കുന്ന് മേഖലയിൽ മാത്രം ഒരു വർഷത്തിനിടയിൽ 7 വാഹനഅപകടങ്ങൾ ഉണ്ടായി. ഇതിന്ന് പരിഹാരം തേടാൻ, റോഡ് പാർശ്വങ്ങളിൽ 4 അടി വീതിയിൽ പുല്ല് നീക്കി നടപ്പാത വൃത്തിയാക്കുന്ന ജോലി 20 ഓളം കലാസമൃതികൾ ഏറ്റെടുത്ത് ഒറ്റദിവസം പൂർത്തിയാക്കി.

1996 ആഗസ്തിൽ ഫോറസ്റ്റ് ഡിവിഷനിൽനിന്ന് 3000 തേക്കിൻ തൈകൾ സംഭരിച്ച് പഞ്ചായത്ത് മേഖലയിൽ വിതരണം ചെയ്യുകയുണ്ടായി. 300 മരതൈകൾ ജൂലായ് മാസത്തിൽ പൊതുമരാമത്ത് വകുപ്പ് വക റോഡുകളുടെ പാർശ്വങ്ങളിൽ നട്ടുപിടിപ്പിച്ചിട്ടുണ്ട്. ഈ പ്രവൃത്തി സ്പോർട്സ് ക്ലബ്ബുകൾ വഴി സൗജന്യമായാണ് നിർവ്വഹിച്ചത്.

1996 സെപ്തംബർ 20ന് ഒരു വാട്ടർ ഷെഡ് പ്രൊജക്ടിന് ഫണ്ട് ലഭിക്കുന്നതിനുള്ള ഒരപേക്ഷ കൗൺസിൽ ഫോർ പീപ്പിൾസ് ഏക്ഷൻ ആന്റ് റൂറൽ ടെക്നോളജി (കപാർട്ട്)ന് സമർപ്പിച്ചിട്ടുണ്ട്. ഇതിന്ന് 60 ലക്ഷം രൂപയാണ് പ്രതീക്ഷിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നതോടെ വരൾച്ചയുടെ ദുരിതങ്ങളിൽ നിന്ന് ഗ്രാമത്തെ രക്ഷിക്കാൻ കഴിയുമെന്നാണ് പ്രത്യാശിക്കുന്നത്.

സർക്കാർ ഡിപ്പാർട്ടുമെന്റുകൾ വഴി നടപ്പാക്കിക്കൊണ്ടിരിക്കുന്ന വിവിധ സ്കീമുകൾ നേടുന്നതിന് എഴുപതോളം നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് സമർപ്പിച്ചിട്ടുണ്ട്. ആനങ്ങാടി റെയിൽവേ ഗേറ്റിൽ ഓവർ ബ്രിഡ്ജ്, കൊടക്കാട് വള്ളിക്കുന്ന് റെയിൽവേ സ്റ്റേഷൻ റോഡിന്റെ ടെണ്ടർ അംഗീകരിക്കൽ, ഇലക്ട്രിക്കൽ സബ് എഞ്ചിനിയർ ഓഫീസ് സ്ഥാപിക്കൽ, അത്താണിക്കൽ പി. എച്ച്. സി. പുതിയ കെട്ടിടത്തിലേക്ക് മാറ്റൽ, കടലുണ്ടി പക്ഷി സങ്കേതം, പക്ഷി സംരക്ഷണ കേന്ദ്രമായി പ്രഖ്യാപിക്കൽ കടലുണ്ടി അഴിമുഖത്ത് ബോട്ടുജെട്ടി സ്ഥാപിക്കൽ, ഫിഷ്ലാന്റിങ്ങ് സെന്റർ ഭാഗത്ത് ഫൈബർ ബോട്ട് നിർമ്മാണശാല ആരംഭിക്കൽ, തുടങ്ങി നിരവധി സ്കീമുകൾ അതിൽ ഉണ്ട്.

പണമില്ലെന്ന് കരുതി, പണിയെടുക്കാതിരിക്കുന്ന സമ്പ്രദായത്തിന് പകരം ബഹുജന സഹകരണത്തോടെ നിരന്തരവും ശീഘ്രവുമായി പ്രവർത്തിക്കുക എന്ന ശൈലിയാണ് ഭരണസമിതിയും വികസന സമതിയും സ്വീകരിച്ചിരിക്കുന്നത്. സന്നദ്ധ സേവകരുടെ ത്യാഗമനോഭാവമാണിതിന്റെ വിജയത്തിനാധാരം. അതുകൊണ്ടു തന്നെ ഭാവിയെ ശുഭ പ്രതീക്ഷയോടെ എതിരേല്ക്കാൻ ഞങ്ങൾക്ക് സന്തോഷമുണ്ട്.

**യു.കലാനാഥൻ**
പ്രസിഡന്റ്
വള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത്



# വികസന രേഖ തയ്യാറാക്കിയ കോർഗ്രൂപ്പ്

**ടി. പ്രഭാകരൻ - ചെയർമാൻ**
**പ്രേമൻ.പി.വി - കൺവീനർ**

**കൃഷി-ജലസേചനം**
ഇ. നരേന്ദ്രദേവ്
കെ.വി.മോഹനൻ
ടി. അജിത് കുമാർ
പി. ഉണ്ണിക്കൃഷ്ണൻ
പി. മനോജ്
എ.കെ. രത്നാകരൻ
ലീലാ മാധവൻ

**മത്സ്യബന്ധനം-മൃഗപരിപാലനം**
പാണ്ടിഹസ്സൻ
ഒ. രാധാകൃഷ്ണൻ
സദു. കെ.
പി. ഗോപാലകൃഷ്ണൻ

**വിദ്യാഭ്യാസം**
എസ്. അബൂബക്കർ മാസ്റ്റർ
ജയരാജൻ മാസ്റ്റർ
കെ. ഹരീഷ്കുമാർ
ഷീല. സി.ജി.
ശ്രീദേവി ടീച്ചർ

**ആരോഗ്യം കുടിവെള്ളം**
ദേവദാസൻ.പി
ബീരാൻ മാസ്റ്റർ
ശശിധരൻ കരിങ്കല്ലായ്
അനിൽകുമാർ.എം.പി.
പ്രകാശൻ.ടി.
ഡോ: വി.പി.ശശിധരൻ
ഡോ: കെ.അബ്ദുള്ള

**റോഡുകൾ-ഊർജ്ജം-മാർക്കറ്റ്**
എ.എം.സദാനന്ദൻ
സുനിൽ.പി
എ.പി.സുരേന്ദ്രൻ
അബ്ദുൽ റസാഖ്
കെ.പി.കൗസല്യ

**ഭവനനിർമ്മാണം-ക്ഷേമപ്രവർത്തനം**
ടി.പ്രഭാകരൻ
പി.ബാബുരാജ്
എ.കെ.ശശി
ശാന്താസുരേന്ദ്രൻ
പ്രീതാ റാണി
പാലാട്ട് നാരായണൻകുട്ടി
അരിയല്ലൂർ-വി.ഇ.ഒ
വള്ളിക്കുന്ന് - വി.ഇ.ഒ

**സംസ്കാരം - കായികരംഗം**
ലക്ഷ്മണൻ പരുത്തിക്കാട്
ഇ. രമേശൻ
അനിൽ വള്ളിക്കുന്ന്
പ്രേംകുമാർ.എം.
ടി. മുരളീധരൻ

**വ്യവസായം**
കെ. ദാസൻ മാസ്റ്റർ
ടി.അബൂബക്കർ മാസ്റ്റർ
ഇ.നാരായണൻ
എൻ.രാധാകൃഷ്ണൻ
പി.സത്യൻ
ബ്ലോക്ക് ഇന്റസ്ട്രിയൽ ഓഫീസർ

**വനിതാക്ഷേമം**
എം.ആർ.നായർ
പ്രകാശിനി.പി.
ജാനകിദേവി.ഇ
രമണി.സി.
കോനാരി മറിയം
വി.സി.ചന്ദ്രിക
സിന്ധു ഗംഗാധരൻ

**സഹകരണമേഖല**
ബേബിരാജ്
മാധവൻ പാലാട്ട്
അശോക് കുമാർ
ബാബുപാലാട്ട്
വി.പി.സോമസുന്ദരൻ

**പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം**
പി. കൃഷ്ണൻ,
കെ.ടി.സജയൻ,
സി.ടി.സുരേന്ദ്രൻ,
കെ.ബൈജു

**വിഭവസമാഹരണം**
പി.എം.രാധാകൃഷ്ണൻ
യു.ജി.വള്ളിക്കുന്ന്
പി.ജയരാജൻ
എ.പ്രഭുകുമാർ

**നാട്ടറിവ്-ചരിത്രം**
നീലകണ്ഠൻ മാസ്റ്റർ,
പ്രബീന.സി
കെ.എ.ഉണ്ണിക്കൃഷ്ണൻ
വി.ബി.വള്ളിക്കുന്ന്
സുനിൽകുമാർ പി.
കെ.സി. ഹണിലാൽ
സി.എം.പി.നായർ



# അധികാരം ജനങ്ങൾക്ക്

- അധികാര വികേന്ദ്രീകരണം വഴി ജനകീയവും ശാസ്ത്രീയവുമായ ഗ്രാമതല ആസൂത്രണം
- 9–ാം പദ്ധതി ജനകീയ പദ്ധതി
- 40% പദ്ധതി വിഹിതം പഞ്ചായത്തുകൾക്ക്
- വികസനപ്രക്രിയ അഴിമതി രഹിതമാകുന്നു
- ബഹുജന സഹകരണം അനിവാര്യം

